Ammāman

Indumatheesvayamvaram

1890

Ci
XIV
262

http://idb.ub.uni-tuebingen.de/diglit/CiXIV262/0001

EBERHARD KARLS UNIVERSITÄT TÜBINGEN

Universitätsbibliothek Tübingen

gefördert durch die DFG

N12<526909087 021 LS
ubTÜBINGEN
Wilh. Kapp
Buchbinderei & Papierh.
Tübingen Münzg. 3

http://idb.ub.uni-tuebingen.de/diglit/CiXIV262/0002
EBERHARD KARLS UNIVERSITÄT TÜBINGEN
Universitätsbibliothek Tübingen
gefördert durch die DFG

http://idb.ub.uni-tuebingen.de/diglit/CiXIV262/0003

EBERHARD KARLS UNIVERSITÄT TÜBINGEN

Universitätsbibliothek Tübingen

gefördert durch die DFG

http://idb.ub.uni-tuebingen.de/diglit/CiXIV262/0004

EBERHARD KARLS UNIVERSITÄT TÜBINGEN

Universitätsbibliothek Tübingen

gefördert durch die DFG

# INDUMATHEESVAYAMVARAM

A FICTION IN MALAYALAM

BY

H. H. AMMAMAN RAJAH

*PATINJARA KOVILAKAM*

CALICUT.

---

കോഴിക്കോട്ട പടിഞ്ഞാറെ കോവിലകത്ത

അമ്മാമൻ തമ്പുരാൻ അവർകളാൽ

ഉണ്ടാക്കപ്പെട്ട

# ഇന്ദുമതീസ്വയംവരം

എന്ന ഒരു നവീന

## കഥ.

---

CALICUT

Printed at the Bharathee Press.

1890.

(*All Rights reserved.*)

വില അണ 6. തപാൽകൂലി അണ 1.

http://idb.ub.uni-tuebingen.de/diglit/CiXIV262/0006

EBERHARD KARLS UNIVERSITÄT TÜBINGEN

Universitätsbibliothek Tübingen

gefördert durch die DFG

TO

HIS HIGHNESS

MANA VIKRAMA

ZAMORIN MAHA RAJA BAHADUR OF CALICUT.

THIS EDITION IS,

BY KIND PERMISSION,

Most respectfully dedicated

BY THE AUTHOR.

http://idb.ub.uni-tuebingen.de/diglit/CiXIV262/0007
EBERHARD KARLS UNIVERSITÄT TÜBINGEN
Universitätsbibliothek Tübingen
gefördert durch die DFG

UNIV. BIBL. TÜBINGEN

Ci XIV 262

http://idb.ub.uni-tuebingen.de/diglit/CiXIV262/0008

EBERHARD KARLS UNIVERSITÄT TÜBINGEN

Universitätsbibliothek Tübingen

gefördert durch die DFG

# TESTIMONIALS.

## അനുമോദനപത്രങ്ങൾ

*From*

KERALA VARMA, F.M.U.; M.R.A.S.,

*Valiya Koil Thampuran of Travancore.*

I have gone through the little Malayalam Novel "INDUMATHEESVAYAMVARAM" by the scholarly Ammaman Rajah of Padinjara Kovilakam Calicut. The story, though a fictitious one, has nothing unnatural about it. The event of the tale bears a tinge of resemblance to that of "Cymbeline"; but the author has considerably simplified and adapted it to the tastes of those for whose edification and amusement it is intended. The style is easy, but impressive and embellished occasionally with rhetorical flourishes.

(Signed) KERALA VARMA.

TRIVANDRUM,
*27th August 1890.*

### തൎജ്ജമ

കോഴിക്കോട്ട പടിഞ്ഞാറെ കോവിലകത്ത വിദ്വാനായ അമ്മാമൻ രാജാവവർകളാൽ രചിതമായ "ഇന്ദുമതീസ്വയംവരം" എന്ന ചെറിയ മലയാളകഥയെ ഞാൻ മുഴുവനും വായിച്ച നോക്കിയിരിക്കുന്നു. ഇതിലെ കഥ യഥാൎത്ഥത്തിൽ ഉണ്ടായതല്ലെങ്കിലും അതിൽ സ്വാഭാവിക

മല്ലാത്ത യാതൊരു വിഷയവും ഇല്ല. ഈ കഥയിൽ നടന്നിട്ടുള്ള കാൎയ്യങ്ങൾക്ക (ഇംഗ്ലീഷ ഭാഷയിൽ മഹാകവി ഷേക്സ്പിയർ ഉണ്ടാക്കിയ) “സിമ്പലൈൻ” എന്ന നാടകത്തിലെ കാൎയ്യങ്ങളോട ഏതാണ്ടൊരു സാദൃശ്യമുള്ളതാകുന്നു. എന്നാൽ ഗ്രന്ഥകൎത്താവ അതുകളെ സുഗമമാക്കുകയും ആരുടെ അറിവിന്നും വിനോദത്തിന്നും വേണ്ടി ഈ പുസ്തകം ഉണ്ടാക്കപ്പെട്ടുവൊ അവരുടെ അഭിരുചിക്ക അനുരൂപമാക്കുകയും ചെയ്തിരിക്കുന്നു. വാചകരീതി സുവേദ്യമാണെങ്കിലും ഫലിതമുള്ളതും അവിടവിടെ അലങ്കാരഭംഗിയുള്ളതും ആകുന്നു.

തിരുവനന്തപുരം } കേരളവൎമ്മ വലിയകോയിൽ തമ്പുരാൻ
90 ആഗസ്റ്റ 27നു } എഫ്. എം. യു; എം. ആർ. എ. യസ്സ്.

അവിടത്തെ പ്രേമോപചാര പ്രചുരമായ എഴുത്തും അതൊന്നിച്ചയച്ച “ഇന്ദുമതീസ്വയംവരം” എന്ന പേരോടു കൂടി അവിടുന്നുണ്ടാക്കിയ പുസ്തകവും പരപ്പനങ്ങാടി വഴിയായി ഇവിടെ തിരുവനന്തപുരത്ത വന്ന എനിക്ക കിട്ടി. പുസ്തകത്തെ മുഴുവനും ഞാൻ വളരെ ശ്രദ്ധയോടെ വായിച്ചു. അവിടത്തെ പുസ്തകത്തെ കുറിച്ച എനിക്കുണ്ടായ അഭിപ്രായത്തെ ഞാൻ എഴുതുന്നു.

കേവലം സംസാരിപ്പാൻ മാത്രം ഉപയോഗിച്ചു പോന്നിരുന്ന നമ്മുടെ മലയാളഭാഷ തുഞ്ചത്ത എഴുത്തച്ഛന്റെ കാലം മുതൽ അധികം അധികം പരിഷ്കരിച്ചു പോന്നിരിക്കുന്നു എങ്കിലും അവിടുന്നുണ്ടാക്കിയ “ഇന്ദുമതീസ്വയംവരം” എന്ന പുസ്തകത്തിന്റെ രീതിയിൽ ശ്രമം കൂടാതെ വായിച്ചു രസിപ്പാൻ തക്ക സമ്പ്രദായത്തിൽ എ

ഴുതപ്പെട്ട പുസ്തകങ്ങളുടെ ചുരുക്കം കൊണ്ടു നൊമ്മുടെ മ
ലയാളഭാഷക്കുണ്ടായിരുന്ന ന്യൂനതയെ പരിഹരിപ്പാൻ
അവിടുത്തെ പോലെയുള്ള സജ്ജനങ്ങളുടെ ഉദ്യോഗ
ത്തെ മലയാളഭാഷ സ്വന്തം ഭാഷയെന്ന അഭിമാനിക്കു
ന്ന എല്ലാ പേരും കൃതജ്ഞതാപൂൎവ്വം അഭിനന്ദിക്കുമെന്നു
ള്ളതിലേക്ക യാതൊരു സംശയവും ഇല്ല. "ഇന്ദുമതീസ്വ
യംവരം" എന്ന പുസ്തകത്തിന്റെ രീതിയിൽ മുമ്പ ചില
മഹാന്മാർ എഴുതീട്ടുള്ള പുസ്തകങ്ങളോടു കൂടി ൟ പുസ്തക
ത്തെ ഉപമിച്ചാൽ ഒരു വിഷയത്തിലും അവിടുത്തെ ൟ
പുസ്തകത്തിന്ന ഒരു താഴ്ച വരികയില്ലെന്നാണ എന്റെ
തീൎച്ചയായ അഭിപ്രായം.

തിരുവനന്തപുരം } രാമവൎമ്മ രാജാ (ഒപ്പ)
90 ആഗസ്റ്റ 27നു } പരപ്പനാട

സ്നേഹപുരസ്സരം അവിടെനിന്ന അയച്ചു തന്ന
തായ "ഇന്ദുമതീസ്വയംവരം" എന്ന കഥാപുസ്തകത്തെ
സന്തോഷപൂൎവ്വം സ്വീകരിച്ചു. സരളയായ അവിടുത്തെ
കൃതിയെ ആദിതൊട്ട അവസാനം വരെ എടവിടാതെ വാ
യിച്ചു നോക്കുകയും ചെയ്തു. അടുത്ത കാലത്തിന്നിപ്പുറം
ഏകദേശം ഇതേ മാതിരിയിൽ തന്നെ ഒന്നു രണ്ടു പുസ്ത
കങ്ങൾ ഉണ്ടായതായി അറിയുന്നുണ്ട. പല ഗുണങ്ങ
ളും അവകൾക്ക ഉണ്ടെന്ന വരികിലും, അവിടവിടെ ല
ക്ഷ്യം കൂടാതെ പ്രയോഗിച്ചിരിക്കുന്ന അലങ്കാരങ്ങളുടെ
ബാഹുല്യവും ഓരോ തരം വൎണ്ണനകളുടെ ആധിക്യവും
ഇതിലെപ്പോലെ ഇല്ലെന്ന നിരാക്ഷേപം പറയാം. ര
സപുഷ്ടിയും കഥാചേൎച്ചയും ഇതിന്ന ധാരാളമുണ്ട. ഭംഗി
യും ഒഴുക്കവും ഇല്ലാത്ത വാചകങ്ങളൊ വാക്കുകളൊ ഇ

തിൽ കാണ്മാൻ തന്നെ വളരെ പ്രയാസം. "സ്ത്രീവാക്കിനെത്തന്നെ ആസ്പദമാക്കി മേൽക്കീഴാലോചിക്കാതെ വല്ലതും പ്രവൃത്തിക്കുന്നതായാൽ അനേകം ആപത്തുകൾ സംഭവിക്കാം" എന്ന തുടങ്ങി അറിയേണ്ടുന്നതായ എത്രയൊ സാരാംശങ്ങൾ ഇതിൽനിന്ന ഗ്രഹിപ്പാനുണ്ട. എന്തിനു വളരെ പറയുന്നു, എല്ലാം കൊണ്ടും ഈ പുസ്തകം വളരെ ശ്ലാഘനീയം തന്നെ സംശയമില്ല. എത്രയും രസകരമായ ഈ പുസ്തകം കേരളീയക്ക സ്വീകാരയോഗ്യമായി ഭവിക്കുമെന്നു തീൎച്ച തന്നെ.

നാനാലങ്കരണോജ്വലാ സഹൃദയ സ്വാന്തപ്രമോദാവഹാ
മാധുൎയ്യാധരിതാംഗനാധരമധു ദ്രാക്ഷാമൃതാ ഭാരതീ
യസ്യേൻ സ്വസ്ഥടിനീ പ്രവാഹ വദഹോ നിഷ്യന്ദതേ നസ്സ്മം
ലോകാംബാ കരുണാംബലാ ച്ഛിജയതാ മേതച്ചിരം ഭൂതലേ

| | |
|---|---|
| കടത്തനാട | ഉദയവൎമ്മ തമ്പുരാൻ (ഒപ്പ) |
| 1890 അഗസ്റ്റ 30ന- | ആയഞ്ചേരി കോവിലകത്ത |

*From the Hon'ble*

C. SANKARAN NAYAR, B.A. B.L.; F.M.U.;
*High Court Vakil, Madras.*

I am very glad to acknowledge the receipt of a copy of Your Highness' "INDUMATHEESVAYAMVARAM". I find it very interesting and pleasant reading. The style is clear and elegant and I have no doubt this valuable book will become very popular.

(Signed) SANKARAN NAYAR.

EGMORE,
*31st August 1890.*

## തൎജ്ജമ

തിരുമനസ്സിനാൽ കൃതമായ "ഇന്ദുമതീസ്വയംവരം" എന്ന പുസ്തകത്തിന്റെ ഒരു പ്രതി എനിക്ക അയച്ചുതന്നത കിട്ടി വളരെ സന്തോഷമായി. ആ പുസ്തകം വായിപ്പാൻ വളരെ രസവും ആനന്ദവുമുള്ളതായി കാണുന്നു. രചനക്ക സ്പഷ്ടതയും ഭംഗിയുമുണ്ട. വിലയേറിയ ഈ പുസ്തകം ജനങ്ങൾക്ക അത്യന്തം സമ്മതമായി വരുമെന്നുള്ളതിന്ന എനിക്ക യാതൊരു സംശയവും ഇല്ല.

സി. ശങ്കരൻ നായര (ഒപ്പ)
ബി. എ. ബി. എൽ; എഫ്. എം. യു.
മദിരാശി ഹൈക്കൊട്ട വക്കീൽ

എഴമ്പൂര
90 ആഗസ്ത 31 ന

---

അവിടുത്തെ "ഇന്ദുമതീസ്വയംവരം" എന്ന പുസ്തകം ഞാൻ വായിച്ചു. മലയാളഭാഷയിൽ ഇങ്ങിനെ രസാലങ്കാരാദി ഗുണങ്ങളോടു കൂടിയ ഒരു ഗദ്യപുസ്തകം ഇപ്പോൾ വളരെ ദുൎല്ലഭമാകകൊണ്ട അവിടുത്തെ ഈ പുസ്തകം നമ്മുടെ മലയാളഭാഷക്ക വിലയേറിയ ഒരു അഭിവൃദ്ധി തന്നെ. കേരളീയൎക്ക ഏററവും വിനോദത്തിന്നും പലവിധമായ അറിവിന്നും കാരണമായിത്തീരുന്ന ഈ പുസ്തകം അവരാൽ വളരെ ആദരവോടും നന്ദിയോടും കൂടി സ്വീകരിക്കപ്പെട്ടുമെന്നും, മദിരാശി യൂനിവേൎസിററിക്കാരുടെ ദൃഷ്ടിയെ ആകൎഷിക്കേണ്ടതിന്നുള്ള സകല യോഗ്യതയും ഇതിന്നുണ്ടെന്നും ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു.

സി. ദാമോദരൻ നമ്പൂതിരിപ്പാട (ഒപ്പ)
മലയാളം പണ്ഡിതർ
പച്ചപ്പാസ് കോളേജിൽ
മദിരാശി

മദിരാശി
1—9—90

ഇന്നു ഭവൽ പ്രേരിതമാ മിന്ദുമതീപരിണയാഭി
ധഗ്രന്ഥം വന്നടിയന്നിഹ ചേൎന്നു വന്ദനമതിനിതഭവാ
നുനിരവധികം ॥൧॥ മാതുലനൃപതവ കൃതിയും മാതുലയതി
നില്പകിമപിസംദേഹം ജാതുചിമടിയൻ കണ്ടീല്ലതൊ
രുകൃതിയും ഭവൽകൃതിക്കുസമം ॥൨॥ ഭാഷാപ്രബന്ധങ്ങ
ടെ സംഖ്യയത്തിൽ ശ്രേഷ്ഠായിതാ കാവ്യഗുണൌഘപൂൎണ്ണാ
ദോഷാതിദൂരാ ഭവതീയയാകു മേഷാകൃതിൎമ്മെ മുദമാതനോ
തി ॥൩॥ മലയാളഭാഷയനഭിജ്ഞരാൽ ദൂഷിച്ചുലയുന്നു ക
ഷ്ടമുലയുന്നതാൽ മനം വിലയറിയാതഭവതഃ പ്രബ
ന്ധമിന്നലമായതിന്റെ കറവൊട്ടരിക്കുവാൻ ॥൪॥ ഇനി
യുമിതുപോൽ രാജൻ ഗ്രന്ഥാന്തരങ്ങൾ ഭവാങ്കൽ നിന്ന
നവധി സമുൽഭ്രതാന്യസ്മിൻ വിഭാനുഭവസൂലെ അനി
തരധരാപാലപ്രാപ്യാ വിധൃദ്ധരിസ്സൂരി ജനിഫലകരിഭ്ര
യൊ ഭ്രയാൽ ഭവാനുസമജ്ഞതയും ॥൫॥

മദിരാശി
90 സപ്തെ 3

പി. സത്യാൎത്ഥി (ഒപ്പ)
മദിരാശി ക്രിസ്ത്യൻ കോലേജിൽ പ്രധാന
മലയാളപണ്ഡിതൻ

അന്യൂനാനന്ദമേകും കവികളിലൊരുവൻ വിസ്മ
യൌദാൎയ്യമന്യൻ തന്നിട്ടും മന്മഥോന്മീലനനിബിഡര
സം നൽകിടും മറെറാരുത്തൻ എന്നാലമ്മാമനുണ്ണിക്ഷി
പതിമകുടീരത്നസാഹിത്യ മൊത്താലൊന്നായി ച്ചേൎന്നമി
ക്കും ഹ്ലാദിസകലരസൊല്ലാസമെല്ലാജനാനാം ॥൧॥ വല്ലാ
തുള്ളന്ധകാരപ്രചുരസഭകളിൽ പാപവൃത്യാകരേറി ച്ചെ
ല്ലാതംബൊപലാംഭോരുഹ മമിതരസം കേവലം സെവചെ
യ്യും നല്ലോരാനന്ദരീത്യാ സുകൃതമനുദിനം നേട്ടമമ്മാമനു
ണ്ണിച്ചൊല്ലും രാജരത്നം നവനവചരിതം ചൊല്ലുവാൻ

കല്യണെല്ലൊ ॥൨॥ അംഗനമാരൊട്ടുകൂടി തിങ്ങിന മോദേന വല്ലഭന്മാരും അങ്ങിനെതന്നെ ലയിപ്പാനിങ്ങിനെനിൎമ്മിച്ച ചിത്രമിച്ചരിതം ॥൩॥ ഇന്ദുമതീസുകുമാര ചന്ദ്രരസാഢ്യസ്വയംവരംചരിതം നന്ദികലൎന്നു കഥിപ്പാൻ നന്നി ഇശൃംഗാര സാരസൎവ്വസ്വം ॥൪॥

തൃപ്പങ്ങോട<br>
90 സംപൂൎണ്ണ 5നു } കറത്തപാറ ദാമോദരൻ നമ്പൂതിരി (ഒപ്പ്)

http://idb.ub.uni-tuebingen.de/diglit/CiXIV262/0016
EBERHARD KARLS
UNIVERSITÄT
TÜBINGEN
Universitätsbibliothek Tübingen
gefördert durch die
DFG

# സംഗ്രഹം.


| അദ്ധ്യായം | സംഗതിവിവരം | ഭാഗം | |
|---|---|---|---|
| | | മുതൽ | വരെ |
| 1 | പ്രാരംഭം .. .. .. | 1 | 7 |
| 2 | ഇന്ദുമതീസുകുമാരന്മാരുടെ അനുരാഗോല്പത്തി .. .. .. | 8 | 20 |
| 3 | രാജ്ഞിയുടെ ഏഷണിയും രാജാവിന്റെ കോപവും .. .. .. | 21 | 29 |
| 4 | ഇന്ദുമതീസുകുമാരന്മാരുടെ വിപ്രലംഭം .. | 30 | 47 |
| 5 | സുകുമാരന്റെ വിയോഗം .. | 48 | 52 |
| 6 | സുകുമാരന്റെ ദേശാന്തരയാത്ര .. | 53 | 80 |
| 7 | മഹാരാജാവിന്റെ പരലോകപ്രാപ്തി .. | 81 | 89 |
| 8 | സുകുമാരന്റെ കാശീപട്ടണത്തിലുള്ള വാസം .. .. .. | 90 | 103 |
| 9 | ഇന്ദുമതിയുടെ സ്വയംവരവും പട്ടാഭിഷേകവും .. .. .. | 104 | 124 |


http://idb.ub.uni-tuebingen.de/diglit/CiXIV262/0017

Universitätsbibliothek Tübingen

## ൟ കഥയിൽ മുഖ്യമായി പറയപ്പെടുന്നവരുടെ പേരുകൾ.

1. കാശ്മീരചക്രവൎത്തിയായ പ്രതാപരുദ്രമഹാരാജാവ.
2. അദ്ദേഹത്തിൻെറ പുത്രിയായ ഇന്ദുമതി.
3. പ്രതാപരുദ്രമഹാരാജാവിൻെറ സൈന്യാധിപതിയുടെ പുത്രനായ സുകുമാരൻ.
4. ഇന്ദുമതിയുടെ പ്രിയദാസിയായ രുഗ്മീഭായി.
5. പ്രതാപരുദ്രമഹാരാജാവ രണ്ടാമത വിവാഹംചെയ്ത രാജ്ഞി.
6. മേപ്പടിരാജ്ഞിയുടെ ദാസി ഇന്ദ്രസേന.
7. കാശ്മീരചക്രവൎത്തിയുടെ പ്രധാനമന്ത്രിയായ വൃന്ദാവനദാസൻ.
8. ഇന്ദുമതീസുകുമാരന്മാൎക്ക എന്തും വിശ്വസിച്ചു പറവാൻതക്ക ഭൃത്യനായ ചന്ദ്രഭാനു.
9. ഡൽഹിപട്ടണത്തിലെ പ്രധാനകച്ചവടക്കാരൻ ബാബുഗോവിന്ദലാല.
10. കാശീപട്ടണത്തിലെ കച്ചവടക്കാരൻ ചന്ദ്രനാഥബാനൎജ്ജി.
11. അദ്ദേഹത്തിൻെറ പുത്രി സീതാലക്ഷ്മി.

---

## ശുദ്ധപത്രം.

| ഭാഗം— | വരി. | |
|---|---|---|
| 4 | 27 | വിചാരിച്ചു |
| 16 | 2 | നിശ്വസിച്ചുകൊണ്ടു |
| 16 | 23 | അതിമനോഹരമായ |
| 20 | 5 | ഞാൻ |
| 92 | 10 | മായിരുന്നാലും |
| 94 | 20 | അൎത്ഥം |
| 118 | 12 | രസപദാൎത്ഥങ്ങളെ |

# മുഖവുര.

എല്ലാഭാഷകളും ശുക്ലപക്ഷത്തിലെ ചന്ദ്രിക പോലെ പ്രതിദിനം അഭിവൃദ്ധിയെ പ്രാപിക്കുന്ന ൟ പത്തൊമ്പതാം നൂററാണ്ടുകാലത്തുകൂടി നൊമ്മടെ മലയാളഭാഷ ബാല്യാവസ്ഥയെവിട്ടു താരുണ്യദശയെ കൈക്കൊള്ളാതിരിക്കുന്നതു ആധുനികയോഗ്യന്മാരായ കേരളീയൎക്കു എത്രയും ലജ്ജാകരമായിട്ടുള്ളതാണെന്നു ഞാൻ പറയേണ്ടതില്ലല്ലൊ. രാവും പകലും ഒരുപോലെ മുഷിഞ്ഞിരുന്നു പ്രവൃത്തിച്ചാൽകൂടി അവസാനിക്കാത്ത ഉദ്യോഗസംബന്ധമായ അനേകം പ്രവൃത്തികളെ കഷ്ടിച്ചു രണ്ടുമണിക്കൂറനേരംകൊണ്ടു ബാക്കികൂടാതെ നിൎവ്വഹിച്ചു ശേഷിച്ചു സമയത്തെ മലയാളഭാഷയുടെ പുഷ്ടിക്കുവേണ്ടി ചിലമഹാന്മാർ ചിലവഴിക്കുന്നതു കാണുമ്പോഴെങ്കിലും ആവകയാതൊരു പ്രവൃത്തികളും കൂടാതെ വൃഥാകാലക്ഷേപംചെയ്യുന്നവരും പുസ്തകരചനാശക്തി ധാരാളം ഉള്ളവരും ആയ നൊമ്മടെ നാട്ടുകാൎക്കു ഇങ്ങിനെയുള്ള പരിശ്രമത്തിൽ അല്പമെങ്കിലും ഒരു ഉത്സാഹം കാണാതിരിക്കുന്നതു വ്യസനകരമായ അവസ്ഥതന്നെ.

എന്നാൽ മേൽപറഞ്ഞ വിചാരത്തോടുകൂടി ദുൎല്ലഭം ചിലരെങ്കിലും ൟവക പുസ്തകങ്ങളെ ഉണ്ടാക്കിയെങ്കിൽ അതിനെ ഉപരിപ്ലവമായിട്ടുകൂടി ഒന്നു വായിച്ചുനോക്കാതെ പുസ്തകകൎത്താവിന്റെ പേരമാത്രം അന്വേഷിച്ചറിഞ്ഞു ദൂഷ്യാരോപണംചെയ്വാൻ അതിശൂരന്മാരായുള്ള ഒരുകൂട്ടം ജനങ്ങളെ ഉദ്ദേശിച്ചല്ലാ എന്റെ ൟ ശ്രമം.

കവിതാവിഷയത്തിൽ എളുപ്പവും ഗ്രന്ഥകൎത്താക്കന്മാരുടെ പ്രയോഗസാമൎത്ഥ്യത്തിന്നനുസരിച്ചുള്ള പദ

സാമഗ്രിയും ദുൎല്ലഭമായ ഈ മലയാളഭാഷയിൽ ശയ്യാപരിപാകാദിഗുണങ്ങളോടുകൂടിയ ഒരു പുസ്തകം എഴുതി രസാലങ്കാരാദി തത്വജ്ഞന്മാരായ സഹൃദയഹൃദയന്മാരുടെ ഹൃദയത്തെ രഞ്ജിപ്പിക്കേണ്ടതിന്നുള്ള സാമൎത്ഥ്യം വിദ്വാന്മാരിൽകൂടി വിരളമായിരിക്കെ മന്ദബുദ്ധിയായ എന്റെ ഈ പ്രയത്നം ഒരു സമയം മുഴുവനും ഫലിക്കാതെ പോകുന്നതായാൽകൂടി സ്വഭാഷാപരിഷ്കാരാൎത്ഥം ഞാൻ ചെയ്യു ഈ ഉദ്യമത്തെപ്പററിയെങ്കിലും മഹാന്മാർ അനുമോദിക്കാതിരിക്കയില്ലെന്നുള്ള വിശ്വാസപൂൎവ്വം എഴുതപ്പെട്ട "ഇന്ദുമതീസ്വയംവരം" എന്ന ഈ പുസ്തകം കേരളീയ വിദ്വാന്മാൎക്കു സ്വീകാരയോഗ്യമായിഭവിച്ചാൽ അതുതന്നെയാണ ഇതിൽ ഇനിക്കു കിട്ടാനവകാശപ്പെട്ട വിലയേറിയ പ്രതിഫലം.

ശൈലാബ്ധീശ്വരകുലജാതനും കവികുലശിരോമണിയായ മാനവിക്രമ ഏട്ടൻരാജാവവൎകളുടെ നേരെകനിഷ്ഠഭ്രാതാവും ആയ എന്നാൽ ഉണ്ടാക്കപ്പെട്ട ഈ ചെറിയ പുസ്തകത്തിൽ മനുഷ്യസ്വഭാവത്തിന്നു സംഭവിക്കാവുന്നതായ പ്രമാദംകൊണ്ടും അറിവില്ലായ്മകൊണ്ടും വല്ല ന്യൂനതകളൊ അബദ്ധങ്ങളൊ വന്നുപോയിട്ടുണ്ടെങ്കിൽ അതുകളെയെല്ലാം ത്യജിച്ചു സജലമായ ക്ഷീരത്തിൽനിന്നു ഹംസങ്ങൾ ജലത്തെ വേൎതിരിച്ചു ദുഗ്ദ്ധത്തെമാത്രം കൈക്കൊള്ളുന്നതുപോലെ മഹാജനങ്ങൾ ഇതിലുള്ള സാരാംശത്തെ ഗ്രഹിച്ചു അഭിനന്ദിക്കുമെന്നു ഞാൻ പൂൎണ്ണമായും വിശ്വസിക്കുന്നു.

എന്നു, പടിഞ്ഞാറെ കോവിലകത്തു,

അമ്മാമൻരാജാ.

90– മാൎച്ച 15-ാംനു–
മാങ്കാവ.

# ഇന്ദുമതി സ്വയംവരം.

## ഒന്നാം അദ്ധ്യായം.

### പ്രാരംഭം.

ഇന്ത്യാരാജ്യത്തിന്റെ ഉത്തരഭാഗത്ത കിഴക്കുപടിഞ്ഞാറായി നീണ്ടു കിടക്കുന്ന ഹിമാലയം പൎവ്വതത്തിന്റെ താഴ്വരയിൽ കാശ്മീരമെന്നൊരു രാജ്യമുണ്ടെന്ന എല്ലാവരും കേട്ടിരിപ്പാൻ സംഗതിയുണ്ട. ആ രാജ്യത്ത കാശ്മീര ചക്രവൎത്തികൾക്ക വസിപ്പാൻ അതിമനോഹരമായ ഒരു രാജധാനിയുള്ളത അല്പം ഒരു ഉയൎന്ന പ്രദേശത്താണ സ്ഥാപിക്കപ്പെട്ടിരിക്കുന്നത. അതിന്ന അത്യുന്നതങ്ങളും അതിഗംഭീരങ്ങളും ആയ നാല ഗോപുരങ്ങളും, എത്രയും ഉറപ്പിലും വെടിപ്പിലും കെട്ടിട്ടുള്ള പ്രാകാരഭിത്തികളും ഉണ്ട. ആ രാജധാനി, ദീൎഘവിസ്താരത്തിലും ആഴത്തിലും തീൎത്തിട്ടുള്ള കിടങ്ങുകളാൽ ചുററപ്പെട്ടതാണ. പ്രാകാരഭിത്തിക്ക ചുററുമുള്ള ആ വക കിടങ്ങുകളിൽ പങ്കേരുഹങ്ങൾ വികസിച്ച തിങ്ങിവിങ്ങി നില്ക്കുന്നതു കണ്ടാൽ രാജധാനിക്കകത്തുള്ള തരുണീജനങ്ങളുടെ മുഖങ്ങളെ സ്വതേജസ്സുകൊണ്ട ജയിക്കേണമെന്നുള്ള ശുഷ്കാന്തിയോടുകൂടി കോട്ട വളഞ്ഞുകൊണ്ട നില്ക്കുകയാണെന്നുതന്നെ തോന്നും. ആ രാജധാനിക്കകത്തുള്ള കേളീഗൃഹങ്ങളുടെ രത്നഭിത്തികളിൽനിന്ന ഉൽഭൂതങ്ങളായ തേജഃപുഞ്ജംകൊണ്ട സൂൎയ്യ ചന്ദ്രന്മാരുടെ രശ്മിജാലം കേവലം ദിനദീപദശയെ പ്രാപിക്കുന്നു. ഈ വക ഗുണങ്ങളോടുകൂടിയ കാശ്മീരരാജ്യത്ത പ്രതാപരു

നെന്ന പ്രസിദ്ധനായ ഒരു മഹാരാജാവു രാജ്യഭാരം ചെയ്തു വന്നിരുന്നു. അദ്ദേഹം വംശശുദ്ധികൊണ്ടും, യശൊധനംകൊണ്ടും, വിദ്യാ, ധനം, പൌരുഷം ഇതുകളെകൊണ്ടും അധിരിയനായിരുന്നു. അക്കാലങ്ങളിൽ നീതിശാസ്ത്രപ്രകാരം പ്രജാപരിപാലനം ചെയ്യുവരുന്നവരിൽ അഗ്രെസരൻ പ്രതാപരുദ്രമഹാരാജാവായിരുന്നു എന്നു പറവാൻ ഞാൻ ഒട്ടും മടിക്കുന്നില്ല. ധൎമ്മാഗ്ഗത്തെ ലേശവും ലംഘിക്കാതെ എത്രയും നീതിയോടെ രാജ്യഭാരം ചെയ്തുവന്നിരുന്നതുകൊണ്ടു എല്ലാ പ്രജകളും അദ്ദേഹത്തെ വഴിപോലെ സ്നേഹിച്ചുവന്നു. അദ്ദേഹത്തിന്നു ഒരു പുത്രിമാത്രമെ ഉണ്ടായിരുന്നുള്ളു. അവളുടെ ബാല്യകാലത്തു തന്നെ മാതാവു കാലഗതിയെ പ്രാപിച്ചു. പുത്രസമ്പത്തുണ്ടായി കാണാതിരുന്നതുകൊണ്ടു രാജാവു എല്ലാസമയത്തും കുണ്ഠിതനായിതീൎന്നു. എന്നാൽ അദ്ദേഹം ധൈൎയ്യശാലിയായതുകൊണ്ടു ആ വക ചേഷ്ടകളെ യാതൊന്നും പുറത്തു കാണിക്കാതെതന്നെ കഴിച്ചുകൂട്ടി. പ്രതാപരുദ്ര മഹാരാജാവിന്റെ പുത്രിയുടെ പേര ഇന്ദുമതീയെന്നായിരുന്നു. ചെറുപ്പത്തിൽതന്നെ മാതാവു കാലഗതിയെ പ്രാപിച്ചു പോയതുകൊണ്ടു ഇന്ദുമതി അച്ശന്റെ അസാമാന്യമായ ദയക്കും വാത്സല്യത്തിന്നും പ്രത്യേകം ഒരു പാത്രമായിതീൎന്നു. ഇന്ദുമതിയുടെ സഹപാഠിയായിട്ടു സുകുമാരനെന്ന പേരായ ഒരു കുട്ടിയുമുണ്ടായിരുന്നു. ഇനി ഇന്ദുമതിയുടെ യോഗ്യതയെ കുറിച്ചു അല്പം പറയാം.

രാജാവിന്നു ഇന്ദുമതിയേയും ഇന്ദുമതിക്കു രാജാവിനെയും വിട്ടു പിരിഞ്ഞാൽ ഒട്ടും തന്നെ സുഖമില്ലാതെയായി തീരും. അതൊരു ആശ്ചൎയ്യകരമായ അവസ്ഥയല്ലന്നു മാത്രമല്ല പ്രകൃതിസിദ്ധമാണെ താനും. രാജാ

വ സവാരിക്ക പുറത്ത പോകുമ്പോഴെല്ലാം ഇന്ദുമതിയെക്കൂടി ഒന്നിച്ച കൊണ്ടുപോകയും, ചുരുങ്ങിയത രണ്ടമണിക്കൂറ നേരമെങ്കിലും ഒഴിഞ്ഞ പ്രദേശത്തനിന്ന വരുന്ന നിൎമ്മലമായ കാററുള്ള സ്ഥലത്ത സഞ്ചരിപ്പിക്കകയും, ചെയ്യുക പതിവായിരുന്നു. അന്ന പാനാദികൾ കൊടുക്കുന്നതിലും, ദേഹസുഖത്തിന്ന വേണ്ടിയ വ്യായാമങ്ങൾ ചെയ്യിക്കുന്നതിലും രാജാവ വളരെ മനസ്സിരുത്തി വന്നതകൊണ്ട, അവൾക്ക പ്രായത്തിന്ന തക്കതായ ആരോഗ്യവും അംഗസൌഷ്ഠവവും വഴി പോലെ ഉണ്ടായിരുന്നു. ഇന്ദുമതി എപ്പോഴും അച്ഛൻെറ രക്ഷയിൽതന്നെ വളൎന്നുവന്നതുകൊണ്ട യൌവ്വന ചാപല്യങ്ങൾ ഒന്നും അധികമായി അവൾക്കുണ്ടാവാൻ സംഗതി വന്നിട്ടില്ല. സ്ത്രീകളെ ബാല്യത്തിൽ അനേകസുഖാനുഭവങ്ങൾക്ക മുഖ്യകാരണമായ വിദ്യാഭ്യാസം ചെയ്യിക്കാതെ കേവലം ബുദ്ധിശൂന്യന്മാരും ചപലന്മാരും ഉദരംഭരന്മാരും ആയ ഒരു കൂട്ടം വിടന്മാരോടുകൂടി അഹങ്കരിപ്പാൻ അനുവദിക്കുന്നത എത്രയും ആപൽകരമാണെന്ന എല്ലാവൎക്കും അനായാസേന അറിവാൻ കഴിയുന്നതാണെല്ലൊ. എന്നാൽ ആ വക യാതൊന്നിന്നും എടകൊടുക്കാതെ അച്ഛൻ തക്ക സമയങ്ങളിൽ ശാസിച്ചും ശിക്ഷിച്ചും വിദ്യാഭ്യാസം വഴിപോലെ ചെയ്യിച്ചവന്നു. അവൾ പ്രഭാതത്തിന്ന മുമ്പായി എഴുനീററ വീണ, ഫിഡിൽ, മുതലായ യന്ത്രങ്ങളിൽ സാധകം ചെയ്യും. പിന്നെ ദേഹസുഖത്തിന്ന വേണ്ടി പന്തടി മുതലായ വ്യായാമങ്ങൾ ചെയ്യും. അച്ഛനോടുകൂടി ഉദ്യാനപ്രദേശത്ത സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ, ഭൂമിയിലുള്ള ചരാചരവസ്തുക്കളുടെ പ്രകൃതിതത്വം, ഭൂമിയുടെ ചലനം, സൂൎയ്യചന്ദ്രന്മാരുടേയും നക്ഷത്രങ്ങളുടേയും ഗതി

ഭേദങ്ങൾ, നദികളുടെ ഉല്പത്തി, നവഗ്രഹങ്ങളുടെ സ്ഥിതിഭേദങ്ങളും ഗതിഭേദങ്ങളും, ഇടി, മഴ, മഞ്ഞു, ഇതുകളുടെ സൂക്ഷ്മാവസ്ഥ, കാൎയ്യകാരണങ്ങളെ തിരിച്ചറിവാനുള്ള ഓരോരോ മാൎഗ്ഗങ്ങൾ, ജീവജന്തുക്കളുടെ അന്തൎഭാഗത്തിലുള്ള സ്ഥിതികളേയും, പക്ഷിമൃഗാദികളുടെ ജാതിഭേദങ്ങളേയും തിരിച്ചറിവാനുള്ള ശക്തി, ശരീരസുഖശാസ്ത്രം, ഓരോരോ രാജ്യചരിത്രങ്ങൾ, ഇതുകളെ അച്ശൻ ഉപദേശിച്ചു കൊടുക്കുന്നതിനെ എത്രയും ശ്രദ്ധയോടെ ഗ്രഹിക്കുകയും ചെയ്യും. ഭക്ഷണം കഴിഞ്ഞാൽ അച്ശൻ സവാരിക്കു വിളിക്കുന്നവരെ കാവ്യനാടകാലങ്കാരാദികളിൽ പരിശ്രമിച്ചു കൊണ്ടിരിക്കും. അത്താഴം കഴിഞ്ഞാൽ ബുദ്ധിപരിഷ്കാരത്തിന്നുവേണ്ടി അച്ശൻ സാരമായി ഓരോന്നു ഉപദേശിച്ചു കൊടുക്കുന്നതിനെ ക്ഷണത്തിൽ മനസ്സിലാക്കും. അതിന്നുശേഷം ഒന്നു രണ്ടു കീൎത്തനങ്ങൾ പാടി അച്ശനെ കേൾപ്പിക്കും. നിദ്രയുടെ ബാധ അല്പം തുടങ്ങിയാൽ പതിവുപോലെ തന്റെ മണിമഞ്ചത്തിൽ പോയി കിടന്നുറങ്ങുകയും ചെയ്യും. ഇങ്ങിനെയാണ ഇന്ദുമതിയുടെ ദിനചൎയ്യാ.

ഇന്ദുമതിക്കു എത്രയും പ്രിയപ്പെട്ട ഒരു ദാസിയുണ്ടായിരുന്നു. അവളുടെ പേര തശീഭായി എന്നായിരുന്നു. അവൾ നിഷധരാജ്യത്തു ജനിച്ചു വളൎന്നവളും ബാല്യത്തിൽ തന്നെ ഇന്ദുമതിയുടെ മാതാവിന്റെ ഇഷ്ടസഖിയായി പാൎത്തിരുന്നവളും ആയിരുന്നു. അവൾ എപ്പോഴും അരികത്തു തന്നെ ഉണ്ടായിരുന്നതുകൊണ്ടു ഇന്ദുമതി അമ്മ മരിച്ചു ദുഃഖംകൂടെ അറിഞ്ഞിരുന്നില്ല. അവർ തമ്മിൽ അമ്മയും മകളും പോലെയായിരുന്നു വിചാരച്ചു വന്നിരുന്നതു. ഇന്ദുമതി കിടക്കാൻ പോയാൽ അവൾക്കു തുണയായി തശീഭായിയും ആ

അറയിൽ പൊയി കിടക്കും. ഇനി ഇന്ദുമതിയുടെ രൂപലാവണ്യത്തെ കുറിച്ചു അല്പമെങ്കിലും പറയാതെ ഇരുന്നാൽ വായനക്കാൎക്ക രസം മതിയാകയില്ലെന്നുള്ള വിചാരത്തിന്മെൽ കുറഞ്ഞൊന്ന പറയുന്നു.

ഇന്ദുമതിയുടെ കറുത്തിരുണ്ട നീണ്ട ചുരുണ്ടുള്ള വേണിയും, അതിമനോഹരമായ നെററിത്തടവും, കരിങ്കുവലയങ്ങളെ വേദനപ്പെടുത്തുന്ന നയനങ്ങളും, തൊണ്ടിപഴത്തിനെ മണ്ടിക്കുന്ന അധരവും, ചന്ദ്രബിംബത്തിന്റെ ചന്തം കുറക്കുന്ന വദനാരവിന്ദവും, കുംഭികുംഭങ്ങളെ സ്തംഭിപ്പിക്കുന്ന കുചകുംഭങ്ങളും, സ്തനകുംഭങ്ങളുടെ ഭാരാധിക്യത്താൽ ഇപ്പോൾ പൊട്ടിപ്പോകുമൊ എന്ന തോന്നുമാറ അത്ര കൃശമായ മദ്ധ്യപ്രദേശവും, മാൎദ്ദവംകൊണ്ട ശിരീഷ കുസുമങ്ങളേയും വൎണ്ണംകൊണ്ട ചമ്പകമലരുകളേയും തോല്പിക്കുന്ന അംഗങ്ങളും, മററും കാണുമ്പോൾ യുവാക്കന്മാരുടെ ഹൃദയത്തിൽ ഉണ്ടാകുന്ന ഓരോരോ വികാരഭേദങ്ങളെ പറഞ്ഞറിയിക്കുന്നത അസാദ്ധ്യമെന്ന തീൎച്ച തന്നെ. ഇന്ദുമതി തനിക്ക പതിനാറ വയസ്സ പ്രായം ചെന്നപ്പൊഴെക്ക കാവ്യനാടകാലംകാരാദികളിൽ പരിജ്ഞാനവും, സംഗീത വിദ്യയിൽ നൈപുണ്യവും, സമ്പാദിച്ചതിന്നുപുറമെ, സ്വദേശഭാഷയും, ഹിന്തുസ്ഥാനിമുതലായ ചില ഇതരഭാഷകളും, എഴുതുവാനും വായിപ്പാനും പഠിച്ചു. എന്ന തന്നെയുമല്ല രാജ്യഭരണത്തിന്ന വേണ്ടിയ ഓരോരോ തന്ത്രങ്ങളും നീതികളും വഴിപോലെ ഗ്രഹിക്കുകയും ചെയ്തു. വിശെഷിച്ച ഓരോരോ രാജ്യചരിത്രങ്ങൾ വായിച്ച മനസ്സിലാക്കുന്നതിലും, തുന്നൽ പണികളിലും, ചിത്രം എഴുതുന്നതിലും, അവൾ അത്യന്തം വിദഗ്ദ്ധയായിരിന്നു. അവൾ

ന്നീട്ടുള്ളതും, എഴുതീട്ടുള്ളതും, ആയ പക്ഷികളുടെയും മൃഗങ്ങളുടെയും രൂപങ്ങളെ കണ്ടാൽ, ചിറക വിരുത്തി ഇപ്പോൾ പറക്കുമൊ എന്നും ഇപ്പോൾ ചാടി കടിക്കുമൊ എന്നും തൊന്നും. അവൾ വീണ മീട്ടിപ്പാടുന്ന സമയം, അവളുടെ നിശ്വാസങ്ങളെ കൊണ്ടുണ്ടായ പരിമളം നിമിത്തം എത്തിക്കൂടീട്ടുള്ള ഭൃംഗങ്ങളുടെ ഝംകാരശബ്ദങ്ങളൊട സങ്കുലങ്ങളായ സ്വനങ്ങളിൽ, ഇത തന്ത്രീസ്വനമാണെന്നും ഇത ഇന്ദുമതീസ്വനമാണെന്നും തിരിച്ചറിവാൻ യാതൊരു വിദ്വാനും സാധിക്കുന്നതല്ല. യുവാക്കന്മാരുടെ ഹൃദയത്തെ പിടിപ്പാൻ ശക്തിയുള്ള അവളുടെ അംഗാംഗികളും സൌശീല്യാദി ഗുണങ്ങളും കണ്ടാൽ സാക്ഷാൽ കൃഷ്ണസോദരിയായ സുഭദ്ര രണ്ടാമതും അവതരിച്ചിരിക്കയൊ എന്നു തൊന്നും. ഈ വക ഗുണങ്ങളാൽ ഇന്ദുമതി അക്കാലങ്ങളിൽ എല്ലാ രാജ്യങ്ങളിലും വെച്ചു ഏററവും പ്രസിദ്ധപ്പെട്ട ഒരു സ്ത്രീരത്നമായി തീൎന്നു.

ഇന്ദുമതിയുടെ സഹപാഠിയായി സുകുമാരൻ എന്നൊരു കുട്ടിയുണ്ടായിരുന്നു എന്ന ഇതിൽ ഒരേടത്തു ഞാൻ പറഞ്ഞുവെല്ലൊ. ഇനി അവനെ കുറിച്ചു അല്പം പറയാതെ കഴികയില്ല. സുകുമാരന്റെ പിതാവ ഒരു പ്രഭുവും പ്രതാപരുദ്ര മഹാരാജാവിന്റെ സൈന്യാധിപതിയും ആയിരുന്നു. അദ്ദേഹം പ്രതാപരുദ്ര മഹാരാജാവിന്നു വേണ്ടി ഭയങ്കരമായ ഒരു യുദ്ധത്തിൽ സ്വാമിഭക്തിയോടെ മരിക്കുകയും, ഭൎത്തൃ വിരഹത്താലുണ്ടായ വ്യസനം നിമിത്തം അദ്ദേഹത്തിന്റെ പത്നിയും സുകുമാരൻ ജനിച്ചുഉടനെ തന്നെ കാലഗതിയെ പ്രാപിക്കുകയും ചെയ്തുകൊണ്ടു അച്ഛനമ്മമാരില്ലാത്ത അവനെ

രാജാവ സ്നേഹത്തോടും കരുണയോടും കൂടി എടുത്ത വളൎത്തുകയും വഴിപോലെ വിദ്യാഭ്യാസം ചെയ്യിച്ച വരികയും ചെയ്തു. മഹാ രാജാവ ഏററവും ദയാലുവായിരുന്നതുകൊണ്ട അവനെ തന്റെ പുത്രനെപോലെ സംരക്ഷിച്ച വന്നു. രാജാവിന ഇന്ദുമതിയിൽ എത്ര വാത്സല്യമുണ്ടൊ അത്ര വാത്സല്യം സുകുമാരനെ കുറിച്ചും ഉണ്ടായിരുന്നു.

സുകുമാരൻ അക്കാലം സമാനവയസ്കന്മാരായ യുവാക്കന്മാരിൽ വെച്ച ഏററവും ബുദ്ധിശാലിയും സുന്ദരനും വിദ്യാബ്ധിപാരംഗതനുമായിരുന്നു. ഒരു പുരുഷന്റെ പ്രധാന ഗുണങ്ങളായ ബുദ്ധി, സാമൎത്ഥ്യം, പൌരുഷം, ക്ഷമ, വിദ്യ, തന്നിമിത്തമായ വിവേകം, ഇതുകളെല്ലാം സുകുമാരൻ പതിനെട്ടു വയസ്സിനുള്ളിൽ തന്നെ സമ്പാദിച്ചു. ചെറുപ്പത്തിൽ തന്നെ വ്യായാമങ്ങൾ ചെയ്തുവന്നതുകൊണ്ടും, അതിഭക്ഷണത്തിൽ വളരെ കൃത്യമുണ്ടായിരുന്നതുകൊണ്ടും, യൌവനകാലത്ത അതാത അംഗങ്ങൾക്ക തികച്ചും സൌഷ്ഠവവും ലാഘവവും ഉണ്ടായി തീൎന്നു. സുകുമാരന്റെ അതി വിശേഷമായ നെററിത്തടവും, അതിമനോഹരമായ മുഖവും, എത്രയും നിബിഡതയോടെ മുട്ടിങ്കലോളം നീണ്ടുകിടക്കുന്ന കൈകളോട മത്സരിച്ചുംകൊണ്ടിരിക്കുന്ന കുടുമയും, വിസ്തൃതമായ ഉരസ്സും, സ്വൎണ്ണവൎണ്ണമായ ദേഹകാന്തിയും, കണ്ടാൽ ഏത സ്ത്രീകളും ഒന്നു മോഹിക്കാതിരിക്കയില്ല. അക്കാലങ്ങളിൽ യൌവനയുക്തകളായ സകല സ്ത്രീകളും സുകുമാരന്റെ സൌന്ദൎയ്യാദി ഗുണങ്ങളെ കുറിച്ച പ്രശംസിക്കുന്നത സാധാരണയായി തീൎന്നു.

## രണ്ടാം അദ്ധ്യായം.

### ഇന്ദുമതീസുകുമാരന്മാരുടെ അനുരാഗോല്പത്തി.

ഇന്ദുമതിയും സുകുമാരനും ഒരേ ഗുരുനാഥൻെറ കീഴിൽ പഠിച്ചുവരികയും ബാല്യം മുതൽക്കു തന്നെ എപ്പോഴും ഒന്നിച്ചു വസിച്ചു വരികയും ചെയ്തു വന്നതു കൊണ്ടു അവർ തമ്മിൽ വളരെ സ്നേഹമായി തീൎന്നു. പഠിപ്പു കഴിഞ്ഞു രാജധാനിയിൽ എത്തിയാൽ അച്ഛൻ സബാരിക്കു വിളിക്കുന്നവരെ അവർ തമ്മിൽ കളിച്ചും ചിരിച്ചും ഓരോന്നു സംസാരിച്ചും കൊണ്ടിരിക്കും.

ഇങ്ങിനെ കുറേക്കാലം ചെന്നപ്പോഴെക്കു ഇന്ദുമതിക്കും സുകുമാരനും അന്യോന്യം കുറേശ്ശ അനുരാഗം അങ്കുരിച്ചു തുടങ്ങി. ഈ വിവരം രണ്ടു പേൎക്കും പരസ്പരം മനസ്സിലായിട്ടുണ്ടായിരുന്നു എങ്കിലും ഇന്ദുമതി താൻ സ്വതന്ത്രയല്ലാത്തതുകൊണ്ടും, അച്ഛൻെറ അഭിമതം അറിയാത്തതിനാലും, ലജ്ജകൊണ്ടും, സുകുമാരൻ അസാദ്ധ്യവും അനൎഹവും ആയ വിഷയങ്ങളിൽ മനസ്സിനെ പ്രവേശിപ്പിക്കുന്നതു അനേക വിധമായ ആധിവ്യാധികൾക്കു കാരണമാകുമെന്നു ആലോചിച്ചിട്ടും, ആ വക ചേഷ്ടകളെ പുറത്തു കാണിക്കാതെ ഇരുന്നു. രണ്ടാളുടേയും ഈ ആലോചന ഒട്ടും തന്നെ തെറ്റായിട്ടുള്ളതല്ല. ഭാഗ്യനിധികളായ രാജകുമാരന്മാരിൽ പലരും ഉണ്ടായിരിക്കെ, കേവലം പ്രജകളിൽ ഒരുവനായ താൻ ഇന്ദുമതിയെ കിട്ടിയാൽ കൊള്ളാമെന്നു മോഹിക്കുന്നതു അനീതിയും അസാദ്ധ്യവും ആണെന്നു സുകുമാരൻ

ധാരാളം വിശ്വസിച്ചിട്ടുണ്ടായിരുന്നു. എങ്കിലും ഇന്ദുമ
തിക്കും സുകുമാരനും തമ്മിൽ അന്യോന്യം അങ്കുരിച്ചു
രം അനുരാഗം, അവർ രണ്ടു പേരുടേയും മനസ്സിൽ
ക്രമേണ വേരൂന്നി, ശാഖോപശാഖകളായി വൎദ്ധിക്കു
കയും, തെളുത്ത പൂക്കുകയും ചെയ്തു. പഠിക്കുന്ന സമ
യമല്ലാതെ മറെറല്ലാ സമയവും ദുൎല്ലഭം ചില ദിവസ
ങ്ങളിൽ പകൽ മുഴുവനും, സുകുമാരൻ ഇന്ദുമതിയെവി
ട്ടുപിരിയാറില്ലെന്നുതന്നെ പറയാം. ആ സമയങ്ങളിൽ
അവർ നാടകാലങ്കാരാദി പുസ്തകങ്ങളോ വീണമുരലാ
യ യന്ത്രങ്ങളോ വായിച്ചുകൊണ്ടും, ചില സമയം ച
തുരംഗം വെച്ചുകൊണ്ടും, വിനോദിച്ചു കൊണ്ടിരിക്കും.

ഇങ്ങിനെ കഴിഞ്ഞുകൊണ്ടിരിക്കുമ്പോൾ ഒരു
ദിവസം ഇന്ദുമതിയും സുകുമാരനുംകൂടി ആരാമത്തിൽ
മുല്ലമാല കെട്ടിക്കൊണ്ടിരിക്കുമ്പോൾ താഴെ പറയുന്ന
സംഭാഷണം ഉണ്ടായി.

സുകുമാരൻ— അച്ഛൻ സവാരിക്കു പോയൊ? നിന്നെ
പതിവായി വിളിക്കാറുണ്ടല്ലൊ.

ഇന്ദുമതി— അതു ശരിതന്നെ. എന്നാൽ ദുൎല്ലഭം ചില ദി
വസം അച്ഛൻ പുറത്തു പോകാതിരിക്കയും പതിവുണ്ടു.

സുകു— ഇന്നു അച്ഛൻ സവാരിക്കു പോയിരിക്കുന്നു
എന്നു നിശ്ചയംതന്നെ.

ഇന്ദു— അതു വരാൻ സംഗതി പോരാ. അച്ഛനു സ
വാരിക്കു പോകേണമെങ്കിൽ ഞാൻ കൂടെ വേണം.
ഇന്നുപോയി എന്നു അങ്ങെക്കു എന്താ നിശ്ചയം.

സുകു— അല്പം മുമ്പു, വണ്ടി കെട്ടി കൊണ്ടുപോകുന്നതു
ഞാൻ കണ്ടിരിക്കുന്നു.

ഇന്ദു— അതെപ്പോഴാണ്? എന്നാൽ ഞാൻ കാണാതിരി
ക്കുമൊ?

സുകു– ആ സമയം ഇന്ദുമതിക്കു മുല്ലമൊട്ടു അറുക്കുന്ന തിരക്കായിരുന്നു. അതുകൊണ്ടായിരിക്കാം കാണാഞ്ഞതു.

ഇന്ദു– അങ്ങിനെയും വരാം. എന്നാൽ അങ്ങു ഒന്നു പോയി നോക്കൂ.

സുകു– ഇനിക്കിപ്പോൾ പോകാൻ കഴികയില്ല. ഒരു ദിവസം അച്ശന്റെ ഒന്നിച്ചു സവാരിക്കു പോയില്ലെങ്കിൽ എന്താണു?

ഇന്ദു– അങ്ങു അതു പറയും. ഇനിക്കു വല്ലതും വന്നാൽ അങ്ങേക്കെന്താണ്.

സുകു– അല്ലാ! ഇങ്ങിനെയാണു നീ മനസ്സിലാക്കിയതു?

ഇന്ദു– അല്ലാതെ എന്താണു മനസ്സിലാക്കേണ്ടതു. പറഞ്ഞതിനെ അല്ലെ എല്ലാവരും മനസ്സിലാക്കി വരാറ്.

സുകു– ഞാൻ പറഞ്ഞതു മറ്റൊന്നുകൊണ്ടുമല്ല. ആ സമയവുംകൂടി നോക്കു ഒന്നിച്ചിരിക്കാമെല്ലൊ എന്നു വിചാരിച്ചു മാത്രമാണു.

ഇന്ദു– ഇത്രയും വിനോദകരങ്ങളായ വിദ്യകളിൽ കാലക്ഷേപം ചെയ്തുകൊണ്ടുവരുന്ന അങ്ങെക്കു പുറത്തെങ്ങും സഞ്ചരിക്കാതെ ഭവനവ്യതിരിക്തനായ യാതൊരു പുരുഷനോടും സംസാരിച്ചിട്ടുതന്നെ ഇല്ലാത്ത പ്രാകൃതയായ എന്നോടൊന്നിച്ചു ഇരിക്കുന്നതിലാണു രസമെന്നു അങ്ങു പറഞ്ഞതു ഞാൻ അത്ര വിശ്വസിക്കുന്നില്ല. ഇതു പക്ഷെ ഒരു പ്രത്യക്ഷസ്തുതിയായിരിക്കാം.

സുകു– ഞാൻ പറഞ്ഞതിനെ ഒന്നു ആലോചിച്ചു നോക്കീട്ടു വേണോ പറയാൻ.

ഇന്ദു– (അല്പം ഒന്നു ആലോചിച്ചിട്ടു) അതു ശരിതന്നെ. എന്നാൽ ഞാൻ പതിവായി സവാരിക്കു പോകുന്നതു അച്ശനെ ശങ്കിച്ചിട്ടുമാത്രമാണു.

സുകു– ആ പറഞ്ഞതു കേവലം ഭോഷ്ക്കുതന്നെ.

ഇന്ദു– ഇനിയും അങ്ങ എന്റെ ഹൃദയം അറിഞ്ഞില്ലെന്നുണ്ടൊ?

സുകു– "ഇനിയും" എന്ന നീ പ്രയോഗിച്ചതിൽ വല്ല ശ്ലേഷാൎത്ഥവും ഉണ്ടൊ എന്ന ഞാൻ ശങ്കിക്കുന്നു.

ഇന്ദു– എന്താണിത്ര സംശയം. കവി അല്പനായിരുന്നാലും വ്യാഖ്യാതാവിന്ന യോഗ്യതയുള്ളപക്ഷം അതിൽ അനേകം അൎത്ഥങ്ങൾ ഉണ്ടാവാം.

സുകു– ഒ. ഹൊ! ഇത കുറെ വിഷമം തന്നെ ആട്ടെ, ഞാൻ ഒന്ന ചോദിക്കട്ടെ, ഉത്തരം പറയുമൊ?

ഇന്ദു– ഉത്തരം പറയേണ്ടതാണെങ്കിൽ പറയും.

സുകു– എന്നാൽ എന്തിനാണ ൟ മാല ഇത്ര മനസ്സിരുത്തി കെട്ടുന്നത? അതുനിമിത്തം നോക്കു സ്വൈരസല്ലാപത്തിന്നുകൂടി രസമില്ലാതായെല്ലൊ.

ഇന്ദു– അങ്ങിനെയാണ! എന്നാൽ എന്റെ ൟ മാല കേവലം നിഷ്ഫലം തന്നെ.

സുകു– അതെന്താണ! അങ്ങിനെ ഉണ്ടൊ!

ഇന്ദു– സംശയമുണ്ടൊ? സൎവ്വജനങ്ങളും അങ്ങയുടെ രസമൊന്നല്ലെ സമ്പാദിക്കേണ്ടത?

സുകു– അത്രഭാഗ്യം ഞാൻ ചെയ്തിട്ടുണ്ടെന്ന തോന്നുന്നില്ല.

ഇന്ദു– (അല്പം ചിരിച്ചുകൊണ്ട) പുരുഷന്റെ ഭാഗ്യം ആരറിഞ്ഞു.

സുകു– അതിരിക്കട്ടെ, ൟ മാല ആൎക്ക കൊടുപ്പാനാണ കെട്ടുന്നത?

ഇന്ദു– ആൎക്കായാലെന്താണ; അതറിഞ്ഞിട്ട അങ്ങെക്ക പ്രയോജനമെന്ത?

സുകു– ആ ഭാഗ്യവാനെ മനസ്സുകൊണ്ട ബഹുമാനിക്കാമെല്ലൊ എന്ന മാത്രം വിചാരിച്ചാണ ചോദിച്ചത. മറ്റൊന്നുമുണ്ടായിട്ടില്ല.

ഇന്ദു— (കുറഞ്ഞൊരു പുഞ്ചിരിയോടുകൂടി) എന്നാൽ അങ്ങ എന്നെത്തന്നെ ബഹുമാനിച്ചോളൂ.

സുകു— അതിന്നേതായാലും കുറവില്ല.

ഇങ്ങിനെ ബഹുരസമായി തമ്മിൽ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ സവാരിക്കായി ഭൃത്യന്മാരിൽ ഒരുവൻ വന്നു വിളിച്ചു. "ഓ, നേരം പോയതു അറഞ്ഞില്ല" എന്നു പറഞ്ഞുംകൊണ്ടു ഇന്ദുമതി എഴുനീററു ചെന്നു അച്ഛന്റെ ഒന്നിച്ചു സവാരിക്കു പോകയും ചെയ്തു. ഇന്ദുമതിക്കു അന്നത്തെ സവാരിയിൽ ഉണ്ടായ വിശേഷ കാഴ്ചകളൊന്നും അത്ര രസമായി തോന്നില. "നിനക്കു അല്പം ഒരു ഉന്മേഷക്കുറവു കാണുന്നു. എന്താണു, സുഖക്കേടു ഒന്നും ഉണ്ടായിട്ടില്ലല്ലോ" എന്നു അച്ഛൻ ചോദിക്കുകയും, "ഇന്നു കുറെ അധികം വായിച്ചതുകൊണ്ടു മനസ്സിന്നുണ്ടായ മൌഢ്യമാണു" എന്നു ഇന്ദുമതി മറുവടി പറകയും ചെയ്തു. ഇന്ദുമതിക്കു അച്ഛനോടുകൂടി സവാരി ചെയ്യുന്നതിലുള്ള താല്പര്യവും ഉത്സാഹവും ക്രമേണ കുറഞ്ഞു വന്നു തുടങ്ങി. സുകുമാരനാകട്ടെ അന്നു മുതൽക്കു എപ്പോഴും ഇന്ദുമതിയോടു സംസാരിച്ചുംകൊണ്ടിരിക്കുന്നതിലായിത്തീന്നു അധികം രസം.

ഇങ്ങിനെ ഇരിക്കുമ്പോൾ നല്ല ചന്ദ്രികയുള്ള ഒരു ദിവസം രാത്രിയിൽ അത്താഴത്തിന്നു മുമ്പായി ഇന്ദുമതിയും സുകുമാരനുംകൂടി ഇന്ദുമതിയുടെ മണിമാളികയിൽ ജനേല തുറന്നുവെച്ചു ചന്ദ്രനെ നോക്കിക്കൊണ്ടിരിക്കുന്ന സമയം

സുകു— സകല ജനാഹ്ലാദകരനായ ഈ ചന്ദ്രൻ എന്റെ മനസ്സിനെ അത്യന്തം തപിപ്പിക്കുന്നു.

ഇന്ദു— അങ്ങെക്കു തെററിപ്പോയി എന്നുണ്ടോ? അങ്ങ

പറഞ്ഞത അല്പമെങ്കിലും തമ്മിൽ യോജിക്കുന്നില്ലല്ലൊ.

സുകു— അതെന്താണ? ഇനിക്ക തെററിപ്പോയി എന്ന തോന്നുന്നില്ല.

ഇന്ദു—ആഹ്ലാദകാരിത്വവും താപകാരിത്വവും ഒരേ വസ്തുവിങ്കൽതന്നെ ആരോപിക്കുന്നത കേവലം അസംഭവമല്ലെ?

സുകു—എല്ലാററിലും അവസ്ഥാഭേദങ്ങളില്ലെ?

ഇന്ദു—അതെന്താണ?

സുകു—നൈഷധത്തിലെ ചന്ദ്രോപാലംഭം നീ വായിച്ചുവല്ലെ?

ഇന്ദു— അത ശരിതന്നെ. എന്നാൽ അത വിരഹാവസ്ഥയിലാണല്ലൊ. ഇപ്പോൾ അങ്ങെക്ക അങ്ങിനെ എന്തൊരു വിരഹാവസ്ഥയാണ.

സുകു— അതുപോലെ ഇനിക്കും സംഭവിച്ചുകൂടാ എന്നുണ്ടൊ?

ഇന്ദു— ഒ, ഹൊ! ഇപ്പോൾ ഏതാനും മനസ്സിലായി; ഇനി ഒരു സംഗതി മാത്രമെ അറിയെണ്ടതുള്ളു.

സുകു— അതെന്താണ? കേൾക്കട്ടെ?

ഇന്ദു— അങ്ങ എന്നോടു സത്യം പറയുമൊ?

സുകു— ഇന്ദുമതിയോട സുകുമാരൻ വ്യാജം പറയുമൊ?

ഇന്ദു— അങ്ങിനെ തോന്നീട്ടില്ല. എന്നാൽ ഇതിൽ മാത്രം അല്പം ഒരു സംശയമുണ്ടുതാനും.

സുകു— എന്തിനു സംശയിക്കുന്നു. അതും ഇപ്പോൾ തന്നെ തീൎക്കാമെല്ലൊ. ചോദിക്കരുതെ?

ഇന്ദു— ചോദിക്കട്ടെ, അങ്ങ യാതൊരു കപടവും കൂടാതെ എന്നോട പറയണെ. എന്നാൽ ആ ഭാഗ്യവതി ഏതാണ?

സുകു— അതും ഞാൻ സ്പഷ്ടമായി പറയെണമൊ?

ഇന്ദു— സ്പഷ്ടമായി പറയാതിരുന്നാൽ ദിവ്യചക്ഷുസ്സില്ലാത്ത ഇനിക്ക അങ്ങയുടെ അന്തൎഗ്ഗതം മനസ്സിലാകുമൊ?

സുകു— ("ഇത കുറെ വിഷമം തന്നെ" എന്ന വിചാരിച്ചും കൊണ്ട) എന്നാൽ അവൾ ഒരം ഇന്ദുവിനോട കൂടിയ രാത്രി തന്നെ. എന്താ ഇപ്പൊഴും മനസ്സിലായില്ലെന്നുണ്ടൊ?

ഇങ്ങിനെ രണ്ടുപേരുടെയും മനസ്സിൽ തിങ്ങി വിങ്ങി കിടക്കുന്ന ഓരോരോ വികാര ഭേദങ്ങളെ പുറത്ത പ്രകാശിപ്പിക്കേണ്ടതിന്നുള്ള അനേകം നമ്മങ്ങളെ പറഞ്ഞ തൃപ്തിവരാതെ ഇരിക്കുമ്പൊഴാണ അത്താഴത്തിന്നായി പാചകന്മാരിൽ ഒരുവൻ വന്ന വിളിച്ചത. ഉടനെ രണ്ടുപേൎക്കും ഒരു ഭയവും ഒരു ലജ്ജയും ഉണ്ടായി. ഇന്ദുമതി അച്ഛന്റെ അരികത്ത അത്താഴത്തിന്നായി ചെന്നസമയം "നിനക്ക ഭക്ഷണത്തിലും പ്രിയമില്ലാതായൊ?" എന്ന അച്ഛൻ ചോദിച്ചതിന്നുത്തരമായി "ഞാൻ അല്പം കിടന്നുറങ്ങിപ്പോയി അച്ഛാ" എന്ന ഇന്ദുമതിയും പറഞ്ഞു. അത്താഴം കഴിഞ്ഞതിന്റെ ശേഷം ഇന്ദുമതി അച്ഛനോട കൂടി പതിവപോലെ കുറെനേരം സംസാരിച്ചു കൊണ്ടിരിക്കുകയും ഒന്ന രണ്ട കീൎത്തനങ്ങളെ പാടി കേൾപ്പിക്കുകയും ചെയ്തു.

ഒരുനാൾ പതിവപോലെ പഠിപ്പ കഴിഞ്ഞ വന്ന ഉടനെ അല്പം ചായ കഴിച്ചതിന്റെ ശേഷം ഇന്ദുമതിയും സുകുമാരനും കൂടി ഓരോരോ നേരംപോക്കും പറഞ്ഞുകൊണ്ട ഉദ്യാനത്തിൽ നടന്നുകൊണ്ടിരുന്നു. ആ സമയം ഇന്ദുമതി ആ ഉദ്യാനത്തിൽ ഉണ്ടായിരുന്ന അതിവിശേഷമായ ഒരു പൊയ്കയിൽനിന്ന ഒരു ചെന്താമരപ്പുഷ്പം അറുത്ത കയ്യിൽ വെച്ചിട്ടുണ്ടായിരുന്നു. അതിനെ കണ്ടപ്പോൾ,

സുകു— അതി മനോഹരമായ നിന്റെ മുഖത്തോട സാമ്യമായ ൟ താമരപ്പൂവു കയ്യിൽ വെച്ചിരിക്കുന്നതകണ്ടാൽ ഏതൊ ഒരാൾക്ക കൊടുക്കേണമെന്നുള്ള ഉദ്ദേശത്തിന്മേലാണെന്ന തോന്നുന്നു.

ഇന്ദു— അങ്ങെക്ക ഇല്ലാത്തതെല്ലാം തോന്നുന്നത പതിവല്ലെ? അതിൽ ഒന്ന ഇതും.

സുകു- ഒരിക്കലും ഇല്ലാത്തതല്ല. എന്റെ മനസ്സിൽ അങ്ങിനെ തോന്നീട്ട തന്നെ പറഞ്ഞതാണ.

ഇന്ദു— അങ്ങ പലകുറിയായി അൎത്ഥം വെച്ച ഓരോന്ന പറയുംപോലെ തോന്നുന്നു. മുമ്പ ഒരുദിവസം ഞാൻ മുല്ലമാല കെട്ടിക്കൊണ്ടിരിക്കുമ്പോഴും അങ്ങ ഇങ്ങിനെ ഓരോന്ന പറകയുണ്ടായി. അങ്ങെക്ക ഇതൊരു പതിവായിരിക്കുന്നു. ഇങ്ങിനെ ഒന്നും വേണമെന്നില്ല. അങ്ങെക്ക ഇതിൽ അഭിലാഷമുണ്ടെങ്കിൽ അതതന്നെ പറഞ്ഞാൽ പോരെ.

സുകു— (ഒന്ന ചിരിച്ചുംകൊണ്ട) എന്നാൽ മതിയൊ? അത ഞാൻ ഇതവരെ അറികയുണ്ടായില്ല.

ഇന്ദു— ഇനിക്ക അതുതന്നെ വേണമെന്നില്ല.

എന്ന പറഞ്ഞു ആ പുഷ്പത്തെ ഒരു അഭിഃപ്രായത്തോടുകൂടി സുകുമാരന കൊടുത്തു.

സുകു— (അപ്പോൾ ആനന്ദജനിതങ്ങളായ പുളകാങ്കുരങ്ങളോടും മന്ദസ്മിതത്തോടും കൂടി അവളോട അതിനെ വാങ്ങിക്കൊണ്ട) ൟ പുഷ്പത്തെ മുമ്പ നിന്റെമുഖത്തോട ഉപമിച്ചത ഇപ്പോൾ ഹൃദയത്തോട ഉപമിക്കുന്നതിന്ന വല്ലവിരോധവും ഉണ്ടൊ?

ഇന്ദു— അങ്ങ ചന്ദ്രനെപറ്റി മുമ്പ പറഞ്ഞിരുന്നതുപോലെയുള്ള അസംഭവാവസ്ഥ ഇതിൽ ഇല്ലാത്തതകൊണ്ട അങ്ങിനെ ഉപമിക്കുന്നതിന്ന യാതൊരു വിരോധവും ഇല്ല.

സുകു— (അനുവാദസൂചകമായ ഈ ഉത്തരം കേട്ടസമയം ഒന്നു രണ്ടു ദീൎഘശ്വാസം നിശ്വസിച്ചുകൊണ്ടു) നീ ഇപ്പോൾ ഈ പല്ലും ഇനിക്കു തന്നത നിന്റെ ഹൃദയം ഇനിക്കു തന്നതാണെന്ന ഞാൻ ഉറക്കുന്നു. അതിന്നു വല്ല അബദ്ധവും ഉണ്ടൊ?

ഇത കേട്ടപ്പോൾ ഇന്ദുമതിക്കു കാൎയ്യം മനസ്സിലായി. അങ്ങെക്കു ഞാൻ എപ്പൊഴും സ്വാധീനയാണെന്നുള്ള ഭാവത്തെ പ്രകാശിപ്പിച്ചുംകൊണ്ടു ഇന്ദുമതി അളവില്ലാത്ത സന്തോഷത്തോടും ലജ്ജയോടുംകൂടി തലതാഴ്ത്തി നിന്നുപോയി.

ഇന്ദുമതിയുടെ ഈ നിലയും ഭാവഭേദവും കണ്ടപ്പോൾ സുകുമാരന്റെ മനസ്സിൽ അനേകം വികാരങ്ങൾ ജനിക്കുകയാൽ അവൻ ക്ഷണനേരം ഒന്നും സംസാരിപ്പാൻ ശക്തനല്ലാതെ നിന്നുപോയി. ഇന്ദുമതിക്കു തന്റെ മേൽ അനുരാഗമുണ്ടെന്ന സ്പഷ്ടമായി അറിഞ്ഞ സമയം സുകുമാരനുണ്ടായ ആനന്ദവും ഉടനെ തന്നെ രാജാവിനെ ഓൎത്ത നോക്കിയപ്പോൾ ഉണ്ടായ വ്യസനവും ഇന്ന പ്രകാരമെന്ന പറഞ്ഞ അറിയിപ്പാൻ പ്രയാസം. കുറെ നേരം കഴിഞ്ഞപ്പോൾ "എന്ത രാജാവ, ഏത രാജാവ; എന്റെ ഇന്ദുമതിക്കു ഞാൻ തന്നെ" എന്നിങ്ങിനെ വിചാരിച്ച സുകുമാരൻ ലജ്ജാഭാരം കൊണ്ടു അധോമുഖിയായി നില്ക്കുന്ന ആ ത്രിഭുവനൈക സൌന്ദൎയ്യശാലിനിയുടെ അതിമനോഹരായ മുഖം പിടിച്ചു നിവൃത്തി അനേകം പ്രാവശ്യം ചുംബിക്കുകയും അന്യോന്യം ഗാഢമായി ആശ്ലേഷം ചെയ്കയും ചെയ്തു. അതുവരെ അവർ രണ്ടു പേരുടേയും മനസ്സിൽ ഉണ്ടായിരുന്ന ആധിവ്യാധികളെല്ലാം ഇത്ര മാത്രം കൊണ്ടു തന്നെ തൽക്ഷണം മാഞ്ഞു പോയി. അ

സമയം ഇന്ദുമതിക്കും സുകുമാരനും രോമാഞ്ചം ഉണ്ടായത കണ്ടാൽ അവർ രണ്ടു പേരുടേയും ഹൃദയത്തിൽ ഉണ്ടായിരുന്ന ആധിവ്യാധികൾ പുളകരൂപേണ പൊട്ടുന്നുവൊ പൊട്ടി പുറത്ത പോകയോയെന്ന തോന്നും.

ഈ നിലയിൽ തന്നെ അര നാഴിക നേരം നിന്നതിന്റെ ശേഷം അവർ വ്യസനത്തോടെ ഒരു വിധം വിട്ടു പിരിഞ്ഞു രണ്ടാമതും സംഭാഷണം തുടങ്ങി.

സുകു— ഇന്ദുമതി! ഇപ്പോൾ മാത്രമാണ ഞാൻ കൃതകൃത്യനായത.

ഇന്ദു— ഇപ്പോൾ മാത്രമായിട്ടു അങ്ങു കൃതകൃത്യനായതിന്റെ കാരണം എനിക്ക മനസ്സിലായില്ലല്ലൊ.

സുകു— അകൃതസുകൃതന്മാൎക്ക ദുർല്ലഭമായ നിന്റെ ശ്രദ്ധാലിംഗനഗണ്ഡചുംബന കുചസ്പൎശാദികളല്ലേ എനിക്കിപ്പോൾ ലഭിച്ചത.

ഇന്ദു— ഒ, ഹൊ! ഇപ്പോൾ മനസ്സിലായി. എന്നാൽ അതു ഞാൻ പറയേണ്ടുന്ന വാക്കാണ. പക്ഷെ ലജ്ജകൊണ്ടും പരിഭ്രമംകൊണ്ടും പറഞ്ഞില്ലെന്ന മാത്രമെ ഉള്ളൂ.

സുകു— ദുർല്ലഭമായ ഈ മഹാഭാഗ്യം അനുഭവിപ്പാൻ യാതൊരു പുണ്യവും ഞാൻ ചെയ്തതായി ഓൎമ്മ തോന്നുന്നില്ല.

ഇന്ദു— അങ്ങു പറയുന്നതിന്റെ അൎത്ഥം എനിക്ക മനസ്സിലാവുന്നില്ല. മതി മതി ഭംഗിവാക്ക.

ഇങ്ങിനെ അവർ രണ്ടു പേരും കൂടി ഓരോന്ന സംസാരിച്ചും കളിച്ചും ചിരിച്ചും കൊണ്ടു ഉദ്യാനത്തിലുള്ള നികുഞ്ജങ്ങളിൽ ഇരിക്കുമ്പോൾ ഒരുവൻ കടന്ന വന്ന “ചായയും പലഹാരവും തെയ്യാറായി” എന്ന പറഞ്ഞു. “അച്ഛൻ ചായ കഴിച്ചുവൊ? ഞാൻ ഇപ്പോൾ

വരാം. ചായ ഇദ്ദേഹത്തിന്നു കൂടി വേണം. മുകളിൽ എന്റെ അകത്തു കൊണ്ടുവെച്ചേക്കു" എന്നിങ്ങിനെ പറഞ്ഞു ഇന്ദുമതി അവനെ അയച്ചു. അല്പം നേരം കഴിഞ്ഞാറെ അവർ രണ്ടു പേരും കൂടി മണിമാളികയിലേക്കു പോയി. ഒരു കോച്ചിന്മേൽ തന്നെ ഇരുന്നു ചായ കഴിച്ചു കൊണ്ടിരിക്കുമ്പോൾ,

സുക— എന്താ, ഇന്ദുമതിക്കു ചായക്കും രുചിക്ഷയം തുടങ്ങിയോ? പകുതിയിലേറയും പാത്രത്തിൽ തന്നെ കാണുന്നുവല്ലോ.

ഇന്ദു— ചായക്കു അല്പം മട്ടപ്പുളുതു കൂടാതെ ഇന്നു ദാഹത്തിന്നും കുറെ കുറവുണ്ടു.

സുക— ഇന്നു മാത്രമായി ദാഹം കുറവാനുള്ള കാരണം മനസ്സിലായില്ലല്ലൊ.

ഇന്ദു— അങ്ങേക്കു ഇത്ര ക്ഷണം ഓൎമ്മ വിട്ടുപോയോ? നല്ലവണ്ണം ഒന്നു ആലോചിച്ചു നോക്കു.

സുക— ഞാൻ ആലോചിച്ചിട്ടു ഒന്നുംതന്നെ കാണുന്നില്ല.

ഇന്ദു— അങ്ങേക്കു അതു ഒരു സമയം ഓൎമ്മയില്ലെന്നും വന്നേക്കാം. അതു ഒരു കുററമല്ല. ഒരു കാൎയ്യം അതിസക്തിയോടുകൂടി ചെയ്താൽമാത്രമെ അതു പിന്നെ ഒരു സമയത്തു ഓൎമ്മ ഉണ്ടാകയുള്ളു. അങ്ങു അതു അത്ര വിലയുള്ളതായി വിചാരിച്ചിട്ടില്ലായിരിക്കാം. കാണുമ്പോൾ മാത്രം ആശ്ചൎയ്യവാക്കു പറയുന്നവക്ക ംരം വക യാതൊന്നും ഓൎമ്മ വെക്കേണ്ടുന്ന ആവശ്യമില്ല. ഇനിക്കു അതു ഏററവും വിലയുള്ളതാകയാൽ ഞാൻ ആജീവനാന്തം മറക്കയില്ല.

സുക— എന്നാൽ ആ കാരണം ഇനിക്കും ഇല്ല്യേ?

ഇന്ദു— ഉണ്ടോ? ഉണ്ടെങ്കിൽ ഇതു അങ്ങു പറയുമൊ?

സുക— (ഒന്നു പുഞ്ചിരികൊണ്ടു) ആട്ടേ, അതെല്ലാം ഇ

രിക്കട്ടെ, ഏതായാലും കുറെക്കൂടി കഴിക്കൂ, ഇതാ.

ഇന്ദു— എന്താണിത! അന്യന്മാക്ക വേണ്ടീട്ടും കഴിക്കാറുണ്ടൊ?

സുകു— ചിലപ്പോൾ അങ്ങിനേയും വേണ്ടിവരില്ല്യെ?

ഇന്ദു— അതുവ്വൊ? എന്നാൽ ഇതാ അങ്ങും കൂടി കുറെ കഴിക്കൂ.

സുകു— ഇന്ദുമതിയുടെ കരപല്ലവംകൊണ്ട എടുത്ത തരാൻ വേണ്ടിയാണ ഞാൻ ഇത്ര എല്ലാം വിദ്യ എടുത്തത.

എന്ന പറഞ്ഞ അതിനെ അവർ അന്യോന്യം വാങ്ങി കഴിച്ചു. അവൎക്ക അത അപ്പോൾ അമൃതിന്നു തുല്യമായിട്ട തന്നെ തോന്നി.

ഇന്ദു— അങ്ങെക്ക കുറെ ദിവസമായിട്ട അഹങ്കാരം ഏറിത്തുടങ്ങിയിരിക്കുന്നു. ഇതെന്തിനാണെന്ന അറിഞ്ഞില. "അഹങ്കരിച്ചാൽ മുഖം കറക്കു"മെന്നുള്ള പഴഞ്ചൊല്ലു അങ്ങ കേട്ടിട്ടില്ല്യെ?

എന്നിപ്രകാരം ഓരോന്ന പറഞ്ഞും കൊണ്ട ചായ കഴിക്കുമ്പോൾ ഒരുവൻ മുകളിലേക്ക കയറി ചെന്ന ഇന്ദുമതിയോട "അച്ഛൻ വിളിക്കുന്നു" എന്ന പറഞ്ഞു. ഇന്ദുമതി "ഇതാ എത്തിപ്പോയി" എന്നു പറഞ്ഞു അവനെ അയച്ചു.

ഇന്ദു— അച്ഛൻ വിളിക്കുന്നു എന്നല്ലെ വന്ന പറഞ്ഞത. ഞാൻ വേഗം പോയി അച്ഛനെ കണ്ട വരാം. അതു വരെക്കും അങ്ങ പോകരുതെ.

സുകു— നിന്നെ കൂടാതെ താനെ ഇവിടെ ഇരിക്കുന്ന കാൎയ്യം കുറെ പ്രയാസം തന്നെയാണേ. നീ മടങ്ങി വരുമ്പോഴക്ക ഞാനും എത്തിക്കൊള്ളാം. എന്നാൽ പോരെ?

ഇന്ദു— അതുവ്വ്. ഇപ്പോൾ അങ്ങ പോയാൽ പിന്നെ എത്തുന്ന കാൎയ്യം ഇനിക്ക നിശ്ചയമുണ്ട. അങ്ങെ ഞാൻ അറിയില്ല്യെ?

സുകു— എന്താ നിശ്ചയം, കെൾക്കട്ടെ.

ഇന്ദു- ഇപ്പോൾ പോയാൽ പിന്നെ ഇന്ന വരികയില്ല, അത തന്നെ. എന്തെങ്കിലും ഒന്ന പറഞ്ഞ ചാടേണമെന്നല്ലെ അങ്ങെക്കുള്ളു?

സുകു— ഞാൻ പറഞ്ഞതിൽ നിന്ന ഇതാ നീ മനസ്സിലാക്കിയത? നീ പോയാൽ താനെ ഇരിക്കുന്നത മുഷിച്ചിലാണെന്നല്ലെ ഞാൻ പറഞ്ഞതിന്റെ അൎത്ഥം.

ഇന്ദു— എന്നാൽ അങ്ങ എന്റെ ഒരു പടം നോക്കിക്കൊണ്ട ഇതാ ഇവിടെത്തന്നെ കിടന്നോളു.

എന്നിങ്ങിനെ പറഞ്ഞ തന്റെ ഒരു പടം എടുത്ത സുകുമാരന്റെ കയ്യിൽ കൊടുക്കുകയും, അവനെ പിടിച്ച അ കോച്ചിന്മേൽ തന്നെ കിടത്തുകയും, ചെയ്ത ഇന്ദുമതി പോകയും ചെയ്തു.

അപ്പോൾ അച്ഛനെ ചെന്ന കണ്ടപ്പോൾ "സബാരിക്ക പോവാനാന്ന വിളിച്ചത" എന്ന രാജാവും, "എന്നാൽ എന്തിനാ അച്ഛാ താമസിക്കുന്നത. നേരംപോയല്ലൊ" എന്ന ഇന്ദുമതിയും, പറഞ്ഞ അവർ രണ്ടുപേരുംകൂടി സബാരിക്ക പോകയും, പതിവപോലെ മടങ്ങി വരികയും ചെയ്തു. അന്നെത്തെ സബാരിയിൽ ഇന്ദുമതിയുടെ ദേഹംമാത്രം വണ്ടിയിൽ പോയി എന്നല്ലാതെ മനസ്സ മുഴുവനും തന്റെ കോച്ചിന്മേലായിരുന്നു. ഇങ്ങിനെ ഇന്ദുമതിയും സുകുമാരനും തമ്മിൽ ചെയ്ത സമ്മാലാപങ്ങളെയെല്ലാം വിസ്തരിച്ച പറയുന്നതായാൽ ഇതുപോലെ നാലഞ്ച ഗ്രന്ഥം എഴുതിയാൽകൂടി അവസാനിക്കാത്തത കൊണ്ട ഇത്രമാത്രം പറഞ്ഞ നിൎത്തുന്നു.

http://idb.ub.uni-tuebingen.de/diglit/CiXIV262/0040
Universitätsbibliothek Tübingen

# മൂന്നാം അദ്ധ്യായം.

## രാജ്ഞിയുടെ ഏഷണിയും രാജാവിന്റെ കോപവും.

പ്രതാപരുദ്രമഹാരാജാവ തന്റെ മുമ്പേത്തെ പട്ടമഹിഷി മരിച്ചു പോയതിന്നു ശേഷം പുത്രസമ്പത്തുണ്ടായിക്കാണെണമെന്നുള്ള അത്യാഗ്രഹം നിമിത്തം രണ്ടാമതും വിവാഹം ചെയ്തു. എന്നാൽ ഈ രാജ്ഞി ഇന്ദുമതിയുടെ അമ്മയെപ്പോലെ അത്ര സ്വഭാവഗുണമുള്ളവളായിരുന്നില്ല. എന്നമാത്രമല്ല ഒരു മഹാരാജാവിന്നു സഹജങ്ങളായി ഉണ്ടാവേണ്ടതായ സകല ഗുണങ്ങൾക്കും നിധിയായിപണ്ടുണ്ടായിരുന്ന ഉത്താനപാദമഹാരാജാവിന്റെ പത്നിമാരിൽ ഒരുവളായ സുരുചിയെക്കാൾ അധികം ദുഷ്ടയും ദുശ്ശീലയും ആയിരുന്നു. ഈ രാജ്ഞിയെ വിവാഹം കഴിച്ചതിന്റെ ശേഷം പ്രതാപരുദ്രമഹാരാജാവിന്നു രാജ്യഭാരകാൎയ്യങ്ങളിൽ ശ്രദ്ധ * അല്പം കുറഞ്ഞുവരികയും അതു നിമിത്തം പ്രജകൾക്കു ചില സങ്കടങ്ങൾ നേരിടുകയും ചെയ്തിരുന്നു.

ഈ രാജ്ഞിക്കു ഇന്ദ്രസേന എന്ന പേരായ ഒരു ദാസി ഉണ്ടായിരുന്നു. അവൾ ജാത്യാ ശീലഗുണവും കാൎയ്യബോദ്ധ്യവും ഉള്ളവളായിരുന്നു. ഇതു കൂടാതെ അവൾക്കു ഒരു വിശേഷഗുണമുണ്ടു. ആൎക്കു തന്നെ മുഷിഞ്ഞാലും വേണ്ടില്ല, തന്റെ മനസ്സിലുള്ളതിന്നു വിപരീതമായി അന്യന്റെ സേവക്കു വേണ്ടി പറയുക അവൾ പഠിച്ചിട്ടില്ല. ഇന്ദുമതിയെ കുറിച്ചു ദുഷിക്കുന്നതു ഈ രാജ്ഞിക്കു ആഹാരാദി ചതുഷ്ടയങ്ങളെക്കാൾ അധികം സന്തോഷകരമായിരുന്നു. ഇങ്ങിനെ ഒരു ദിവസം രാജാവും ഇന്ദുമതിയും സഞ്ചാരിക്കു

പോയിരിക്കുന്ന സമയം ഇന്ദ്രസേന രാജ്ഞിയുടെ തലമുടി വേറിട്ടത്തുംകൊണ്ട മാളികയിൽ ഇരുന്നിരുന്നു. അപ്പോൾ അവർ തമ്മിൽ ഒരു സംഭാഷണം നടന്നു.

രാജ്ഞി—എന്തൊക്കയാണ ഇന്ദ്രസേനെ! വൎത്തമാനങ്ങൾ?

ഇന്ദ്രസേന— ഇയ്യിടയിൽ ഞാൻ ഒന്നുംതന്നെ അറിയാറില്ല. കുട്ടിയുടെ ദീനംനിമിത്തം മനസ്സിന്ന ഒരു നേരവും സുഖമില്ല. എന്താ, വിശേഷിച്ച വല്ലതും ഉണ്ടായിട്ടൊ ചോദിച്ചത?

രാജ്ഞി— ഇന്ദുമതിയുടെ വൎത്താനം ഒന്നും നീ കേട്ടില്ല്യെ?

ഇന്ദ്ര— ഇല്ല്യാ! ഒന്നും കേട്ടില്ല്യാ! എന്താണ കേൾക്കട്ടെ?

രാജ്ഞി— നീ കേൾക്കാതിരിക്കാൻ സംഗതിയില്ലല്ലൊ. കോവിലത്തെ മന്ത്രാം അങ്ങാടിപ്പിള്ളക്ക പാട്ടല്ലെ? അതുകൊണ്ട നീ കേട്ടിരിക്കും എന്ന വിചാരിച്ചാണ ഞാൻ ചോദിച്ചത.

ഇന്ദ്ര— അതെ, അതെന്താണെന്നില്ല്യെ?

രാജ്ഞി— ആ തേവിടിശ്ശിയുടെ ചീത്ത പ്രവൃത്തികളൊന്നും പറയാൻതന്നെ കൊള്ളരുത. സുകുമാരനുമായിട്ടുള്ള കൂട്ടുകെട്ടും കളിയും ചിറിയും ഇയ്യിടെ കുറെ ഏറിത്തുടങ്ങിയിരിക്കുന്നു. ഞാൻ അറിഞ്ഞിട്ട കുറെ ദിവസമായി. എത്രകാലം ഇവൾ ഇതിനെ മൂടിവെക്കുമെന്ന അറിയാമല്ലൊ. കാണാം പൂരം. എന്നാലോ, ഇവൾ സാമാന്യക്കാരത്തിയല്ലതാനും. ഇവളെ ഭയപ്പെടണം. കഷ്ടം! കഷ്ടം! ഇതിന്നെല്ലാം ധൈൎയ്യം വരുന്നുവല്ലൊ. പഠിപ്പാണ ഇവളെ ഇത്രയും ചീത്തയാക്കിത്തീൎത്തത. സ്ത്രീയൊരുമ്പെട്ടാൽ ബ്രഹ്മനും തടുക്കാമൊ? നീ ഇതൊന്നും കേട്ടതതന്നെ ഇല്ല്യെ? അതൊ, നീ പറയെണ്ടാ എന്നുവെച്ചിട്ടൊ?

രാജ്ഞിക്കു, തന്റെ സോദരനെക്കൊണ്ടു ഇന്ദുമതിയെ വേൾപ്പിക്കേണമെന്നുള്ള ആശാഭംഗം നിമിത്തം അവൾക്കു ഗുണവതിയായ ഇന്ദുമതിയെ കുറിച്ചു വൈരമുണ്ടെന്നുള്ള കഥ ഇന്ദ്രസേനക്കു മുമ്പതന്നെ അറിവുണ്ടായിരുന്നതുകൊണ്ടു കാൎയ്യബോദ്ധ്യമുള്ള അവൾ, രാജ്ഞിയുടെ ഈ വാക്കിനെ അത്ര കൊണ്ടാടീല.

ഇന്ദ്ര— മതി, മതി, ഇനിക്കു കേട്ടതു മതി. ഇത്ര കൎണ്ണകഠോരമായ ഒരു വാക്കു ഞാൻ ഇതുവരെ കേട്ടിട്ടു തന്നെ ഇല്ല. ശിവ! ശിവ! ഇതെല്ലാം എന്റെ ചെവിക്കു പുത്തരിയാണെ. കഷ്ടം! കഷ്ടം! ഇങ്ങിനെ ഒന്നും പറയരുതെ. സജ്ജനങ്ങളെ കുറിച്ചു പറയുന്ന ഈവക വാക്കുകൾ കേൾക്കുന്നവൎക്കുകൂടി മഹാപാപമുണ്ടാവും. എവിടെ ചെന്നാലും ഇന്ദുമതിയുടെ അടക്കം, വിനയം, അധൎമ്മഭീരുത്വം ഈവക ഗുണങ്ങളെ അല്ലാതെ കേൾപ്പാനില്ല. സുകുമാരന്റെ മനസ്സു ഒരിക്കലും ദുൎവ്വിഷയങ്ങളിൽ പ്രവേശിക്കയില്ലെന്നു ലോകസമ്മതമായ കഥയാണെ. മനുഷ്യനായാൽ മുഖ്യമായി സമ്പാദിക്കേണ്ടത ഈ ഒരു പേരല്ലെ? ഇത്ര ഗുണവാന്മാരായ ഇവരെ കുറിച്ചു അസൂയനിമിത്തം വല്ലതും പറഞ്ഞാൽ ഈ രാജ്യത്തുള്ള കുട്ടികൾകൂടി വിശ്വസിക്കുമൊ? ഇനി എങ്കിലും ഇങ്ങിനെയൊക്കെ പറയാതിരിക്കണെ. പിന്നെ വിദ്യാഭ്യാസം ദുഷ്പ്രവൃത്തികൾക്കു സഹായിയാണെന്നു അമ്മ പറഞ്ഞു എന്നു കേട്ടാൽ ജനങ്ങൾ കളിയാക്കും.

എന്നിങ്ങിനെ ഇന്ദ്രസേന പറഞ്ഞപ്പോൾ രാജ്ഞിക്കു അശേഷം രസിച്ചില്ല. ഇന്ദുമതിയെക്കുറിച്ചു ഈവക ചീത്ത പ്രസ്ഥാപങ്ങൾ ഓരോന്നു ഉണ്ടാക്കിതീൎത്ത നാട്ടിൽ എല്ലാം പരത്തേണമെന്നുള്ള തന്റെ

മോഹത്തിന്ന വിപരീതമായി ഇന്ദ്രസേന പറകനിമിത്തം രാജ്ഞിക്ക അവളുടെ നേരെ കലശലായി മുഷിഞ്ഞു. "സ്വാമിഭക്തിയില്ലാത്ത മൂഢെ! നീ ഇന്ന മുതൽക്ക എന്റെ പ്രവൃത്തികൾക്ക ഒന്നും വരണ്ട. ഞാനോ മഹാപാപിയായി. എന്റെ സഹവാസം നിമിത്തം നീയും പാപം അനുഭവിക്കേണ്ട. നീ ഇനി മേലിൽ ഈ പടിക്കകത്ത കടക്കരുത" എന്നും മററും പറഞ്ഞ രാജ്ഞി കോപിച്ച എഴുനീററ പോകയും ചെയ്തു. അസൂയാക്രാന്തമാരും ബുദ്ധിശൂന്യമാരും ആയ സ്ത്രീകൾ, തങ്ങളുടെ ഇഷ്ടത്തിന്ന അനുസരിച്ച പറയാത്തവരുടെ നേരെ മുഷിയുന്നതും അതുനിമിത്തം അവരോട്ട മിണ്ടാതിരിക്കുന്നതും സാധാരണ ലോകത്തിൽ നടപ്പല്ലെ.

കുറെ കാലം ചെന്നാറെ ഒരു ദിവസം അത്താഴം കഴിഞ്ഞതിന്റെശേഷം പ്രതാപരുദ്രമഹാരാജാവും ഭാൎയ്യയുംകൂടി ശയനഗൃഹത്തിൽ ഇരുന്ന ഓരോന്ന പറഞ്ഞുംകൊണ്ടിരിക്കുമ്പോൾ ഇന്ദുമതിയുടെ പ്രസ്താവം വന്നു. അപ്പോൾ രാജ്ഞി രാജാവിനോട പറയുന്നു.

രാജ്ഞി– അങ്ങ ഇയ്യിടെങ്ങാനും മകളെ കാണാറുണ്ടൊ?

രാജാ– എന്താ നീ ഈ ചോദിച്ചതിന്റെ അൎത്ഥം?

രാജ്ഞി– ഒന്നും ഉണ്ടായിട്ടല്ല.

രാജാ– ആ പ്രകാരത്തിൽ ചോദിച്ചതാണെന്ന തോന്നുന്നില്ലല്ലൊ.

രാജ്ഞി– ആട്ടെ, അവളുടെ പ്രകൃതിക്ക പത്ത ദിവസത്തിന്നിപ്പുറം എന്തെങ്കിലും വല്ല വ്യത്യാസവും തോന്നുന്നുണ്ടൊ?

രാജാ– ഒന്നും തോന്നുന്നില്ല. എന്താ അങ്ങിനെ വല്ലതും ഉണ്ടൊ? ഉണ്ടെങ്കിൽ പറയണം.

രാജ്ഞി— ഇനി പറഞ്ഞിട്ടെന്താ കാൎയ്യം? ആ ഘട്ടത്തിൽനിന്നെല്ലാം കവിഞ്ഞുപോയിരിക്കുന്നു. അവളുടെ ബുദ്ധിയില്ലായ്മ ദിനംപ്രതി വൎദ്ധിച്ചിട്ടാണ കാണുന്നത. സുകുമാരനുമായുള്ള സംസൎഗ്ഗം നിമിത്തം അവൾ എന്തെല്ലാം ദുഷ്കീൎത്തികളാണ ഉണ്ടാക്കിത്തീൎക്കുന്നത എന്ന ഈശ്വരന അറിയാം. ഇന്നേക്ക അഞ്ചാറ ദിവസമായി എന്ന തോന്നുന്നു ഞാൻ എന്തോ സംഗതിക്ക മുകളിൽപോയപ്പോൾ ഇന്ദുമതിയും സുകുമാരനും കൂടി അവിടെ ഇരുന്ന ഒരു പുസ്തകം വായിച്ച കന്നത്തരം പറഞ്ഞുകൊണ്ടിരിക്കുന്ന സമയമാണ. ഒരു ധൂൎത്തിയും അവളുടെ ജാരനും കൂടി ഒരു രാത്രിയിൽചെയ്ത കഥയാണ അവർ വായിച്ചിരുന്നത. കുറെ നേരം ഞാൻ പുറത്തനിന്ന അതെല്ലാം കേട്ടു. കഥയെല്ലാം വായിച്ച കഴിഞ്ഞതിന്റെശേഷം സുകുമാരൻ അവളെ പൊത്തിപ്പിടിക്കുന്നത കണ്ടു. പിന്നെ അവർ കാണിച്ചതൊന്നും പറവാൻ നന്നല്ല. ഇന്നലെയൊ മിനിഞ്ഞാന്നൊ ആയിരിക്കണം ഒരു ദിവസം പകൽ നാലരമണിക്ക സുകുമാരൻ പൂന്തോട്ടത്തിൽ ലാത്തിക്കൊണ്ടിരിക്കുമ്പോൾ ഇന്ദുമതിയും അവിടെ എത്തിക്കൂടി. ഇത കണ്ടാൽ മുമ്പുതന്നെ പറഞ്ഞ നിശ്ചയിച്ചിട്ടുണ്ടെന്നതോന്നും. അവൾ രസികത്വമായി ഒരു താമരപ്പൂവ്വ കയ്യിൽപിടിച്ചിരുന്നു. അതിനെക്കുറിച്ചാണെന്നതോന്നുന്നു അവർതമ്മിൽ പറഞ്ഞിരുന്നത. ചില ശ്ലോകങ്ങൾ ചൊല്ലുന്നതുംകേട്ടു. കുറെ കഴിഞ്ഞപ്പോൾ അവൾ തലതാഴ്ത്തി ലജ്ജിച്ചുംകൊണ്ട നില്ക്കുന്നതും സുകുമാരൻ അവളുടെ മുഖം പിടിച്ച എന്തോ ചിലതെല്ലാം കാണിക്കുന്നതും കണ്ടു. നട്ടപ്പകൽ ഒരു പറമ്പിൽവെച്ച ഈ വകപ്രവൃത്തി

ക്കുന്നകൂട്ടരെ നാട്ടിൽ വെച്ചേക്കാമൊ? കഷ്ടം! കഷ്ടം! ഇവൎക്ക ഇതിന്നെല്ലാം ധൈൎയ്യം വരുന്നുവെല്ലൊ? ഒന്നിലൊ അവരവൎക്ക കുറെ ഒരു തന്റേടം വേണം. ഇല്ലെങ്കിൽ അച്ഛനമ്മമാരെ കുറേശ്ശ ശങ്കവേണം. ഇതു രണ്ടും ഇല്ലാഞ്ഞാൽ പെൺകുട്ടികൾ ഒരു മ്പെട്ടു തീരും. എന്തിനാ അവരെ പറയുന്നതു? അങ്ങുതന്നെയാണ ഇതിന്നെല്ലാം വളം കൊടുക്കുന്നതു. അങ്ങയെ അല്പമെങ്കിലും ഒരു ശങ്കയുണ്ടെങ്കിൽ അവൾ ൟ വക ധൂൎത്തുകൾ കാണിക്കുമൊ? പെൺകുട്ടികൾക്ക കുറെ വിദ്യ പഠിക്കുമ്പോഴെക്ക സ്വാതന്ത്ര്യവും വ്യഭിചാരവും താനെ ഉണ്ടായിക്കാണുന്നു. ഇതു നിമിത്തംതന്നെയായിരിക്കണം ബുദ്ധിമാന്മാരായ പണ്ടുള്ളവർ സ്ത്രീകളെ വിദ്യപഠിപ്പിക്കരുതെന്ന പറവാനുള്ള കാരണം. സൂക്ഷ്മത്തോളം വിചാരിച്ചുനോക്കിയാൽ അച്ഛനമ്മമാരെയാണ ൟ വക കാൎയ്യങ്ങളിൽ കുററം പറയേണ്ടതു. എന്തെന്നാൽ ഒരു സ്ത്രീക്ക ൟ വകയൊന്നും മനസ്സവരുന്നതിന്ന മുമ്പതന്നെ അനുരൂപനായ ഒരു ഭൎത്താവിന്റെ കയ്യിൽ ഏല്പിച്ചുകൊടുക്കേണ്ടതു അവരുടെ മുഖ്യമുറയാണ. അതു ചെയ്യാതെ ൟ വക തെമ്മാടികളോടുകൂടി അഹങ്കരിപ്പാൻ വിട്ടാൽ അവൎക്ക വ്യഭിചാരം വൎദ്ധിപ്പാനും അതുനിമിത്തം ക്ഷുദ്രജകൾ ഉണ്ടായി വംശം മുടിഞ്ഞുപോവാനും കൂടി ഇടവരുന്നതാണ. ൟ വക കാൎയ്യങ്ങളില്ലെ ബുദ്ധിമാന്മാരായുള്ളവർ മനസ്സിരുത്തേണ്ടതു? എപ്പോഴും ലാളിച്ചു ലാളിച്ചു അവർ തലയിൽകയറി. ഇനി ഇതെല്ലാം അവർ ൟ ജന്മത്തിൽ മാററുമൊ? ഇത്രയെല്ലാം പറവാൻ ഇനിക്കാവിശ്യമുണ്ടായിട്ടല്ല. എന്നാൽ എന്തെങ്കിലും ഒരു സംഗതിയെപ്പററി തങ്ങ

ളുടെ പ്രാണവല്ലഭന്മാർ ചോദിക്കുകയും അതിനെ ഞങ്ങൾക്ക അറിവുണ്ടായിരിക്കുകയും ചെയ്യുമ്പോൾ, അവരുടെ മുഖത്തനോക്കി പതിവ്രതമാരായ സ്ത്രീകൾ എങ്ങിനെയാണ പൊളിപറയുന്നത എന്നമാത്രം വിചാരിച്ചാണ ഇത്രയും പറഞ്ഞത. അല്ലാതെ ഇതുകൊണ്ടൊരു പ്രയോജനമുണ്ടാവുമെന്ന കരുതീട്ടല്ല.

എന്നിങ്ങിനെയുള്ള രാജ്ഞിയുടെ ഏഷണിവാക്കുകളെ കേൾക്കുകനിമിത്തം പ്രതാപരുദ്രമഹാരാജാവിനുണ്ടായ കോപം ഇന്നപ്രകാരമെന്ന പറഞ്ഞറിയിപ്പാൻ അസാദ്ധ്യം. ആ സമയം രാജാവിനെ കണ്ടാൽ സാക്ഷാൽ നരസിംഹമൂർത്തികൂടി ഒന്ന ഞെട്ടിപ്പോകാതിരിക്കയില്ലെന്ന പറഞ്ഞാൽ, ശേഷം വായനക്കാർ ഗ്രഹിച്ചുകൊള്ളുമല്ലൊ. സ്ത്രീകൾ പറയുന്ന വാക്കിൽ എത്രത്തോളം സത്യമുണ്ടെന്ന ആലോചിക്കാതെ അതെല്ലാം വിശ്വസിച്ചു പ്രവൃത്തിക്കുന്ന പുരുഷന്മാർക്ക ആപത്ത സംഭവിക്കുന്ന കാൎയ്യങ്ങളിൽ എന്താ ആശ്ചൎയ്യപ്പെടുവാനുള്ളത? അധികം ഒന്നും ആലോചിക്കാതെ തന്നെ ഇന്ദുമതിയെപ്പററി പറഞ്ഞ ഈ വാക്കുകളെല്ലാം ശുദ്ധമെ ഭോഷ്കാണെന്ന അറിവാൻ രാജാവിന്ന യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. ഗ്രഹപ്പിഴവന്നു കൂടുമ്പോൾ മനുഷ്യരുടെ മനസ്സ ഭ്രമിക്കുന്നത സാധാരണയാണല്ലൊ? പിന്നെ സ്ത്രീകൾക്ക ഈവക കാൎയ്യങ്ങളിൽ ഓരോന്ന പറഞ്ഞ ഭൎത്താക്കന്മാരുടെ മനസ്സിനെ ഇളക്കിത്തീൎപ്പാനുള്ള സാമൎത്ഥ്യവും സ്വതസ്സിദ്ധമാണല്ലൊ. എല്ലാംകൊണ്ടും വളരെ കോപിച്ചും വ്യസനിച്ചും മഹാരാജാവ അന്നരാത്രി മുഴുവനും ഉറങ്ങിയതതന്നെ ഇല്ല.

പിറെറദിവസം പ്രതാപരുദ്രമഹാരാജാവ ബുദ്ധിശാലികളായ മന്ത്രിവീരന്മാരെ വരുത്തി മന്ത്രശാല

യിൽവെച്ചു ഓരോരോ കാൎയ്യങ്ങളെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ അമാത്യന്മാരിൽ പ്രധാനിയായ വൃന്ദാവനദാസനെ നോക്കി പറയുന്നു.

രാജാവു– പ്രിയ സചിവന്മാരെ! നമ്മുടെ ദുഹിതാവായ ഇന്ദുമതിയുടെ ബുദ്ധിമോശംനിമിത്തം ചില ചീത്ത പ്രസ്ഥാപങ്ങൾ കേൾക്കുന്നു. ബുദ്ധിമാന്മാരാകയാൽ നിങ്ങളും കേട്ടിരിപ്പാൻ സംഗതിയുണ്ടു. ഇതിന്നെല്ലാം കാരണഭൂതൻ സുകുമാരനാണു. അതിനാൽ അവൻ കഠിനശിക്ഷക്കു പാത്രമായിരിക്കുന്നു. ഒട്ടും താമസിക്കാതെ അവന്റെ ശിരച്ഛേദം ചെയ്തുകളയണം.

വൃന്ദാവനദാസൻ– മഹാരാജാവെ! തിരുമനസ്സിലെ പുത്രിയെക്കുറിച്ചുള്ള ൟ വക പ്രസ്ഥാപങ്ങളൊന്നും സത്യമാണെന്ന അടിയങ്ങൾക്കു തോന്നുന്നില്ല. എങ്കിലും എല്ലാം വഴിപോലെ അന്വേഷിച്ചു തിരുമനസ്സറിയിക്കാം. അതിന്നശേഷം കല്പന നടത്തുന്നതല്ലെ നല്ലതു?

രാജാ– ഇനി ഏറെയൊന്നും അന്വേഷിപ്പാനില്ല. ഞാൻ സൂക്ഷ്മത്തോളം അറിഞ്ഞിരിക്കുന്നു.

വൃന്ദാ– എന്നാൽ സുകുമാരൻ ദണ്ഡ്യൻതന്നെ യാതൊരു സംശയവുമില്ല. പക്ഷെ കല്പിച്ച ശിക്ഷ അല്പം കവിഞ്ഞുപോയൊ എന്ന സംശയം തോന്നുന്നു. ഇനി എല്ലാം കല്പനപോലെ നടക്കാം.

രാ– (അല്പം ആലോചനചെയ്തു) ഇപ്പോൾ പറഞ്ഞതു ശരിതന്നെ. ഇതാണ സ്നേഹവും പഴക്കവും ഉള്ളവരുടെ ലക്ഷണം.

വൃന്ദാ– അടിയൻ എന്തൊ ചിലതു തിരുമനസ്സറിയിച്ചു എന്നമാത്രമെ ഉള്ളു. കുറെ സാഹസമായിരിക്കാം. കല്പിച്ചപോലെയുള്ള യോഗ്യത അടിയങ്ങൾക്കില്ല. തിരു

http://idb.ub.uni-tuebingen.de/diglit/CiXIV262/0048
Universitätsbibliothek Tübingen

മനസ്സിൽ അങ്ങിനെ തോന്നുന്നതതന്നെ അടിയങ്ങളുടെ മഹാഭാഗ്യം.

രാ— എന്നാൽ ൟ രാജദ്രോഹിയെ നാളത്തന്നെ നാടുകടത്തിക്കളയണം. അവനെ ഇനിമേലിൽ നമ്മുടെ രാജ്യത്ത കണ്ടുപോകരുത. ൟ കല്പന അനുസരിക്കാതെ അവൻ പിന്നേയും ൟ രാജ്യത്ത വന്നാൽ അവന്റെ തല വെട്ടിക്കാണിക്കുന്നവക്ക സമ്മാനം കിട്ടുമെന്നകൂടി പരസ്യം പതിക്കണം.

വൃന്ദാ— എറാൻ, അരുളിചെയ്യുപ്രകാരമെല്ലാം ചെയ്തുകൊള്ളാം.

ഇങ്ങിനെ കല്പിച്ച മഹാരാജാവും മന്ത്രിവീരന്മാരും തമ്മിൽ പിരിഞ്ഞുപോകയും വൃന്ദാവനദാസൻ രാജശാസന നടത്താനായി വേണ്ടുന്ന ശട്ടങ്ങളെല്ലാം ഉടനെതന്നെ ചെയ്കയും ചെയ്തു.

---

## നാലാം അദ്ധ്യായം.

### ഇന്ദുമതീസുകുമാരന്മാരുടെ വിപ്രലംഭം.

സുകുമാരനെ നാടകടത്തേണമെന്നും മറ്റും രാജാവ മന്ത്രിവീരന്മാരെ വരുത്തി കല്പിച്ച കല്പനകളെല്ലാം ചന്ദ്രഭാനു ഇന്ദുമതിയോട എത്രയും വേഗത്തിൽ ചെന്നറിയിച്ചു. ഈ ചന്ദ്രഭാനു മഹാരാജാവിന്റെ ആപ്തന്മാരിൽ ഒരുവനും, ഇന്ദുമതിക്കും സുകുമാരനും എന്തും വിശ്വസിച്ചു പറവാൻതക്ക വിശ്വസ്തനും ആയിരുന്നു. ഈ വർത്തമാനം കേട്ട ക്ഷണത്തിൽ ഇന്ദുമതി ശരമേറ്റ മാൻപേടപോലെ ഒന്നു നടുങ്ങിപ്പോയി. അല്പം കഴിഞ്ഞ ഉടനെ അവൾ "അയ്യൊ! ഉടനെ ഭർത്തൃവിയോഗം വരുമൊ; ഇതു ഞാൻ എങ്ങിനെ സഹിക്കും? അങ്ങിനെ വല്ലതും വന്നാൽ പിന്നെ നല്ലതു പ്രാണത്യാഗംതന്നെ" എന്നിങ്ങിനെ വിചാരിച്ചു വ്യസനിച്ചു ഒരു എഴുത്തോടു കൂടി ചന്ദ്രഭാനുവിനെ ഭർത്താവിന്റെ സമീപത്തേക്കു അയച്ചു.

സുകുമാരൻ ഇതൊന്നും അറിയാതെ പതിവപോലെ പകൽസമയത്ത ലാത്താൻ പോകുമ്പോൾ മാർഗ്ഗമദ്ധ്യത്തിൽവെച്ചു ചന്ദ്രഭാനു നേരിട്ടു വരുന്നതിനെ കണ്ടു. അവൻ അടുത്തു വന്നപ്പോൾ അവനോടു ചോദിക്കുന്നു.

സുകു— എങ്ങോട്ടാ? വിശേഷിച്ചോ? ഇന്ദുമതി സവാരിക്ക പോയൊ?

ചന്ദ്രഭാനു— അടിയന്തരമായി ശ്രീനഗരത്തോളം ഒന്നു ചെല്ലാൻ അമ്മ പറഞ്ഞിരിക്കുന്നു. ഒരു എഴുത്തും തന്നിട്ടുണ്ടു.

സുകു- (ആ എഴുത്തവാങ്ങി പൊളിച്ചു നോക്കിയപ്പോൾ കുറഞ്ഞൊരു സംഭ്രമത്തോടെ) വിശേഷിച്ചു വല്ലതും ഉണ്ടായിട്ടൊ?

ചന്ദ്ര- അതൊന്നും എന്നോട പറഞ്ഞിട്ടില്ല.

അപ്പോൾ സുകുമാരൻ "എന്നാൽ അങ്ങിനെ ആട്ടെ, നീ പൊയ്ക്കോ" എന്ന പറഞ്ഞ അവനെ അയച്ചു. സുകുമാരന കാൎയ്യം ഒന്നും മനസ്സിലായില്ല. എഴുത്തമടക്കി കപ്പായത്തിൻെറ പോക്കെററിൽതന്നെ ഇട്ടു. അവൻ വാച്ച് എടുത്ത സമയം നോക്കി സംഭ്രമത്തോടെ വേഗത്തിൽ നടന്ന സങ്കേതസ്ഥലത്ത എത്തിയപ്പോൾ അഞ്ചുമണിയും മുപ്പത്തഞ്ചു മിനുട്ടുമായിരുന്നു. ഇന്ദുമതി സുകുമാരന അയച്ച എഴുത്ത താഴെചേൎക്കുന്നു.

"അടിയന്തരമായി ചിലത സംസാരിപ്പാനുണ്ട്.
"അങ്ങ അഞ്ചരമണിക്ക കൃത്യമായി ശ്രീനഗരത്ത
"ബംഗ്ലാവിൽ എത്തണം. ആ സമയം ഞാൻ അ
"വിടെ ഉണ്ടാവും. ൟ അവസരം അങ്ങ തെററി
"ച്ചാൽ പിന്നെ നോം തമ്മിൽ കാണുന്നകാൎയ്യംകൂടി വ
"ളരെ സംശയത്തിലാണ. എന്ന എൻെറ സ്വന്തം
"ജീവനാഥന--ഇന്ദുമതി".

ഇനി വായനക്കാരുടെ പ്രീതിക്കവേണ്ടി ൟ ബംഗ്ലാവിൻെറ ഗുണങ്ങളെ അല്പം മാത്രം പറയാം. രാജ്യമെല്ലാടവും ഒരുപോലെ കീൎത്തിപ്പെട്ടതും കാശ്മീരരാജ്യത്തിൻെറ തലസ്ഥാനവും ആയ ശ്രീനഗരമെന്ന പ്രദേശത്ത അതി മനോഹരമായ ഒരു ആരാമത്തിൻെറ നടുവിലായിരുന്നു ആ ബംഗ്ലാവ സ്ഥാപിക്കപ്പെട്ടിരുന്നത. പടികടന്ന ചെല്ലാനുള്ള വഴികളുടെ ഇരുഭാഗവും, ചുററും, കാണികളായ ജനങ്ങളുടെ മനസ്സിനെ മോഹിപ്പിക്കുമാറ അത്ര ഭംഗിയിൽ കെട്ടി ഉണ്ടാക്കിയ ഇരുമ്പവേ

http://idb.ub.uni-tuebingen.de/diglit/CiXIV262/0051
Universitätsbibliothek Tübingen

ലികളിലും, വിവിധങ്ങളായ വല്ലികളെക്കൊണ്ടും ചെടികളെക്കൊണ്ടും അതിനിബിഡങ്ങളായ ആ ഉദ്യാനങ്ങളുടെ മദ്ധ്യ മദ്ധ്യ കാറെററ വിനോദിച്ചുകൊണ്ടിരിക്കേണ്ടതിന്ന എത്രയും വിശേഷമായി പണിചെയ്യിട്ടുള്ള പന്തലുകളിലും, അതിസുരഭികളായ പുഷ്പവല്ലികൾ പടൎന്ന വഢിച്ചും പുഷ്പിച്ചും നില്ക്കുന്നുണ്ടു. ഇതു കണ്ടാൽ നന്ദനോദ്യാനംകൂടി ലജ്ജിച്ചുപോകാതിരിക്കയില്ല. ൟ വക നികുഞ്ജങ്ങളുടെ പുരോഭാഗങ്ങളിൽ ഒന്നു രണ്ടു കോൽ ആഴത്തിലും അറുപതും എഴുപതും കോൽ ദീൎഘവിസ്താരത്തിലും വിശേഷമായ ഇന്ദുകാന്തക്കല്ലുകളെക്കൊണ്ടു നിൎദ്ദാക്ഷിണ്യമായി ദ്രവ്യം ചിലവചെയ്തു പടുത്തു കെട്ടിയവയും, നിൎമ്മലമായ ജലംകൊണ്ടു പരിപൂൎണ്ണങ്ങളും, നാലു വക്കത്തും ചെമ്പുകൊണ്ടു വാൎത്ത തങ്കപ്പൂച്ചുള്ള ചെറിയ ചെറിയ സ്തംഭങ്ങളിൽ വെച്ചിട്ടുള്ള വിളക്കുകളെക്കൊണ്ടു ശോഭിതങ്ങളും, ആയ നാലഞ്ചു ജലാശയങ്ങളുണ്ടു. അതുകളുടെ മദ്ധ്യത്തിൽ ജലത്തിന്നമീതെ വെണ്ണക്കല്ലുകൊണ്ടു വിചിത്രതരമായി കൊത്തിവെച്ചിട്ടുള്ള സ്ത്രീ രൂപങ്ങളുടെ കയ്യിൽ വികസിച്ചുനില്ക്കുന്ന മാതിരിയിൽ ഉണ്ടാക്കിയ കൃത്രിമപത്മങ്ങളുടെ ദ്വാരങ്ങളിൽകൂടെ ജലം ഉൽഗളിച്ചു ചാമരാകാരത്തിൽ പതിക്കുന്നുണ്ടു. അതിൽ വളൎത്തുന്ന പലമാതിരി മത്സ്യങ്ങളും എപ്പോഴും ഉല്ലാസത്തോടുകൂടി തത്തിക്കളിച്ചു നടക്കുന്നുണ്ടു. ഇതുകളാൽ ശോഭിക്കപ്പെട്ട ആ ഉദ്യാനത്തിന്റെ ഭംഗികണ്ടാൽ ഏതൊരുവന്റെ മനസ്സാണ ആഹ്ലാദിക്കാതിരിക്കുന്നതു?

വെണ്മാടങ്ങളെല്ലാം അത്യുന്നതങ്ങളും സ്വൎണ്ണകുംഭങ്ങളെക്കൊണ്ടു വിരാജിതങ്ങളും ആറും ഏഴും നിലയോടുകൂടിയവയും ആകുന്നു. താഴ്വാരത്തിന്റെ നാലു വക്കത്തും താലപ്രമാണങ്ങളായ വലിയ വലിയ തൂണുകളെ

വെച്ചിട്ടുള്ളതിന്റെയും, പ്രാന്തകളുടെ ചുറ്റും അൎദ്ധചന്ദ്രാകാരത്തിൽ കരിങ്കല്ലുകൊണ്ടു കമാൻ വളച്ചു കെട്ടിയതിന്റെയും, ഭംഗി വാചാമഗോചരം തന്നെ. ചുറ്റിക്കൊണ്ടു കയറാനുള്ളവയും അതി ഗംഭീരങ്ങളുമായ കോണികളിൽകൂടി കയറി ചെന്നാൽ പ്രാന്തയിലെക്കും അതിൽനിന്ന കടക്കുന്നത എത്രയും വിസ്താരമേറിയ ഒരു ഒഴിഞ്ഞ മുറിയിലേക്കും ആകുന്നു. പ്രാന്തകളുടെ നാലവക്കത്തും ചൂരൽകൊണ്ടു നെയ്തു പച്ചച്ചായം കൊടുത്തിട്ടുള്ളതും ചുരുട്ടാവുന്നതും ആയ തട്ടികൾ തൂക്കുകയും, നിലത്തെല്ലാം ചൂരൽപായ വിരിക്കുകയും, ചെയ്തിട്ടുണ്ടു. നാനാവൎണ്ണങ്ങളോടു കൂടിയ മാൎബൾ കല്ലുകളെക്കൊണ്ടു പടുക്കപ്പെട്ടതായ അറകളുടെ നിലത്തെല്ലാം പട്ടുപരവധാനികളേയും വ്യാഘ്ര ചൎമ്മങ്ങളേയും വിരിക്കുകയും, എല്ലാ ജനോലകളിലും വാതിലുകളിലും വിശേഷമായ കസവ തുണികൊണ്ടുണ്ടാക്കപ്പെട്ട തിരശ്ശീലകളെതൂക്കുകയും, ചെയ്തിരിക്കുന്നു. ചന്ദ്രകാന്തങ്ങളാലും മാണിക്യങ്ങളാലും നിൎമ്മിക്കപ്പെട്ട അറകളുടെ ഭിത്തികളെല്ലാം തങ്കവൎണ്ണത്തിലുള്ള കൂടോടുകൂടിയ അനേക പടങ്ങളെക്കൊണ്ടും മൂന്നും നാലും കോൽ നീളമുള്ള വലിയ വലിയ വെള്ള കണ്ണാടികളെക്കൊണ്ടും അലങ്കരിക്കപ്പെട്ടവയാണ. പ്രാന്തയിൽനിന്ന കടക്കുന്ന ആ ഒഴിഞ്ഞ മുറി സ്നേഹിതന്മാർ വന്നാൽ അവരെ സൽക്കരിച്ചിരുത്തി സംസാരിപ്പാനുള്ള മുറിയാണ. അതിൽ വൃത്താകാരത്തിലും ചതുരാകാരത്തിലും ഉള്ള അനേകം മേശകളും, തേക്ക വീട്ടി മുതലായ മരങ്ങളെക്കൊണ്ടു പണി ചെയ്തിട്ടുള്ളതും വ്യാളവദനം, ലത, പുഷ്പം ഇതകളുടെ ആകൃതിയിൽ അത്ഭുതമാകുംവണ്ണം കൊത്ത വേലകൾ ചെയ്തിട്ടുള്ളതും മയിൽ കുക്കുടം മുതലായ പക്ഷിവൎഗ്ഗങ്ങളുടെ രൂപങ്ങളോ

ട്ടുകൂടിയ ശീലകൾ തറച്ചതും ആയ കസാല ൟസി ചേയർ സോഫാ ഇതുകളും, നിരത്തിയും വട്ടത്തിലും വെച്ചിട്ടുണ്ട. മുറികളുടെ ചുമരിന്മേൽ പലേടത്തും കാട്ടി കലമാൻ മുതലായ മൃഗങ്ങളുടെ ശൃംഗങ്ങളോടുകൂടിയ തലകളേയും, രത്നാകരത്തിന്റെ അന്തഃഭാഗത്തിൽനിന്ന ഉല്പത്തിയാകുന്നതും ലതാകൃതിയിൽ പരിണമിച്ചതും ആയ അനേക വിശേഷ പദാൎത്ഥങ്ങളേയും, തറച്ചതിന്റെ കൌതുകം പറയാവതല്ല. സൂൎയ്യ ചന്ദ്രന്മാരുടെ രശ്മിയൊ വിളക്കിന്റെ പ്രഭയൊ പ്രതിബിംബിക്കുന്ന സമയം, ഒന്നിനെ അനേകങ്ങളായും നാനാവൎണ്ണങ്ങളായും കാണിക്കുന്നതും കുല കുലയായി തൂങ്ങുന്നതും ആയ കുലപ്പാനീസ്സുകൾ വരി വരിയായി തൂക്കീട്ടുള്ളവ അനേകം. ൟ ഒഴിഞ്ഞ മുറിയിൽനിന്ന കടക്കാൻ തക്ക നാല മുറികളുണ്ട. അതിൽ ഒന്ന ശയനഗൃഹമാണ. ആ അറയിൽ പുലാവു, അകില, മുതലായ മരത്തരങ്ങളെക്കൊണ്ട ഒഴുക്കൻ മാതിരിയിൽ പണി ചെയ്തു വാൎണീഷ കൊടുത്തിട്ടുള്ളതും, വീരവാളി പട്ടുകൊണ്ട പൊതിഞ്ഞിരിക്കയൊ എന്ന തോന്നുമാറ അത്ര വിശേഷമായി ചായം കൊടുത്തിട്ടുള്ളതും, ആയ പലേ മാതിരി കട്ടിലുകളും, കോച്ചുകളും, അനേകമനേകം. അവകളെല്ലാം മാൎദ്ദവംകൊണ്ട ശിരീഷ കുസുമങ്ങളെക്കൂടി ജയിക്കുന്ന വിശേഷമായ പട്ടു ശയ്യകളെക്കൊണ്ടും ഉപധാനങ്ങളെക്കൊണ്ടും അലങ്കരിക്കപ്പെട്ടവയാണ. മറെറാരു മുറി കളിക്കുള്ളതാണ. അതിൽ അനേക തരത്തിലുള്ള കളിക്കോപ്പുകൾ ഭംഗിയിൽ വെച്ചിട്ടുണ്ട. മറെറ മുറിയിൽ ചെന്നു നോക്കിയാൽ അത പുസ്തക ശാലയാണെന്ന കാഴ്ചയിൽതന്നെ തോന്നും. അതിലും ഒന്നു രണ്ടു മേശകൾ, അതുകൾക്ക ചുററും കയ്യില്ലാത്ത കസാലകൾ,

കസാലകൾക്ക നേരെ മേശമേൽ വൃത്താകാരത്തിൽ വെച്ചിരിക്കുന്ന ന്യൂസ്സ്പേപ്പറുകൾ, അനേക തരത്തിലുള്ള പുസ്തകങ്ങളെ നിറച്ച വെച്ചിട്ടുള്ള ചില്ലലമാറികൾ, തിരിക്കാവുന്ന ബുക്കഷേൽഫുകൾ, ഈവക പലേ സാധനങ്ങളേയും എത്രയും കൌതുകത്തിൽ വെച്ചിട്ടുണ്ട. വേറെ ഒരു മുറിയുള്ളത ശീലത്തരങ്ങൾ സൂക്ഷിക്കുന്നതാണ. അതിൽ നാലഞ്ച അലമാറികളും, അതുകളിൽ അനേക തരത്തിലുള്ള കസവ ശീലത്തരങ്ങളും, മനോജ്ഞങ്ങളായ കുപ്പായങ്ങളും, വില പിടിച്ചതും ഉന്നതസ്ഥനികളായ നിതംബിനിമാർ ഉപയോഗിക്കുന്നതും ആയ ചേലകളും, ശേഖരിച്ച വെച്ചിട്ടുള്ളതിന്ന സംഖ്യയില്ല.

സൌധങ്ങളുടെ ഉപരിഭാഗത്തിലുള്ള ചന്ദ്രശാലകളുടെ നിലമെല്ലാം ഇന്ദുകാന്തങ്ങളാൽ പടുക്കപ്പെട്ടവയാണ. അതുകളിൽ സകലജനമനോഹാരിയായ സുധാംശുവിന്റെ പ്രഭാപൂരം തട്ടുമ്പോഴും, ചുററും മൂന്നടി ഉയരത്തിൽ എത്രയും വിശേഷമായ ഒരു മാതിരി വെണ്ണക്കല്ലുകൊണ്ട കടഞ്ഞുണ്ടാക്കി ചായം കൊടുത്ത സ്തംഭങ്ങളോടുകൂടിയ തറയിന്മേൽ നിരത്തി വെച്ചിട്ടുള്ള മനോഹരങ്ങളായ ഭാജനങ്ങളിൽ നട്ടു വളൎത്തിയ ജാതി കുരുക്കുത്തിമുല്ല മുതലായ വല്ലികളിലുള്ള സുരഭികളായ മഞ്ജരികളെ ഇളക്കിക്കൊണ്ട വരുന്ന മന്ദമാരുതനെ ഏല്ക്കുമ്പോഴും, ഉള്ള പരമാനന്ദത്തെ ഞാൻ എങ്ങിനെയാണ പറഞ്ഞറിയിക്കേണ്ടത. ആവക തറകളിന്മേൽ തന്നെ പലേടത്തും വെണ്ണക്കല്ലുകൊണ്ട അതി വിശേഷമായി കൊത്തിവെച്ചിട്ടുള്ള കൃത്രിമങ്ങളായ സ്ത്രീപുരുഷരൂപങ്ങളെ നല്ല ചന്ദ്രികയുള്ള സമയം കണ്ടാൽ കളഭാഷിണികളായ യൂറോപ്യൻസ്ത്രീകളും അവരുടെ വല്ലഭന്മാരുംകൂടി സംസാരിച്ചുകൊണ്ട നില്ക്കുകതന്നെയെന്ന തോന്നിപ്പോകും.

ഇതു കൂടാതെ സ്നാനഭക്ഷണങ്ങൾക്കുള്ള മുറികൾ, വെപ്പുപുരകൾ, ആയുധശാലകൾ, വണ്ടിപ്പുരകൾ, വാജിശാലകൾ മുതലായ സ്ഥലങ്ങളും അനേകമുണ്ടു. ആ ബംഗ്ലാവിൻെറ യഥാൎത്ഥഗുണങ്ങളിൽ ശതാംശം മാത്രമെ ഞാൻ ഇവിടെ പറഞ്ഞിട്ടുള്ളു. അതിൻെറ ഗുണങ്ങളെ തികച്ചും വൎണ്ണിക്കുന്നതു സാക്ഷാൽ ബൃഹസ്പതിയാൽകൂടി അസാദ്ധ്യമായിരിക്കെ അതിന്നായി ലേശവും വാഗ്ധാടിയില്ലാത്ത ഞാൻ തുനിഞ്ഞാൽ ജനങ്ങൾക്കു പരിഹാസഭാജനമായി ഭവിക്കുമൊ എന്നു ശങ്കിച്ചു വിരമിക്കുന്നു.

സുകുമാരൻ ഈ ബംഗ്ലാവിൽ എത്തിയപ്പോൾ അവിടെ കോണിച്ചുവട്ടിൽ ഒരുവൻ നില്ക്കുന്നതു കണ്ടു. "മുകളിൽ ആരാണു" എന്നു സുകുമാരൻ ചോദിച്ചതിന്നുത്തരമായി "മുകളിൽ അമ്മമാത്രമെ ഉള്ളു, ഇവിടുന്നു വന്നാൽ വേഗത്തിൽ മുകളിൽ കയറിചെല്ലാൻ പറഞ്ഞിരിക്കുന്നു" എന്നു അവൻ വിനയത്തോടുകൂടി പറഞ്ഞു.

ഇന്ദുമതി തനിക്കു സംഭവിപ്പാൻ പോകുന്ന ആപത്തിനേയും, ലാവണ്യാംബുനിധിയായ സുകുമാരൻ പറഞ്ഞ സമയത്തു എത്തിക്കാണാത്തതിനേയും, ഓൎത്തു കഠിനമായി വ്യസനിച്ചുംകൊണ്ടിരിക്കുമ്പോഴാണ സുകുമാരൻ കോണികയറി അകത്തു കടന്നു ചെന്നതു. ശരൽക്കാലങ്ങളിൽ ഉദിച്ചുപൊങ്ങുന്ന പൂൎണ്ണചന്ദ്രനൊ എന്നു തോന്നുമാറുള്ള അവൻെറ വദനത്തെ കണ്ട ക്ഷണത്തിൽ ഇന്ദുമതി ക്ഷമകൂടാതെ സുകുമാരൻെറമുഖം പിടിച്ചുവെച്ചു ഗണ്ഡസ്ഥലങ്ങളിൽ എട്ടുപത്തുതരം ചുംബനം ചെയ്തു. ഇതു കണ്ടാൽ ആ സമയം അവൻെറ മുഖത്തുണ്ടായിരുന്ന മാലിന്യം തുടച്ചുകളവാൻ വേണ്ടി ചെയ്തതോ എന്നുതോന്നും. ആ സിന്ദൂരാധരിയുടെ പ്രണയചിഹ്നങ്ങളായ ഈവക ലാളനകളാൽ പരമാനന്ദത്തിൽ

http://idb.ub.uni-tuebingen.de/diglit/CiXIV262/0056
Universitätsbibliothek Tübingen

മുങ്ങി മതിമറന്നു, താൻ അവിടെ വരുവാൻ കാരണമായ്തും ആപൽകരവും ആയ ആ കത്തിന്റെ അൎത്ഥം എന്താണെന്നു ചോദിപ്പാൻകൂടി സുകുമാരന ഓൎമ്മ വിട്ടുപോയി. ഇങ്ങിനെ അല്പം നേരം കഴിഞ്ഞശേഷം ഇന്ദുമതി സുകുമാരന്റെ മുഖത്തെക്കതന്നെ നോക്കിക്കൊണ്ടു കരഞ്ഞുതുടങ്ങി.

സുകു— ഇതെന്തു കഥാ. ഇങ്ങിനെ ഒരു സങ്കടത്തിന്ന ഇപ്പോൾ അവകാശമില്ലല്ലൊ.

ഇതു കേട്ടിട്ടു ഇന്ദുമതി ഒന്നുംതന്നെ ഉത്തരം പറവാൻ ശക്തയല്ലാതെ നിന്നതു കണ്ടപ്പോൾ

സുകു— ഈ കരച്ചിൽ കാണിക്കാനൊ എന്നെ എഴുതയച്ചു വരുത്തിയ്തു? നീ കരച്ചിൽ മാറുന്നില്ലെങ്കിൽ ഞാൻ രാത്രിയായാലും പുറപ്പെട്ടു പോകും.

ഇന്ദു— അങ്ങേക്കു പുറപ്പെട്ടു പോകേണ്ടിയും വരും. എനിക്കു കരയേണ്ടിയും വരും. അതുകൊണ്ടുതന്നെ.

സുകു— എന്താണു നീ അസംബന്ധം പറയുന്നതു. എന്നെ വരുത്തിയ കാൎയ്യം പറയു.

എന്നിങ്ങിനെ സുകുമാരൻ പറഞ്ഞപ്പോൾ ദുഃഖപരവശയായ ഇന്ദുമതി രാജ്ഞിയുടെ ഏഷണിയും തന്നിമിത്തം രാജാവു കോപിച്ചതും പിറെറദിവസം മന്ത്രിവീരന്മാരോടുണ്ടായ കല്പനകളും സുകുമാരനോടു പറഞ്ഞു.

അഗ്നിസന്തപ്തനാരാചംപോലെ അത്ര ദുസ്സഹങ്ങളായ ഈ വൎത്തമാനങ്ങളെ കേട്ടസമയം, സുകുമാരൻ ഇടിതട്ടിയ പൎവ്വതംപോലെ നഷ്ടസംജ്ഞനായി നിലത്തു പതിക്കുകയും, അനന്തരം ഇന്ദുമതിയാൽ ആചരിതങ്ങളായ ശീതോപചാരങ്ങളെക്കൊണ്ടു ഒരുവിധം മോഹാലസ്യം തീൎന്നു എഴുനീററിരിക്കുകയും ചെയ്തു. സുകുമാരന്റെ ഈ പ്രാണവേദന കണ്ടപ്പോൾ ഇന്ദുമതിക്കുണ്ടാ

യ വ്യസനം ഇന്നപ്രകാരമെന്ന പറഞ്ഞറിയിപ്പാൻ സഹസ്രവദനനായ ഫണിരാജൻകൂടി മോഹിക്കേണ്ട. പ്രാണതുല്യനായ അഛന്റെ മേലുള്ള സ്നേഹാതിരേകത്താൽ അഛന്റെ തൽസമയത്തെ ചാപല്യനിവൃത്തിക്ക വേണ്ടുന്ന മാൎഗ്ഗം നോക്കുവാൻ അവൾക്ക ഉടനെ ധൈൎയ്യം തോന്നി. അവൾ സുകുമാരന്റെ സ്വൎണ്ണവൎണ്ണമായ ദേഹത്തെ തന്റെ മാറിലേക്ക പിടിച്ചണച്ച അഛന്റെ നയനങ്ങളിൽ നിന്ന ധാരധാരയായി വീഴുന്ന സന്താപാശ്രുക്കളെ വസ്ത്രത്തിന്റെ തലകൊണ്ട തുടക്കുകയും അമൃതോപമങ്ങളായ ഓരോരൊ വാക്കുകളെക്കൊണ്ട വഴിപോലെ ആശ്വസിപ്പിക്കുകയും ചെയ്തു.

"പ്രിയഭൎത്താവെ! അങ്ങു വിവേകശൂന്യന്മാ
"രെപ്പോലെ ഒരിക്കലും വ്യസനിക്കരുതെ; അങ്ങെക്ക
"സകല വിഷയങ്ങളിലും അറിവും ധൈൎയ്യവും ഉണ്ട
"ല്ലൊ; ഇങ്ങിനെയുള്ള അങ്ങുതന്നേ ഇത്ര കഠിനമാ
"യി വ്യസനിച്ചാൽ സ്വതെ ചപലകളായ ഞങ്ങ
"ളാൽ ചിലരുടെ കഥ പിന്നെ പറയേണമൊ? സമ്പ
"ത്തിലും ആപത്തിലും സുഖത്തിലും ദുഃഖത്തിലും ഒരു
"പോലെ അങ്ങയെ സ്നേഹിപ്പാൻ ദൃഢമായി ഉറച്ച
"വളായ എന്നെയും എന്റെ ഹൃദയത്തേയും സകല ജ
"ഗദാധാരഭൂതനായ പാൎവ്വതീകാന്തൻ സാക്ഷിയാ
"കെ ഞാൻ അങ്ങയിൽ സമൎപ്പിച്ചത ഓൎമ്മയില്ല്യെ?
"അന്നമുതൽക്ക എന്റെ മനസ്സും ശരീരവും അങ്ങെ
"ക്ക അധീനമല്ലെ? അൎത്ഥവും ഠരം രാജഭോഗങ്ങ
"ളും ലോകത്തിലുള്ള സകല വസ്തുക്കളും എനിക്ക
"അങ്ങയുടെ പ്രേമത്തെക്കാൾ വിലയുള്ളതല്ല. ശ്ശീ!
"ശ്ശീ!! അങ്ങു ഇങ്ങിനെ കിടന്ന വ്യസനിക്ക്യൊ? അ
"ടുത്ത കാലത്തിന്നുള്ളിൽ എന്നെ അങ്ങെക്ക അൎപ്പൻ

“തന്നെ കല്യാണം കഴിച്ചു തരുവാൻ സംഗതി വരും.
“അതുവരെ അങ്ങു ക്ഷമിക്കു” എന്നു പറഞ്ഞു ഇന്ദുമതി തന്റെ കയ്യിൽ ഇട്ടിരുന്ന പുഷ്യരാഗംവെച്ച ഒരു മോതിരം ഊരി അനുരാഗസൂചകമായി അവന്റെ അംഗുലികളിൽ ചാൎത്തുകയും ചെയ്തു.

“എന്റെ പ്രിയതമയായ ഇന്ദുമതി! നിന്റെ
“ക്ഷേമാഭ്യുദയങ്ങൾക്കു സദാ ഈശ്വരനെ പ്രാൎത്ഥി
“ച്ചുകൊണ്ടിരിക്കുന്നവനും, നിന്റെ ദാസനും, ആ
“യ എന്നെ ഇന്ദുമതിയുടെ ദൃഢമായ സ്നേഹവിശ്വാ
“സങ്ങൾക്കും അപരിമിതമായ പ്രേമത്തിന്നും ഒരു
“ഭാജനമാക്കി രക്ഷിച്ചുകൊള്ളേണമെ! അല്ലയൊ മ
“ധുരഭാഷിണി! നിന്റെ പ്രതിദിനമുള്ള പത്രങ്ങ
ളാകുന്ന താലവൃന്തങ്ങളെകൊണ്ടു ഏററവും തപിച്ചു കി
“ടക്കുന്ന എന്റെ മനസ്സിനെ എപ്പോഴും ശിശിരീകരി
“ക്കണെ” എന്നിപ്രകാരം സുകുമാരൻ അനേക വാക്കുകളെ പറഞ്ഞു തന്റെ പേരകൊത്തിയ ഒരു മുദ്രമോതിരം പ്രേമചിഹ്നമായി ഇന്ദുമതിക്കു കൊടുക്കുകയും, ഒരുവിധം വളരെ പ്രയാസപ്പെട്ടു, അവളെ പിരിഞ്ഞു പോകയും ചെയ്തു.

ഇന്ദുമതി പിരിഞ്ഞുപോകുന്ന ഭൎത്താവിനെത്തന്നെ യമച്ചു മിഴികൂടാതെ നോക്കിക്കൊണ്ടു “ഇതുവര
“ക്കും എന്നെ വിട്ടുപിരിഞ്ഞിട്ടുതന്നെ ഇല്ലാത്ത ഈ
“സുകുമാരനായ സുകുമാരൻ ഇനി ഏതോരു രാജ്യത്തു
“പോയി രക്ഷപ്പെടുന്നു ഈശ്വരാ! നെയ്യു പാല മു
“തലായ മധുരപദാൎത്ഥങ്ങളെ എപ്പോഴും അനുഭവിച്ചു
“കൊണ്ടിരിക്കുന്ന ഇദ്ദേഹത്തിന്നു ഇനി അതുകളെ
“ല്ലാം എവിടെനിന്നു കിട്ടുന്നു!; ആർ കൊടുക്കുന്നു!;
“പട്ടുകോസരികൂടി മാട്ടവും പോരാത്ത ഇദ്ദേഹത്തി

http://idb.ub.uni-tuebingen.de/diglit/CiXIV262/0059
Universitätsbibliothek Tübingen

"ന്ന ഇനി ഏതെല്ലാം കക്കശസ്ഥലങ്ങളിൽ സഞ്ച "രിക്കേണ്ടിവരും! താമരസപുഷ്പങ്ങളെക്കൂടി ദൂരീകരി "ക്കുന്ന പാദങ്ങളെക്കൊണ്ട ഇദ്ദേഹം ദീനനായി മ "ലിനാംബരനായി ഏതെല്ലാം കാടുകളിലും മലകളി "ലും സഞ്ചരിക്കേണ്ടിവരും കഷ്ടം! കഷ്ടം!! അനേ "കം രാജഭോഗങ്ങളെ അനുഭവിച്ചുകൊണ്ടിരിക്കേണ്ട "ന്ന ഇദ്ദേഹം ഈവിധം അപാരമായ സങ്കടത്തി "ൽ അകപ്പെട്ട അങ്ങുമിങ്ങും അലഞ്ഞു നടക്കേണ്ടി "വരുമല്ലൊ! ഇതിന്നെല്ലാം ഇന്ദുമതി കാരണമാ "യി തീൎന്നുവല്ലൊ ദൈവമെ!, എന്നിങ്ങിനെ ഓരോന്ന വിചാരിച്ചുംകൊണ്ട മതിമറന്ന മോഹാലസ്യപ്പെട്ട നിലത്ത പതിക്കുകയും, അധികം താമസിയാതെ താനെ എഴുനീററിരിക്കുകയും ചെയ്തു. ഇന്ദുമതിക്ക പഠിപ്പും ധൈൎയ്യവും ഉണ്ടായിരുന്നതിനാൽ അവൾ വ്യസനങ്ങളെല്ലാം ഒരുവിധം അടക്കി സമാധാനപ്പെട്ടു. അവൾ ശ്രീനഗരത്ത ബംഗ്ലാവിൽനിന്ന മടങ്ങി രാജധാനിയിൽ എത്തിയപ്പോഴക്ക അസ്തമിച്ചു ഏഴുമണി കഴിഞ്ഞുപോയി. സ്നാനവും അച്ഛനോടൊന്നിച്ചുള്ള ഭക്ഷണവും കഴിഞ്ഞു ഇന്ദുമതി പതിവപോലെ മുകളിലിരുന്ന കുറെനേരം അച്ഛനുമായി ഓരോന്ന സംസാരിക്കുകയും, അധികം താമസിയാതെ ഉറക്കം വരുന്നു എന്ന നടിച്ചു അവളുടെ ശയനഗൃഹത്തിലേക്ക പോകയും ചെയ്തു.

ഇന്ദുമതി അത്താഴം കഴിഞ്ഞാൽ കുറെ നേരം വീണ വായിച്ചുകൊണ്ട വിനോദിച്ചിരിക്കുകയും പിന്നെ ഉറങ്ങുന്നവരെ വൎത്തമാനക്കടലാസ്സുകൾ നോക്കിക്കൊണ്ടിരിക്കുകയും പതിവായിരുന്നു. അന്ന ആസമയത്ത കരച്ചിലും തൊഴിച്ചിലും ആണെന്ന പറഞ്ഞാൽ ശേഷം വായനക്കാർ ഗ്രഹിച്ചു കൊള്ളുമല്ലൊ.

“അയ്യൊ! പ്രിയ ഭൎത്താവെ! അങ്ങ എന്നെ “ഒറ്റക്കിട്ടേച്ചു പോയി! ഞാൻ നിരാധാരയായി ശേ“ഷിച്ചുവെല്ലൊ! അങ്ങല്ലാതെ എനിക്കു ആരൊരു ര“ക്ഷാകൎത്താവാണ്! അങ്ങയുടെ വിയോഗം ഞാൻ എ“ങ്ങിനെ സഹിക്കുന്നു! അങ്ങയെ കണ്ടു കണ്ടു നന്ദി“ച്ചിരിപ്പാൻ ഇത്രത്തോളമെ എനിക്കു വെച്ചിരിക്കുന്ന“ത!” എന്നിത്തരം പറഞ്ഞും കരഞ്ഞുംകൊണ്ടു അധോമുഖിയായിട്ടിരിക്കുമ്പോൾ പതിവുപോലെ ഇഷ്ടദാസിയായ തശ്മീഭായി കടന്നു വന്നു. ആ സമയത്തുകൂടി ഇന്ദുമതിയുടെ നയനങ്ങളിൽനിന്നു അതിനിബിഡങ്ങളായും സ്വൎണ്ണകുംഭാകാരങ്ങളായും ഇരിക്കുന്ന വക്ഷോജകുംഭങ്ങളിൽ ഉററിയുററി വീണിരിക്കുന്ന അശ്രുധാരകളെ കണ്ടാൽ അതി മനോഹരങ്ങളായ മുത്തുമാലകൾ ധരിച്ചിരിക്കയൊ എന്നു തോന്നും.

ഇന്ദുമതിയുടെ ഠരം കരച്ചിലും ഭാവഭേദവും കണ്ടപ്പോൾതന്നെ പരമശുദ്ധയായ തശ്മീഭായിയുടെ നെഞ്ഞു പൊട്ടിപ്പോയി. എത്രയും കൂറും മമതയും ഉള്ള അവൾ “അയ്യൊ!” എന്നു പറഞ്ഞു വേഗത്തിൽ ഇന്ദുമതിയെ പിടിച്ചു തന്റെ മാറിലേക്കു അണെക്കുകയും “എന്താ! എന്താ! ഇങ്ങിനെ കരയുന്നതു; പറയൂ! പറയൂ!” എന്നിങ്ങിനെ എടത്തൊണ്ടു വിറച്ചുംകൊണ്ടു ചോദിക്കുകയും, ചെയ്യുപ്പോൾ ഇന്ദുമതി അവളുടെ മുഖത്തേക്കുതന്നെ നോക്കി തേങ്ങി തേങ്ങി പിന്നേയും പിന്നേയും കരഞ്ഞു തുടങ്ങി. അതിയായ വ്യസനം വരുന്ന സമയം പ്രിയമുള്ളവരെ കണ്ടാൽ വ്യസനവും കരച്ചിലും വൎദ്ധിക്കുന്നതു അസാധാരണയല്ലെന്നു വായനക്കാർ ധരിച്ചിരിക്കുമെല്ലൊ.

അനന്തരം തശ്മീഭായി പനിനീർ മുതലായ ശീതള പദാൎത്ഥങ്ങളെ ഇന്ദുമതിയുടെ അതിമനോഹരമായ

മുഖത്ത തളിച്ചു, കെട്ടഴിഞ്ഞ നിലത്ത ചിന്നിക്കിടക്കുന്ന തലമുടി വേറിട്ടുത്തു കൊണ്ടു ഓരോന്ന ചോദിച്ചു തുടങ്ങി.

രശ്മീ— ഇന്ദുമതി! നീ എന്താ ഇങ്ങിനെയെല്ലാം കാണിക്കുന്നത, കഷ്ടം! കഷ്ടം!

ഇന്ദു— വൎത്തമാനങ്ങളെല്ലാം നിങ്ങൾ കേട്ടില്ലെ?

രശ്മീ— ഞാനും ചിലതകേട്ടു. നൊമ്മടെ ചന്ദ്രഭാനുപറേത. ഞാൻ അപ്പോൾതന്നെ ബദ്ധപ്പെട്ടു ഇവിടെ വന്നപ്പോഴക്ക നീ പുറത്ത പോയിരിക്കുന്നു. അച്ശന്റെ കല്പനകൾ എന്തെല്ലാമാണ? കേൾക്കട്ടെ.

ഇന്ദു— അച്ശന്റെ കല്പന സുകുമാരനെ നാടുകടത്തേണമെന്നാണ.

രശ്മീ— ആവൂ! വെട്ടിക്കളയേണമെന്നില്ലല്ലൊ.

ഇന്ദു— അത്രമാത്രമാണ ഇനിക്കും ഒരു സമാധാനമുള്ളത.

രശ്മീ— നീ ഒരിക്കലും വ്യസനിക്കരുതെ. ഈശ്വരനല്ലെ. എല്ലാം ഒരു കാലത്ത നേരെയായി വരും.

ഇന്ദു— അമ്മെ! നിങ്ങടെ അനുഗ്രഹമുണ്ടായാൽ ഇനിക്ക എന്തൊന്നാണ സാധിക്കാത്തത?

രശ്മീ— മകളെ! ഇന്ദുമതി! ഞാൻ ഇരിക്കുമ്പോൾ നീ ഒരിക്കലും വ്യസനിക്കണ്ടു.

ഇന്ദു— അച്ശന്റെ കല്പന എത്ര കഠിനമായിപ്പോയി. അച്ശൻ എന്ന മുതൽക്കാണ ഇത്ര നിൎദ്ദയനായത? ഇതിനേക്കാൾ നല്ലത എന്നെ നാടുകടത്തുന്നതായിരുന്നു. നിരപരാധിയായ അദ്ദേഹം എന്തുപിഴച്ചു?

രശ്മീ— കഷ്ടം! ഇതുനിമിത്തം അച്ശനെ പ്രജകൾ എത്ര ദുഷിക്കുന്നു. എല്ലാം രാജ്ഞിയുടെ ഏഷണിയാണത്രെ.

ഇന്ദു— അങ്ങിനെതന്നെയാണ ഞാനും കേട്ടത. ഇനിക്ക ഒരു അഭ്യുദയം വരുന്നതിൽ എളയമ്മക്ക ഒട്ടുംതന്നെ രസമില്ലെന്ന ഞാൻ മുമ്പുതന്നെ മനസ്സിലാക്കീട്ടുണ്ടു. ഇതിന്നെല്ലാം ഈശ്വരൻ കൂലികൊടുക്കട്ടെ. അദ്ദേഹം സൎവ്വാന്തൎയ്യാമിയല്ലെ.

ലക്ഷ്മീ– ആട്ടെ, ഈ കഥ സുകുമാരൻ അറിഞ്ഞുവൊ ?

ഇന്ദു– ഉവ്വ, ഞാൻതന്നെ ശ്രീനഗരത്ത ബംഗ്ലാവിൽ പോയിരുന്നു. അദ്ദേഹത്തെ നൊമ്മടെ ചന്ദ്രഭാനുമുഖേന അവിടെ വരുത്തീട്ടുണ്ടായിരുന്നു. എല്ലാം തമ്മിൽകണ്ടു സംസാരിച്ചു പിരിഞ്ഞപ്പോൾ അന്യോന്യംഉണ്ടായ വ്യസനം ഞാൻ എങ്ങിനെ പറയേണ്ടു. അരനാഴികനേരം താനെ ഇരുന്ന പലതും ആലോചിച്ചു കൂട്ടത്തിൽ "അദ്ദേഹത്തെ പിരിഞ്ഞിരിക്കുന്നതിനേക്കാൾ നല്ലത പ്രാണത്യാഗം തന്നെയൊ" എന്നകൂടി ഞാൻ സംശയിച്ചു.

ഇത കേട്ട ഉടനെ ലക്ഷ്മീഭായിക്കുണ്ടായ വ്യസനവും പരിഭ്രമവും അനിൎവ്വചനീയം തന്നെ.

ലക്ഷ്മീ– (ഒന്നരണ്ടു പ്രാവിശ്യം മാറത്തടിച്ചു കരഞ്ഞുംകൊണ്ടു) അയ്യൊ! കുട്ടി! നീ അങ്ങിനെ ഒന്നും സാഹസം ചെയ്യുകയരുതെ. ബുദ്ധിയില്ലാത്ത ചില സ്ത്രീകൾ പലപ്പോഴും തൂങ്ങിമരിക്കുക മുതലായ ഹീനകൎമ്മങ്ങൾ ചെയ്യുന്നതിനേക്കുറിച്ചു നോം ചില സമയങ്ങളിൽ പറഞ്ഞ പരിഹസിക്കുമാറില്ലെ. അങ്ങിനെ വല്ലതും ചെയ്തുപോയാൽ നിന്നെയും ബുദ്ധിഹീനമാരായ ആവക സ്ത്രീകളോടു ഉപമിക്കുന്നതിനെ ഞാൻ എങ്ങിനെ കേട്ട സഹിച്ചിരിക്കും. ഇതൊന്നും അപ്പോൾ ആലോചിച്ചില്ലല്ലെ.

ഇന്ദു– ഇനിക്കു കുറെ നേരം ആവക സമാധാനങ്ങളൊന്നും തോന്നീല. ആ സമയം നിങ്ങൾ എന്റെ ഒന്നിച്ചുണ്ടായിരുന്നാൽ ഞാൻ അത്ര അധികം വ്യസനിച്ചിരുന്നില്ല.

ലക്ഷ്മീ– അച്ഛന്റെ കല്പനയും ഇന്ന നീ താനെ സബൊരിക്കു പോയതും കേട്ടപ്പോൾ ഞാനും ഒന്ന പരിഭ്രമിച്ചു ഇല്ലെന്നില്ല. ഞാനും ബദ്ധപ്പെട്ട ഓടിപ്പാഞ്ഞ നീയുള്ളേ

ടത്തേക്ക വരട്ടെ എന്ന വിചാരിച്ചു. ഒടുവിൽ അതും ഒരു ഗോഷ്ഠിയായി തീൎന്നെങ്കിലൊ എന്ന വിചാരിച്ച നിന്റെ വരവും നോക്കിക്കൊണ്ട പടിക്ക പുറത്ത തന്നെ വളരെ നേരം കാത്തു നിന്നു. ആ വക ആപത്തുകൾ ഒന്നും കൂടാതെ നീ ഇവിടെ എത്തി ചേൎന്നത തന്നെ എന്റെ ഒരു മഹാ ഭാഗ്യം. നിന്നെ പിരിഞ്ഞതിന്റെ ശേഷം അതി കോമളനായ സുകുമാരൻ എന്തെല്ലാം ഓരോന്ന ആലോചിച്ചിരിക്കണം. കഷ്ടം! കഷ്ടം!

ഈ വാക്ക ഓൎത്ത നോക്കിയപ്പോൾ വൈഷമ്യ വിചാരം കൊണ്ടുണ്ടായ വ്യസനത്തോടെ ഇന്ദുമതി പിന്നെയും പിന്നെയും കരഞ്ഞു തുടങ്ങി.

ലക്ഷ്മീ— ഛീ! ഛീ! നീ എന്താണ ഇങ്ങിനെ വ്യസനിക്കുന്നത. സുകുമാരന ഇപ്പോൾ എന്തൊന്നാണ വന്നിരിക്കുന്നത. അദ്ദേഹം ബുദ്ധിമാനാകയാൽ നീ സാഹസം വിചാരിച്ചതു പോലെയൊന്നും അദ്ദേഹം വിചാരിക്കയില്ലെന്ന എനിക്ക നല്ല നിശ്ചയമുണ്ട. അച്ഛന്റെ രാജ്യം പോലെ എത്ര രാജ്യം കിടക്കുന്നു. സാധുക്കളെ സംരക്ഷിക്കുന്ന യോഗ്യന്മാരും എത്രയുണ്ട ലോകത്തിൽ. പിന്നെ സുകുമാരനൊ അതി വിദ്വാൻ, അതി ധൈൎയ്യശാലി. അദ്ദേഹത്തെ ഒരിക്കൽ കണ്ടാൽ പിന്നെ വിട്ട പിരിയുന്നതിൽ സങ്കടം തോന്നാത്തവരാരെങ്കിലുമുണ്ടൊ ഭൂമിയിൽ. സഞ്ചരിക്കേണ്ടതിന്ന രാജ്യങ്ങളിലെല്ലാടവും തീവണ്ടിയും, യൂറോപ്പ മുതലായ ദ്വീപാന്തരങ്ങളിലേക്ക എത്രയും അത്ഭുതം തോന്നത്തക്ക വിധത്തിൽ ഉള്ള തീക്കപ്പലുകളും യഥേഷ്ടം ഉണ്ടാക കൊണ്ട ബഹു സുഖമായി സഞ്ചരിക്കാം. പണം ഒന്നുമാത്രം വേണം. അത മണിഓഡർ വഴിയായി എവിടെ നിന്നും എവിടേക്കും ആൎക്കും അയച്ച

http://idb.ub.uni-tuebingen.de/diglit/CiXIV262/0064
EBERHARD KARLS UNIVERSITÄT TÜBINGEN
Universitätsbibliothek Tübingen
gefördert durch die DFG

കൊടുത്താൽ അനായാസേന കിട്ടുന്നതാണെല്ലൊ. അതിന്നുള്ള തപാലാപ്പീസ്സുകൾ ഏതരാജ്യത്തും നിറഞ്ഞിരിക്കുന്നു. അനേക രാജ്യചരിത്രങ്ങളും പലതരമുള്ള വൎത്തമാനക്കടലാസ്സുകളും നീ വായിച്ചു അറിയുമാറില്ലെ? അതിന്റെ സാദ്ധ്യം വിവേകമല്ലെ? ഇതൊന്നും അപ്പോൾ തോന്നീലല്ലെ? പിന്നെ ഒരു ദിക്കിൽ ചെന്നുകൂടിയാൽ ആ രാജ്യം ഭരിപ്പാൻ കൂടി ബുദ്ധിശക്തിയും ക്ഷമയും പൌരുഷവും ഉള്ള അദ്ദേഹം സ്വന്തം ഉദരപൂരണത്തിന്നുകൂടി ശക്തനല്ലെന്നു നീ വിചാരിച്ചു വ്യസനിച്ചതിൽപരം അബദ്ധം മറെറന്താനുമുണ്ടൊ; നീ വ്യസനം കാണിക്കാതെ അല്പം കാലം ക്ഷമിക്കു. സുകുമാരനോടുകൂടി അനേകം രാജഭോഗങ്ങൾ അനുഭവിച്ചു തൃപ്തിയോടെ ചിരകാലം ജീവിച്ചിരിപ്പാൻ നിണക്കു സംഗതിവരും. വ്യസനിക്കരുതെ.

എന്നിങ്ങിനെ യുക്തിയുക്തങ്ങളായും അതി മധുരങ്ങളായും ഉള്ള തശീഭായിയുടെ വചനങ്ങളെ കേട്ട സമയം ഇന്ദുമതിക്കു അല്പം ഒരു സമാധാനം വന്നു. അവൾ ഇന്ദുമതിയുടെ തലമുടി നല്ലവണ്ണം വകഞ്ഞു കെട്ടിച്ചു "ഇനി മനസ്സിനെ അധികം ക്ലേശിപ്പിക്കാതെ വേഗം കിടന്നുറങ്ങു" എന്നു പറഞ്ഞു ഇന്ദുമതിയെ കിടത്തുകയും താനും കിടക്കുകയും ചെയ്തു. പ്രായാധിക്യത്താലുള്ള ക്ഷീണം നിമിത്തം തശീഭായി കിടന്നീട്ടു അധികം താമസിയാതെ ഉറങ്ങിപ്പോയി.

ഇന്ദുമതി വേർപെട്ടു പോയ ഭൎത്താവിനെത്തന്നെ ഓൎത്തു വ്യസനിച്ചു ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുകയും കൂടക്കൂടെ എഴുനീറ്റിരിക്കുകയും ചെയ്തു. അങ്ങിനെ കുറെ കഴിഞ്ഞപ്പോൾ ഏകദേശം പത്തു

ണ്ടുമണിയായി എന്ന തോന്നുന്നു രുഗ്മീഭായി യദൃച്ഛ യാ ഉണരുകയും ഇന്ദുമതി കോസരിയിൽ ഇരിക്കുന്നത കാണുകയും ചെയ്തു. "അല്ലാ, നീ ഇനിയും ഉറങ്ങീലെ? എന്താ ഉറങ്ങാത്തത? ഇതനിമിത്തം വല്ല രോഗവും പിടിക്കുമെല്ലൊ. നീ എന്താണ ഇങ്ങിനെ ബുദ്ധിയില്ലാത്തവരെപ്പോലെ കാണിക്കുന്നത?" എന്ന രുഗ്മീഭായി പറഞ്ഞതിന്നുത്തരമായി ഇന്ദുമതി "അമ്മെ! ഇനിക്ക ഉറക്കം ലേശമെങ്കിലും വരുന്നില്ല" എന്ന പറഞ്ഞു. "ആട്ടെ, അതിന്ന വഴിയുണ്ടാക്കാം" എന്ന പറഞ്ഞ അതിചതുരയായ രുഗ്മീഭായി ഒരു പാനീസ്സവിളക്കും കയ്യിൽ എടുത്ത വേഗത്തിൽപോയി സുകുമാരൻ കിടക്കുന്ന മാളികയുടെ പുറത്തളത്തിൽ ചെന്നുനിന്ന ഒന്നു രണ്ടു പ്രാവശ്യം കുരച്ചു.

സുകു– ആരാണ പുറത്ത?

രുഗ്മീ– ഞാൻതന്നെ.

സുകു– ആര! രുഗ്മീഭായിയൊ?

രുഗ്മീ– അതെ! അതെ!

സുകു– വാതിൽ തഴുതിട്ടിട്ടില്ല. തുറന്ന കടക്കാം.

രുഗ്മീഭായി വാതിൽ തുറന്ന അകത്ത കടന്നു.

സുകു– എന്താണ ഒരംകം അദ്ധ്വരാത്രിയിൽ വന്നത? വിശേഷിച്ച വല്ലതും ഉണ്ടായിട്ടൊ?

രുഗ്മീ– അങ്ങയുടെ ഒരു സ്സായ വേണമെന്ന വെച്ച വന്നതാണ.

സുകു– ഇതാണ യോഗം. ഞാൻ അത ഇന്ദുമതിക്ക അയക്കേണമെന്ന വിചാരിച്ചിരിപ്പാണ. അപ്പോഴായി രുഗ്മീഭായി വന്നത. വളരെ നന്നായി. ഇന്ദുമതി ഇനിയും ഉറങ്ങീട്ടില്ലെ?

രുഗ്മീ– ഇല്ലാ, ഇനിയും ഉറങ്ങീട്ടില്ല.

സുകു– വേഗം ഉറങ്ങാൻ പറയരുതെ രുഗ്മീഭായിക്ക? ഇതൊന്നും അവൾ അത്ര അറിഞ്ഞീട്ടുണ്ടാവില്ല.

ലക്ഷ്മീ— (കുറഞ്ഞൊന്ന പതുക്കെ) ഉവ്വുവ്വ് അത പറയാനുള്ള താമസമെ ഉള്ളു ഉറങ്ങാൻ.

സുകു— ഹെം അദ്ധരാത്രിക്ക എന്തിനാ ച്ചായ.

ലക്ഷ്മീ— അതുണ്ടായാൽ അവൾക്ക ഉറക്കം വരുമത്രെ.

ഇന്ദുമതിക്ക ഉറക്കംവരാതിരിപ്പാനുള്ള കാരണം ക്ഷണനേരംകൊണ്ട സുകുമാരന മനസ്സിലായി. ആ അവസ്ഥ അവനും അനുഭവമല്ലെ. സുകുമാരൻ വേഗത്തിൽ എഴുനീററ പെട്ടിതുറന്ന തന്റെറ ഒരു ച്ചായഎടുത്ത ലക്ഷ്മീഭായിവക്കൽകൊടുത്തു. അവൾ ച്ചായ കിട്ടിയ ഉടനെ മടങ്ങിവന്നപ്പോൾ "അമ്മെ നിങ്ങൾ എങ്ങോട്ടാണ പുറത്തപോയിരുന്നത?" എന്ന ഇന്ദുമതി ചോദിച്ചു. ലക്ഷ്മീഭായി ഒന്ന പുഞ്ചിരികൊണ്ട ഏററവും ദയയോടുകൂടി "ഇതാ ഇത കയ്യിൽവെച്ചോളു എന്നാൽ ഉറക്കം വരും" എന്ന പറഞ്ഞു അതിനെ ഇന്ദുമതിയുടെ കയ്യിൽ കൊടുത്തു.

ഇന്ദുമതി അത ഇന്നതാണെന്ന ഊഹിച്ചു അതി പ്രേമത്തോടുകൂടി അതിനെ വാങ്ങി. അല്പം കഴിഞ്ഞപ്പോൾ അതിനെ വിളക്കത്തിരുന്ന നോക്കുകയും, കുറെ കഴിഞ്ഞശേഷം അതിൽ അനേകതരം ചുംബനം ചെയ്തു അതിനെ തന്റെറ മാറത്ത വെച്ചുകൊണ്ട കിടക്കുകയും, ഒട്ട പുലരാറായപ്പോൾ കുറഞ്ഞൊന്ന ഉറങ്ങുകയും ചെയ്തു. നേരം പുലൎന്നപ്പോൾ ലക്ഷ്മീഭായി ഇന്ദുമതിയെ നോക്കി ഒന്ന ചിരിച്ചു. രണ്ടാളുംകൂടി പതിവുപോലെ സ്നാനം മുതലായതിന്നായിപ്പോയി. അന്നു മുതൽക്ക ഇന്ദുമതിക്ക ഭക്ഷണം നിദ്ര മുതലായ പ്രധാന കാൎയ്യങ്ങളിൽകൂടി വൈരാഗ്യം തുടങ്ങി. ഇങ്ങിനെ ഇന്ദുമതി സുകുമാരനെത്തന്നെ സദാ സ്മരിച്ചും, അനംഗതാപത്തെ ഉള്ളിൽ അടക്കിയും, കൊണ്ട ഒരുവിധം ദിവസം കഴിച്ചുകൂട്ടി വന്നു.

---

## അഞ്ചാം അദ്ധ്യായം.

### സുകുമാരന്റെ വിയോഗം.

സുകുമാരൻ ഇന്ദുമതിയെ വിട്ടു പിരിയുന്നതിലുള്ള ദുഃഖം സഹിച്ചുകൂടാതെ ഓരോന്ന പറഞ്ഞുംകൊണ്ടു ശ്രീനഗരത്തെ ബംഗ്ലാവിന്റെ പുറത്ത വിശേഷമായ വലിയ ഒരു തോട്ടമുള്ളതിൽ അല്പം നേരം ഇരുന്നു. കേൾക്കുന്നവരുടെ മനസ്സിനെകൂടി പൊട്ടിക്കുന്നതായ ഒരു വക സങ്കടങ്ങളും വിലാപങ്ങളും വായനക്കാർ ഊഹിച്ചുകൊള്ളേണ്ടതാണെ. സുകുമാരൻ ഇന്ദുമതിയെത്തന്നെ വിചാരിച്ചുംകൊണ്ടു ഒരുവിധം രാജധാനിയിൽ എത്തിചെന്നു. അര മണിക്കൂറനേരംകൊണ്ടു നടന്ന വന്ന വഴിതന്നെ അവന മടങ്ങിപ്പോവാൻ മൂന്നു മണിക്കൂറനേരം വേണ്ടിവന്നു. അപ്പോഴത്തെ അവന്റെ യാത്ര കണ്ടാൽ സ്തംഭംകൂടി സഞ്ചരിച്ചു തുടങ്ങിയൊ എന്ന തോന്നും. സുകുമാരൻ ധൈൎയ്യശാലിയാകയാൽ വ്യസനങ്ങളെല്ലാം ഒരുവിധം അടക്കിവെച്ചു എന്നെ പറയേണ്ടു. അവൻ രാജധാനിയിൽചെന്ന സ്നാനം, ഭക്ഷണം മുതലായത കഴിച്ചു എന്ന പേരുവരുത്തി തന്റെ ശയന ഗൃഹത്തിലെക്ക എത്തിയ സമയം അസ്തമിച്ചു പത്തര മണിയായിരുന്നു. ഇന്ദുമതി തന്റെ സ്വന്തം കൈകൊണ്ടു കെട്ടി ഉണ്ടാക്കിയ ഒരു മുല്ലമാല നിത്യവും സുകുമാരന്ന അയച്ചു കൊടുക്കുന്നത സാധാരണയായിരുന്നു. അന്നും പതിവുപോലെ രുഗ്മിബായി മാല സുകുമാരന്റെ അറയിൽ മേശപ്പുറത്ത കൊണ്ടുവെച്ചിട്ടുണ്ടായിരുന്നു. അന്നത്തെ ദിവസം ഇന്ദുമതി മാല കെട്ടി അയച്ചിട്ടാണെ ശ്രീനഗരത്തെക്ക പോയത.

ഇന്ദുമതിയുടെ കൈകൊണ്ടു എത്രയും പ്രേമാതിശയത്തോടെ ഭംഗിയിൽ കെട്ടിയ പരിമളമേറുന്ന ആ മുല്ലമാല സുകുമാരൻ കൈകൊണ്ടു എടുത്ത സമയം അനേക വികാരങ്ങൾ അവന്റെ മനസ്സിൽ ഉദിച്ചു.

"അയ്യോ! പ്രാണവല്ലഭെ! ഈ മാല ഇനിക്കു അവസാനത്തേതായി ഭവിച്ചുവെല്ലൊ! ദന്തിഗാമിനി! നിന്റെ വിയോഗം ഞാൻ എങ്ങിനെ സഹിക്കുന്നു! രാകേന്ദുമുഖി! അതി മുഗ്ദ്ധമായ നിന്റെ വദനാരവിന്ദം ഞാൻ എന്നിനി കാണുന്നു! സ്വൎണ്ണവൎണ്ണമായ നിന്റെ ദേഹവും പ്രശംസിക്കത്തക്ക ശീലഗുണങ്ങളും, മനസ്സിനെ ആകൎഷിക്കുന്ന കടാക്ഷ വീക്ഷണങ്ങളും, കണ്ടുകണ്ടാനന്ദിച്ചിരിപ്പാൻ ഇത്ര മാത്രമൊ ഇനിക്കു വിധി! ഇന്ദുമതി! അകൃത സുകൃതന്മാൎക്കു ദുല്ലഭമായ നിന്റെ വക്ഷോജ കുംഭങ്ങൾ ഇനി എന്റെ മാറിൽ അണയുന്ന കാലം എത്ര ദൂരത്തിലാണെ! പ്രിയതമെ! ഏതൊരു കാലത്താണെ എന്റെ മുഖം നിന്റെ കടാക്ഷവീക്ഷണങ്ങളാകുന്ന ഭൃംഗസമൂഹങ്ങൾക്കു ഒരു പുണ്ഡരീകമായി ഭവിക്കുന്നതു! കുന്ദരദനെ! നിന്റെ പുഞ്ചിരിയാകുന്ന ശരച്ചന്ദ്രികക്കു ഞാനൊരു ആമ്പലയായി പരിണമിക്കുന്നതു ഇനി എന്നാണെ! പ്രിയഭാഷിണി! എന്റെ കൎണ്ണങ്ങൾ ഇനി ഏതൊരു അവസരത്തിലാണ് നിന്റെ വചനാമൃതത്തിന്നു ഒരു ഭാജനമായിത്തീരുന്നതു!" എന്നിപ്രകാരം കരഞ്ഞും വിലാപിച്ചും കൊണ്ടു ആ മാല സുകുമാരൻ തന്റെ മാറത്തും കണ്ണിലുംവെച്ചു കുറെ നേരം കിടന്നു.

അല്പം നേരം കഴിഞ്ഞാറെ സുകുമാരൻ എഴുനീറ്റിരുന്നു "ഞാൻ ഇപ്പോൾ എന്തിനാണെ ഇങ്ങിനെ വ്യസനിക്കുന്നതു. ഇന്ദുമതിക്കു എന്റെമേൽ പ്രേമത്തി



http://idb.ub.uni-tuebingen.de/diglit/CiXIV262/0069
Universitätsbibliothek Tübingen

ന്നും വിശ്വാസത്തിന്നും ലേശം കുറവില്ല. അവൾ അന്യപുരുഷനെ കാംക്ഷിച്ചിട്ടില്ല. ഇനി ൟ ജന്മം കാംക്ഷിക്കയുമില്ല. അവൾ അച്ഛൻ മുതലായ ബന്ധുജനങ്ങളെയും അനേക സുഖാനുഭവങ്ങളെയും ഉപേക്ഷിച്ച എന്റെ ഒന്നിച്ച വരാമെന്നകൂടി ധൈൎയ്യമായി പറയുന്നു. അല്പം കാലം തമ്മിൽ പിരിഞ്ഞിരിക്കേണ്ടിവരുമെന്നല്ലാതെ മറെറന്തൊന്നാണ ഇപ്പോൾ വന്നിരിക്കുന്നത. നളമഹാരാജാവ, സാക്ഷാൽ ശ്രീരാമസ്വാമി മുതലായ മഹാപുരുഷന്മാൎക്കുകൂടി എത്രകാലം ഇഷ്ടദാരങ്ങളെ പിരിഞ്ഞിരിക്കേണ്ടിവന്നിരിക്കുന്നു. എന്നാൽ ഇന്ദുമതിയുടെ മനസ്സുറപ്പോ, ദമയന്തി സീതാദേവി മുതലായവൎക്കുള്ളതിനേക്കാൾ ഒട്ടും കുറവില്ലതാനും. ച്ഛീ! ച്ഛീ! ഞാൻ എന്തൊരു മാതിരിക്കാരനാണ! പഠിപ്പ കഴിഞ്ഞാൽ ഒന്ന സഞ്ചരിക്കേണമെന്ന വിചാരിച്ചിരുന്നത പക്ഷെ ൟ കാലത്താക്കണം; അത്രതന്നെ. മൽപ്രാണേശ്വരിയായ ഇന്ദുമതിക്ക എന്നിൽ അനുരാഗമുണ്ടെന്നും അന്യനെ സ്വീകരിക്കയില്ലെന്നും വന്നാൽ പിന്നെ വിവാഹത്തിന്ന കുറെ താമസിച്ചാൽ തന്നെ എന്താണ. എന്നല്ലാ, ഒരു പക്ഷം നോക്കുമ്പോൾ ൟ സഞ്ചാരം കഴിഞ്ഞിട്ടാണ വിവാഹംതന്നെനല്ലത. ഇത മേലിൽ പലെ വിധത്തിലുള്ള അറിവിന്നും വിവേകത്തിന്നും, യോഗ്യന്മാരായ അനേകം ജനങ്ങളുടെ പരിചയത്തിന്നും സ്നേഹത്തിന്നും കാരണമായി ഭവിക്കുന്നതാണ. ഒരു മാൎഗ്ഗദൎശിനീപുസ്തകവും (ട്രാവലർസ്സ് ഗൈഡ്) അല്പ, പണവും കയ്യിൽ ഉണ്ടായാൽ പിന്നെ സഞ്ചാരത്തിനെപ്പോലെ രസമായിട്ട മറേറതാനുമുണ്ടോ. പിന്നെ യാത്രകൊണ്ട മനസ്സിന്ന അല്പാല്പം സുഖക്കേടുണ്ടാവാനുള്ളതിനെ ഇന്ദുമതി ദിവസേന അയക്കുന്ന എഴുത്തുകളെ

http://idb.ub.uni-tuebingen.de/diglit/CiXIV262/0070
EBERHARD KARLS UNIVERSITÄT TÜBINGEN
Universitätsbibliothek Tübingen
gefördert durch die DFG

ക്കൊണ്ടും തീൎക്കാം” എന്നിങ്ങിനെ ആലോചിച്ച സഞ്ചാരം ഇപ്പോൾ തന്നെ എന്ന തീൎച്ചയാക്കി.

അപ്പോൾ ചന്ദ്രഭാനു അന്ന പകൽ അഞ്ചുമണിക്ക വന്നതായ വൎത്തമാനക്കടലാസ്സുകളും കത്തുകളും കയ്യിൽ എടുത്തുകൊണ്ട മുകളിലേക്ക കയറി ചെന്നു. സുകുമാരൻ അവനെ കണ്ടപ്പോൾ “അല്പം നില്ക്കു; പോവാൻ വരട്ടെ; ഒന്ന പറവാനുണ്ട” എന്ന പറഞ്ഞ അവനോട അതുകൾ വാങ്ങി തന്റെ പെട്ടിയിൽ വെച്ച പൂട്ടി. സുകുമാരൻ ചന്ദ്രഭാനുവിനെ നോക്കിക്കൊണ്ട അധികം വ്യസനത്തോട കൂടി പറയുന്നു.

സുകു— വൎത്തമാനങ്ങളെല്ലാം നീ കേട്ടില്ലെ?

ചന്ദ്ര— (കണ്ണിൽ ജലം ഒലിപ്പിച്ചുകൊണ്ട) ഉവ്വ, ഞാനാണ ആദ്യം ഇന്ദുമതിയോട ചെന്ന പറഞ്ഞത.

സുകു— ചന്ദ്രഭാനു! നീ ഒരിക്കലും വ്യസനിക്കരുതെ. ഞാൻ ഇതുവരെ ആലോചിച്ചതിൽ ഒന്ന സഞ്ചരിച്ച വരാമെന്ന തന്നെയാണ ഉറച്ചത. ഇല്ലെങ്കിൽ വൈഷമ്യമുണ്ട.

ചന്ദ്ര— എല്ലാംകൊണ്ടും ഇപ്പോൾ ഒരു സഞ്ചാരം തന്നെയാണ ഉത്തമം. പക്ഷെ എന്നെക്കൂടി കൊണ്ടുപോകണം. ഞാൻ അങ്ങയെ വിട്ടുപിരിഞ്ഞാൽ ക്ഷണനേരം പൊറുക്കയില്ലെന്ന തീൎച്ച തന്നെ.

സുകു— അയ്യോ! അത ഒരിക്കലും പാടില്ല. നീ പോന്നാൽ പിന്നെ ഇന്ദുമതിക്കാരാണ? എന്നെ സംബന്ധിച്ച കാൎയ്യങ്ങളിൽ അവൾക്ക എന്തെങ്കിലും പറയേണ്ടിവന്നാൽ നീയ്യും ലക്ഷ്മീഭായിയും മാത്രമല്ലെ ഉള്ളു? നിങ്ങൾ രണ്ടാളുടെയും പീയൂഷ സദൃശങ്ങളായ വാക്കുകളെ കൊണ്ട വേണ്ടെ അവൾക്ക സമാധാനം വരാൻ? അവൾ കുട്ടിയാണല്ലൊ. ഇന്ദുമതിയെ ഓ

ണ്ട നിത്യവും ഓരേ എഴുന്നയപ്പിക്കണം. മുട ലെട്ടുകോട്ട മുതലായതു വേണമെങ്കിൽ വാങ്ങിക്കൊണ്ടു കൊടുക്കണം. അതെല്ലാം അവൾ അതാത സമയം പറയും.

“ഇനി ഞാൻ അല്പം കിടന്നുറങ്ങട്ടെ; നീയും പോയി കിടന്നോ, നേരം ഏകദേശം ഒരുമണിക്കടുത്തു തുടങ്ങി.” എന്ന പറഞ്ഞു സുകുമാരൻ കട്ടിലിന്മേൽ കയറി കിടന്നു. രശ്മീഭായി വന്ന ച്ചായ വാങ്ങിക്കൊണ്ടു പോയിയേന്ന ഞാൻ മുമ്പൊരെടത്തു പറഞ്ഞത ഈ അവസരത്തിലാണ. സുകുമാരൻ അവളെ പറഞ്ഞയച്ചതിന്നശേഷം പിന്നേയും അല്പം കിടന്നുറങ്ങിയെന്ന പേര വരുത്തി. പുലരാൻ ഒരു യാമമുള്ളപ്പോൾ എഴുനീററ യാത്രക്കുള്ള വട്ടങ്ങളെല്ലാം കൂട്ടിത്തുടങ്ങി. തനിക്ക മുമ്പ വഴിയാത്രചെയ്തിട്ട ഒട്ടുംതന്നെ ശീലമില്ലാത്തതിനാൽ അധികം സാമാനങ്ങൾ കൊണ്ടുപോകുന്നത ഭാരമാണെന്ന വിചാരിച്ച ഏറെയൊന്നും എടുത്തില്ല. ഒരു പെട്ടിയും അതിൽ എട്ടുപത്തു പുസ്തകങ്ങളും, ഇംഗ്ലീഷമട്ടിലുള്ള മൂന്ന കൂട്ടം ഉടുപ്പുകളും വഴിയാത്രയിൽ മുഖ്യമായി കയ്യിൽ ഉണ്ടായിരിക്കേണ്ടതായ അത്യാവശ്യം ചില ഔഷധങ്ങളും ആയിരത്തിൽ ചില്ല്വാനം ഉറുപ്പികയും മാത്രമെ അവൻ കയ്യിൽ എടുത്തുള്ളൂ. കാശ്മീരരാജ്യത്തിൽ “ജലം” എന്ന പ്രസിദ്ധപ്പെട്ട നദീതീരത്ത സ്ഥാപിക്കപ്പെട്ട “ജീലം” എന്ന റെയിൽവെ സ്റ്റേഷനിൽ വേഷച്ഛന്നനായി ചെന്ന അല്പം നേരം ഇരുന്നു. പേഷവാറിൽനിന്ന ആഗ്രയിലേക്ക നേരെ പോകുന്ന “മെയിൽ ട്രെയിൻ” അരുണോദയത്തിന്ന അവിടെ എത്തുകയും “ഡെൽഹി” എന്ന സ്റ്റേഷനിലേക്ക ടിക്കെററ വാങ്ങി സുകുമാരൻ കാശ്മീരരാജ്യം വിടുകയും ചെയ്തു.

## ആറാം അദ്ധ്യായം.

### സുകുമാരന്റെ ദേശാന്തരയാത്ര.

സുകുമാരൻ ഡൽഹി എന്ന സ്റ്റേഷനിലേക്ക ടിക്കെററുവാങ്ങി വണ്ടികയറി എന്ന ഞാൻ പറഞ്ഞുവെല്ലൊ. സുകുമാരൻ സ്റ്റേഷനിൽ വന്നിരുന്നത വേഷച്ഛന്നനായിട്ടാണെങ്കിലും ബാല്യം മുതൽക്കുള്ള പരിചയം നിമിത്തം സ്റ്റേഷന്മാസ്റ്റക്ക സുകുമാരനെ കണ്ട ക്ഷണത്തിൽമനസ്സിലായി. അവർ തമ്മിൽ ഓരോന്ന സംസാരിച്ചുംകൊണ്ടിരിക്കുന്ന മദ്ധ്യത്തിൽ വണ്ടി ജീലം എന്ന സ്റ്റേഷനിൽ എത്തി ഉടനെ സ്റ്റേഷൻമാസ്റ്റർ സുകുമാരനെ കൈപിടിച്ച വണ്ടിയിൽ കയററി. കാഴ്ചയിൽ തന്നെ അതി യോഗ്യനും ഔദാൎയ്യശീലമുള്ളവനും ആയ ഒരു ബംഗാളി കയറിയിരുന്ന ഒന്നാം ക്ലാസ്സ മുറിയിലാണ സുകുമാരനും കയറിയിരുന്നത. അദ്ദേഹത്തിന്ന ബാബുഗോവിന്ദലാല എന്ന പേരാണ. കോടീശ്വരന്മാരിൽ വെച്ച അഗ്രഗണ്യനാകയാൽ അദ്ദേഹത്തെ അറിയാത്തവർ വടക്കരാജ്യങ്ങളിൽ ആരും ഇല്ലെന്ന തന്നെ പറയാം. വാരക്ക പത്തും പന്ത്രണ്ടും ഉറുപ്പിക വിലയുള്ള വിശേഷമായ ഒരു മാതിരി കറുത്ത ബനാത്തശീലകൊണ്ടുള്ള വലിയ കുപ്പായം, അതെ ശീലകൊണ്ടുള്ള കാലൊറ, രണ്ട വിരൽ വീതിയിൽ ചുററും കസവുള്ള വെള്ളത്തലപ്പാവ, കറുത്ത തിളങ്ങുന്ന ഇംഗ്ലീഷബൂട്സ, ഹേമമയമായി തൂങ്ങുന്ന ഗഡിയാൾചങ്ങല, മൂത്തപഴുത്ത ജംബീരഫലത്തിന്റെ വൎണ്ണംപോലെയുള്ള മുഖത്ത അതിന്റെ ആകൃതിയിൽ തന്നെയുള്ള ചിബുകം, എത്രയും

http://idb.ub.uni-tuebingen.de/diglit/CiXIV262/0073
Universitätsbibliothek Tübingen

ഭംഗിയിൽ വെട്ടിനിൎത്തിയ മേൽമീശ, ഇങ്ങിനെയാണ അദ്ദേഹത്തിന്റെ വേഷം. ബാബുഗോവിന്ദലാല ഒരു കാൎയ്യവശാൽ പേഷവാറിലോളം പോയി ഡൽഹിക്കു തന്നെ മടങ്ങി പോവുകയാണ. അദ്ദേഹവും സ്റ്റേഷന്മാസ്റ്ററും തമ്മിൽ കണ്ടപ്പോൾ അവർ അന്യോന്യം സലാം ചെയ്തു. സ്റ്റേഷന്മാസ്റ്റർ ബാബുഗോവിന്ദലാലയോട ചോദിക്കുന്നു.

സ്റ്റേ— അല്ലാ! അങ്ങ അന്നപോയതിൽപിന്നെ ഇപ്പോൾ മടങ്ങുന്നതെ ഉള്ളു? എന്തായിരുന്നു ഇത്ര അധികം താമസിപ്പാൻ തക്ക കാൎയ്യം? പോയതിൽ പിന്നെ സുഖക്കേടൊന്നും ഉണ്ടായില്ലല്ലൊ? ആ ദിക്കിലെ കാലാവസ്ഥ ഇപ്പോൾ എങ്ങിനെ? മഴ ധാരാളമുണ്ടൊ? ദീനങ്ങൾ ഒന്നും അധികമായി ഇപ്പോൾ ഇല്ലായിരിക്കാം?

ബാബു— ആ കഥയൊന്നും പറയേണ്ടാ. ഞാൻ പോയകാൎയ്യം തീരാൻതന്നെ വിചാരിച്ചതിൽ അധികം ദിവസം വെണ്ടിവന്നു. അത തീൎന്നപ്പോഴക്കു ഒരു സ്നേഹിതന്റെ വീട്ടിൽ കല്യാണത്തിന്ന വരന്ന ക്ഷണിച്ചു. അത കഴിഞ്ഞത മിനിയാന്നാണ. അന്ന വയിന്നേരംതന്നെ പുറപ്പെട്ടു. ഞാൻ പോയിട്ട ഇന്നേക്കു ഇരിപതാം ദിവസമാണ. ഇത്ര അധികം ഞാൻ ഒരു കുറിയും താമസിക്കുമാറില്ല. ആ ദിക്കിൽ മഴ ഇല്ലേന്നില്ല. ദീനങ്ങൾ അധികം എന്നല്ല ഒട്ടും ഇല്ല. കുഡുംബങ്ങൾ എല്ലാം ഇപ്പോൾ ഇവിടേത്തന്നെ ഉള്ളു കാലമൊ? അതൊ നാട്ടിലൊ? ആട്ടെ, അങ്ങ മാററത്തിന്ന അപേക്ഷിച്ചിരുന്നകാൎയ്യം പിന്നെ എന്തായി?

സ്റ്റേ— അതിനേപററി പിന്നെ ഒന്നും അറിഞ്ഞിട്ടില്ല. കുഡുംബങ്ങളെല്ലാം നാട്ടിലാണ. അവൎക്കു സൌഖ്യമാണെന്ന ഇന്നലെയും കത്ത വന്നിട്ടുണ്ട.

http://idb.ub.uni-tuebingen.de/diglit/CiXIV262/0074
EBERHARD KARLS UNIVERSITÄT TÜBINGEN
Universitätsbibliothek Tübingen
gefördert durch die DFG

എന്നിങ്ങിനെ പറഞ്ഞു കഴിഞ്ഞതിന്റെശേഷം സ്റ്റേഷന്മാസ്റ്റർ സുകുമാരനെ നോക്കി, "ഇദ്ദേഹത്തെ അങ്ങു അറികയില്ലായിരിക്കാം. ഡെൽഹീ പട്ടണത്തിലെ കീൎത്തിപ്പെട്ട ഒരു കച്ചവടക്കാരനാണ്" എന്നും ബാബു ഗോവിന്ദലാലയെ നോക്കി "ഇദ്ദേഹം കാശ്മീരരാജ്യത്തെ സൈന്യാധിപതിയുടെ പുത്രനാണ. ഇദ്ദേഹത്തെ അങ്ങു കേട്ടിരിപ്പാൻ സംഗതിയുണ്ടു" എന്നും അന്യോന്യം പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു കഴിഞ്ഞപ്പോഴക്കു വണ്ടിയും ഇളകി. ഉടനെ അവർ പരസ്പരം കൈകൊടുത്തു വന്ദിച്ചു. കുറെ കഴിഞ്ഞൊറെ സുകുമാരൻ തന്റെ പെട്ടി തുറന്നു തലേദിവസം വന്ന വൎത്തമാനക്കടലാസ്സുകൾ എടുത്തു ചിലതു ആ യോഗ്യനു വായിപ്പാൻ കൊടുക്കുകയും ചിലതു താൻ വായിച്ചു കൊണ്ടിരിക്കുകയും ചെയ്തു. ബാബു ഗോവിന്ദലാല "താങ്ക് യു" എന്നു ഇംഗ്ലീഷിൽ വന്ദനവാക്കു പറഞ്ഞു അതിനെ വാങ്ങി വായിച്ചു തുടങ്ങി. അദ്ദേഹത്തിന്നു സുകുമാരന്റെമേൽ വളരെ സന്തോഷവും ബഹുമാനവും തോന്നി. സകല വിഷയങ്ങളിലും ഒരുപോലെ യോഗ്യതയെസമ്പാദിച്ചു സുകുമാരനെ കണ്ടാൽ സന്തോഷിക്കാത്തവരാരുമില്ല. അല്പം നേരം ന്യൂസ്പേപ്പർ വായിച്ചതിന്നശേഷം ബാബു ഗോവിന്ദലാല സുകുമാരനോടു ഓരോന്നു ചോദിപ്പാൻ തുടങ്ങി.

ബാബു— അങ്ങു ഇപ്പോൾ എവിടേനിന്നു വരുന്നു? എവിടേക്കാണ പോകുന്നതു?

സുകു— ഞാൻ കാശ്മീര രാജ്യത്തനിന്നു തന്നേയാണ വരുന്നതു. ഒരു സ്ഥലത്തേക്കായിട്ടതന്നെ ഉദ്ദേശിച്ചു പുറപ്പെട്ടതല്ല.

ബാബു— ദേശസഞ്ചാരത്തിന്നു എറങ്ങിയതായിരിക്കാം അല്ലെ?

സുകു- അതെ, അങ്ങിനെതന്നെ.

ബൊബ്ബ- ഇപ്പോൾ എവിടെ എറങ്ങിത്താമസിപ്പാനാ ന്നെ വിചാരിക്കുന്നത?

സുകു- ഡൽഹിക്കാണ ടിക്കെററ വാങ്ങിയിരിക്കുന്നത.

ബൊബ്ബ- അവിടെ സ്നേഹിതന്മാരോ ബന്ധുക്കളൊ മ ററൊ ഉണ്ടൊ?

സുകു- അങ്ങിനെ ആരുമില്ല,

ബൊബ്ബ- എന്നാൽ അങ്ങയെ ഞാൻ ക്ഷണിച്ചിരിക്കുന്നു. എട്ടൊ പത്തൊ ദിവസം ഇഷ്ടംപോലെ താമസിച്ച മടങ്ങാം. അതിന്ന അങ്ങേക്ക അലോഗ്യമില്ലെങ്കിൽ ഇനിക്ക വളരെ സന്തോഷമുണ്ടായിരുന്നു. എന്റെ സ്ഥിരമായ താമസം ഡൽഹീപട്ടണത്തിലാണ.

സുകു- അങ്ങയുടെ ഈ ക്ഷണം ഞാൻ ആദരവോടും കൃ തജ്ഞതയോടുംകൂടി സ്വീകരിച്ചിരിക്കുന്നു. എന്നാൽ ഇന്ന ഞാൻ അങ്ങയെ ഉപദ്രവിപ്പാൻ വിചാരിക്കു ന്നില്ല. ഇന്ന ഒരു ഹൊട്ടേലിൽ താമസിപ്പാൻ ഞാൻ മുൻകൂട്ടി എഴുതി ശട്ടം ചെയ്തുപോയി. നാളെ ഞാൻ അങ്ങയുടെ ആതിത്ഥ്യം സ്വീകരിച്ചുകൊള്ളാം. അത ല്ലെ നല്ലത?

ബൊബ്ബ- എന്നാൽ ഇഷ്ടംപോലെ. ഈ ക്ഷണംകൊണ്ട അങ്ങയുടെ നിശ്ചയങ്ങൾക്ക ഒരു ഇളക്കവും അതനി മിത്തം അങ്ങെക്ക ഒരു സുഖക്കേടും സംഭവിക്കരുത.

സുകു- ച്ഛെ! അങ്ങിനെ ഉണ്ടൊ! ഞാൻ ഈ രാജ്യം വിടുന്നതിലകത്ത തീച്ചയായും അങ്ങയെ വന്ന കണ്ട കൊള്ളാം.

ബൊബ്ബ- എന്നാൽ അങ്ങിനെ ആട്ടെ, അങ്ങേക്ക ചുരുട്ട വേണമൊ?

സുകു- ഞാൻ ചുരുട്ട ഉപയോഗിക്കമാറില്ല.

ബാബു– എന്നാൽ ഞാൻ ഉപയോഗിക്കട്ടെ? അങ്ങെക്ക വല്ല ഉപദ്രവവും ഉണ്ടോ?

സുകു– എന്താണെ! ഇനിക്ക യാതൊരു ഉപദ്രവവുമില്ല.

സുകുമാരൻ അങ്ങിനെ പറഞ്ഞപ്പോൾ ബാബു ഗോവിന്ദലാല ചുരുട്ട എടുത്ത വലിച്ചു തുടങ്ങി. വണ്ടിയിൽ പോകുമ്പോൾ ഇരുഭാഗത്തും കാണാവുന്ന മനോരമങ്ങളായ പ്രദേശങ്ങളെയെല്ലാം അദ്ദേഹം സുകുമാരന വിവരിച്ചു മനസ്സിലാക്കി കൊടുത്തു.

ബാബു– മാംസം വിസ്കി മുതലായതെല്ലാം എന്റെ വക്കൽ ഉണ്ട. അങ്ങെക്ക വിരോധമില്ലെങ്കിൽ കഴിക്കാം.

സുകു– വിസ്കി ഞാൻ കഴിക്കമാറില്ല. മാംസം കഴിക്കില്ലെന്ന വെച്ചിട്ടില്ല.

ബാബു– എന്നാൽ വിസ്കി ഒഴിച്ചു മററതെല്ലാം അങ്ങെക്കും ഭക്ഷിക്കാമെല്ലൊ

ഇങ്ങിനെ പറഞ്ഞ അവർ രണ്ടുപേരുംകൂടി ഇംഗ്ലീഷിൽ ഒരോരൊ നേരംപൊക്ക സംസാരിച്ചും ചിരിച്ചുംകൊണ്ട ഭക്ഷിച്ചു. ബാബുഗൊവിന്ദലാല വണ്ടിയിൽ ഒന്നിച്ചുണ്ടായിരുന്നതകൊണ്ട സുകുമാരന യാത്രയിൽ ഒട്ടും ഒരു സുഖക്കേട തൊന്നീല. ഭക്ഷണം കഴിഞ്ഞപ്പൊഴെക്ക അവെക്ക എറങ്ങേണ്ടുന്ന സ്റ്റേഷൻ ഏകദേശം അടുത്തുതുടങ്ങി. "നൊക്ക എറങ്ങാനുള്ള സ്റ്റേഷൻ ഇനിയത്തതായി. അപ്പോൾ കിടന്നബദ്ധപ്പെടണ്ടാ. സാമാനങ്ങളെല്ലാം ഒതുക്കിവെച്ചോളു" എന്നിങ്ങിനെ പറഞ്ഞു ബാബുഗൊവിന്ദലാല അദ്ദേഹത്തിന്ന അനേക സാമാനങ്ങൾ ഉണ്ടായിരുന്നതെല്ലാം ക്ഷണനെരംകൊണ്ട ഒതുക്കിവെച്ചു. സുകുമാരൻ മുപ്പത്തൊൻപത മണിക്കൂറനെരം കൊണ്ട ഡൽഹിസ്റ്റേഷനിൽ എത്തി. മഹത്തായ ആ സ്റ്റേഷന്റെ കോലായയിൽ (പ്ലാററഫോറത്തിൽ)

എറങ്ങിനിന്നു നോക്കിയസമയം അവൻ അവിടെകണ്ടുതായ കാഴ്ചകളെ എത്രയും സംക്ഷേപമായി പറയാം.

വണ്ടിയിൽ വരുന്ന സ്നേഹിതന്മാരെ എതിരേല്ക്കേണ്ടതിന്നു വന്നിട്ടുള്ള യോഗ്യന്മാർ സംഭ്രമത്തോടെ വണ്ടിയിലേക്കു നോക്കിക്കൊണ്ടു അങ്ങോട്ടുമിങ്ങോട്ടും നടക്കുന്ന തിരക്കു. ഉദ്യോഗം നിമിത്തം അധികം കാലം തമ്മിൽ കാണ്മാൻ സംഗതിവരാത്തവരായ വൃദ്ധപുരുഷന്മാരെ ഒന്നു കാണ്മാനുള്ള അത്യാഗ്രഹത്തോടുകൂടി വന്നിട്ടുള്ള സുന്ദരിമാരായ യൂറോപ്യൻ യുവതികൾ കൂടക്കൂടെ വണ്ടിയിലേക്കു നോക്കിക്കടാക്ഷിക്കുന്ന ഒരു കാഴ്ച. വിദ്യാഭ്യാസത്തിന്നുവേണ്ടി അനേകകൊല്ലങ്ങളായിട്ടു അച്ഛനമ്മമാരെ പിരിഞ്ഞു താമസിക്കുന്ന മക്കളെ കൂട്ടിക്കൊണ്ടു പോകേണ്ടതിന്നു വണ്ടി എത്തുന്നതിന്നു മുമ്പതന്നെ തെയ്യാറായി വന്നുനില്ക്കുന്ന യൂറോപ്യൻ ദമ്പതിമാർ വണ്ടിയിൽ നിന്നു കുട്ടികളെ കൈപിടിച്ചു എറക്കുന്നതും അത്യന്തം സന്തോഷത്തോടുകൂടി അവരെ ചുംബിക്കുന്നതും ആയ ഒരു കാഴ്ച. സിവിൽസൎവ്വീസ്സമുതലായ ഉദ്യോഗപരീക്ഷക്കു പഠിപ്പാനായി യൂറോപ്പുമുതലായ ദ്വീപാന്തരങ്ങളിലേക്കു പോകുന്നവരും പതിനഞ്ചും പതിനാറും വയസ്സു പ്രായമുള്ളവരും ആയ കുട്ടികളെ വണ്ടിയിൽ കയററി അയപ്പാൻ അനുയാത്രയായിവന്നവരായ അച്ഛനമ്മമാരുടെയും ബന്ധുജനങ്ങളുടെയും ഗൽഗദാക്ഷരങ്ങളോടുകൂടിയ ആശീൎവ്വചനകോലാഹലങ്ങൾ. രണ്ടും മൂന്നും കൊല്ലത്തോളം തമ്മിൽ കണ്ടിട്ടതന്നെ ഇല്ലാത്ത ഭൎത്താക്കന്മാരെ ഒന്നു കാണേണ്ടതിന്നു അതി സക്തിയോടുകൂടെ പുറപ്പെട്ടുവന്നവരും ചെറുപ്പക്കാരും ആയ വെള്ളക്കാരുടെ സ്ത്രീകൾ താനെ ടിക്കെററ വാങ്ങുന്നതും, സാമാനങ്ങൾ കൂലിക്കാരെക്കൊണ്ടു വണ്ടിയിൽ എടുത്തുവെപ്പിച്ചു അവക്കു

http://idb.ub.uni-tuebingen.de/diglit/CiXIV262/0078
EBERHARD KARLS UNIVERSITÄT TÜBINGEN
Universitätsbibliothek Tübingen
gefördert durch die DFG

കൂലികൊടുത്തു പിരിക്കുന്നതും, അനുയാത്രയായി വന്നവരോടു യാത്രപറഞ്ഞു വണ്ടിയിൽ കയറുന്നതും ആയ ഒരു കാഴ്ച. മേഘനിസ്വനംപോലെയുള്ള ശബ്ദത്തെ ഉണ്ടാക്കുന്നതും യാത്രക്കാരുടെ പെട്ടിമുതലായ നാനാവിധസാമാനങ്ങൾ കയററിയും ആയ ഒരു മാതിരി ഉന്തുവണ്ടികളെ പൊട്ടർമാർ തള്ളിക്കൊണ്ടുപോകുന്നതും അതുകൾ കയറേറണ്ടുന്ന വണ്ടികളിൽ അടക്കി അടക്കി വെക്കുന്നന്നതും ആയമറെറാരു കാഴ്ച. ഓരോ പ്രധാന സ്ഥലങ്ങളിലേക്കുള്ള എഴുത്തുകൾമുതലായു പ്രത്യേകം പ്രത്യേകം കെട്ടി മുദ്രവെച്ചു തെയ്യാറാക്കിയ സഞ്ചികളെ വാങ്ങിക്കൊണ്ടുപോകേണ്ടുതിന്നു വന്നവരായ തപ്പാൽ ശ്രൂപായിമാർ ഭാഗിയിൽ ഉള്ളതും ഒരേമാതിരിയിൽ ഉള്ളതും ആയ ഉടുപ്പുകൾ ധരിച്ചു വരിവരിയായി നില്ക്കുന്ന ഒരു കാഴ്ച. മൂന്നാംക്ലാസ്സു വഴിയാത്രക്കാർക്കു വിശ്രമിപ്പാൻ അതിവിശേഷമായി തീർത്തിട്ടുള്ള വലിയ ഒരു മുറിയുടെ വാതിൽ ഒരുവൻചെന്നു തുറക്കുന്നതും ആ സമയം അതിൽ കൂടിയ അനേകജനങ്ങളും ഒന്നായി ഞാൻ മുമ്പെ ഞാൻ മുമ്പെ എന്നിങ്ങിനെ ഉന്തിയും തള്ളിയും കൊണ്ടു പുറത്തു കടക്കുന്നതും വണ്ടിയിൽ ഒഴിവു കാണാത്തതിനാൽ കുണ്ഠിതപ്പെട്ടു പരിഭ്രമിച്ചു അങ്ങോട്ടുമിങ്ങോട്ടും ഓടി നടക്കുന്നതും ആയ ഒരു കാഴ്ച. ആ തക്കത്തിൽ മോഷ്ടിപ്പാൻ അവസരം നോക്കിക്കൊണ്ടു നടക്കുന്ന ഒരു മാതിരി കള്ളന്മാരുടേയും ആ വക കള്ളന്മാരെ പിടിപ്പാൻ സാധിക്കാത്തവരായ ഒരു കൂട്ടം പോല്ലീസ്സുകാരുടെയും സംഭ്രമം. ഇതുകളെല്ലാം കണ്ടും കേട്ടും സുകുമാരനു വളരെ വിസ്മയം തോന്നി. അപ്പോൾ വണ്ടിയിൽനിന്നു പരിചയമായ ബാബുഗോവിന്ദലാല "അങ്ങേക്കു വണ്ടി പ്രത്യേകം വന്നിട്ടില്ലാത്തതുകൊണ്ടു നോക്കു രണ്ടു

പേക്ഷംകൂടി പോവാം. ഞാനും ഹൊട്ടേൽ വഴിക്ക വരാം. അങ്ങയെ അവിടെ എറക്കി ഞാൻ പോയിക്കൊള്ളാം. ആ നേരവും കൂടി നോക്ക ഒന്നിച്ചിരുന്ന സംസാരിക്കാമെല്ലോ" എന്ന പറഞ്ഞപ്പോൾ സുകുമാരൻ "അങ്ങിനെതന്നെ. ഈ ഉപകാരത്തിന്ന ഞാൻ അങ്ങേക്ക വളരെ കടപ്പെട്ടിരിക്കുന്നു" എന്ന ഉത്തരം പറഞ്ഞു. ഉടനെ അവർ രണ്ടുപേരുംകൂടി വണ്ടിയിൽ കയറി ഇരുന്ന ഓടിച്ചു. കാൽ മണിക്കൂറ നേരം കൊണ്ടു അവർ സുകുമാരൻ താമസിപ്പാൻ നിശ്ചയിച്ചിരുന്ന ഹൊട്ടെലിൽ എത്തി. സുകുമാരൻ വണ്ടിയിൽനിന്ന അവിടെ എറങ്ങിനിന്നപ്പോൾ ബാബു ഗോവിന്ദലാല "അങ്ങ ഈ രാജ്യം വിടുന്നതിലകത്ത എന്നെ വന്ന കാണുമെന്ന വിശ്വസിക്കുന്നു" എന്ന പറഞ്ഞ അന്യോന്യം കൈകൊടുത്ത വന്ദിച്ച പിരികയും ചെയ്തു. അതിന്ന ശേഷം സുകുമാരൻ സ്നാനം ഭക്ഷണം മുതലായത ഇഷ്ടംപോലെ കഴിച്ചു. യാത്രയിൽ സുകുമാരൻ ഇംഗ്ലീഷ മാതിരിയിലുള്ള ഉടുപ്പായിരുന്നു എപ്പോഴും ധരിച്ചിരുന്നത. ഭക്ഷണത്തിൽ വളരെ കൃത്യമുണ്ടായിരുന്നു. അധികം വഴിയാത്ര ചെയ്തത കൊണ്ടുള്ള ക്ഷീണം നിമിത്തം അന്ന പുറത്തെങ്ങും എറങ്ങിയത തന്നെ ഇല്ല.

പിറെറ ദിവസം പുലൎച്ചെ സുകുമാരൻ സ്നേഹിതനായ ബാബു ഗോവിന്ദലാലയെ കാണ്മാൻ പോകയും, അദ്ദേഹം അടിയന്തര കാൎയ്യത്തിന്നായി പുറത്ത പോയിരിക്കുന്നു എന്നും മടങ്ങി വരാൻ അധികം താമസിക്കുമെന്നും ആ ഗൃഹത്തിലുള്ളവർ പറകയാൽ ഇനി ഇദ്ദേഹത്തെ കാണുന്നത രണ്ടു ദിവസം കഴിഞ്ഞിട്ടാക്കാമെന്നുറച്ചു, താൻ വന്നതിന്റെ അടയാളമായി തന്റെ കാൎഡ അവിടെ പെട്ടിയിൽ ഇട്ട മടങ്ങി പോരികയും ചെയ്തു.

http://idb.ub.uni-tuebingen.de/diglit/CiXIV262/0080
Universitätsbibliothek Tübingen

അന്ന നാല മണി കഴിഞ്ഞതിന്ന ശേഷം സുകുമാരൻ ചായ കുടിച്ച വണ്ടിയിൽ പുറത്ത പോയി അങ്ങാടി മുതലായ ചില്ലറ സ്ഥലങ്ങളെല്ലാം കണ്ടു. ഇങ്ങിനെ നാലഞ്ച ദിവസങ്ങളായിട്ട അവിടെയുള്ള പ്രധാന ഷാപ്പുകൾ, പള്ളികൾ, നദികൾ, ക്ഷേത്രങ്ങൾ, കാഴ്ചബംഗ്ലാവുകൾ, മൃഗശാലകൾ, പ്രാധാന്യമേറിയ ആപ്പീസ്സുകൾ മുതലായ വിശേഷസ്ഥലങ്ങളെല്ലാം അവൻ വണ്ടിയിൽ സഞ്ചരിച്ച കണ്ടു. ആ പട്ടണത്തിന്റെ നാല ഭാഗവും നടന്ന നോക്കിയാൽ കാണാവുന്ന കാഴ്ചകളെ എത്രയും ചുരുക്കി പറയാം.

അനേക വൎണ്ണങ്ങളോടുകൂടിയതും അത്യുന്നതങ്ങളും ആയ നാലും രണ്ടും ഒന്നും അശ്വങ്ങളെ കൂട്ടി കെട്ടിയതും, സൂൎയ്യരശ്മി പ്രതിഫലിക്കുമ്പോൾ കണ്ടു നില്ക്കുന്നവരുടെ നേത്രങ്ങളെ മഞ്ഞളിപ്പിക്കത്തക്കവണ്ണം അത്ര വിശേഷമായി ചായം കൊടുത്തിട്ടുള്ളതും, മേഘഗൎജ്ജിതംപോലെ ശബ്ദത്തെ ഉണ്ടാക്കുന്നതും, ആയ ബ്രൂഹം, ഫീററൻ, കോച്ച്, ഡൊക്കാട്ട്, മുതലായ അനേക തരത്തിലുള്ള വണ്ടികളെക്കൊണ്ടു നിറഞ്ഞ തെരുവുകൾ അനവധി. ആവക ഓരോ തെരുവുകളിൽ വൈരം, ചുകപ്പ, മാണിക്യം, മരതകം, വൈഡൂൎയ്യം, പുഷ്യരാഗം, മുതലായ വിലയേറില്ലാത്ത രത്നങ്ങൾ പതിച്ച മോതിരം, കടുക്കൻ, കാഞ്ചി, കടകം, ഇത്യാദികളായ ആഭരണങ്ങളും, സ്വൎണ്ണം വെള്ളി മുതലായ ലോഹങ്ങളെക്കൊണ്ടു അനേകതരത്തിൽ ഉണ്ടാക്കി കൊത്തുവേലകൾ ചെയ്തിട്ടുള്ള പാനപാത്രങ്ങളും, അധികം വിലപിടിച്ച പലെ മാതിരിയിലുള്ള വിളക്കുകളും വില്ക്കുന്ന ഷാപ്പുകൾ അനേകം. നാദശുദ്ധികൊണ്ടു സാക്ഷാൽ സരസ്വതിയുടെ വീണയേക്കൂടി പരിഭവിപ്പിക്കുന്ന വലിയ വലിയ

http://idb.ub.uni-tuebingen.de/diglit/CiXIV262/0081
Universitätsbibliothek Tübingen

പിയാന മുതലായ ഇംഗ്ലീഷ വാദ്യങ്ങളും, വാച്ച്, ക്ലോക്ക്, ടൈംപീസ്സ്, മുതലായവയും വില്ക്കുന്ന ഷാപ്പുകൾ അസംഖ്യം. ഇങ്ങിനേയുള്ള ഓരോരോ ഷാപ്പുകളിൽ ചെന്നു നോക്കിയാൽ, അതുകളുടെ ഉൾഭാഗം എട്ടും പത്തും ഭാഗങ്ങളായി തരം തിരിക്കപ്പെട്ടതിൽ ഒരേടത്ത ബിസ്കൂട്ട് കേക്ക് പെപ്പർമെണ്ട് ഝാം മുതലായ മധുര ഭക്ഷ്യങ്ങളും, ഒരേടത്ത അധികം വില പിടിച്ചതും അനേക തരത്തിലുള്ളതും ആയ ലഹരിയുള്ള മദ്യങ്ങളായ പേയങ്ങളും, ഒരേടത്ത അത്തർ ലവണ്ടർ പനിനീർ മുതലായ വാസന ദ്രവ്യങ്ങളും, ഒരേടത്ത പലേ തരത്തിലും വർണ്ണത്തിലും വലിപ്പത്തിലും ഉള്ള ലക്കോട്ട കത്തകടലാസ്സ മുതലായവയും, ഒരേടത്ത ഒന്നിനെ അനേകങ്ങളായി കാണിച്ച മനുഷ്യരെ കൂടി പരിഭ്രമിപ്പിക്കുന്നതും സ്വർണ്ണവർണ്ണത്തിലുള്ള ക്കൂടോടുകൂടിയതും ആയ അസംഖ്യം വെള്ളക്കണ്ണാടികളും, ഗ്ലോപ്പുകളും, വാൾഷെസ്സുകളും, ഇതിനെല്ലാററിന്നും പുറമെ മററൊരേടത്ത പലവക സാമാനങ്ങളും, വില്പാൻ ബഹുഭംഗിയിൽ അടക്കി അടക്കി വെച്ചിരിക്കുന്നതും തൂക്കിയിരിക്കുന്നതും കാണാം. മറെറാരു ഷാപ്പിൽ ചെന്നാൽ അതിൽ ഒരേടത്ത പലേ തരത്തിലും നിറത്തിലും ഉള്ള വില പിടിച്ച ശീലത്തരങ്ങൾ അട്ടിക്കിട്ടിരിക്കുന്നതും, അവിടെ അനേകം ജനങ്ങൾ ഇരുന്ന തുന്നുന്നതും കാണാം. മറെറാരു വലിയ മുറിയിൽ ശാസ്ത്രസംബന്ധമായും മററും ഉള്ള പുസ്തകങ്ങളും, ച്ഛായ വെക്കാനുള്ള ആൽബങ്ങളും, കുട്ടികൾക്ക കളിപ്പാനുള്ള മനോഹരങ്ങളായ സാധനങ്ങളും, ചില്ലലമാറികളിൽ എത്രയും. കൌതുകത്തിൽ വെച്ചിട്ടുള്ളവ അനേകം കാണാം. സ്വദേശത്തുണ്ടാക്കിയതും ദ്വീപാന്തരങ്ങളിൽനിന്ന വരുത്തിയതും ആയ

ഇംഗ്ലീഷമരുന്നുകൾ വില്ക്കുന്ന കമ്പിനികളും ഛായ എടുക്കുന്ന കമ്പിനികളും എത്രയോ കാണാം. മററൊരു തെരുവിൽ ചെന്നാൽ അത്യുന്നതങ്ങളും, അതിധവളങ്ങളും അതിഗംഭീരങ്ങളും, ഞാനൊ നിയ്യൊ വലിയത എന്ന അന്യോന്യം കലഹിച്ചുംകൊണ്ടു വരിവരിയായി നില്ക്കുന്നവയും, ആയ ആറും ഏഴും നിലയുള്ള മാനി മഞ്ചങ്ങളും അതുകളിൽ പരിഭ്രത കുബേരന്മാരായ കോടീശ്വരന്മാർ ഇരുന്ന കച്ചോടം ചെയ്യുന്നതും കാണാം. വിമാന സദൃശങ്ങളായ ഗാഡികളിൽ ചന്ദ്രമുഖിമാരായ യൂറോപ്യൻ സ്ത്രീകളും പാർസി സ്ത്രീകളും കയറി താനെ ഓടിച്ചുകൊണ്ടു പോകുന്നതും ചിലർ ഠരംവക ഷാപ്പുകളിൽ വന്നിറങ്ങി ലേശവും സംഭ്രമം കൂടാതെ സാമാനങ്ങൾ വാങ്ങി മടങ്ങി പോകുന്നതും കാണാം. പട്ടണത്തിന്റെ പലേ ഭാഗങ്ങളിലും ജനങ്ങൾക്കു സന്തോഷത്തിന്നായി കെട്ടി ഉണ്ടാക്കിയ പന്തലുകളിൽ ഇരുന്ന അനേക ജനങ്ങൾ എത്രയും ആനന്ദകരമായ ബാന്റ് വാദ്യംകേട്ടു രസിക്കുന്നതിനെ കാണാം. എന്തിനു വളരെ പറയുന്നു ഡൽഹീ പട്ടണത്തിന്റെ ഠരംവക യഥാർത്ഥ ഗുണങ്ങളെ വർണ്ണിക്കുന്നതിൽ ഇനിക്കുള്ള ഉത്സാഹത്തേക്കാൾ ഗ്രന്ഥവിസ്താര ഭയത്താലുണ്ടാകുന്ന ഔദാസീന്യം അധികരിച്ചു വന്നതുകൊണ്ടു ഇത്രമാത്രം പറഞ്ഞു വിരമിക്കുന്നു. ഏതൽഗുണ വിശിഷ്ടമായ ആ പട്ടണത്തിന്റെ ധനപുഷ്ടിയും യോഗ്യതയും സുകുമാരൻ ഏട്ടു പത്തു ദിവസംകൊണ്ടു ഒരുവിധം മനസ്സിലാക്കി.

ഇനി അല്പം ദിവസം ഗംഗാനദികൊണ്ടു കീർത്തിപ്പെട്ട ബെനാറീസ്സു പട്ടണത്തിൽ പോയി താമസിക്കേണമെന്ന അവൻ ഉറച്ചു. അന്ന അവിടെനിന്ന പകൽ മൂന്ന മണിക്കു കൽക്കത്താവിലേക്കു നേരെ പോകുന്ന

വണ്ടിയിൽ ബെനാറീസ്സ സ്റ്റേഷനിലേക്ക ടിക്കെററ വാങ്ങി അവൻ ആ രാജ്യം വിടുകയും ചെയ്തു.

കൃത്യമായി പന്ത്രണ്ടു മണിക്കൂറ നേരംകൊണ്ടു വണ്ടി ബെനാറീസ്സ സ്റ്റേഷനിൽ എത്തി. ഒമ്പത മണിക്ക "ടൂണ്ട്ലാ" എന്ന സ്റ്റേഷനിൽനിന്ന അല്പം ചിലത വാങ്ങി സുഖമായി ഭക്ഷിച്ചിട്ടുണ്ടായിരുന്നതുകൊണ്ടും ബെനാറീസ്സിൽ എത്തിയപ്പോഴക്ക അസമയമായിരുന്നതുകൊണ്ടും അപ്പോൾ അവൻ ഒന്നും ഭക്ഷിച്ചില്ല. അന്നത്തെ രാത്രി സ്റ്റേഷനിൽതന്നെ താമസിക്കുന്നതാണ രക്ഷ എന്ന കരുതി സുകുമാരൻ അതുവരെ ധരിച്ചിരുന്ന ഇംഗ്ലീഷ മാതിരിയിലുള്ള ഉടുപ്പുകളെല്ലാം അഴിച്ചു വെക്കുകയും, ഒന്നാംക്ലാസ്സ യാത്രക്കാൎക്ക താമസിപ്പാനുള്ള അതിവിശേഷമായ ഒരു മുറിയിൽതന്നെ കിടന്നുറങ്ങുകയും ചെയ്തു.

പിറേറദിവസം പുലൎന്നപ്പോൾ അവൻ സാധാരണ ഒരു പ്ലാനൽഷൎട്ടും കോട്ടും ചെറിയ ഒരു കാശ്മീര തൊപ്പിയും മാത്രം ധരിച്ചു, പായകെട്ടി സജ്ജമാക്കി നിൎത്തിട്ടുണ്ടായിരുന്ന ബൊട്ടിൽ കയറി ഗംഗാനദി കടന്ന കാശീപട്ടണത്തിൽ എത്തി. അവിടെ താമസിക്കേണ്ടതിന്ന ഒരു ഗൃഹം തിരഞ്ഞെടുത്തിട്ടുണ്ടായിരുന്നത കേദാരഘാട്ടിൽ കോദണ്ഡരാമ ശാസ്ത്രികളുടെ ഗൃഹമായിരുന്നു. അന്നരാവിലെതന്നെ മണികൎണ്ണികാഘാട്ടിൽ പോയി ഗംഗാസ്നാനം വിശേശ്വരദൎശനം മുതലായത ശാസ്ത്രികളുടെ മുഖാന്തരംതന്നെ വിധിക്കതക്കവണ്ണം ചെയ്തു. കോദണ്ഡരാമശാസ്ത്രികളുടെ ആ ഗൃഹത്തിന്റെ മുകളിൽ ഇരുന്ന നോക്കിയാൽ ആ പട്ടണത്തിലുള്ള മിക്കകാഴ്ചകളും കാണ്മാൻ പ്രയാസമില്ല. ഈ ഗൃഹം ഗംഗയിലേക്ക എറക്കികെട്ടിയതും അഞ്ചു നിലയുള്ളതും ആയിരുന്നു.

ഈ കാശീപട്ടണം ബ്രിട്ടീഷ ഗവൎമ്മേണ്ടിന്റെ കീഴിൽ വടക്ക പടിഞ്ഞാറുള്ള രാജ്യങ്ങളിൽ വെച്ച ഏററവും വലിയതും, പാപഹരമായ ഗംഗാനദികൊണ്ടും വിശ്വനാഥ ക്ഷേത്രംകൊണ്ടും എത്രയും കീൎത്തിപ്പെട്ടതും, ആയ ഒന്നാകുന്നു. മഹത്തായ ഈ ക്ഷേത്രത്തെയാണ പണ്ട ബിംബാരാധന കൂടാതെ എല്ലാടവും മഹമ്മദമതം സ്ഥിരപ്പെടുത്തേണമെന്ന യത്നിച്ചവനും മോഗൾചക്രവൎത്തിയും ആയ ഔറംഗസീബ് ഇടിച്ചു കളഞ്ഞത. ഇങ്ങിനെ പൊളിച്ചെടുത്ത കല്ലുകളെകൊണ്ട ആ ക്ഷേത്രവളപ്പിൽതന്നെ അവൻ ഒരു പള്ളിയും തീൎപ്പിച്ചിട്ടുണ്ട. ഈ പട്ടണത്തിൽനിന്ന മൂന്ന നാഴിക കിഴക്കെക്കായി യൂറോപ്യൻമാൎക്ക താമസിപ്പാൻ "ശിക്കളൂര" എന്ന പ്രധാനപ്പെട്ട ഒരു പ്രദേശമുണ്ട. അവിടുത്തെ പ്രധാനമായ കോടതികളും കച്ചേരികളും മററും ആ പ്രദേശത്താണ സ്ഥാപിക്കപ്പെട്ടിരിക്കുന്നത. ഗംഗാനദി ശാശ്വതമായി പ്രവാഹിച്ചുംകൊണ്ടും, എത്രയും സമൃദ്ധമായും അതിരമണീയമായും ഉള്ള ഈ കാശീപട്ടണത്തിൽ കുറെ അധികം കാലം താമസിപ്പാനായി സുകുമാരൻ ഉറച്ചു. വൈശിഷ്ട്യമേറിയ ഈ കാശീപട്ടണത്തിൽ വന്നാൽ കുറഞ്ഞത പത്തു മാസമെങ്കിലും താമസിക്കേണമെന്ന മോഹിക്കാത്തവർ ഹിന്തുക്കളിൽ ആരും തന്നെ ഇല്ലെന്നു പ്രസ്ഥാപിച്ചാൽ ലേശവും അസത്യമായി വരികയില്ലെന്ന എനിക്ക രീച്ചയായും പറവാൻ കഴിയും. സുകുമാരൻ അവിടെ അധികം കാലം താമസിപ്പാനുള്ള ശട്ടങ്ങളെല്ലാം ചെയ്തു വന്നു. തനിക്ക പ്രതാപരുദ്രമഹാരാജാവ എത്രയും കൌതുകമായി തന്ന ഒരു വൈരമോതിരവും ഒരു ജോഡ കടുക്കനും സുകുമാരൻ വിററുകളഞ്ഞു. എന്നും വിററുകളവാൻ തക്ക നിലയില്ലായി

രുന്നു സുകുമാരന്ന അ സമയം നേരിട്ടിട്ടുണ്ടായിരുന്ന ബുദ്ധിമുട്ട.

കാശിയിൽ എത്തിയതിന്ന ശേഷം അവൻ നടവടികളെല്ലാം ഒന്ന മാററി. മണി കണ്ണികയിൽ പോയി അരുണോദയത്തിന്ന സ്നാനം ചെയ്യും. സ്വാമിദൎശനവും തേവാരവും കഴിച്ചു ഒമ്പത മണിക്കു മടങ്ങി താമസിക്കുന്ന സ്ഥലത്ത എത്തും. ഭക്ഷണം പത്തരമണിക്കു തന്നെ കഴിക്കാത്ത ദിവസമില്ല. പകൽ മൂന്നു മണി കഴിഞ്ഞാൽ ചായ കഴിച്ചു, വെള്ളഫ്ളീലകൊണ്ടുള്ള ഒരു അടിക്കുപ്പായം, അതിന്ന മീതെ ഒരു ഫ്ളാനൽ കോട്ടു, ചെറിയ ഒരു തൊപ്പി, ജോഡ്, ഇതുകൾ ധരിച്ചു പുതിയ പരിഷ്കാരപ്രകാരം ഒരു വടിയും എടുത്ത അവൻ പുറത്ത പോകും. അഞ്ചു മണി കഴിഞ്ഞാൽ ഒരോ ഘാട്ടുകളിൽ കരിങ്കല്ലുകൊണ്ടു ഗംഗയിലേക്കു എറക്കി കെട്ടിയ ക്ലൂപ്പിന്മേലും, ചില ദിവസം രാജഘാട്ടിൽ അതി വിശേഷമായും ഗംഭീരമായും എത്രയും ദ്രവ്യം ചിലവ ചെയ്തു കെട്ടി ഉണ്ടാക്കിയ ഇരുമ്പു പാലത്തിന്മേൽ ജനങ്ങൾക്കു ഇരിപ്പാൻ വരിവരിയായി വെച്ചിട്ടുള്ള ബെഞ്ചിന്മേലും, ഇരുന്നുകൊണ്ടു ഗംഗയിലേക്കു നോക്കി നിൎമ്മലമായ മന്ദ സമീരണനെ ഏററുകൊണ്ടിരിക്കും. ആറ മണി കഴിഞ്ഞാൽ പാദക്ഷാളനവും പാപഹരമായ പരമശിവ ദൎശനവും കഴിഞ്ഞു മടങ്ങി പാൎക്കുന്നേടത്ത എത്തും. അത്താഴം കഴിഞ്ഞാൽ മനോവിനോദത്തിന്നായി അല്പം ഇംഗ്ലീഷു നോവലും വായിക്കും. ഇങ്ങിനെയായിരുന്നു സുകുമാരൻ അവിടെ ദിവസം കഴിച്ചു വന്നിരുന്നത. "തലമുടിയുള്ളവക്കു ചാച്ചും ചെരിച്ചും കെട്ടാം" എന്നുള്ള പഴഞ്ചൊല്ലുപോലെ മഹാന്മാർ ഏതു വേഷം കെട്ടിയാലും ശോഭിക്കും.

അങ്ങിനെ ഒരു ദിവസം സുകുമാരൻ പതിവുപോലെ പാലത്തിന്മേൽ ഇരുന്ന കാററു കൊള്ളുമ്പോൾ കൃഷ്ണവൎണ്ണത്തിലുള്ള ഉന്നതമായ അശ്വദ്വയത്തെ ബന്ധിച്ചതും വിമാന സദൃശവും ആയ ഒരു സാരട്ടിൽ കയറി ഒരു യോഗ്യൻ ഓടിച്ചുകൊണ്ടു വരികയും അടുത്തു വന്നപ്പോൾ വണ്ടിയിൽനിന്നു ഇറങ്ങി സുകുമാരൻ ഇരിക്കുന്നതിന്റെ അരികത്തുള്ള ഒരു ബെഞ്ചിന്മേൽ ഇരിക്കുകയും ചെയ്തു. അദ്ദേഹവും കാററു കൊള്ളാനായിട്ടുതന്നെ വന്നിട്ടുള്ളാളാണ. അദ്ദേഹത്തിന്റെ പേര ചന്ദ്രനാഥബാനൎജ്ജിയെന്നാണ. ചന്ദ്രനാഥബാനൎജ്ജി ഇംഗ്ലീഷു ഒട്ടും അറിയാത്ത ഒരു പഴയ സമ്പ്രദായക്കാരനാണ. അദ്ദേഹം കാശീപട്ടണത്തിലെ ഒരു വലിയ കച്ചവടക്കാരനും, കിട്ടുന്ന ആദായം മുഴുവനും സുഖാനുഭവത്തിനും സ്നേഹിതന്മാരെ സൽകരിക്കേണ്ടതിന്നും വേണ്ടി ചിലവ ചെയ്യുന്ന ഒരു ഉദാരപുരുഷനും, സ്നേഹിതന്മാരെ സമ്പാദിപ്പാൻ അതി വിരുതനും, ആയിരുന്നു. അദ്ദേഹം സുകുമാരനെ കണ്ടപ്പോൾ "ആരാണിതു! മനസ്സിലായില്ലല്ലൊ. ഇയ്യാളെ വളരെ പരിചയമുള്ള ഒരാളെ പോലെ തോന്നുന്നു. ആട്ടേ, ചോദിച്ചാൽ അറിയാമെല്ലൊ" എന്നിങ്ങിനെ താനെ മനസ്സുകൊണ്ടു ആലോചിച്ചു സുകുമാരനോട ഓരോന്നു ചോദിച്ചു തുടങ്ങി.

ചന്ദ്ര— അങ്ങയെ പരിചയം ഉള്ളതുപോലെ തോന്നുന്നു. അങ്ങു ആരാണെന്നു അറിവാൻ ആഗ്രഹമുണ്ടായിരുന്നു.

സുക— ഞാൻ കാശ്മീര രാജ്യക്കാരിൽ ഒരുവനാണ. എന്നെ അങ്ങേക്കു പരിചയമുണ്ടാവാൻ കാരണമില്ല.

ചന്ദ്ര— ഇവിടെ വന്നതു തീൎത്ഥയാത്രക്കാരുടെ നിലയിൽ ആയിരിക്കാം അല്ലേ?

http://idb.ub.uni-tuebingen.de/diglit/CiXIV262/0087
Eberhard Karls Universität Tübingen
Universitätsbibliothek Tübingen
gefördert durch die DFG

സുകു– അല്ലെന്നില്ല. രാജ്യസഞ്ചാരത്തിന്നായി എറങ്ങിയപ്പോൾ ഗംഗാസ്നാനവും സാധിക്കാമെന്ന വിചാരിച്ച ഇവിടെ വന്നു.

ചന്ദ്ര– സ്നാനം മുതലായതെല്ലാം ഇഷ്ടം പോലെ സാധിച്ച കഴിഞ്ഞുവോ?

സുകു– ഉവ്വ്. എല്ലാം വേണ്ടത പോലെ കഴിഞ്ഞു. ഇനി ഗംഗാപൂജ മാത്രം ബാക്കിയുണ്ട.

ചന്ദ്ര– അത മടങ്ങി പോകുമ്പോഴല്ലെ സാധാരണ എല്ലാവരും ചെയ്യുമാറുള്ളത? അങ്ങ എവിടെയാണ താമസിക്കുന്നത? ഇവിടെ പരിചയക്കാര വല്ലവരും ഉണ്ടോ?

സുകു– ഈ ദിക്കിൽ ഇനിക്ക പരിചയക്കാരാരുമില്ല. താമസിക്കുന്നത കേദാരഘാട്ടിൽ കോദണ്ഡരാമശാസ്ത്രികളുടെ ഗൃഹത്തിലാണ.

ചന്ദ്ര– അയ്യോ! അങ്ങ അവിടെ നിന്ന ക്ഷണത്തിൽ താമസം മാററണം. അദ്ദേഹത്തിന്റെ ഭാൎയ്യ തപശോഷിയാണെ. അറിഞ്ഞില്ലെന്ന വരരുത.

സുകു– ഇത ഞാൻ ലേശംപോലും അറിഞ്ഞില. ഇനിക്ക ഇത്ര ഒരു വഞ്ചം മറെറാന്നിലുമില്ലെന്നതന്നെ പറയാം. ഇത അറിഞ്ഞത വളരെ ഉപകാരമായി.

ചന്ദ്ര– വന്ന കാൎയ്യങ്ങളെല്ലാം ഒരു വിധം സാധിച്ച കഴിഞ്ഞ അവസ്ഥക്ക അങ്ങേക്ക എന്റെ ഗൃഹത്തിൽ തന്നെ താമസിക്കാമെല്ലൊ. അങ്ങേക്ക സന്തോഷമുണ്ടെങ്കിൽ ഇപ്പോൾതന്നെ ഒന്നിച്ച പോവാം. ഞാൻ ഇവിടെയുള്ള ഒരു കച്ചവടക്കാരനാണ.

സുകു– യോഗ്യനായ അങ്ങേക്ക അല്പനായ ഈ എന്നിൽ ഇങ്ങിനെ ദയ തോന്നിയ്ത എന്റെ ഒരു ഭാഗ്യപൂരം തന്നെ. ഞാൻ ശാസ്ത്രികളോട യാത്ര പറഞ്ഞവഴിയെ എത്തിക്കൊള്ളാം. എന്നാൽ പോരെ?

http://idb.ub.uni-tuebingen.de/diglit/CiXIV262/0088
Universitätsbibliothek Tübingen

ചന്ദ്ര— അങ്ങു ഇത്രമാത്രമെ വിചാരിച്ചിട്ടുള്ളുവെങ്കിൽ നേ:ക്ക രണ്ടുപേൎക്കുംകൂടി പോയി അദ്ദേഹത്തെ കണ്ടു ആ വഴിക്ക തന്നെ വീട്ടിൽ പോകാമെല്ലൊ?

സുകു— എന്നാൽ അങ്ങിനെതന്നെ. ഞാൻ അങ്ങയെ ബുദ്ധിമുട്ടിക്കെണ്ടായെന്നു വിചാരിച്ചിട്ടെത പറഞ്ഞത. ഇതിൽ വേറെ ഒരൎത്ഥമുണ്ടെന്ന അങ്ങു കരുതരുതെ.

ചന്ദ്ര— അങ്ങു കാശ്മീരരാജ്യക്കാരനാണെന്നല്ലെ പറഞ്ഞത? ആ ര:ജ്യത്തെ മഹാരാജാവും പ്രജകളും ക്ഷേമത്തിൽ തന്നെ ഇരിക്കുന്നുവൊ? അവിടെ സുകുമാരനെന്ന പേരായ ഒരു കുട്ടിയുണ്ടല്ലൊ. അദ്ദേഹത്തെ അങ്ങു അറിയുമൊ?

സുകു— ആ രാജ്യത്തെ സൈന്യാധിപതിയുടെ പുത്രനായ സുകുമാരനെപററിത്തന്നെയൊ അങ്ങു ചോദിച്ചത?

ചന്ദ്ര— അതെ. അദ്ദേഹത്തെ പററിത്തന്നെയാണ ഞാൻ ചോദിച്ചത.

സുകു— ആ സുകുമാരനെ ഞാൻ ധാരാളം അറിയും.

ചന്ദ്ര— അച്ശൻ മരിച്ചതിൻെറശേഷം പ്രതാപരുദ്രമഹാരാജാവ ഏററവും വാത്സല്യത്തോടുകൂടി സുകുമാരനെ സംരക്ഷിച്ചുവരുന്നു എന്നും വിദ്യാഭ്യാസം വഴിപോലെ ചെയ്യിക്കുന്നു എന്നും കേട്ടു. അദ്ദേഹം സുഖമായി ഇരിക്കുന്നുണ്ടൊ? വിദ്യാഭ്യാസം എത്രത്തോളമായി? അദ്ദേഹത്തിൻെറ ൧൦൦ വക ക്ഷേമാഭ്യുദയകഥകളെ കേൾപ്പാൻ എൻെറ കൎണ്ണങ്ങൾ കൊതിക്കുന്നു.

സുകു— ("ഇദ്ദേഹം എന്താണ ഇത്ര ഒരു പരിചയം നടിപ്പാൻകാരണം! ഒന്നിലൊ മഹാരാജാവിൻെറ വഴിക്കായിരിക്കണം. അല്ലങ്കിൽ അച്ശൻ നിമിത്തമായിരിക്കണം. ഏതായാലുംഅറിയാം"എന്നിപ്രകാരം ആലോചിച്ചു) സുകുമാരനുമായുള്ള സ്നേഹവും പരിചയവും അ

ങ്ങേക്ക എങ്ങിനെ ലഭിച്ചു? അദ്ദേഹം ആ രാജ്യംവിട്ട പുറത്തെങ്ങും ഇതുവരെ സഞ്ചരിച്ചിട്ടുതന്നെ ഇല്ലല്ലൊ.

ചന്ദ്ര— അതൊ പറയാം. സുകുമാരൻെറ അച്ഛൻ കാശ്മീരചക്രവൎത്തിയുടെ കീഴിലുള്ള ചെറിയ ഒരു രാജ്യത്തെ പ്രഭുവായിരുന്നു. അദ്ദേഹം എൻെറ വലിയ ഒരു സ്നേഹിതനായിരുന്നു. അന്യോന്യം പലെ ഉപകാരങ്ങളും ഉണ്ടായിട്ടുണ്ട. ബാല്യംമുതൽക്കതന്നെ ഞങ്ങൾതമ്മിൽ വളരെ സ്നേഹമായിട്ടാണ കഴിഞ്ഞുവന്നിരിക്കുന്നത. അദ്ദേഹം മരിക്കുന്നതിന്നമുമ്പ നാലകൊല്ലംവരെയും ദേഹസുഖത്തിന്ന വേണ്ടി ചില സമയങ്ങളിൽ ഇവിടെ വന്നതാമസിക്കാറുണ്ട. ആ കാലത്ത ഞങ്ങൾ തമ്മിൽ എത്രയാണ കളിച്ചിരിക്കുന്നത! അദ്ദേഹത്തെപോലെ നായാട്ടിൽ ഭ്രമമുള്ള ഒരാളെ ഞാൻ ഇതുവരെ കണ്ടിട്ടില്ല. ഞാനും അദ്ദേഹവും തമ്മിൽ നടന്ന ഒരോരൊ കിഴക്രമങ്ങൾ പറവാൻ തുടങ്ങിയാൽ അവസാനമില്ല. ഞാൻ സുകുമാരനെ ഒരിക്കൽകണ്ടിട്ടുണ്ട. അന്ന അവന്ന മൂന്നൊ നാലൊ വയസ്സ പ്രായമാണ. സുകുമാരനെ ഒന്ന കണ്ടാൽ കൊള്ളാമെന്നുള്ള മോഹം നിൎഭാഗ്യവശാൽ ഇതുവരെക്കും സാധിക്കാതെ പോയി. പതിനഞ്ചദിവസത്തിന്നുള്ളിൽ കാശ്മീരരാജ്യത്തിൽ പോയി അദ്ദേഹത്തെ ഒന്ന കാണേണമെന്നാണ ഇപ്പോഴത്തെ വിചാരം. സാധിക്കുമൊ ഈശ്വരൻ കണ്ടു!

സുകു— എന്നാൽ ഈ പറഞ്ഞ സുകുമാരൻ ഞാൻതന്നെയാണ. അച്ഛൻെറ പരമസുഹൃത്തായ അങ്ങയെ ഞാൻ ഇതാ വന്ദിക്കുന്നു. അങ്ങും എൻെറ അച്ഛനും തമ്മിൽ ഉണ്ടായിരുന്ന സ്നേഹവും വിശ്വാസവും അച്ഛൻ അദ്ദേഹത്തിൻെറ ജീവചരിത്രം എഴുതിവെച്ചിട്ടുള്ളത നോക്കി ഞാൻ മനസ്സിലാക്കിട്ടുണ്ട. അങ്ങയെ

ഒരുനോക്ക കണ്ടാൽ കൊള്ളാമെന്നുള്ള മോഹം ഇനിക്ക അന്നമുതൽക്ക തുടങ്ങീയിരിക്കുന്നു. പക്ഷെ ഇതവരെക്കും ഞാൻ മഹാരാജാവിന്റെ രക്ഷയിൽ ആയിരുന്നതകൊണ്ട എനിക്ക സ്വാതന്ത്ര്യമില്ലെന്ന അങ്ങ അറിഞ്ഞിരിപ്പാൻ സംഗതിയുണ്ട. അങ്ങയെ വന്ന കാണേണ്ടുന്ന കടം എന്റെ പക്കൽ ബാക്കിയുണ്ടായിരുന്നത ഇപ്പോൾ തീൎന്നു, അങ്ങയെ ഇപ്പോഴെങ്കിലും കാണ്മാൻ സംഗതിവന്നതകൊണ്ട ഞാൻ സന്തോഷിക്കുന്നു. ഇനിക്ക അച്ഛൻ വെച്ചേച്ചുപോയ വലിയ ഒരു നിധി അങ്ങയുടെ പ്രീതിതന്നെയാണ.

ചന്ദ്ര— ഭവദ്ദൎശനം ഇപ്പോൾ വിചാരിക്കാത്തതാണ. അതിനാൽ ഇനിക്ക അളവില്ലാത്ത സന്തോഷമുണ്ട. അങ്ങ പുറപ്പെടുന്ന വിവരത്തിന്ന മുൻകൂട്ടി ഇനിക്ക അറിവ തരാതെ ഇവിടെ വന്ന കണ്ട സ്ഥലങ്ങളിലെല്ലാം താമസിക്കുന്നുവെല്ലൊ കഷ്ടം!

എന്നിങ്ങിനെ പറഞ്ഞ ചന്ദ്രനാഥബാനൎജ്ജിയും സുകുമാരനുംകൂടി കൈപിടിച്ച വണ്ടിയിൽ കയറിയിരുന്ന "കോച്ചമാൻ! കേദാരഘാട്ടിൽപോയി വീട്ടിൽ പോകണം" എന്ന പറഞ്ഞു. വണ്ടിയിൽ പോകുമ്പോൾ ചന്ദ്രനാഥബാനൎജ്ജി സുകുമാരനോട "ഇനിക്ക ഒരു മകനും ഒരു മകളും ഉണ്ട. മകൻ ഉദ്യോഗംനിമിത്തം പൂനായിൽ താമസിക്കുന്നു. അവിടെ ഒരു സബ്ബ്കലെക്ടരാണ. ഗൃഹകാൎയ്യവും കച്ചവടകാൎയ്യവുംകൂടി നോക്കി നിവൃത്തിപ്പാൻ ആൾ ചുരുങ്ങിയതകൊണ്ട അവനെ ഉദ്യോഗത്തിന്ന അയപ്പാൻ ഇനിക്ക അത്ര സന്തോഷമുണ്ടായിരുന്നില്ല. അങ്ങയുടെ അച്ഛന്റെ നിൎബ്ബന്ധത്തിന്മേലാണ അയച്ചത. മകളെ കൽക്കത്തായിൽ ഒരു കച്ചവടക്കാരന്റെ മകന കൊടുത്തിരിക്കുന്നു— അവര

വലിയ ഒരു സമ്പന്നന്മാരല്ല. കച്ചോടംചെയ്തു കിട്ടുന്ന ആദായംകൊണ്ടു ചുരുങ്ങിയ നിലയിൽ ചിലവു കഴിക്കുന്നവരാണു. മകളെ അവരുടെ ഗൃഹത്തിലേക്കു അയക്കു കഴിഞ്ഞിട്ടില്ല." എന്നിങ്ങിനെ പറഞ്ഞുംകൊണ്ടു കാൽമണിക്കൂറ നേരം കഴിഞ്ഞപ്പോൾ അവർ കേദാരഘാട്ടിൽ എത്തി. സുകുമാരൻ എറങ്ങിപ്പോയി ശാസ്ത്രികൾക്കു മുപ്പതു ഉറുപ്പിക കൊടുക്കുകയും സാമാനങ്ങളെല്ലാം എടുത്തു വണ്ടിയിൽ കയറുകയും ചെയ്തു. പിന്നെ പത്തുമിനുട്ടനേരംകൊണ്ടു അവർ ചന്ദ്രനാഥബാനർജ്ജിയുടെ ഗൃഹത്തിൽ എത്തി ചേൎന്നു.

വണ്ടിയിൽനിന്നു എറങ്ങിയ ഉടനെ അവർ ആ ബംഗ്ലാവിലുള്ള പൂന്തോട്ടത്തിലെ ലതാഗൃഹങ്ങളിൽ ഒന്നിൽ അല്പംനേരം ഇരുന്നു വിശ്രമിച്ചു. ചന്ദ്രനാഥബാനർജ്ജി "പ്ര്യൻ പ്ര്യൻ" എന്നു രണ്ടു മൂന്നു പ്രാവശ്യം ഉറക്കെ വിളിച്ചു. അപ്പോൾ നാസികാന്തത്തിൽനിന്നു മൂർദ്ധാവു പൎയ്യന്തം വൈഷ്ണവ ചിഹ്നമായ ഗോപിയുംതൊട്ടു ഒരുവൻ "സർ" എന്നു പറഞ്ഞുംകൊണ്ടു ബംഗ്ലാവിന്റെ പിൻപുറത്തുനിന്നു ഓടിവന്നു പഞ്ചപുച്ഛമടക്കിക്കൊണ്ടു നില്ക്കുന്നതു കണ്ടു. "എന്തു നില്ക്കുന്നു. ചായ വേണം. അകത്തുപോയി പറെ" എന്നു പറഞ്ഞതിനെ കേട്ട സമയം അവൻ പാഞ്ഞു. പത്തു നിമിഷം കഴിഞ്ഞപ്പോൾ അവൻ മടങ്ങിവന്നു "സർ, എല്ലാംറഡി" എന്നു പറഞ്ഞു. ചന്ദ്രനാഥബാനർജ്ജി "ദനോക്കു അല്പം ചായ കഴിക്കല്ലെ? പോവ്വാ" എന്നു പറഞ്ഞു സുകുമാരനോടുകൂടി ബംഗ്ലാവിൽ ഒരു മുറിയിൽ ചെന്നിരുന്നു. അവിടെ മാർബൾ കല്ലുകൊണ്ടു വൃത്താകാരത്തിലുള്ള ഒരു മേശമേൽ കാപ്പി, ചായ, കോതമ്പം കൊണ്ടുള്ള അനേക തരത്തിലുള്ള പലഹാരങ്ങൾ, ഉഴുന്നുവട,

http://idb.ub.uni-tuebingen.de/diglit/CiXIV262/0092
EBERHARD KARLS UNIVERSITÄT TÜBINGEN
Universitätsbibliothek Tübingen
gefördert durch die DFG

പഴം, പഞ്ചസാര മുതലായ മധുര പദാൎത്ഥങ്ങൾ വെള്ളികൊണ്ടുള്ള കിണ്ണങ്ങളിൽ ആക്കി ഒന്നിനോടൊന്ന തൊടാതെ വളരെ വക തിരിവോടുകൂടി നിരത്തി വെച്ചിരിക്കുന്നതും മേശയുടെ അരികത്ത എത്രയും വിനയത്തോടുകൂടി പന്ത്രണ്ട വയസ്സു പ്രായമുള്ള ഒരു സ്ത്രീരത്നം നില്ക്കുന്നതും സുകുമാരൻ കണ്ടു. ൟ വക വക തിരിവ മുഴുവനും ൟ കുട്ടിയുടെതാണെന്ന സുകുമാരൻ ക്ഷണത്തിൽ മനസ്സിലാക്കി. അത കണ്ടിട്ട അവന വളരെ കൌതുകവും സന്തോഷവും തോന്നി.

ഉടനെ ചന്ദ്രനാഥബാനൎജ്ജി സുകുമാരനെ നോക്കി "ഇവളാണ എന്റെ പുത്രി. ഇവൾക്ക സീതാലക്ഷ്മി എന്ന പേരാണ" എന്നും മകളെ നോക്കി "ഇദ്ദേഹം അച്ഛന വളരെ പ്രിയപ്പെട്ട ഒരു സുഹൃത്താണ. സുകുമാരൻ എന്നാണ പേര" എന്നും അന്യോന്യം പറഞ്ഞ മനസ്സിലാക്കി കൊടുത്തു. അവർ ഓരോന്ന പറഞ്ഞുംകൊണ്ട ചായ കഴിക്കുകയും ഒമ്പത മണിക്കുതന്നെ ഭക്ഷണം തെയ്യാറാകേണമെന്ന ബാനൎജ്ജി മകളെ ഏല്പിച്ചയക്കുകയും ചെയ്തു. അതിന്റെശേഷം അദ്ദേഹം "അങ്ങേക്ക ൟ ഗൃഹമെല്ലാം കാണേണ്ടെ?" എന്ന ചോദിച്ചു ആ ഗൃഹവും അതിലുള്ള സാരമായ മുറികളും മററും എത്രയും വിശ്വസ്ഥന്റെ നിലയിൽ സുകുമാരന കാണിച്ചുകൊടുത്തു.

ചന്ദ്രനാഥബാനൎജ്ജിയുടെ ഗൃഹത്തിന്റെ ഗുണങ്ങളെ അല്പം പറയേണ്ടതാണ എങ്കിലും ഗ്രന്ഥം വൎദ്ധിച്ചുപോകുമൊ എന്ന ശങ്കിച്ചു മടിക്കുന്നു. സ്ഥലങ്ങളെല്ലാം സുകുമാരന കാണിച്ചുകൊടുത്തതിന്നശേഷം അവർ രണ്ടുപേരുംകൂടി സ്നാനത്തിന്നായി പോയി. സുകുമാരൻ കുളിമുറിയിൽ കടന്ന നോക്കിയസമയം അവിടെ കാർ



http://idb.ub.uni-tuebingen.de/diglit/CiXIV262/0093
Universitätsbibliothek Tübingen

ബോളിക്ക് ടർബിൻ ഗ്ലിസറിൻ മുതലായ നാലഞ്ചുവിധം സോപ്പുകളും രക്തവർണ്ണത്തിലുള്ള സുരഭികളായ തൈലങ്ങളും മററും അതാതിനുള്ള പാത്രങ്ങളിലാക്കി കറുത്ത ഒരു കല്ലുമേശമേൽ നിരത്തിവെച്ചിരിക്കുന്നതിനെ കണ്ടു. തോർത്തുമുണ്ടു ലേശവും അഴുക്കുകൂടാതെ തിരിമ്പി പിഴിഞ്ഞ ഒരു ചരടകെട്ടിയതിന്മേൽ ഇട്ടിരിക്കുന്നു. ംരംറൻ മാറേറണ്ടതിന്ന വിശേഷമായ ശുഭ്രവസ്ത്രങ്ങളും ഫ്ലാനൽ ശീലകൊണ്ടു അനേകതരത്തിലും നിറത്തിലും ഉള്ള ഷർട്ടുകളും മറെറാരു ചരട്ടിന്മേലും ഇട്ടിരിക്കുന്നു. എത്രയും വലിയ രണ്ടു കുട്ടകങ്ങളിൽ ഒന്നിൽ കാഞ്ഞവെള്ളവും മറേറതിൽ രാമച്ചം ഇട്ടു തണുപ്പിച്ച പച്ചവെള്ളവും നിറച്ചുവെച്ചിട്ടുണ്ടു. ഇതുകളെല്ലാം കണ്ടപ്പോൾ ചന്ദ്രനാഥബാനർജ്ജി ഏററവും സുഖിയനാണെന്ന സുകുമാരൻ വിചാരിച്ചു. അവൻ സ്നാനംകഴിഞ്ഞെത്തിയപ്പോഴക്കു ബാനർജ്ജിയും കുളിച്ചെത്തിയിരിക്കുന്നു.

ചന്ദ്ര— ഇനി എന്തിനാണ ഭക്ഷണത്തിന്ന താമസിക്കുന്നത? എല്ലാം തെയ്യാറായിയെന്നു പറഞ്ഞിട്ട രണ്ടു നാഴികയായി. വെച്ചതെല്ലാം ചൂടാറി ചീത്തയാവുന്നതിന്നമുമ്പ അത കഴിച്ചുകളയല്ലെ?

സുകു— അല്ലാ! ഇതാണ നന്നായത! ഇനിക്കു കാലമായിട്ട എത്രനേരമായി! സാധാരണ എല്ലാദിവസവും എൻെറ അത്താഴം ഇതിന്നുമുമ്പായി കഴിയും. ഞാൻ അങ്ങേക്കും കാലമാവട്ടെ എന്നവിചാരിച്ചിരിക്കയാണ.

ചന്ദ്ര— ഒ, ഹൊ! അതഞാൻ മനസ്സിരുത്തീല. ഇത്രനേരംവഴുകിയതകൊണ്ടു അങ്ങേക്കു സുഖക്കേടായൊ എന്നറഞ്ഞില്ല.

സുകു— നല്ലശിക്ഷ, എന്താണ സുഖക്കേട. യാതൊന്നുമില്ല. ഇന്നെത്തെ അത്താഴത്തിന്നു താമസിക്കുന്നേട

ത്തോളം ഇനിക്കു രസമാണു. അഞ്ചരമണിക്കല്ലെ നോം ഇടിപൊടിയായി ഫലഹാരം കഴിച്ചതു? ഞാൻ അതിഭക്ഷണം വളരെ കരുതുന്നാളാണു. ഇനിക്കു അപ്പോൾ അതു കഴിക്കുന്നതിൽ അത്ര മനസ്സുണ്ടായിരുന്നില്ല എങ്കിലും അങ്ങയുടെ നിർബ്ബന്ധത്തിന്മേൽ അധികം തട്ടിവിട്ടു എന്നെയുള്ളു. ആ ഉഴുന്നുവടയാണു ഇത്രയും ചതിച്ചതു.

ചന്ദ്ര— അങ്ങയെപ്പോലെ നല്ല അഗ്നിബലമുള്ളവർക്കു എന്തുഭക്ഷിച്ചാലെന്താണു? ഇപ്പോഴല്ലെ കരിങ്കല്ലും ദഹിക്കുന്നകാലം? "യഥേഷ്ടം ഭക്ഷ്യമാദൈഷീഃ തക്രം സലവണംപിബേ" എന്നുള്ള പ്രമാണം അങ്ങു ധരിച്ചിട്ടില്ലെ?

സുകു— അതു നാട്ടുവൈദ്യത്തെ അനുസരിച്ചുള്ള പ്രമാണമല്ലെ? ഇനിക്കു നാട്ടുവൈദ്യത്തിൽ അത്ര തൃപ്തിയും വിശ്വാസവും ഇല്ല. ഒന്നാമതു മനസ്സിരുത്തി ചികിത്സിക്കുന്നവർ തന്നെ കുറയും. ശാസ്ത്രം നന്നല്ലന്നല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം. ഇപ്പോൾ ഒരുസമയം കല്ലും ദഹിക്കുമായിരിക്കാം. നാലുകൊല്ലം കഴിഞ്ഞാൽ കാണാം വൈഷമ്യം.

ചന്ദ്ര— നാട്ടുവൈദ്യത്തിൽ തൃപ്തിയും വിശ്വാസവും ഇല്ലെന്നു അങ്ങു പറഞ്ഞതിൽ ഞാൻ യോജിക്കുന്നില്ല. മറ്റെല്ലാം ഒരുമാതിരി ശരിതന്നെ.

സുകു— അങ്ങേക്കു മുഷിയില്ലെങ്കിൽ നാട്ടു വൈദ്യന്മാരെക്കുറിച്ചു അല്പം പറയാം. ഒന്നാമതു ഒരു പനിരോഗചികിത്സക്കാരനെന്നു വിചാരിക്കുക, അവരെ ചെന്നു വിളിച്ചാൽ "വാവു കഴിയട്ടെ, പക്കപ്പിറന്നാൾ കഴിയട്ടെ" എന്നു പറഞ്ഞു വരാതിരിക്കും. അഥവാ വന്നാലൊ "ത്രിരാത്രി കഴിയട്ടെ, നവജ്വരം കഴിയട്ടെ"

എന്നാവും. ആവക അവധികളെല്ലാം കഴിഞ്ഞ പിന്നേയും ചെന്നു വിളിച്ചാൽ "ഇനിയും പനി വിട്ടിട്ടില്ല്യ? എന്നാൽ കൊത്തമ്പാലകൊണ്ടൊ മുത്തങ്ങ കൊണ്ടൊ കഷായംവെച്ചു കൊടുക്കുന്നതിന്ന വിരോധമില്ല." എന്ന പറയുവാൻ തുടങ്ങും. എന്തിനു വളരെ പറയുന്നു ഒടുവിൽ രോഗാന്തകന്മാരായ ഡോക്ടർന്മാരെക്കൊണ്ട ചികിത്സിപ്പിക്കാൻകൂടി ഇട കൊടുക്കാതെ അവരെ അങ്ങിനെ കൊല്ലും. ഏട്ടൊ പത്തൊ മാസംകൊണ്ട കണ്ട ഗ്രന്ഥങ്ങളെല്ലാം നോക്കി പഠിച്ചു തികഞ്ഞ ഒരു വൈദ്യൻെറ വേഷംകെട്ടി നടക്കുന്ന ഈവക കള്ളന്മാർ സാധുക്കളുടെ കണ്ണിൽ പൊടിയിടുന്നതും തെററി ചികിത്സിച്ചു അവരെ കൊല്ലുന്നതും നാട്ടുപുറങ്ങളിൽ എത്രയാണ കാണുന്നത! "ആയിരം കണ്ണു പൊട്ടിച്ചാൽ അര വൈദ്യൻ" എന്നല്ലെ ഈവകക്കാരെ കുറിച്ചു പറയാറ? ഇനി ഒല്ലുഭേദം ചില പഠിപ്പുള്ളവരുടെ കഥയല്ലെ കേൾക്കേണ്ടത? ഈ കൂട്ടര കണ്ഠഗത പ്രാണന്മാരായി കിടക്കുന്ന രോഗികളെ കണ്ടാൽ "ഒ, ഹൊ! ഇത വളരെ മൂത്തുപോയി. എങ്കിലും നിവൃത്തി ഇല്ലായ്ക ഇല്ല. പക്ഷെ രത്നാദി ഗുളിക സേവിക്കണം" എന്ന പറയും. "എന്നാൽ അത എവിടെ കിട്ടും" എന്ന ചോദിക്കുമ്പോൾ "രണ്ടു ഗുളിക വേറെ ഒരാൾക്കുവേണ്ടി വളരെ സാരമായി ഞാൻ ഉണ്ടാക്കി വെച്ചിട്ടുണ്ട. അതിന്ന മുപ്പത ഉറുപ്പിക വിലയാവും. അത കിട്ടിയാൽ ഇപ്പോൾതന്നെ കൊടുത്തയക്കാം. അതിൽ ഒരു ഗുളിക കഴിക്കേണ്ടുന്ന താമസമെ ഉള്ളു ദീനം മാറാൻ" എന്ന പറഞ്ഞ കണ്ട ശ്ലോകങ്ങളെല്ലാം ചൊല്ലി അവരെ മെരട്ടും. അതിൻെറ ഫലശ്രുതി കേൾക്കുമ്പോഴേക്ക രോഗിയുടെ വീട്ടുകാർ കാ

തിലും കഴുത്തിലും വല്ല പണ്ടങ്ങൾ ഉണ്ടെങ്കിൽ അതും വെള്ളം കുടിക്കുന്ന ഒരു കിണ്ടിയുള്ളതുംകൂടി പണയം വെച്ചു ഓരോരുത്തരോട അഞ്ചും പത്തുമായി വാങ്ങി ഒപ്പിച്ചു വൈദ്യന കൊടുക്കും. അവൻ അത വാങ്ങി പടികടക്കലും രോഗി മരിക്കലും. പിന്നെ ആവക കള്ളന്മാരെ മഷിവെച്ചു നോക്കിയാൽ കൂടി കാണില്ല. കഷ്ടം! ഈവക പിടിച്ചുപറിക്കാരെ നാട്ടിൽ വെച്ചേക്കാമൊ? ഇതെല്ലാം വിചാരിച്ചാൽ ഇംഗ്ലീഷ വൈദ്യന്മാരെക്കൊണ്ട ചികിത്സിപ്പിക്കുന്നത എത്ര സുഖം!

ചന്ദ്ര— അങ്ങെക്ക മുഷിയുമൊ? ഇല്ലെങ്കിൽ ഞാനും ചിലത പറയാം.

സുക— എനിക്കെന്താ മുഷിയുവാൻ? ധാരാളം പറഞ്ഞോളൂ.

ചന്ദ്ര— അങ്ങ ഇത്രയെല്ലാം പറഞ്ഞുവെല്ലൊ? ഈ മാതിരിക്കാർ ഇംഗ്ലീഷ വൈദ്യന്മാരിലും എത്രയുണ്ട! അനേകം പേരെ ഞാൻതന്നെ അറിയും. ഒന്നാമത അവരെ കാണ്മാൻതന്നെ സമയമില്ല. പിന്നെ കണ്ട സംസാരിക്കേണമെങ്കിലൊ പണം മുമ്പിൽ നിരത്തണം. അത വാങ്ങി പെട്ടിയിൽ വെച്ചാൽ കഷ്ടിച്ചു ഒന്നു രണ്ട വാക്കുമാത്രം ചോദിക്കും. ഒടുവിൽ ഒരു കണ്ടം കടലാസ്സിൽ ഒന്നെഴുതിതരുന്നതകാണാം. അതുംകൊണ്ട ഒരു ഷാപ്പിൽചെന്നു അസ്തമിക്കുന്നവരെ നിന്നാൽ ഒരു കുപ്പിയിൽ ഏതാണ്ടൊരു വെള്ളം കിട്ടും. അതിന്റെ വില കേട്ടാൽതന്നെ തല പൊളിയും. അതും കുടിച്ചു രണ്ടദിവസം കിടന്നാൽ ദീനം എരട്ടിച്ചു എന്നമാത്രമല്ല ശക്തിയുംകൂടി. ആവൈദ്യനെത്തന്നെ പിന്നേയും ചെന്നുകാണും. അപ്പോൾ വേറെ ഒരു വെള്ളം കൊടുക്കും. അതുകഴിച്ചു രണ്ടദിവസം കഴിയുമ്പൊഴക്ക മുമ്പ ഇല്ലാ

ത്ത രോഗങ്ങൾകൂടി ആ ദേഹത്തിൽ കണ്ടു തുടങ്ങും. രോഗിയുടെ ദീനം ഇന്നതാണെന്നുകൂടി അറിയാതെ മിനുട്ടിന്ന മിനുട്ടിന്ന മരുന്ന മാറി കൊടുത്ത അവരെ കൊല്ലും. മറെറക്കൂട്ടര മരുന്ന കൊടുക്കാതെ കൊല്ലും. ഠം കൂട്ടര കൊടുത്തു കൊല്ലും. എന്താ ഭേദം? ഇതുകൊണ്ടു നോക്കിയാൽ രണ്ടു കൂട്ടരും തുല്യം. ഏതു രോഗിക്കുവേണ്ടി മരുന്ന വാങ്ങിയൊ ആ രോഗി മരിച്ച അടിയന്തരം കഴിയുന്നതിന്ന മുമ്പതന്നെ ഷാപ്പുകാരുടെ ആൾ പണത്തിന്ന വീട്ടിൽ പാടിരുന്ന ശകാരം തുടങ്ങും. അപ്പോൾ വേറേയുള്ളു ബുദ്ധിമുട്ടിന്റെ കൂട്ടത്തിൽ കണ്ടുത പണയംവെച്ച കടം വാങ്ങി ആ പാട തൊലയ്ക്കാ എന്നല്ലേ വരു? ഇങ്ങിനെ ചിലർ പ്രാഭവത്തിന്ന വേണ്ടിയും ചിലർ തത്വം അറിയാതേയും ഇംഗ്ലീഷുചികിത്സ ചെയ്തു ഒടുവിൽ ദീനം മാറാതെ അപാരമായ പ്രാണവേദനയോടുകൂടി മരിക്കുകയും ചിലർ കടംകൊണ്ടു കാട കയറുകയും ചെയ്തിട്ടുള്ളവർ എത്ര അനവധിയുണ്ടു? അതുകൊണ്ടു എല്ലാററിലും യോഗ്യന്മാരും അയോഗ്യന്മാരും ഇല്ല്യേ? അധികമൊന്നും പറവാനില്ല. ഇത്ര തിരക്കി പറഞ്ഞതുകൊണ്ടു അങ്ങേക്ക മുഷിഞ്ഞുവായിരിക്കാം.

സുക– ഇനിക്ക മുഷിവാൻ കാരണം വേണ്ടെ? കാരണം കൂടാതെ കാര്യം ഉത്ഭവിക്കുമൊ? പ്രകൃതം വന്നപ്പോൾ എന്റെ മനസ്സിലുള്ളതിനെ പറഞ്ഞു എന്നല്ലേ ഉള്ളു? നേരംപോക്കിൽ എന്തെല്ലാം പറയും? അതുകൊണ്ടെല്ലാം മുഷിയുവാൻ തുടങ്ങിയാൽ അവസാനമുണ്ടൊ?

ചന്ദ്ര– അതെല്ലാം പോട്ടെ, ഇനി നോക്ക താമസിച്ചിട്ടാവശ്യമില്ല. ഇത്ര ഭക്ഷിക്കേണമെന്നുണ്ടൊ? വെശപ്പിന്ന അനുസരിച്ച ഭക്ഷിച്ചാൽ മതി.

എന്ന പറഞ്ഞ ബാനൎജ്ജിയും സുകുമാരനും കൂടി ഭക്ഷണത്തിന്നായി പോയി. ഭക്ഷണാനന്തരം അവർ രണ്ടുപേരും മുകളിൽ ചന്ദ്രശാലയിൽ ചെന്നിരുന്ന കാറ്റു കൊള്ളുകയും അല്പം കഴിഞ്ഞപ്പോൾ മൂന്നാം നിലയിലുള്ള വലിയ ഒരു ഒഴിഞ്ഞ മുറിയിൽ വന്നിരിക്കുകയും ചെയ്തു. അങ്ങിനെ ഇരിക്കുമ്പോൾ

ചന്ദ്ര— അങ്ങേക്കു ചുരുട്ടോ മറ്റൊ വേണ്ടതുണ്ടോ?

സുകു— ചുരുട്ട എന്നല്ല പുകയില സംബന്ധിച്ച യാതൊന്നും ഞാൻ ഉപയോഗിക്കാറില്ല.

ചന്ദ്ര- അതൊന്നും കൂടാതിരിക്കുന്നതാണ വളരെ ഉത്തമം. എനിക്കു ഏതുവിധവും ചുരുട്ട വലി കൂടാതെ കഴിയാത്ത വിധത്തിലായി. ഞാൻ ആദ്യം നേരം പോക്കായിട്ടാണ ഈ ചുരുട്ട വലി തുടങ്ങിയതു. ഇപ്പോൾ അതു കൂടാതിരുന്നാൽ ദഹനത്തിന്നും ശോധനക്കും കുറെ തരക്കേട കാണുന്നുണ്ട. അതുകൊണ്ട ഉപേക്ഷിപ്പാനും പ്രയാസം. അങ്ങേക്കു പുകല കൂടാതെ മുറുക്കുന്നതിന്ന ഏതായാലും വിരോധമില്ലല്ലൊ.

എന്ന പറയുമ്പോഴക്കു സീതാലക്ഷ്മി താംബൂലം മുതലായ പദാൎത്ഥങ്ങളെല്ലാം ഒരു വെള്ളിത്തട്ടിൽ ആക്കി സുകുമാരന്റെ പുരോഭാഗത്ത കൊണ്ടുവെച്ച അവിടെ തന്നെ നിന്നു. അപ്പോൾ അച്ഛൻ പറക നിമിത്തം സീതാലക്ഷ്മി ഫിഡിൽ എടുത്ത ഒന്നു രണ്ടു കൃതികൾ വായിച്ചു. “ഇനി അങ്ങും കുറെ വായിക്ക്യാ. അച്ഛന്റെ പാരമ്പൎയ്യം നോക്കിയാൽ അങ്ങേക്കു സംഗീതം നല്ലവണ്ണം അറിഞ്ഞിരിക്കണം” എന്ന ചന്ദ്രനാഥബാനൎജ്ജി പറഞ്ഞതിന്നുത്തരമായി സുകുമാരൻ “നേരം പോക്കായി ചിലതു പാടാമെന്നല്ലാതെ അങ്ങയെ കേൾപ്പിപ്പാൻ തക്ക അറിവൊന്നും സംഗീതത്തിൽ ഇനിക്കി

http://idb.ub.uni-tuebingen.de/diglit/CiXIV262/0099
EBERHARD KARLS UNIVERSITÄT TÜBINGEN
Universitätsbibliothek Tübingen
gefördert durch die DFG

ല്ലാ എങ്കിലും ചിലത കേൾപ്പിക്കാം” എന്ന പറഞ്ഞ എത്രയും ആദരവോടുകൂടെ അവളോട ഫിഡിൽ വാങ്ങി നാട്ട ഗൌളം മുതലായ ചില ഘനരാഗങ്ങളും, തോടി മുതലായ രക്തി രാഗങ്ങളും, ഒന്നു രണ്ടു കീൎത്തനങ്ങളും, വായിച്ചു നിൎത്തി. ഇത്രത്തോളം കഴിഞ്ഞപ്പോഴക്ക തന്നെ സീതാലക്ഷ്മിക്ക സുകുമാരനിൽ അതിയായ ബഹുമതി തോന്നി. “ഇനിയെല്ലാം നാളെയാക്കാം. ഈ മാളിക മുഴുവനും അങ്ങയുടെ സ്വന്തം പോലെ ഉപയോഗിച്ചു കൊള്ളുക. ഇതിൽ ഞാൻ കിടക്കമാറില്ല. ഇത എന്റെ ബന്ധുക്കളോ അങ്ങയെ പോലെയുള്ള സുഹൃത്തുക്കളോ വന്നാൽ അവർ ഉപയോഗിക്കുന്നതാണ. ഈ മാളികയിൽതന്നെയാണ പണ്ട അങ്ങയുടെ അച്ഛനും താമസിച്ചിരുന്നത” എന്ന പറഞ്ഞ ബാനൎജ്ജി മകളോടു കൂടി താഴത്തിറങ്ങി പോകയും ചെയ്തു.

സുകുമാരനോട അവർ കാണിച്ച ആദരവും അതുനിമിത്തം സുകുമാരന അവരെക്കുറിച്ചുണ്ടായ ബഹുമാനവും സ്നേഹവും സന്തോഷവും ഇത്രയെന്ന പറഞ്ഞറിയിപ്പാൻ ഒട്ടും ഒരു എളുപ്പമല്ല.

ഇങ്ങിനെ സുകുമാരൻ ചന്ദ്രനാഥബാനൎജ്ജിയുടെ വൈശിഷ്ട്യമേറിയ ആ ഗൃഹത്തിൽ സകലജനവിശ്വാസപാത്രവും സൎവ്വജനവന്ദ്യനുമായി കുറഞ്ഞൊരുകാലം താമസിച്ചു. വിദ്വച്ഛിരോമണികളായ സഹൃദയഹൃദയന്മാർ ഏതൊരുനാട്ടിലാണ വിളങ്ങാതിരിക്കുന്നത ?

http://idb.ub.uni-tuebingen.de/diglit/CiXIV262/0100
EBERHARD KARLS UNIVERSITÄT TÜBINGEN
Universitätsbibliothek Tübingen
gefördert durch die DFG

## ഏഴാം അദ്ധ്യായം.

### മഹാരാജാവിന്റെ പരലോകപ്രാപ്തി.

പ്രാണതുല്യനായ സുകുമാരൻ പിരിഞ്ഞുപോയതിന്നശേഷം യാതൊരുവാൎത്തയും അറിയാത്തതിനാൽ ഇന്ദുമതി സ്വൈരമായ ആഹാര വിഹാരങ്ങളിൽ ശ്രദ്ധകൂടാതെ പകൽ മുഴവനും ലതാഗൃഹങ്ങളിൽ ഇരുന്നും, രാത്രി മുഴുവനും വെറും നിലത്തുതന്നെ കിടന്നുംകൊണ്ടായിരുന്നു കാലം കഴിച്ചുകൂട്ടി വന്നിരുന്നത. ഈ വിരഹംനിമിത്തം ഇന്ദുമതിയുടെ സകലജനമനോഹരങ്ങളായ അംഗങ്ങൾക്കെല്ലാം ഒരു കാൎശ്യം ബാധിച്ചു. ചന്ദനം പനിനീർ മുതലായ സുഗന്ധിദ്രവ്യങ്ങളും താംബൂലംമുതലായ മംഗലപദാൎത്ഥങ്ങളും വീണ മുതലായ വിനോദവാദ്യങ്ങളും അതിന്നശേഷം അവൾ കൈകൊണ്ട തൊട്ടിട്ടില്ലെന്നുതന്നെ പറയാം. സുകുമാരന്റെ വല്ല വൃത്താന്തവും ഉണ്ടോ എന്ന അറിവാൻവേണ്ടി ഇന്ദുമതിയാൽ പ്രേഷിതന്മാരായ ഭൃത്യന്മാർ നിത്യവും തപ്പാലാപ്പീസ്സിലും തീവണ്ടിആപ്പീസ്സിലും പോയി നില്ക്കുന്നതും, ഇന്ന ഒരു വിവരവും ഉണ്ടാകാതിരിക്കയില്ലെന്നുള്ള വിചാരത്തിന്മേൽ ആ വക ഭൃത്യന്മാരുടെ വരവിനെത്തന്നെ ജാലകത്തിൽകൂടി നോക്കിക്കൊണ്ട ഇന്ദുമതി നില്ക്കുന്നതും, സാധാരണയായി തീൎന്നു.

മഹാരാജാവിന്റെ അനീതിയായ കല്പനനിമിത്തം യോഗ്യനായ സുകുമാരൻ രാജ്യംവിട്ടോടിപ്പോയി എന്നും അതിന്നുള്ള കാരണം രാജ്ഞിയുടെ ഏഷണിയാണെന്നും ഉള്ള ലോകാപവാദം രണ്ടുനാലുദിവസംകൊണ്ട ആ

രാജ്യത്ത മുഴുവനും പരന്നവശായി. സത്രങ്ങളിലും ദേവാലയങ്ങളിലും കച്ചേരിവളപ്പുകളിലും ചന്തകളിലും എന്നുവേണ്ട രണ്ടാൾകൂടിയേടത്ത എവിടെച്ചെന്നാലും രാജാവിനേയൊ അല്ലെങ്കിൽ രാജ്ഞിയേയൊ ദൂഷ്യംപറയുന്നതല്ലാതെ കേൾപ്പാൻ പ്രയാസം. ഈ ലോകാപവാദം ക്രമേണ പരന്ന പരന്ന എങ്ങിനെയൊ രാജാവിന്റെ ചെവിയിൽഎത്തി. "ഈ വാൎദ്ധക്യകാലത്ത ഇങ്ങിനെ അവിവേകമായ ഒരു പ്രവൃത്തിക്ക ഇനിക്ക സംഗതി വന്നുവെല്ലൊ കഷ്ടം!" എന്നിങ്ങിനെ വിചാരിച്ച വ്യസനിച്ച ഇനിമേലിൽ ഈ ദുഷ്ടയുടെമുഖം കാണരുതെന്ന മഹാരാജാവ തീൎച്ചയായും ഉറച്ചു. മനസ്സിലുള്ള ഈ ആധിനിമിത്തം ഏറത്താമസിയാതെ പ്രതാപരുദ്രമഹാരാജാവിന്ന രാജയക്ഷ്മാവ എന്ന മഹാവ്യാധി പിടിപെട്ടു. കോപിഷ്ഠന്മാരും അവിവേകികളും ആയ ജനങ്ങൾക്ക ആപത്തും പശ്ചാത്താപവും സിദ്ധമല്ലെ?

അങ്ങിനെ കഴിഞ്ഞുകൊണ്ടിരിക്കുമ്പോൾ സുകുമാരൻ കാശ്മീരരാജ്യംവിട്ട തൊണ്ണൂറ്റൊമ്പതാം ദിവസമെന്ന തോന്നുന്നു പ്രതാപരുദ്രമഹാരാജാവ ക്ഷയരോഗംനിമിത്തം സുരാലയത്തെ പ്രാപിച്ചു. തൽസമയം ഇന്ദുമതി അനുഭവിച്ച വേദന കഠിനമായ വ്രണങ്ങളിൽ ക്ഷാരം വെച്ചതുപോലെയായിരുന്നു എന്ന ഈ കഥ ഇത്രത്തോളം വായിച്ചുമനസ്സിലാക്കിയ വായനക്കാൎക്ക അറിവാൻ പ്രയാസമില്ലെന്ന ഇനിക്ക തോന്നുന്നു. മഹാരാജാവിന്റെ മരണംനിമിത്തം ഇന്ദുമതിയും പൌരന്മാരും മാറത്തടിച്ച നിലവിളിച്ച ദുഃഖിച്ചവയെല്ലാം എഴുതിക്കാണിക്കുന്നത എല്ലാവായനക്കാൎക്കും രസമായിവരികയില്ലെന്ന വിചാരിച്ച ഇവിടെ പ്രസ്ഥാപിക്കുന്നില്ല. ഇന്ദുമതി കരഞ്ഞുംകൊണ്ട നിലത്തുകിടക്കുമ്പോൾ വയോ

ധികനും പ്രധാനമന്ത്രിയും ആയ വൃന്ദാവനദാസൻ കൃതാഞ്ജലിയായിനിന്നുകൊണ്ടു ഇന്ദുമതിയോട പറയുന്നു.

"അല്ലയൊദേവി ! തിരുമനസ്സു അജ്ഞന്മാരായ സ്ത്രീകളെപ്പോലെ സങ്കടപ്പെട്ടു കിടക്കരുതെ ! തിരുമനസ്സിലെ അച്ഛനായി അവതരിച്ച പ്രതാപരുദ്രമഹാരാജാവ ദുൎല്ലഭങ്ങളായ രാജഭോഗങ്ങളെ വഴിപോലെ അനുഭവിക്കുകയും ധൎമ്മശാസ്ത്രപ്രകാരം പ്രജാപരിപാലനം ചെയ്കയും അദ്ദേഹത്തെ പിൻതുടരേണ്ടുന്നവരായ തിരുമനസ്സിലേക്ക ആയാസംകൂടാതെ രാജ്യംഭരിപ്പാനുള്ള മാൎഗ്ഗങ്ങളെല്ലാം തുറന്നവെക്കുകയും ചെയ്തതിന്നശേഷമല്ലെ സ്വൎഗ്ഗാലയത്തെ പ്രാപിച്ചു പുരഹൂതാദ്ധ്യാസനാരൂഢനായിരിക്കുന്നത ? ജനിച്ചാൽ മരണവും മരിച്ചാൽ ജനനവും നിശ്ചയം. മനുഷ്യരുടെ ആയുസ്സു കമ്പിതങ്ങളായ പല്ലവങ്ങളുടെ അഗ്രങ്ങളിൽ നിക്ഷിപ്തങ്ങളായ അംബുബിന്ദുക്കളെപ്പോലെ ക്ഷണഭംഗുരമല്ലെ ? ജനങ്ങൾ മലിനാംബരങ്ങളെ ഉപേക്ഷിച്ചു ശുഭ്രവസ്ത്രങ്ങളെ കൈക്കൊള്ളുന്നതുപോലെ ദേഹികൾ ജീൎണ്ണദേഹങ്ങളെ ത്യജിച്ചു പൂൎണ്ണശോഭങ്ങളായ നവദേഹങ്ങളെ സ്വീകരിക്കുന്നു. പുത്രമിത്രകളത്രാദികളായ ദേഹികൾ തമ്മിലുള്ള സംബന്ധം എത്രത്തോളമെന്നവെച്ചാൽ രാത്രികാലത്ത വഴിയമ്പലങ്ങളിൽ കയറി വിശ്രമിക്കുകയും പ്രഭാതകാലത്ത തമ്മിൽ യാത്രപറഞ്ഞുപിരിഞ്ഞുപോകുകയും ചെയ്യുന്ന പാന്ഥന്മാർ തമ്മിൽ ഉള്ളതുപോലെയാണെന്ന തിരുമനസ്സിൽ അറിയേണ്ടതാണ. താതനാവട്ടെ മാതാവാവട്ടെ പ്രേതരൂപത്തെ അവലംബിച്ചുപോയാൽപിന്നെ അവരെക്കുറിച്ചു മാറത്തടിച്ചു തൊഴിക്കുന്നവർ എത്രയും മൂഢന്മാരും മായാസമുദ്രത്തിൽ മഗ്നന്മാരും ആണെന്ന സംസാരതത്വവേദികളായ മഹാത്മാക്കൾ അനേകം ഗ്രന്ഥങ്ങളിൽ ഘോഷിക്കുന്നു. അ

തിനാൽ അജ്ഞാനികളെപ്പോലെ വിജ്ഞയായദേവി വ്യസനിച്ചുംകൊണ്ടു കിടക്കാതെ അച്ഛന സൽഗതിക്കുള്ള ക്രിയകളെല്ലാം വേഗത്തിൽ ചെയ്യേണമെന്ന സൎവ്വജ്ഞയായ തിരുമനസ്സിലോട അടിയൻ ഉപദേശിച്ചിട്ട വേണമെന്നില്ലല്ലൊ"

എന്നിങ്ങിനെയുള്ള മന്ത്രിവൎയ്യന്റെ സമയോചിതങ്ങളായ വാക്യാമൃതങ്ങളെ കേട്ടശേഷം ഇന്ദുമതി വേഗത്തിൽ എന്നീറ ശേഷക്രിയകൾക്കെല്ലാം ആരംഭിച്ചു. അവൾ അച്ഛന്റെ ശരീരം സാദരം എടുത്ത നീരാടിച്ച ദിവ്യങ്ങളായിരിക്കുന്ന വസ്ത്രാഭരണങ്ങളെക്കൊണ്ടും ചന്ദനം കസ്തൂരി മുതലായ ആലേപനങ്ങളെക്കൊണ്ടും അലങ്കരിപ്പിക്കുകയും, വിധിച്ച പ്രകാരംതന്നെ സംസ്കരിപ്പിക്കുകയും ചെയ്തു. അതിന്നശേഷം ഇന്ദുമതി എത്രയും ഭക്തിയോടുകൂടി ബലി മുതലായതും, പന്ത്രണ്ടാം ദിവസം സപിണ്ഡിയും ഊട്ടി. അനവധി ഗോക്കളേയും ഗ്രാമങ്ങളേയും വിലപിടിച്ച വസ്ത്രങ്ങളേയും ആ ദിവസം വന്നുകൂടീട്ടുണ്ടായിരുന്ന വേദവിത്തുക്കളും പഞ്ചപക്വ പരമാന്നങ്ങളെ ഭക്ഷിച്ചു തൃപ്തന്മാരും ആയ അസംഖ്യം ദ്വിജോത്തമന്മാൎക്ക ഇന്ദുമതി ദാനം ചെയ്തപ്പോൾ അവരുടെ മുഖങ്ങളിൽനിന്നുണ്ടായ ആശീൎവ്വചന കോലാഹലങ്ങളേക്കൊണ്ടു ദിഗ്ഗജങ്ങളുടെ കൎണ്ണരന്ധ്രങ്ങൾകൂടി അടഞ്ഞുപോയി.

പിറേറ ദിവസം വൃന്ദാവനവാസന്നും ഉപരാജ്യങ്ങളെ ഭരിച്ചു വരുന്ന സാമന്തരാജാക്കന്മാരും ന്യായാധിപതികളും സേനാധിപതികളും മററ പ്രജകളുംകൂടി ഇന്ദുമതിയെ ചെന്ന കണ്ടപ്പോൾ അവൾ അവരെ എല്ലാവരേയും, വാക്കുകൊണ്ടും, ശിരഃകമ്പനംകൊണ്ടും, സ്മിതംകൊണ്ടും യഥാക്രമംപോലെ സംഭാവനം ചെയ്തുകഴി

ഞ്ഞതിന്റെശേഷം അച്ഛന്റെ പ്രധാനമന്ത്രിയായിരുന്ന ആ വയോധികനെ നോക്കി അവൾ പറയുന്നു.

ഇന്ദു– ഇനിക്കു അങ്ങയെ കാണുമ്പോൾ അച്ഛനെ കാണുമ്പോലെ സന്തോഷം തോന്നുന്നു.

വൃന്ദാ– ഈ ഇരിക്കുന്നവരെല്ലാം തിരുമനസ്സിലേക്കും തിരുമനസ്സിലെ രാജ്യാധികാരത്തിന്നും കീഴടങ്ങി നടക്കുന്ന സാമന്തരാജാക്കന്മാരാണ്. ഈ ഇരിക്കുന്നവരെല്ലാം ശൌര്യപരാക്രമജലധികളായ തിരുമനസ്സിലെ സൈന്യാധിപതികളാണ്. ഇവരെല്ലാം നീതിജ്ഞന്മാരും പഴക്കമുള്ളവരും ആയ മന്ത്രിവീരന്മാരും ന്യായാധിപതികളും ആണ്. ആ നില്ക്കുന്നവരെല്ലാം തിരുമനസ്സിലെ പ്രജകളാണ്.

എന്നിങ്ങിനെ വൃന്ദാവനദാസൻ അവരെ എല്ലാവരേയും പ്രത്യേകം പ്രത്യേകം പറഞ്ഞുമനസ്സിലാക്കിക്കൊടുത്തതിന്നശേഷം അവരെല്ലാം എഴുനീറ്റ ഇന്ദുമതിയുടെ സിംഹാസനത്തിന്നരികെ ചെന്ന "ഞങ്ങളെല്ലാം തിരുമനസ്സിലെ ഏകച്ഛത്രാധിപത്യത്തിൻ കീഴിലുള്ളവരാണ്" എന്ന പറഞ്ഞു വന്ദിക്കുകയും തങ്ങളുടെ സ്ഥാനങ്ങളിൽതന്നെ വന്നിരിക്കുകയും ചെയ്തു. വൃന്ദാവനദാസൻ പിന്നേയും പറയുന്നു.

വൃന്ദാ– കാലോചിതങ്ങളായ വാക്കുകളെ തൽപിതാവിന്റെ പ്രിയസചിവനായിരുന്ന അടിയൻ ഉണർത്തിക്കുന്നതിനെ തിരുമനസ്സിരുത്തി കേൾക്കണം. അരാജകമായ ഈ രാജ്യം സംരക്ഷിക്കേണ്ടത ഇനി ദേവിയാണ്. രാജ്യഭാരസംബന്ധമായി മേലിൽവേണ്ടുന്ന സകല കാര്യങ്ങൾക്കും തിരുമനസ്സിലെ കല്പനവേണം.

ഇന്ദു– (കണ്ണിൽ വെള്ളം നിറച്ചുകൊണ്ട) രാജ്യഭാര കാ

ര്യങ്ങളിൽ ബാലയായ ഈ ഞാൻ എന്തു കല്പിക്കാനാണു. അറിവും പഴക്കവും ആലോചനശക്തിയും സ്വരാജ്യസ്നേഹവും വേണ്ടെടത്തോളം ഉള്ള അങ്ങു എന്നെ വെച്ചുകൊണ്ടു രാജ്യകാൎയ്യങ്ങളെല്ലാം അച്ഛന്റെ കാലത്ത ചെയ്തുവന്നതുപോലെയും അങ്ങയുടെ യുക്തംപോലെയും നടത്തിക്കൊള്ളുകയെ വേണ്ടു. എന്നാൽ രാജ്യം മുഴുവനും ശത്രുരാജാക്കന്മാർ വന്നു അക്രമിക്കുന്നതായാൽകൂടി ഷഡ്ഭാംശത്തിൽ അധികമായ രാജഭോഗം പ്രജകളിൽനിന്നു ഒരിക്കലും വാങ്ങിപ്പോകരുത. ധൎമ്മശാസ്ത്രങ്ങളിൽ ചൊല്ലിയ വിധങ്ങളിൽ എള്ളോളം പിഴയാതെ എല്ലാ പ്രജകളേയും ഒരുപോലെ സംരക്ഷിച്ചുവരണം. ദുഷ്ടന്മാരായ ഉദ്യോഗസ്ഥന്മാരെ രാജ്യഭരണ കാൎയ്യങ്ങളിൽ ഒരുകാലത്തും വെച്ചുപോകരുത. ചോരണം മാരണം മുതലായ ക്രൂരകൎമ്മങ്ങളെക്കൊണ്ടുള്ള ദുഃഖം അനുഭവിപ്പാൻ നമ്മുടെ പ്രജകളിൽ ഒരുവനും എടവരരുത. നമുക്കു കപ്പം തന്നും നമ്മുടെ കല്പനക്കനുസരിച്ചും നീതിശാസ്ത്രപ്രകാരം രാജ്യം ഭരിച്ചുവരുന്ന സാമന്തരാജാക്കന്മാരിൽ നമ്മുടെ ശക്തി ഒരിക്കലും ഏല്പെട്ടുതരുത. ഇതുകൂടാതെ ദണ്ഡ്യന്മാരെ ദണ്ഡിക്കുന്നതിലും വധ്യന്മാരെ വധിക്കുന്നതിലും യാതൊരു ദയയും വിചാരിച്ചുപോകരുത.

വൃന്ദാ— തിരുമനസ്സിലെ അനുഗ്രഹമുണ്ടെങ്കിൽ കല്പിച്ചതിൽ ലേശം കുറവുവരാതെ എല്ലാം നീതിയോടെ നടത്തിയും നടത്തിച്ചും കൊള്ളാം.

ഇന്ദുമതിയുടെ രാജനീതിക്കനുസരിച്ചുള്ള ആവക കല്പനകളെല്ലാം കേട്ടസമയം അവിടെ കൂടീട്ടുണ്ടായിരുന്നവരെല്ലാം അവളുടെ യോഗ്യതയെക്കുറിച്ചു പ്രശംസിക്കുകയും അവളെ പ്രതാപരുദ്രമഹാരാജാവിനെക്കാൾ അധികം സ്നേഹിക്കുകയും ചെയ്തു.

http://idb.ub.uni-tuebingen.de/diglit/CiXIV262/0106
Universitätsbibliothek Tübingen

അത കഴിഞ്ഞിട്ട രണ്ടുനാല ദിവസം ചെന്നപ്പോൾ ഒരുനാൾ ഇന്ദുമതി മന്ത്രിവീരന്മാരുമായി ആലോചനസഭയിൽ ഇരുന്ന ഓരോരൊ കാൎയ്യങ്ങളേപ്പററി ആലോചിച്ച കൊണ്ടിരിക്കുമ്പോൾ വൃന്ദാവനദാസൻ എഴുനീററ "ദേവി! തിരുമനസ്സിലെ പട്ടാഭിഷേകത്തിന്ന ഇനി വൈകിക്കുന്നത ഉചിതമല്ല. തിരുമേനി സ്വൎണ്ണവൎണ്ണമായ ശിബികയിൽ കയറി ഛത്രചാമരാദ്യലങ്കാരങ്ങളോടും വാദ്യഘോഷത്തോടുംകൂടി പട്ടണപ്രവേശം ചെയ്യുന്ന മഹോത്സവഘോഷം കാണ്മാൻ പ്രജകൾ മോഹിക്കുന്നു. അവരുടെ ഈ മോഹം സഫലമാക്കേണ്ടതിന്ന കീഴ്മൎയ്യാദപ്രകാരമെല്ലാം ശട്ടം ചെയ്യട്ടെയൊ?" എന്നിങ്ങിനെ തിരുമനസ്സുണൎത്തിച്ചു. അപ്പോൾ മറെറാരു മന്ത്രി എഴുനീററ വൃന്ദാവനദാസനെ നോക്കി "അങ്ങ പറയുന്നതും പ്രജകൾ മോഹിക്കുന്നതും യഥാൎത്ഥമാണെങ്കിൽ നൊമ്മടെ മഹാരാജ്ഞിയെ അങ്ങിനേയുള്ള ശിബികയിൽ അനുരൂപനായ ഒരു ഭൎത്താവോടുകൂടി കാണുന്നതിൽ അവൎക്ക അധികം സന്തോഷം ഉണ്ടാവാൻ സംഗതിയുള്ളതുകൂടാതെ ഈ സ്വരൂപത്തിലെ സമ്പ്രദായാഗതമായ നടവടിയും ഇങ്ങിനെതന്നേയാണെന്ന തോന്നുന്നു" എന്ന പറഞ്ഞു.

ഈ മന്ത്രി ഇത്രത്തോളം പറഞ്ഞപ്പോഴക്ക ഇന്ദുമതിയുടെ മുഖത്ത ബോധിച്ച വികാരഭേദങ്ങളേയും അപ്പോഴത്തെ അവളുടെ മൌനവ്രതത്തേയും കണ്ടതിനാൽ ബുദ്ധിമാന്മാരിൽ വെച്ച ബുദ്ധിമാനായ വൃന്ദാവനദാസൻ ഇന്ദുമതിക്ക സുകുമാരന്റെ മേലുള്ള അനുരാഗം ഈവിധത്തിൽ പ്രകാശിപ്പിച്ചതാണെന്ന ക്ഷണത്തിൽ മനസ്സിലാക്കി. എന്തുകൊണ്ടെന്നാൽ ഇന്ദുമതി ഒരുവനെ ഭൎത്താവാക്കി സ്വീകരിക്കേണമെങ്കിൽ അതസുകുമാരനെയാണെന്ന ലോകപ്രസിദ്ധമായകഥയാണ. പി

ന്നെ മന്ത്രി പറഞ്ഞ ഈ വാക്ക കേട്ടപ്പോൾ ഒന്നുംമിണ്ടാതെ നിന്നതകൊണ്ട ഇന്ദുമതിക്ക വിവാഹം കാലമായിരിക്കുന്നു എന്നും ധ്വനിക്കുന്നു. ഉടനെ വൃന്ദാവനദാസൻ "ഇനി അടിയങ്ങൾ താമസിക്കുന്നില്ല. തിരുമനസ്സിലെ അഭിമതമെല്ലാം ഒരു വിധം അടിയങ്ങൾ ഗ്രഹിച്ചു. എല്ലാം സൎവ്വശക്തനായ ദൈവം തുണക്കട്ടെ" എന്നിങ്ങിനെ ഉണൎത്തിച്ചു മന്ത്രിമാരെല്ലാം പിരിഞ്ഞുപോകയും ചെയ്തു.

വൃന്ദാവനദാസൻ തന്റെ ഗൃഹത്തിൽ എത്തിയതിന്റെ ശേഷം ഏകാന്തമായ ഒരു മുറിയിൽ ചെന്നിരുന്ന ഓരോന്ന ആലോചിപ്പാൻ തുടങ്ങി. "നാളെ ഉദിക്കുന്നതിന്ന മുമ്പെ എല്ലാരാജ്യങ്ങളിലേക്കും ഒന്നു രണ്ടു ഭൃത്യന്മാരെ അയക്കുക. അവർ എല്ലാടവും പോയി തിരയട്ടെ. "പ്രശ്നവാദീഗുരുൎമ്മൌനീ ഛത്മവാൿസ്വംഭമ്മലഗഃ പ്രേഷകപ്രേഷകൊബാണ സ്സപ്തൈതെസചിവാധമാഃ" ഈ പറഞ്ഞ ഏഴുതരത്തിലുള്ള കൂട്ടരും ഒരു കാശിന്നുപോലും വിലപിടിക്കാത്ത സചിവാധമന്മാരാണ. ഈ വകക്കാരെ അയച്ചാൽ ഒന്നും കണക്കിലാവില്ലെന്ന മാത്രമല്ലാ സുലഭങ്ങളായ കാൎയ്യങ്ങളെക്കൂടി അവർ ദുസ്സാധ്യത്തിലാക്കിത്തീൎക്കും. അതുകൊണ്ട പോകുന്നവർ ഒന്നിനും കൊള്ളരുതാതെ പകത്തിൽ ഭക്ഷണംകഴിച്ചു പൊള്ളും ഭള്ളും പറഞ്ഞ നടക്കുന്നവരായാൽ പോരാ. വളരെ സാമൎത്ഥ്യവും യുക്തിയും ഉള്ളവരായിരിക്കണം. ഈ വകക്കെല്ലാം സാമൎത്ഥ്യം ബ്രാഹ്മണൎക്കുകൂടും. എന്നതന്നെയല്ല അവൎക്ക ഇല്ലത്തെ പൂച്ചപോലെ എവിടെച്ചെല്ലാനും തടസ്ഥമില്ല" എന്നിങ്ങിനെ ഒരിക്കൽ ആലോചിക്കുകയും, ഉടനെതന്നെ "സുകുമാരൻ ഇപ്പോൾ ഉണ്ടോ? അതൊ മരിച്ചുപോയൊ? അത തന്നെ നിശ്ചയമില്ലെല്ലൊ. ഉണ്ടെങ്കിൽ ഏത രാജ്യത്തിലാണ? വല്ലരാജ്യത്തും

ജീവിക്കുന്നുണ്ടെങ്കിൽതന്നെ അന്വേഷിക്കുന്നനായിട്ടൊ? എന്നാൽ അറിവാൻതന്നെ പ്രയാസം! ഒന്നും അറിഞ്ഞില്ലല്ലൊ! എന്താണീശ്വരാ ഇനി ചെയ്യേണ്ടത! ആളെഅയച്ചു തിരയുക എന്നവെച്ചാൽ എവിടെയാണ തിരയേണ്ടത! ആരെയാണ അയക്കേണ്ടത!" എന്നിങ്ങിനെ മറെറാരു പ്രകാരത്തിൽ ആലോചിക്കുകയും ചെയ്തു. ഒടുവിൽ ഒന്നും തന്നെ ഉറക്കാതെ വളരെവിഷണ്ണനായി അല്പനേരം അങ്ങിനെ ഇരുന്നു. അദ്ദേഹം പലതും ആലോചിച്ചു കൂട്ടത്തിൽ ഒരു വിവരം വർത്തമാനക്കടലാസ്സിൽ പ്രസിദ്ധം ചെയ്യേണമെന്ന ഉറക്കുകയും അതിന്നുള്ള വിവരങ്ങളെല്ലാം കാശ്മീരരാജ്യത്തിലും മററരാജ്യങ്ങളിലും ഉള്ള പത്രാധിപന്മാക്ക എഴുതി അറിയിക്കുകയുംചെയ്തു. പ്രസിദ്ധം ചെയ്ത വിവരം എഴുതുന്നത അനാവശ്യമാകയാൽ എഴുതുന്നില്ല.

## എട്ടാം അദ്ധ്യായം.

### സുകുമാരന്റെ കാശീപട്ടണത്തിലുള്ളവാസം.

സുകുമാരൻ കാശീപട്ടണത്തിൽ ചന്ദ്രനാഥബാനർജ്ജിയുടെ ഗൃഹത്തിൽ താമസിക്കുന്നു എന്ന ഞാൻ പറഞ്ഞുവെല്ലൊ. അവർ രണ്ടുപേരും സീതാലക്ഷ്മിയുംകൂടി വണ്ടിയിൽ സവാരിയായി ആറേഴ നാഴിക ദൂരം നിത്യവും സഞ്ചരിച്ചുവരും. സുകുമാരനും സീതാലക്ഷ്മിയും കൂടി പലപ്പോഴും ഉദ്യാനപ്രദേശത്ത സഞ്ചരിക്കുകയും, ചില സമയങ്ങളിൽ ചൂതാട്ടം പന്താട്ടം മുതലായത ഇഷ്ടംപോലെ കളിക്കുകയും, ചെയ്തുകൊണ്ട സഹോദരന്മാരെപ്പോലെ അന്യോന്യം സ്നേഹിച്ചുവന്നു.

അങ്ങിനെ ഒരു ദിവസം ബാനർജ്ജിയും സുകുമാരനുംകൂടി ചന്ദ്രശാലയിൽ കാററു കൊണ്ടുകൊണ്ടിരുന്ന സംസാരിക്കുമ്പോൾ സീതാലക്ഷ്മി മുറുക്കാനുള്ളസാധനങ്ങളെ കൊണ്ടു വെക്കുന്ന കൂട്ടത്തിൽ അതിമനോഹരമായ ഒരു മുല്ലമാലയും സുകുമാരന്റെമുമ്പിൽ കൊണ്ടുവെച്ചു, പതിവുപോലെ ഒന്നു രണ്ടു കീൎത്തനങ്ങൾ പാടി. കാമോദ്ദീപനകരങ്ങളായ ശരച്ചന്ദ്രികയോടും മന്ദമാരുതനോടും കൂടിയ സമയം ആ മുല്ലമാല കാണുകയാൽ സുകുമാരന ആ ക്ഷണത്തിൽ പ്രാണേശ്വരിയായ ഇന്ദുമതിയെ ഓൎമ്മ വരികയും അതുനിമിത്തം അവന്റെ മുഖത്ത ഒരു വൈവൎണ്ണ്യം ബാധിക്കുകയും ചെയ്തു. ജീവധാരണത്തിന്ന പ്രധാന കാൎയ്യങ്ങളായ ആഹാരം നിദ്ര മുതലായതകൂടി ഉപേക്ഷിച്ചു പാട്ട കേൾക്കുന്നവനായ സുകുമാരന അന്നത്തെ സംഗീതത്തിൽ വൈമുഖ്യമാണ ഉണ്ടായത. സീതാലക്ഷ്മി മല കൊണ്ടു വെച്ചതും സുകുമാരന്റെ മ

ഖത്ത വൈവൎണ്ണ്യം ബോധിച്ചതും ഒരെ അവസരത്തിൽ കണ്ടതു കൊണ്ട മൎമ്മജ്ഞനായ ചന്ദ്രനാഥബാനൎജ്ജിക്ക എന്തൊ ഇതിൽ ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന തോന്നി. "ഇനി ഇന്ന പാട്ട മതി. നീ പോയി കിട ന്നൊ. അച്ശന കിടക്കാൻ അല്പം താമസമുണ്ടെന്ന അമ്മയോട പറഞ്ഞെക്കു" എന്ന പറഞ്ഞു ബാനൎജ്ജി മകളെ അയച്ചു. ഉടനെ അദ്ദേഹം സുകുമാരനോട ഓരോന്ന ചോദിച്ചു തുടങ്ങി.

ചന്ദ്ര– ഇന്ന അങ്ങയെ കണ്ടാൽ ഒരു സുഖക്കേടുള്ളതു പോലെ തോന്നുന്നു. എന്താണ കാരണം?

സുകു– ഇല്ല. യാതൊരു സുഖക്കേടുമില്ല.

ചന്ദ്ര– എന്നാൽ എന്താ മുഖത്തിന്ന ഇത്ര ഒരു വാട്ടം? അങ്ങയുടെ മുഖം ഇങ്ങിനെ ഞാൻ കണ്ടിട്ടില്ലല്ലൊ.

സുകു– വാട്ടമുണ്ടെന്ന തന്നെ ഞാൻ വിചാരിക്കുന്നില്ല.

ചന്ദ്ര– എന്നാൽ ഞാൻ യാതൊരു പ്രയോജനവും കൂടാതെ വെറുതെ ഇങ്ങിനെ പറയുന്നതാണോ?

സുകു– അങ്ങ നേരം പോക്ക പറയുകയായിരിക്കാം.

ചന്ദ്ര– ഈ മാതിരി പിട്ടുകളൊന്നും എന്നോടകാണിക്കണ്ടാ. എന്തൊ ഇതിന്ന നല്ല ഒരു സംഗതിയുണ്ട. അത പറഞ്ഞല്ലാതെ ഞാൻ സമ്മതിക്കയില്ല.

സുകു– നല്ല ശിക്ഷാ, എന്തൊന്നാണ ഞാൻ പറയേണ്ടത? വല്ലതും ഒന്നുണ്ടായിട്ടവേണ്ടെ പറയുവാൻ?

ചന്ദ്ര– എന്നാൽ ഞാൻ പറയാം. അങ്ങേക്ക മുഷിയരുത. നോം തമ്മിലുള്ള താല്പൎയ്യം നിമിത്തമാണ ഞാൻ ഇത്രയും സ്വാതന്ത്ര്യം കാണിക്കുന്നത. മറച്ചൊന്നും തോന്നണ്ടാ.

സുകു– അങ്ങ പല കുറിയുമായി എന്നോട "മുഷിയരുതെ മുഷിയരുതെ" എന്നിങ്ങിനെ പറയുന്നു. ഈ ശബ്ദം

ഇനി മേലിൽ അങ്ങ എന്നോട മിണ്ടാതിരിക്കണെ. അങ്ങ പറയുന്നതെല്ലാം നോം തമ്മിലുള്ള താല്പൎയ്യംകൊണ്ടാണെന്ന ഇനിക്ക അറിഞ്ഞുകൂടെ?

ചന്ദ്ര— അങ്ങ ഒരു വിരഹിയാണെന്ന മുഖലക്ഷണംകൊണ്ട ഞാൻ തീൎച്ചയാക്കിക്കഴിഞ്ഞു. എന്നാൽ അത ഏതൊരു വരവൎണ്ണിനിയെ കുറിച്ചാണെന്ന പറയാമെന്നുണ്ടെങ്കിൽ കേൾപ്പാനാഗ്രഹമുണ്ട. ഈവക കാൎയ്യങ്ങൾ സ്നേഹിതന്മാരോട പറയുന്നതിൽ യാതൊരു വൈഷമ്യവും വിചാരിപ്പാനില്ല. എത്രതന്നെ രഹസ്യമായിരുന്നാലും സദാ അങ്ങയുടെ ക്ഷേമാഭ്യുദയ കാംക്ഷിയായ എന്നോട ഇത പറയണം. അങ്ങേക്കുവേണ്ടി നികൃഷ്ടകാൎയ്യങ്ങൾകൂടി ചെയ്വാൻ ഒരുക്കമുള്ളവനാണെ ഞാൻ. എന്നാൽ ഇത ഒരു സ്നേഹിതനോട പറയത്തക്കതാണെങ്കിൽ മാത്രം പറഞ്ഞാൽ മതി. അല്ലെങ്കിൽ വേണ്ടതാനും.

അപ്പോൾ സുകുമാരൻ ക്ഷണനേരംകൊണ്ട പലതും ആലോചിച്ചു. "ലജ്ജാവഹമായ ഈ കഥ ഞാൻ എങ്ങിനെയാണ ഇദ്ദേഹത്തെ കേൾപ്പിക്കേണ്ടത. പറയേണ്ടതാമസം ഇദ്ദേഹം എന്നെ തൃണീകരിക്കും. ഒരിക്കലും പറവാൻ പാടില്ല" എന്നും "അതല്ലാ പറയുകതന്നെ. അയ്യോ! പറയാതിരുന്നാൽ വളരെ വളരെ വൈഷമ്യമുണ്ട. ഞാൻ ഒരു സ്ത്രീനിമിത്തം വലയുന്നുണ്ടെന്ന ഇദ്ദേഹം യഥാൎത്ഥമായി വിശ്വസിച്ചുപോയി. ഇത ആരെക്കുറിച്ചാണെന്ന ഇദ്ദേഹം എന്നോട വളരെ മമതയോടെ ചോദിക്കുകയും ചെയ്തു. ഇപ്പോൾ ഞാൻ അതിന്റെ പരമാൎത്ഥാവസ്ഥയെ പറഞ്ഞു മനസ്സിലാക്കാതെ ഇരുന്നാൽ ബുദ്ധിമാനായ ഇദ്ദേഹം പലതും ആലോചിപ്പാൻ തുടങ്ങും. ഒടുവിൽ ഇദ്ദേഹത്തിന്റെ കുഡുംബത്തിൽ ത

ന്നെ വല്ലവരേയും കുറിച്ചാണെന്ന തീൎച്ചയാക്കീയെന്നും വന്നേക്കാം. എന്റെ ഇപ്പോഴത്തെ നിലയും അതിന്ന സഹായിക്കും. ൟ പേര സമ്പാദിക്കുന്നതിനെക്കാൾ നല്ലത മരിക്കുകയാണ. അയ്യൊ! അതൊരിക്കലും പാടില്ല. സത്യം പറയുകതന്നെ. പക്ഷെ ഇതൊരുസമയം ഗുണകരമായിട്ടും പരിണമിച്ചേക്കാം. എന്നുതന്നെയുമല്ലാ പരമസുഹൃത്തായ ഇദ്ദേഹത്തോട ഞാൻ കപടംവെച്ചു പറഞ്ഞാൽ ൟശ്വര വിരോധവുംകൂടി ഉണ്ടാവും" എന്നും മറ്റും മനസ്സുകൊണ്ട ആലോചിച്ച സത്യാവസ്ഥയെ പ്രകാശിപ്പിക്കേണമെന്നുതന്നെ ഉറച്ചു. അതിന്നശേഷം തന്റെ പൂൎവ്വവൃത്താന്തങ്ങളെല്ലാം തന്നെ കളങ്കംകൂടാതെ സ്നേഹിച്ചുപോരുന്ന ചന്ദ്രനാഥബാനൎജ്ജിയോട സുകുമാരൻ സലജ്ജനായിട്ട ഒരുവിധം പറഞ്ഞുമനസ്സിലാക്കി. ഇത കേട്ടപ്പോൾ ബാനൎജ്ജി ഒന്നു രണ്ടു പ്രാവശ്യം പൊട്ടിച്ചിരിച്ചുപോയി.

ചന്ദ്ര– ഏററവും സുഹൃത്തായ എന്നോട ഇത പറവാനാണ അങ്ങ ഇത്രനേരവും ഇരുന്ന ആലോചിച്ചത? കഷ്ടം! ഇതിന്നമുമ്പ അങ്ങ സ്നേഹിതന്മാരുമായി ഇടവിട്ടിട്ടില്ലെന്ന ഞാൻ വിചാരിക്കുന്നു.

സുകു– അതില്ലാഞ്ഞിട്ടുള്ള കുറവല്ല. ലജ്ജകൊണ്ടത്രെ പറയാൻ ഇത്ര ആലോചിച്ചത.

ചന്ദ്ര– ആട്ടെ. എനിയെല്ലാം പതുക്കെ ചോദിക്കട്ടെ. അങ്ങയുടെ ഗ്രഹസ്ഥിതികളെല്ലാം എങ്ങിനെയെല്ലാമാണ?

സുകു– അതിലൊന്നും ഞാൻ അത്ര മനസ്സിരുത്താറില്ല. ഗ്രഹസ്ഥിതികളെ പ്രമാണിച്ചു പറയുന്നതെല്ലാം ഒക്കുമെന്ന ഞാൻ അത്ര വിശ്വസിച്ചിട്ടും ഇല്ല. മേടമാസത്തിൽ പൂരാടം നക്ഷത്രവും ഇടവലഗ്നവും ആണെന്നമാത്രം ഞാൻ മനസ്സിലാക്കീട്ടുണ്ട.

ചന്ദ്രനാഥബാനൎജ്ജിക്കു ജ്യോതിശ്ശാസ്ത്രത്തിലും നല്ല പാണ്ഡിത്യമുണ്ടായിരുന്നതുകൊണ്ടു അത്രമാത്രം പറഞ്ഞതിൽനിന്ന സുകുമാരന്റെ ഗ്രഹസ്ഥിതികളെല്ലാം അദ്ദേഹം ക്ഷണേന ഗ്രഹിച്ചു.

ചന്ദ്ര— അങ്ങേക്കു ഇതുവരെക്കും ശുക്രൻ ഏഴാമേടത്തായിരുന്നു. അതിന്റെ ഫലം സ്ത്രീനിമിത്തം പലേവിധത്തിലും ഉപദ്രവവും ദേശസഞ്ചാരവും ആണ. ഈ ഫലം അങ്ങേക്കു അനുഭവംകൊണ്ടു ദൃഷ്ടാന്തമായില്ല്യ?

സുകു— ഒരു മനുഷ്യന്റെ ജീവകാലത്ത എപ്പോഴെങ്കിലും ഈവക കാൎയ്യങ്ങൾ സംഭവിക്കാതിരിക്കുമൊ? അതെല്ലാം ഗ്രഹസ്ഥിതികൊണ്ടാണെന്ന പറയുകയും അതിനെ ചിലർ വിശ്വസിക്കുകയു, ചെയ്യുന്നതിൽപരം ഭോഷത്വം മറെറാന്നുമുണ്ടോ എന്നകൂടി ഞാൻ സംശയിക്കുന്നു.

ചന്ദ്ര— ആട്ടെ ഗ്രഹസ്ഥിതികളെക്കൊണ്ടു ഒരു കാൎയ്യം പറഞ്ഞൊപ്പിച്ചെങ്കിലോ? എന്നാൽ അങ്ങു എന്തുതരും?

സുകു—എന്തുംതരാം. എന്നാൽ എന്തെങ്കിലും ഒരു ലക്ഷണം പറയുകയും കാൎയ്യം അതുപോലെ വരാതെ മറെറാരു പ്രകാരത്തിൽ സംഭവിക്കുകയും ചെയ്യുമ്പോൾ ആദ്യം പറഞ്ഞതിന്റെ സൎത്ഥം ഇങ്ങിനെയും ഊഹിപ്പാൻ പ്രമാണമുണ്ടെന്ന പറഞ്ഞു അസംബന്ധമായ ഒന്നുരണ്ടു ശ്ലോകംചൊല്ലുന്നതുപോലെ പറഞ്ഞാൽ ഞാൻ സമ്മതിക്കയില്ല.

ചന്ദ്ര— സകലജനാഭ്യുദയദാതാവായ ശുക്രൻ ഇപ്പോൾ കൎക്കിടകത്തിലാണ. ഇന്നേക്കു ഇരുപതുദിവസമെ ആയിട്ടുള്ളു ശുക്രൻ മിഥുനത്തിൽനിന്ന കൎക്കിടകത്തിൽ പകൎന്നിട്ടു. എന്നാൽ ഇപ്പോൾ ശുക്രൻ അങ്ങേക്കു ചാരവശാൽ എട്ടാംഭാവത്തിലാണ. ഇതു വളരെ വി

ശേഷംതന്നെയാണ. ഇതിന്റെ ഫലംഗ്രഹോപകരണാദിലാഭവും സ്ത്രീസുഖവും ആണ.

സുക— എന്റെ ഇരിപതദിവസത്തിന്നിപ്പുറമുള്ള സ്ത്രീസുഖം അങ്ങെക്കതന്നെ അനുഭവമല്ലെ? കഷ്ടം! കഷ്ടം! ഇങ്ങിനെ ഒന്നും അങ്ങ പറയരുതെ! ഇതൊന്നും പറഞ്ഞതകൊണ്ട സുകുമാരൻ വിശ്വസിക്കയില്ല. അടുത്തദിവസത്തിന്നുള്ളിൽ ദൃഷ്ടാന്തപ്പെടാൻതക്കവണ്ണം ഒരു ലക്ഷണം പറഞ്ഞൊപ്പിച്ചാൽ ഞാൻ സമ്മതിക്കാം.

ചന്ദ്ര— ശരി അങ്ങിനെയാട്ടെ. എന്നാൽ അങ്ങ സമ്മതിക്കുമൊ? നാളെ പതിനഞ്ചെനാഴിക പുലരുന്നതിലകത്ത അങ്ങെക്ക മനസ്സിന്ന എത്രയും ആനന്ദകരമായ ഒരു വൎത്ത കേൾപ്പാൻ ലക്ഷണം കാണുന്നുണ്ട. ഇത അനുഭവിച്ചേ തീരു. ഠം പറഞ്ഞതൊത്തിട്ടില്ലെങ്കിൽ ജ്യോതിശ്ശാസ്ത്രസംബന്ധമായി ഒരു അലമാറിനിറച്ച പുസ്തകങ്ങൾ ഉള്ളത അത്രയും ഞാൻ ചുട്ടുകരിച്ചുകളയാം.

സുക— ഒ, ഹൊ! എന്നാൽ അതിന്ന ഇപ്പോൾതന്നെ ശ്രമം തുടങ്ങാം. ഠംഖക അസംബന്ധംപറകനിമിത്തം ജ്യോതിഷക്കാരന തല്ലുകൊണ്ടകഥ അങ്ങ കേട്ടിട്ടുണ്ടൊ? എന്നാൽ അങ്ങെക്ക ജ്യോതിഷത്തിൽ അതിയായ വിശ്വാസവും ഭ്രമവും ഉള്ളതകൊണ്ട ആ കഥ ഞാൻ ഇപ്പോൾ പറഞ്ഞാൽ അങ്ങെക്ക ലേശം രസിക്കയില്ല.

എന്നിങ്ങിനെ പറഞ്ഞ തൎക്കിച്ച അവർതമ്മിൽ പിരിഞ്ഞു. സുകുമാരൻ ഇന്ദുമതിയെത്തന്നെ വിചാരിച്ചും, ഭ്രാന്തന്മാർ പറയും പോലെ താനെ ഓരോന്ന പറഞ്ഞ വിലാപിച്ചും, കൊണ്ട അല്പം കിടന്നുറങ്ങി എന്ന പേര വരുത്തി. ചന്ദ്രനാഥബാനൎജ്ജിയൊ, സുകുമാരനോട താൻ

http://idb.ub.uni-tuebingen.de/diglit/CiXIV262/0115
Eberhard Karls Universität Tübingen
Universitätsbibliothek Tübingen
gefördert durch die DFG

ലക്ഷണം പറഞ്ഞതിന്ന ആസ്പദമാക്കിയ യുക്തികൾ തെറ്റിപ്പോയിയൊ എന്നിങ്ങിനെ രണ്ടാമതും നല്ലവണ്ണം ആലോചിച്ചുകൊണ്ടും കിടന്നു.

പിറ്റെദിവസം പ്രഭാതകാലത്ത എഴുനീററ വ്യായാമങ്ങളെല്ലാം ചെയ്തുകഴിഞ്ഞതിന്റെശേഷം സുകുമാരൻ ലൈബ്രറി മുറിയിൽ ചെന്നിരുന്ന കാപ്പി കഴിച്ചുംകൊണ്ട വൎത്തമാനക്കടലാസ്സ വായിപ്പാൻ ആരംഭിച്ചു. എന്നാൽ അവൻ സാധാരണയായി കാശ്മീരരാജ്യത്തനിന്ന വരുന്ന കടലാസ്സുകളെല്ലാം വായിച്ചുതീൎത്തതിന്റെശേഷം മാത്രമെ മറെറാന്നു തൊടാറുള്ളു. എന്തുകൊണ്ടെന്നാൽ അതിൽ സ്വരാജ്യവൎത്തമാനങ്ങൾ എഴുതുന്നകള്ളിയിൽ പ്രിയപ്രേയസിയായ ഇന്ദുമതിയെക്കുറിച്ചു വല്ലതും എഴുതി കാണൊന്നുണ്ടൊ എന്ന അറിവാനുള്ള അത്യാശകൊണ്ടു തന്നെ. അന്നും പതിവപോലെ ആഭാഗത്തെ മറിച്ചു നോക്കിയപ്പോൾ തങ്കവൎണ്ണത്തിലുള്ള മഷികൊണ്ട ഒന്നാമതായി ലേഖനം ചെയ്യപ്പെട്ടതായ വൃന്ദാവനദാസന്റെ ഒരു പരസ്യംകണ്ടു. അത പകുതി വായിച്ചു കഴിഞ്ഞപ്പൊഴെക്ക തന്നെ ആനന്ദാൎണ്ണവത്തിൽ മഗ്നനായ സുകുമാരന്റെ ഹൃദയകമലം ദിനേശനെക്കണ്ട പത്മംപോലെ ഏററവും ഉല്ലസിച്ചു. ഉടനെ ചന്ദ്രനാഥബാനൎജ്ജിയെപററി ബഹുമാനവും ജ്യോതിശ്ശാസ്ത്രത്തിൽ വളരെ വിശ്വാസവും തോന്നി. ഈ സന്തോഷവൎത്തമാനം ഒട്ടും താമസിയാതെ സ്നേഹിതനായ ബാനൎജ്ജിയോട നേരിട്ട പറയേണമെന്നുള്ള ആഗ്രഹംനിമിത്തം സുകുമാരൻ ആകടലാസ്സും കയ്യിൽ എടുത്തുകൊണ്ട ചെന്നപ്പോൾ, ബാനൎജ്ജി ആപ്പീസ്സുമുറിയിൽ ഇരുന്ന കച്ചവടസംബന്ധമായി അന്ന വന്നീട്ടുള്ള തപ്പാലുകൾക്കെല്ലാം മറുവടി എഴുതുകയായിരുന്നു. സുകുമാരന്റെ മുഖത്ത അതിയായ ഒരു പ്രസ

ന്നതകണ്ടപ്പോൾതന്നെ താൻ ഇന്നലെ പറഞ്ഞിരുന്ന ലക്ഷണം ഒത്തു എന്ന ബൊനർജ്ജി ഊഹിച്ചു എങ്കിലും ഒന്നുംഅറിയാത്ത ഭാവം നടിച്ചു അവിടെത്തന്നെ എഴുതിക്കൊണ്ടിരുന്നു.

എന്നാറെ സുകുമാരൻ തനിക്കുണ്ടായ ഉത്സാഹവും സന്തോഷവും സഹിയാതെ “അങ്ങയുടെ ലക്ഷണം ഇത്രക്ഷണത്തിൽ ഫലിച്ചുവല്ലൊ; ഇതാ ഇത നോക്കു” എന്നിങ്ങിനെ ചന്ദ്രനാഥബൊനർജ്ജിയോട പറഞ്ഞു വൎത്തമാനക്കടലാസ്സ കയ്യിൽ കൊടുത്തു. അദ്ദേഹം അതിനെ വാങ്ങിനോക്കിയപ്പോൾ രണ്ടുപ്രകാരത്തിലും അതിയായ സന്തോഷമുണ്ടായി എങ്കിലും അതിനെ പുറത്ത പ്രകാശിപ്പിക്കാതെ “എന്താണ ഒത്തത? ആരൊ വല്ലവരും വൎത്തമാനക്കടലാസ്സിൽ എഴുതിവിടുന്ന കഥകളെല്ലാം വിശ്വസിക്കത്തക്കതൊ? ഒരുസമയം യഥാൎത്ഥമാണെങ്കിൽതന്നെ അത കാകതാലീയന്യായംപോലെയല്ലെ അങ്ങയെപ്പോലെയുള്ളവർ വിചാരിപ്പാൻ പാടുള്ളു” എന്നിങ്ങിനെ പറഞ്ഞു. “ഇത അതുപോലെയാണെന്ന തോന്നുന്നില്ല” എന്ന സുകുമാരൻ പറഞ്ഞപ്പോൾ ബൊനർജ്ജി സുകുമാരനോട “ഇങ്ങിനെ പറവാൻ അങ്ങേക്ക ഇത്ര മടി ഇല്ലെല്ലൊ കഷ്ടം! ജ്യോതിശ്ശാസ്ത്രവും അതിനെ പ്രമാണിച്ചുപറയുന്നവരുടെ വാക്കും വിശ്വസിച്ചുപറയുന്നത ഭോഷത്വമാണെന്നല്ലെ അങ്ങ പറഞ്ഞത? ഇത പറഞ്ഞിട്ട ഇപ്പോൾ മുപ്പതനാഴികകൂടി കഴിഞ്ഞിട്ടില്ലല്ലൊ. ഈവക വാക്ക പറയുന്നത ഇനിയെങ്കിലും മനസ്സിരുത്തീട്ടവേണം” എന്ന പറഞ്ഞു. ഈ വാക്ക സുകുമാരന്റെ മനസ്സിൽ നല്ലവണ്ണം തറച്ചു. എങ്കിലും “എന്താണ അങ്ങ ഇങ്ങിനെയെല്ലാം പരിഭവിച്ചു പറയുന്നത. ഇതവലിയ സങ്കടമാണെ” എന്ന അവനും പറഞ്ഞു.

അപ്പോൾ ചന്ദ്രനാഥബാനൎജ്ജി തന്റെ ഉള്ളിൽ മൂടിവെച്ചിട്ടുണ്ടായിരുന്ന ആനന്ദാതിരേകത്തെ പുറത്തേക്ക പ്രകാശിപ്പിച്ചുംകൊണ്ട അച്ഛൻ മക്കളെ എന്നപോലെ സുകുമാരനെ വേഗത്തിൽ ആശ്ലേഷംചെയ്തു. "പരസ്യത്തിൽ കാണുന്നപ്രകാരം പ്രതാപരുദ്രമഹാരാജാവിന്റെ നിൎയ്യാണകാലവും അങ്ങേക്ക ശുക്രൻ എട്ടിൽ പകൎന്നകാലവും ഒന്നായിരുന്നു" എന്ന ചന്ദ്രനാഥബാനൎജ്ജി പറഞ്ഞതിന്നുത്തരമായി "ശുക്രനെക്കൊണ്ടു അങ്ങ ഫലം പറഞ്ഞതിൽ സമയവുംകൂടി ഒത്തിരിക്കുന്നു. ഇതിലധികം ഇനി എന്തൊരു ആശ്ചൎയ്യമാണ ഉണ്ടാവാനുള്ളത! ജ്യോതിശ്ശാസ്ത്രകൎത്താക്കന്മാൎക്കും അതിനെ വഴിപോലെ അറിയുന്ന അങ്ങേക്കും ഇതാ നമസ്കാരം" എന്ന സുകുമാരനും പറഞ്ഞു. താൻ കാശ്മീരരാജ്യം വിട്ടതിൽപിന്നെ ഇന്ദുമതി ഒരെഴുത്തുകൂടി അയക്കാതിരുന്നതകൊണ്ടും അവളുടെ യാതൊരുവിവരങ്ങളും കണ്ണാകണ്ണികയായിട്ടെങ്കിലും അറിയാത്തതുകൊണ്ടും സുകുമാരന അവളെപ്പറ്റി മനസ്സിൽ ഉണ്ടായിരുന്ന ശങ്കകളെല്ലാം പരസ്യം കണ്ടപ്പോൾ സൂൎയ്യനെക്കണ്ട തമോഭരംപോലെ എവിടെയൊ ക്ഷണത്തിൽ നീങ്ങിപ്പോയി. സുകുമാരന്റെ ആ അഭ്യുദയകഥ ക്രമേണ ആ ഗൃഹത്തിലുള്ളവരെല്ലാം അറിഞ്ഞു. ശുഭമായ ഈ വൎത്തമാനം അറിഞ്ഞതുകൊണ്ട ആ ഗൃഹത്തിലുള്ള ഭൃത്യന്മാൎക്കുണ്ടായ സന്തോഷംകൂടി അനിൎവ്വചനീയമായിരിക്കെ പിന്നെ ബാനൎജ്ജിക്കും സുകുമാരനും ഉണ്ടായ പരമാനന്ദം പറയേണമൊ!

അന്നരാത്രി അത്താഴംകഴിഞ്ഞ അവർ രണ്ടുപേരുംകൂടി ഓരോന്ന പറഞ്ഞുംകൊണ്ട പതിവുപോലെ മുകളിൽ ചന്ദ്രികയുള്ളേടത്ത ചെന്നിരുന്നു.

സുകു– അങ്ങയുടെ അനുവാദമുണ്ടെങ്കിൽ നാളെ നാട്ടിലേക്കു പോയാൽ കൊള്ളാമെന്ന വിചാരിക്കുന്നു. വളരെ ദിവസമായില്ലെ്യ ഞാൻ പോന്നിട്ടു?

ചന്ദ്ര– അത അങ്ങിനെതന്നെ. എന്നാൽ എന്റെ സ്ഥിതി വലിയ വ്യസനത്തിലായിപ്പോയി. അങ്ങയെ പറഞ്ഞയക്കാതിരിപ്പാൻ പാടില്ലല്ലൊ. വിട്ടുപിരിയുന്നതൊ ഒരിക്കലും സഹിച്ചുകൂടാതാനും.

സുകു– ഇനി കൂടക്കൂടെ എന്റെ സഞ്ചാരം ഈ ദിക്കിലേക്കു ഉണ്ടാവും നിശ്ചയം. അപ്പോഴെല്ലാം ഞാൻ ഇവിടെവന്ന അങ്ങയെ ഉപദ്രവിക്കാനാണ വിചാരിക്കുന്നത. ഒരുസമയം ഇനിയത്തെ വരവതന്നെ സപരിവാരമായിട്ടാവാനും മതി.

ചന്ദ്ര– ഈ ഉപദ്രവം ഇനിക്കു ബഹുരസമാണ. അങ്ങയുടെ അച്ഛൻ പലകുറിയും ഈവിധത്തിൽ എന്നെ ഉപദ്രവിച്ചിട്ടുണ്ട. അങ്ങുനിമിത്തം ഈമാതിരി ഉപദ്രവത്തിന്ന ഇനിയും ഇനിക്കു സംഗതിവരേണമെന്ന ഞാൻ പ്രാർത്ഥിച്ചുംകൊണ്ടിരിക്കുന്നു. അങ്ങ സപരിവാരമായി രണ്ടുമാസമെങ്കിലും ഈ ഗൃഹത്തിൽ വന്ന താമസിച്ചുപോയാൽ ഇനിക്കു പിന്നെ ഇതിലധികമൊന്നും സാധിക്കേണ്ടതില്ല. എന്നാൽ വരുന്ന വിവരത്തിന്ന മുൻകൂട്ടി ഒരറിവമാത്രം തരണം. അങ്ങയുടെ കയ്യിൽ പണമുണ്ടെന്ന തോന്നുന്നില്ല. വഴിച്ചിലവിന്ന വല്ലതും വേണ്ടെ?

സുകു– നാലദിവസമായിട്ടല്ലെയുള്ളു ഞാൻ അങ്ങയോട ഏതാനുംപണം വാങ്ങീട്ടു? അതമുഴുവനും എന്റെവക്കൽ ബാക്കിയുണ്ട. വഴിച്ചിലവിന്ന അതുകൊണ്ട ധാരാളം തികയും. ഇപ്പോൾ പണമൊന്നും വേണമെന്നില്ല.

http://idb.ub.uni-tuebingen.de/diglit/CiXIV262/0119
EBERHARD KARLS UNIVERSITÄT TÜBINGEN
Universitätsbibliothek Tübingen
gefördert durch die DFG

ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ സീതാലക്ഷ്മി വന്നു. അന്നും സീതാലക്ഷ്മി അല്പം പാടി. ഇതെല്ലാം കഴിഞ്ഞാറെ "ഇനി ഇന്ന അധികം ഉറക്കൊഴിച്ചാൽ നാളത്തെ യാത്രക്ക തരക്കേടുണ്ട. അതിനാൽ അങ്ങ ഉറങ്ങാൻ താമസിക്കണ്ടാ" എന്നപറഞ്ഞ ചന്ദ്രനാഥബൊനർജ്ജിയും മകളും താഴത്തിറങ്ങിപ്പോയി. കാശ്മീരരാജ്യത്ത എത്തിയാൽ പ്രവൃത്തിക്കേണ്ടതായ ഓരോന്നങ്ങിനെ വിചാരിച്ചുംകൊണ്ട കിടക്കുകയാൽ സുകുമാരന ഉറക്കം ലേശമെങ്കിലും ഉണ്ടായില്ല. വിരഹികൾക്ക നിദ്രയില്ലെന്ന ജഗൽപ്രസിദ്ധമല്ലെ?

പിറ്റെദിവസം പുലൎന്നപ്പോഴെക്ക പിരിഞ്ഞുപോകുന്നതിനാലുള്ള ദുഃഖം നിമിത്തം അവൎക്ക അന്യോന്യം മുഖത്തനോക്കി സംസാരിപ്പാൻതന്നെ പ്രയാസമായിത്തീൎന്നു. ചന്ദ്രനാഥബൊനർജ്ജിക്ക സുകുമാരനെ യാത്ര അയപ്പാനുള്ള ശ്രമമായി. അവർ രണ്ടുപേരും രാവിലെ ഒമ്പതമണിക്ക ഭക്ഷണം കഴിച്ചു ഉടുപ്പിട്ടു. സുകുമാരൻ സീതാലക്ഷ്മിയോടും, ശരീരത്തിന്റെ അൎദ്ധാംശം കവാടംകൊണ്ട ആച്ഛാദനംചെയ്തുകൊണ്ട നില്ക്കുന്ന സുഹൃൽ പത്നിയോടും, യാത്രപറഞ്ഞു. അപ്പോൾ അവൎക്കുണ്ടായ വ്യസനം നിമിത്തം കണ്ണിൽ ജലം നിറച്ചുകൊണ്ട അന്യോന്യം പറഞ്ഞവയെല്ലാം എഴുതാൻ ശക്യമല്ല.

ഉടനെ ചന്ദ്രനാഥബൊനർജ്ജിയും സുകുമാരനും വണ്ടിയിൽകയറിയിരുന്നു. അവർ പുറപ്പെട്ടെറങ്ങുമ്പോൾ ദുശ്ശകുനങ്ങൾ വല്ലതും നേരിടുമൊ എന്ന ബൊനർജ്ജിക്ക നല്ലഭയമുണ്ടായിരുന്നു. അപ്പോൾ സുമംഗലികളും സുന്ദരികളും സൎവ്വാഭരണഭൂഷിതമാരും ആയ ഒരു കൂട്ടം സ്ത്രീകൾ തങ്ങൾക്ക അഭിമുഖമായി വരുന്നതകണ്ടു. പിന്നെ ക്ഷേത്രത്തിൽനിന്ന മംഗളവാദ്യങ്ങളും കേട്ടു. എല്ലാംകൊ

ണ്ടും ബൊനൎജ്ജിക്കു ശകുനം വളരെ തൃപ്തിപ്പെട്ടു. "ഇതാ
ഇതു കണ്ടൊളു. ഇതാണു നോക്കു ശകുനം. യാത്രാമുഖ
ത്തിങ്കൽ ഇത്ര വിശേഷമായ ശകുനം നേരിടാൻ വളരെ
പ്രയാസമുണ്ടു. അങ്ങെക്കു യാതൊരു അമംഗലവും ഉണ്ടാ
കയില്ലെന്നു തീൎച്ചതന്നെ" എന്നിങ്ങിനെ പറഞ്ഞു അതി
ന്റെ ലക്ഷണങ്ങളെല്ലാം ചന്ദ്രനാഥബൊനൎജ്ജി സുകുമാ
രനു പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. വണ്ടി സ്റ്റേഷനിൽ
എത്തിയ ഉടനെ ബൊനൎജ്ജി ജീലംസ്റ്റേഷനിലേക്കു ഒന്നാം
ക്ലാസ്സിൽ ഒന്നും മൂന്നാംക്ലാസ്സിൽ രണ്ടുംകൂടി മൂന്നു ടിക്കെ
റ്റുകൾ വാങ്ങി സുകുമാരനെ കൈപിടിച്ചു വണ്ടിയിൽക
യററി. ടിക്കെറ്റുകളെല്ലാം അവന്റെ കൈവശം കൊടു
ത്തു. "ഈ രണ്ടു ഭൃത്യന്മാരേയും അങ്ങെക്കു വഴിക്കു സഹാ
യത്തിന്നായി അയക്കുന്നു" എന്നുപറഞ്ഞു ഒന്നാംക്ലാസ്സു
വഴിയാത്രക്കാരുടെ ഭൃത്യന്മാൎക്കു കയറാനുള്ള പ്രത്യേകവ
ണ്ടിയിൽ അവരെയും കയററി. അവൎതമ്മിൽ പിരി
യുന്ന സമയം ഉണ്ടായ സംഭാഷണം താഴെ പറയാം.

സുകു— (ഗൽഗദാക്ഷരത്തോടുകൂടി) അങ്ങെയുടെ ഗൃഹത്തിൽ
ഞാൻ യാതൊരു ദുഃഖവും അറിയാതെ പരമാനന്ദ
ത്തോടുകൂടി അധികം ദിവസം താമസിച്ചു. അതെല്ലാം
പ്രത്യേകം പ്രത്യേകം പറഞ്ഞറിയിക്കേണ്ടതിന്നു ഇ
പ്പോൾ നേരം പോരല്ലൊ. സകല ഐശ്വൎയ്യങ്ങൾ
ക്കും ഇരിപ്പിടമായ അങ്ങെക്കു അല്പനായ ഈ ഞാൻ
എന്തൊരു പ്രത്യുപകാരമാണു ചെയ്വാൻ കഴിയുന്നതു?
ഇതിന്നു തക്കതായ പ്രത്യുപകാരം അങ്ങെക്കു ജഗദ്ധാ
താവായ കൈലാസവാസിതന്നെ ചെയ്യട്ടെ. അങ്ങ
സകലസമ്പൽസമ്പൂൎണ്ണനായും, കീൎത്തിമാനായും, മേൽ
ക്കുമേലുള്ള അഭ്യുദയങ്ങളോടും പുത്രമിത്രകളത്രങ്ങളോ
ടുംകൂടി ചിരകാലം ജീവിച്ചിരിക്കേണമെന്നു ഞാൻ

ദേഹപതനകാലംവരെ പരമകാരുണികനായ ദൈവത്തോട പ്രാൎത്ഥിക്കാം. അങ്ങയുടെ ഇഷ്ടന്മാരിൽ ഒരുവനായ എന്നിൽ അങ്ങെക്ക എപ്പോഴും ദയയും വാത്സല്യവും ഉണ്ടായിരിപ്പാൻ ഞാൻ പ്രത്യേകം അപേക്ഷിക്കുന്നു.

ചന്ദ്ര— അങ്ങെക്ക ഞങ്ങൾ എന്തൊ ചിലതെല്ലാം ചെയ്തു. അങ്ങെക്ക ഹിതംപോലെ അപഥ്യ വല്ലതും സംഭവിച്ചുവൊ എന്ന ഞാൻ അറിയുന്നില്ല. പ്രവൃത്തികൾ എല്ലാം കഴിച്ചുകൂട്ടണം എന്നല്ലാതെ നന്നായി എന്ന തോന്നത്തക്കവിധത്തിൽ പ്രവൃത്തികൾ എടുപ്പാൻ എന്റെ ഭൃത്യന്മാൎക്ക അറിഞ്ഞുകൂടാ. എന്റെ ഭാൎയ്യക്കും വകതിരിവ ഒരു മാതിരിയാണ. അതാണ സ്നേഹിതന്മാർ വന്നാൽ ഞാൻതന്നെ മനസ്സിരുത്തുന്നത. ഇയ്യിടയിൽ സീതാലക്ഷ്മി ഉള്ളതുകൊണ്ട ഞാൻ ഒന്നും അറിയേണ്ടതില്ല. എല്ലാം അവൾ മനസ്സിരുത്തി പ്രവൃത്തിച്ചുകൊള്ളും. ഒരു വീഴ്ചയും വരികയില്ല. സ്നേഹിതന്മാരെ സൽക്കരിക്കേണ്ടതിന്നുള്ള ക്രമങ്ങൾ എല്ലാം അവൾ നല്ലവണ്ണം വായിച്ചുമനസ്സിലാക്കീട്ടുണ്ട. അങ്ങെക്ക സഞ്ചാരത്തിൽ ഒരു മുള്ളു കുത്തിയ സുഖക്കേടകൂടി അനുഭവിക്കാനിടവരാതെ നാട്ടിൽ എത്തിച്ചേൎന്നു എന്ന കേൾപ്പാൻ ഞാൻ അന്തകാന്തകനായ വിശ്വനാഥസ്വാമിയെ പ്രാൎത്ഥിക്കുന്നു. അങ്ങ നാട്ടിൽ എത്തിയാൽ അപ്പോൾതന്നെ ഇനിക്ക എഴുതി അയക്കേണ്ടതകൂടാതെ ഞങ്ങളെക്കൊണ്ട വേണ്ടതുകൾക്കും കൂടെക്കൂടെ എഴുതയക്കേണമെന്ന ഇനിക്ക പ്രത്യേകം ഒരു അപേക്ഷയുണ്ട.

സുക— അങ്ങയുടെ ഭൃത്യന്മാരുടെ പ്രവൃത്തികളെല്ലാം ഇനിക്ക വളരെ രസിച്ചു നിശ്ചയം. യാതൊരുവീഴ്ചയും

അവരുടെ പ്രവൃത്തികളിൽ ഞാൻ ഇതുവരെകണ്ടീല. എന്നാൽ സീതാലക്ഷ്മി ഉണ്ടായാൽ അങ്ങെക്ക ഗൃഹകാൎയ്യങ്ങളിൽ യാതൊരു വീഴ്ചയും സംഭവിപ്പാൻ പാടില്ല.

ചന്ദ്ര- "ഉപചാരഃ കൎത്തവ്യോ യാവദനുല്പന്നസൌഹൃദഃ പുംസാം ഉല്പന്നസൌഹൃദാനാ മുപചാരഃകൈതവം ഭവതി" എന്ന പ്രമാണംകൊണ്ടാണ ഇനിക്ക അല്പം ഒരു സമാധാനമുള്ളത. ഇനി വണ്ടിനീങ്ങാൻ അഞ്ചു മിനുട്ട നേരമെ ഉള്ളു. ഒന്നാമത്തെ മണി അടിച്ചുകഴിഞ്ഞു.

ഉടനെതന്നെ സുകുമാരൻ തന്റെ പെട്ടിതുറന്ന ഒരു ഛായ എടുത്ത "അങ്ങയുടെ പുത്രനെപ്പോലെ എന്നെയും എപ്പോഴും ഓൎമ്മക്കവേണ്ടി ഇതാ ഇത ഇരിക്കട്ടെ" എന്നപറഞ്ഞു ചന്ദ്രനാഥബാനൎജ്ജിക്ക കൊടുത്തു. അദ്ദേഹം അതിനെ സാദരം വാങ്ങി വന്ദനവാക്ക പറകയും "സഞ്ചാരത്തിൽ വാച്ച് വളരെ ഉപയോഗമല്ലെ? അതുകൊണ്ട ഇതാ ഇത അങ്ങെക്കും ഇരിക്കട്ടെ" എന്നപറഞ്ഞ സുകുമാരന കൊടുക്കേണമെന്ന വിചാരിച്ചു കരുതിക്കൊണ്ടുവന്നിട്ടുണ്ടായിരുന്ന സ്വൎണ്ണംകൊണ്ടുള്ള വിശേഷമായ ഒരു വാച്ചും ചങ്ങലയും സുകുമാരന കൊടുക്കുകയും ചെയ്തു. അപ്പോൾ രണ്ടാമത്തെ മണിയും അടിച്ചു. "അങ്ങെക്ക സകല കാൎയ്യത്തിലും ശുഭം ഭവിക്കട്ടെ" എന്ന ബാനൎജ്ജിയും "അങ്ങയുടെ അനുഗ്രഹമുണ്ടായാൽ ഇനിക്ക ഒന്നിലും ഒരു അപജയം വരികയില്ല" എന്ന സുകുമാരനും പറഞ്ഞുകൊണ്ട നില്ക്കുമ്പോൾ വണ്ടിയും ഇളകി. ഉടനെ രണ്ടുപേരും തമ്മിൽ ബഹുതരം സലാം ചെയ്തു പിരിഞ്ഞുപോകയും ചെയ്തു.

## ഒമ്പതാം അദ്ധ്യായം.

### ഇന്ദുമതിയുടെ സ്വയംവരവും പട്ടാഭിഷേകവും.

സുകുമാരൻ ബെനാറിസ്സിൽനിന്നു ആറുനാഴിക ദൂരമുള്ള "മോഗൾസരി" എന്ന സ്റ്റേഷനിൽ എത്തിയപ്പോൾ താൻ പുറപ്പെടുന്ന വിവരം വൃന്ദാവനദാസനെ മുൻകൂട്ടി അറിയിക്കേണമെന്നും ബാബുഗോവിന്ദലാലയെ കാണാതെ പോകുന്നതു ഭംഗിയല്ലെന്നും വിചാരിച്ചു, വൃന്ദാവനദാസനു ഒരു എഴുത്തെഴുതി ആ വണ്ടിയിൽതന്നെ വിട്ടു. അവൻ അന്നു വയിന്നേരം ഏഴുമണിക്കു ഡൽഹിസ്റ്റേഷനിൽ എറങ്ങി താൻ മുമ്പു താമസിച്ചിരുന്ന ഹൊട്ടെലിൽതന്നെ പോയി താമസിച്ചു. പിറെറദിവസം പുലച്ചക്കു അന്വേഷിച്ചതിൽ ബാബുഗോവിന്ദലാല ആ നാട്ടിൽ ഇല്ലെന്നും അലഹാബാദിലോളം പോയിരിക്കുന്നു എന്നും അറികയാൽ ശങ്കരി ഏതുവിധവും അദ്ദേഹത്തെ കണ്ടല്ലാതെ പോകയില്ലെന്നുവിചാരിച്ചു അവിടെത്തന്നെ താമസിച്ചു. അങ്ങിനെ ഒന്നല്ല രണ്ടല്ല അഞ്ചുദിവസം താമസിച്ചിട്ടും ബാബുഗോവിന്ദലാല മടങ്ങി വരാതിരുന്നപ്പോൾ ഇതിലധികം താമസിപ്പാൻ പ്രയാസമുണ്ടെന്നുറച്ചു അന്നു വയിന്നേരം അവിടെനിന്നു പുറപ്പെടുന്ന മെയിൽവണ്ടിയിൽ കയറി കാശ്മീരരാജ്യത്തേക്കു നേരെ പോകയും ചെയ്തു.

സുകുമാരൻെറ എഴുത്തു വൃന്ദാവനദാസനു തക്ക സമയത്തതന്നെ കിട്ടി. സുകുമാരൻ എഴുത്തു അയച്ചതിൻെറ പിറേറദിവസം വൃന്ദാവനദാസൻ ഭക്ഷണം കഴിഞ്ഞു രണ്ടുനാല സ്നേഹിതന്മാരുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പൊഴാണു ആ എഴുത്തു കിട്ടിയതു. എഴുത്തു പൊ

ളിച്ചുനോക്കിയപ്പോൾ മരിച്ചുപോയവൻ ജീവിച്ചാൽ ഏതപ്രകാരമൊ അതുപോലെയുള്ള സന്തോഷം ഉണ്ടാകനിമിത്തം വൃന്ദാവനദാസൻ തപ്പാൽ കൊണ്ടുവന്നവന ഒരു തലപ്പാവ സമ്മാനംകൊടുത്തു. ഉടനെ സ്നേഹിതന്മാൎക്കു കൈകൊടുത്തു അവരെ പിരിച്ചയച്ചു. വൃന്ദാവനദാസൻ ഒരു കുടകൂടി എടുക്കാതെ അത്ര ബദ്ധപ്പെട്ടു കഠിനമായ വെയിലത്തതന്നെ പുറപ്പെട്ടു വേഗത്തിൽ രാജധാനിയിൽ എത്തി. അന്തഃപുരത്തിലെ കോണിച്ചുമട്ടിൽ നിന്നിരുന്ന സഖീജനങ്ങളിൽ ഒരുവളോടു വൃന്ദാവനദാസൻ “മഹാരാജ്ഞി എവിടെ? അടിയന്തരമായി ചിലതു തിരുമനസ്സുണൎത്തിപ്പാനുണ്ടു” എന്നുപറഞ്ഞതിനെകേട്ടു, അവൾ ക്ഷണത്തിൽ മുകളിൽപോയി ഇന്ദുമതിയോടു അറിയിച്ചു.

ആസമയം ഇന്ദുമതി സുകുമാരന്റെ മുമ്പേത്തെ ഓരോരൊ സന്ദേശപത്രങ്ങളെ എടുത്തു നോക്കിക്കൊണ്ടിരിക്കയായിരുന്നു. മന്ത്രിവന്ന വിവരം അറിഞ്ഞപ്പോൾ അവൾ അതെല്ലാം ഒരു മേശയിൽ വെച്ചുപൂട്ടി വേഗത്തിൽ താഴത്തിറങ്ങിവന്നു. വൃന്ദാവനദാസൻ ഇന്ദുമതിയെ കണ്ടപ്പോൾ താണു വന്ദിക്കുകയും, അവർ രണ്ടു പേരുംകൂടി ആസ്ഥാനമുറിയിൽ ചേന്നിരിക്കുകയും ചെയ്തു. “ഏകനായി ഠരം കഠിന വെയിലത്തു വരാൻ തക്ക അത്ര ഒരു അടിയന്തരകാൎയ്യം എന്താണു?” എന്നു ഇന്ദുമതി ചോദിച്ചപ്പോൾ മന്ത്രി, ഒന്നുംപറയാതെ സുകുമാരന്റെ എഴുത്തു അവളുടെ കയ്യിൽ കൊടുത്തു. എഴുത്തു വായിച്ചു നോക്കിയപ്പോൾ ഇന്ദുമതിക്കുണ്ടായ സന്തോഷാതിരേകം, ഭൎത്തൃപാദങ്ങളെത്തന്നെ സദാനേരവും ധ്യാനിച്ചും വ്യസനിച്ചുംകൊണ്ടു നിരാഹാരയായി അനേകം കാലം ലങ്കയിൽഇരുന്നു കഴിച്ചുകൂട്ടിയ സീതാദേവിക്കു രാ



http://idb.ub.uni-tuebingen.de/diglit/CiXIV262/0125
Universitätsbibliothek Tübingen

മാംഗുലീയത്തെ കണ്ടപ്പോൾ ഉണ്ടായ സന്തോഷത്തിൽ ഒട്ടും കുറവല്ല. സ്വയംവരത്തെപ്പററിയും പട്ടാഭിഷേക ത്തെപ്പററിയും വേണ്ടതെല്ലാം അവർ തമ്മിൽ ആലോ ചിച്ചു തീൎച്ചയാക്കി.

വൃന്ദാവനദാസൻ മടങ്ങി വന്ന സുകുമാരൻെറ എഴുത്ത എത്തിയ കഥയും മററും ശേഷം മന്ത്രിമാരേയും അറിയിച്ചു. ഉടനെ രാജധാനിക്കകത്തുള്ള പ്രവൃത്തി ക്കാരേയെല്ലാം വിളിച്ചുവരുത്തി അവരോട താഴെ പറ യുംപ്രകാരം പറഞ്ഞു. ഏകച്ഛത്രാധിപത്യമുടയ നൊമ്മ ടെ മഹാരാജ്ഞിയുടെ കല്പനകളെല്ലാം പ്രധാന മന്ത്രിയാ യ ഞാൻ പറയുന്നത നിങ്ങളെല്ലാവരും വഴിപോലെ കേൾക്കണം.

"ഇന്ന മുതൽ അഞ്ചാം ദിവസം വെള്ളിയാഴ്ച ഉദിച്ചു അഞ്ചു നാഴികയും മുപ്പത്തെട്ട വിനാഴികയും ചെ ല്ലുമ്പോൾ അത്തം നാലാം കാലിൽ വൃശ്ചികം രാശികൊ ണ്ട നൊമ്മടെ മഹാരാജ്ഞിയുടെ സ്വയംവരവും കിരീട ധാരണവും നിശ്ചയിച്ചിരിക്കുന്നു. അത യാതൊരു വി ഘ്നവും കൂടാതെ ശുഭമായി അവസാനിപ്പാൻ ദേവാലയ ങ്ങളിലെല്ലാം വിളക്ക, മാല, നിവേദ്യം മുതലായത ലോ ഭംകൂടാതെ ഇന്നു മുതൽക്കതന്നെ ആരംഭിക്കണം. അ ടിയന്തരത്തിന്ന അവശ്യം വരേണ്ടിയവരായ പുരോ ഹിതൻ മുതലായവൎക്കെല്ലാം പ്രത്യേകിച്ചും തിരുവെഴുത്തു കൾ ഇന്നുതന്നെ അയക്കണം. നാനാദേശങ്ങളിൽ നിന്നും എത്തിക്കൂടുന്ന ബ്രാഹ്മണൎക്കെല്ലാം വഴിപോലെ ഭക്ഷണം കൊടുക്കണം. അതിന്നായി വെച്ചുണ്ടാക്കുന്ന പദാൎത്ഥങ്ങളെല്ലാം കരിഞ്ഞു പൊകാത്തിരിക്കുന്നുയെന്ന കേട്ടാൽ വെട്ടം, അമൃതോപമങ്ങളായിരിക്കുന്നുയെന്ന കേട്ടാൽ പട്ടും കിട്ടുമെന്ന അടുക്കളക്കാരോട പ്രത്യേകം താ

ക്കീത ചെയ്യുന്നു. സകല ആപണങ്ങളും വീഥികളും
വിശേഷമായി അലങ്കരിക്കേണ്ടത കൂടാതെ സൌധങ്ങ
ളെല്ലാം വെള്ള വലിക്കണം. അതുംകൊണ്ടുവാ ഇതും
കൊണ്ടുവാ എന്ന പറഞ്ഞ പ്രജകളോട സൌജന്യമായി
യാതൊരു വസ്തുക്കളും വാങ്ങിപ്പോകരുതെന്ന പ്രത്യേകം
പറയുന്നു. ഇനി വേണ്ടതെല്ലാം സമയോചിതംപോ
ലെയും ഒന്നും വീഴ്ചകൂടാതെയും നടത്തിക്കൊള്ളണം”

എന്നിങ്ങിനെയുള്ള കല്പനകളെ അറിയിച്ചുകഴി
ഞ്ഞതിന്റെശേഷം വൃന്ദാവനദാസൻ അവരിൽ ചില
രെ ആപണവീഥ്യലങ്കാരത്തിന്നും, ചിലരെ ദേവാലയ
കാൎയ്യങ്ങൾക്കും, ചിലരെ രാജാക്കന്മാർ വരുന്നവരെ സൽ
ക്കരിക്കേണ്ടതിന്നും, ചിലരെ പുരോഹിതൻ കല്പിക്കു
ന്നപ്രകാരമുള്ള ഒരുക്കുകൾ കൂട്ടേണ്ടതിന്നും, മറ്റു ചി
ലരെ സദ്യശ്രമത്തിന്നും, സ്ത്രീജനങ്ങളിൽ പലരേയും
അന്തഃപുരത്തിൽ ഇന്ദുമതിയെ ചമയിപ്പിക്കുക മുതലായ
പ്രവൃത്തികൾക്കും, എന്നു വേണ്ടാ സകല പ്രവൃത്തികളും
അതാതിന്ന വല്ലഭമുള്ളവരെ തിരഞ്ഞെടുത്ത വേറെ വേ
റെ തിരിച്ചേല്പിച്ചു. തങ്ങൾ മുമ്പുതന്നെ എത്രയൊ കൊ
തിച്ചിരുന്നതായ ഈവക കല്പനകളെ അനായാസേന
കിട്ടുകനിമിത്തം അതിസന്തുഷ്ടന്മാരും അത്യുത്സാഹികളു
മായ അവരെല്ലാം അതാത പ്രവൃത്തികൾക്കായി ഉദ്യോ
ഗിച്ചുതുടങ്ങി. അവരിൽ പലരുംകൂടി പട്ടണങ്ങളുടെ
എല്ലാ ഭാഗവും രണ്ടു ദിവസംകൊണ്ടുതന്നെ അതിമ
നോഹരമാകുംവണ്ണം അലങ്കരിച്ചു കഴിഞ്ഞു.

വീഥികളുടെ ഇരുഭാഗത്തുള്ളതും ചന്ദ്രമാൎഗ്ഗത്തി
ലോളം എത്തുന്നതും ആയ സൌധങ്ങളെല്ലാം വെള്ള വ
ലിച്ചിട്ടുണ്ടു. ആവക മാളികകളുടെ ചുമരുകളിലെല്ലാംപ
തിച്ചിട്ടുള്ള ഇന്ദുമതിയുടേയും സുകുമാരന്റേയും പടങ്ങളെ

http://idb.ub.uni-tuebingen.de/diglit/CiXIV262/0127
EBERHARD KARLS UNIVERSITÄT TÜBINGEN
Universitätsbibliothek Tübingen
gefördert durch die DFG

ക്കൊണ്ടും, സൌധോപരിഭാഗങ്ങളിലുള്ള സ്തംഭങ്ങളിൽ കെട്ടിയതും "ഇന്ദുമതീസുകുമാരന്മാൎക്കു ദൈവം സഹായിക്കട്ടെ. ഇന്ദുമതീ സുകുമാരന്മാർ സൎവ്വത്രവിജയീഭവിക്കട്ടെ" എന്നിങ്ങിനെയുള്ള സ്വൎണ്ണവൎണ്ണമായ മഷികൊണ്ടു ലേഖനം ചെയ്യപ്പെട്ടതായ ലിപികളെക്കൊണ്ടു ശോഭിച്ചതും ആയ കൊടിച്ചേലകളെക്കൊണ്ടും വീഥികളെങ്ങും നിറഞ്ഞിരിക്കുന്നു. പ്രധാനമായ നിരത്തുകളിൽ പലേടത്തും വലിയ വലിയ സൌധങ്ങളുടെ ഔന്നത്യത്തിൽ ഒട്ടും കുറയാതെ മുളകൊണ്ടു കെട്ടി ഉണ്ടാക്കിയതും, മാവിൻ തളിരുകൊണ്ടും ൟന്തിൻ പട്ടകൊണ്ടും മുഴുവൻ മൂടികെട്ടി അതിന്നുമീതെ നാനാവിധപുഷ്പമഞ്ജരികളെക്കൊണ്ടു കരയിട്ടതുപോലെ തോന്നിക്കുന്നതും, അതുകളുടെ ചുവട്ടിൽകൂടെ അനേകം വണ്ടികൾക്കു ഒരെ അവസരത്തിൽ ഗതാഗതം ചെയ്യേണ്ടതിന്നു അൎദ്ധചന്ദ്രാകാരത്തിൽ കമാൻ വളച്ചു കെട്ടിയതും ആയ ഒരു മാതിരി കൃത്രിമഗോപുരങ്ങളുടെ (ആൎച്ചസ്സ്) മുകളിൽഇരുന്ന അനേകം ആളുകൾ രാത്രികാലങ്ങളിൽ കത്തിക്കുന്ന മത്താപ്പുകളുടെ പ്രഭാപൂരം ശരച്ചന്ദ്രികയെ ദൂരീകരിക്കുന്നു. അവിടവിടെ സ്ഥാപിക്കപ്പെട്ട ധ്വജങ്ങളിൽ ബദ്ധകളായ പതാകകൾ കാററുകൊണ്ടു ചലിക്കുമ്പോൾ സുകുമാരനെ "കടക്കാം കടക്കാം" എന്നിങ്ങിനെ കൈകൊണ്ടു മാടിവിളിക്കുകതന്നെയെന്നു തോന്നിപ്പോകും. ൟ വക കൃത്രിമഗോപുരങ്ങളുടേയും യഥാൎത്ഥഗോപുരങ്ങളുടേയും തെരുവുകളിലുള്ള മണിമഞ്ചങ്ങളുടേയും ഷാപ്പുകളുടേയും ഭിത്തികളിൽതറച്ചും, അതുകളോടുകൂടാത്ത റോഡുകളിൽ അടുത്തടുത്ത കാൽനാട്ടി കെട്ടിയ കമ്പികളിൽ തൂക്കിയും, ഉജ്വലിപ്പിച്ചിരിക്കുന്ന വിളക്കിന്റെ രശ്മിജാലംകൊണ്ടു ഭയപ്പെട്ട അന്ധകാരം അക്കാലത്തെരാത്രികാലങ്ങളിൽ പാതാളത്തിൽ

തന്നെ ഒളിച്ചിരുന്നു. അതിധവളമായ കടലാസ്സുകൊണ്ടു ഗോളാകൃതിയിൽ നിൎമ്മിച്ചു, ഉള്ളിൽ വിളക്കുംവെച്ചു, വൃക്ഷഷണ്ഡങ്ങളുടെ ശാഖകളിൽ തൂക്കിയിരിക്കുന്നതിനെ കണ്ടാൽ അനേകായിരം ചന്ദ്രബിംബങ്ങൾ ഒരുമിച്ചുദിച്ചു ആകാശമാൎഗ്ഗത്തിൽ വിളങ്ങുകയൊ എന്നു തോന്നും. തെരുവുകളിലുള്ള എല്ലാ വെണ്മാടങ്ങളുടേയും പൂമുഖത്തുള്ള സ്തംഭങ്ങളും തട്ടുകളും വീരവാളിപട്ടുകൊണ്ടും വൎണ്ണത്തകിടുകൊണ്ടും പൊതിഞ്ഞിട്ടുള്ളതു കൂടാതെ അറുപതും എഴുപതും എണ്ണത്തോടുകൂടിയ നാളികേരക്കുലകൾ, പൂഗഫലക്കുലകൾ, കുലകളോടുകൂടിയ കദളിവാഴകൾ ഇതുകളാൽ അലങ്കരിക്കപ്പെട്ടവയുമാണ. എന്തിനു വളരെ പറയുന്നു, ആ സമയം ആ പട്ടണം കാണുന്നവരിൽ ഇന്നുതന്നേയാണ നയനസാഫല്യം വന്നത എന്നു വിചാരിക്കാത്തവർ ആരും ഇല്ലെന്നുതന്നെ പറയാം.

ഇന്ദുമതി സുകുമാരനാൽ പ്രേഷിതമായ ആ കത്തിനെത്തന്നെ എടുത്തുനോക്കുകയും അതിലെ മണിക്കൂറുകളെ എണ്ണിഎണ്ണിക്കുറക്കുകയും ചെയ്തു. സുകുമാരൻ എത്തേണ്ടുന്ന ദിവസത്തിന്റെ ആദ്യത്തെ രണ്ടുയാമങ്ങളും രണ്ടുദിവസങ്ങളെപ്പോലെ ഇന്ദുമതിക്കു തോന്നി. പകൽ മുഴുവനും സൂൎയ്യാതപത്താൽ വാടിയ കുമുദങ്ങൾ ചന്ദ്രോദയത്തെത്തന്നെ നോക്കിക്കൊണ്ടു നില്ക്കുന്നതുപോലെ ഇന്ദുമതി വേർപെട്ടിരിക്കുന്ന സുകുമാരന്റെ മുഖചന്ദ്രോദയത്തെത്തന്നെ കാംക്ഷിച്ചുംകൊണ്ടു യമച്ചുമിഴികൂടാതെ ചാലയവാതിലിൽകൂടി നോക്കിക്കൊണ്ടുനിന്നു. തങ്ങളുടെ മഹാരാജ്ഞിക്കു ഭൎത്താവായിവരാൻ പോകുന്ന സുകുമാരൻ ഇന്നു എത്തുമെന്നുള്ള സന്തോഷം സഹിയാതെ മത്തന്മാരായ പൌരന്മാരെല്ലാം അദ്ദേഹത്തെ കാണേണ്ടതിന്നു സ്റ്റേഷനിൽവന്നു കൂടീട്ടുണ്ടായിരുന്നു.

http://idb.ub.uni-tuebingen.de/diglit/CiXIV262/0129
Universitätsbibliothek Tübingen

വൃന്ദാവനദാസനും വേണ്ടുന്ന സന്നാഹങ്ങളോടുകൂടി അവിടെ വന്നനിന്നിരുന്നു. ചന്ദ്രഭാനു എത്തീട്ടുണ്ടായിരുന്നുവൊ എന്നുള്ള കഥ പിന്നെ പറയേണമൊ?

കാശ്മീരരാജ്യത്തിന്റെ അതൃത്തിമുതൽക്കുള്ള എല്ലാസ്റ്റേഷനും അലങ്കരിച്ചിട്ടുള്ളതിനേയും, അവിടേയും "ഇന്ദുമതീസുകുമാരന്മാൎക്ക ദൈവം തുണക്കട്ടെ" എന്നീവിധം ലേഖനംചെയ്യപ്പെട്ടതായ ലിപികളേയും സുകുമാരൻ കണ്ടപ്പോൾ ആനന്ദാൎണ്ണവത്തിൽ മുങ്ങിയപോലെ മനസ്സുതണുത്തു. അറിയിച്ചസമയത്തുതന്നെ അവൻ കൃത്യമായി വണ്ടിഎറങ്ങി. വയോധികനും അച്ഛന്റെ ഒന്നിച്ച അധികംകാലം ഉദ്യോഗംഭരിച്ചുവന്നവനും ആയ വൃന്ദാവനദാസനെ കണ്ടസമയം സുകുമാരൻ വന്ദിച്ചുപറയുന്നു.

സുകു— അങ്ങേക്കും കുഡുംബങ്ങൾക്കും ഈ കാശ്മീരരാജ്യത്തിനും ക്ഷേമംതന്നെ അല്ലെ? ഈ വാൎദ്ധക്യകാലത്ത അങ്ങതന്നെ പുറപ്പെട്ടത കുറെ കഷ്ടമായിപ്പോയി. ആരെയെങ്കിലും ഒരാളെ അയച്ചാൽ ധാരാളം മതിയായിരുന്നുവെല്ലൊ.

വൃന്ദാ— ദൈവാനുഗ്രഹത്താൽ എന്റെ കുഡുംബങ്ങളും രാജ്യവും ഒരുവിധം ക്ഷേമത്തിൽ ഇരിക്കുന്നു. ദീൎഘമായ ഈ വഴിയാത്രകൊണ്ട അല്പമായ വല്ലസുഖക്കേടും അങ്ങേക്ക ഉണ്ടായിരിക്കുമൊ എന്ന അറിയായ്കയാൽ ഇനിക്ക തൽക്കാലം കുറെ സുഖക്കേടുണ്ട. വെറെ വിശേഷിച്ചൊന്നുമില്ല.

വൃന്ദാവനദാസൻ പറഞ്ഞതിനെ കേട്ടസമയം സുകുമാരൻ അല്പം ചിരിച്ചുകൊണ്ട "ഇനിക്കും സുഖക്കേടില്ലന്നില്ല്യ. പക്ഷെ അത നിങ്ങളാൽചിലരുടെ യോഗക്ഷേമങ്ങളെ അറിയായ്കകൊണ്ടമാത്രമാണ. മററയാതൊ

നമില്ല” എന്നിങ്ങിനെ പറഞ്ഞുകഴിഞ്ഞതിൻെറശേഷം അവിടെ കൂടീട്ടുണ്ടായിരുന്നവരും തൻെറ മുഖത്തെക്കതന്നേ നോക്കിക്കൊണ്ടുനില്ക്കുന്നവരും ആയ ജനങ്ങളെ പ്രസന്നതയോടെ ഒന്നങ്ങിനെ നോക്കുകയും ചന്ദ്രഭാനുവിനെ പ്രത്യേകം അരികത്തവിളിച്ച ഇന്ദുമതിയുടെ യോഗക്ഷേമങ്ങളെ അല്പംമാത്രം രഹസ്യമായി ചോദിക്കുകയുംചെയ്തു. ഇത തൻെറ എജമാനത്തിയോട വേഗത്തിൽ ചെന്നറിയിക്കേണമെന്ന വിചാരിച്ച ചന്ദ്രഭാനു ആക്ഷണത്തിൽ കുതിച്ചുപാഞ്ഞു. വൃന്ദാവനദാസനും സുകുമാരനും അച്ഛനും മകനും എന്നപോലെ അന്യോന്യം കൈകോൎത്തുപിടിച്ച വണ്ടിയിൽ കയറുകയും സുകുമാരൻ മുമ്പതാമസിച്ചിരുന്ന മാളികയിൽ എത്തുകയും ചെയ്തു. “ഇനി ഞാൻ പോകട്ടെ. നാളെക്ക അനേകം ഒരുങ്ങേണ്ടതുണ്ട്” എന്നപറഞ്ഞ മന്ത്രി പിരികയുംചെയ്തു.

സുകുമാരൻ ഉടനെപോയി സ്നാനം ഭക്ഷണം മുതലായതു കഴിച്ച മുകളിൽ പ്രാന്തയിൽ നടക്കുമ്പോൾ എത്രയും പ്രിയപ്പെട്ട ചന്ദ്രഭാനു വന്നകയറി.

സുകു– ചന്ദ്രഭാനു! ഞാൻ എത്തിയ വിവരം ഇന്ദുമതി അറിഞ്ഞുവൊ?

ചന്ദ്ര– ഞാൻ ആ വഴിക്കുതന്നെ ഓടിച്ചെന്ന തിരുമനസ്സറിയിച്ചുകഴിഞ്ഞു.

സുകു– എന്നിട്ട അവൾ എന്തുപറഞ്ഞു?

ചന്ദ്ര– എന്താ അരുളിച്ചെയ്യാനുള്ളത?

സുകു– ഞാൻ വന്നു എന്ന കേട്ടിട്ട ഒന്നും പറഞ്ഞീലെ?

ചന്ദ്ര– ഒന്നും അരുളിച്ചെയ്തിലെന്നില്ല “ഇപ്പോഴും വരേണ്ടിയിരുന്നില്ല” എന്നമാത്രം അരുളിച്ചെയ്തു.

സുകു– (അല്പം സ്മിതത്തോടെ) ആവക പരിഭവങ്ങളെല്ലാം ക്ഷണംകൊണ്ടുതീരും. ആട്ടെ, നൊമ്മടെ തമ്പുരാട്ടിക്ക സൌഖ്യംതന്നെ അല്ലെ?

ചന്ദ്ര- അങ്ങയുടെ കൃപകൊണ്ടു എല്ലാവരും ഒരുവിധം ക്ഷേമത്തിൽ ഇരിക്കുന്നു.

സുകു- ഇന്ദുമതി പിന്നെ എന്തുപറഞ്ഞു?

ചന്ദ്ര- അങ്ങ പിരിഞ്ഞുപോയതിന്റെശേഷം ഒരെഴുത്തും അയക്കാതിരുന്നതിനെക്കുറിച്ചുവളരെ സുഖക്കേടായിട്ടു അരുളിച്ചെയ്തു. അങ്ങേക്കു സംശയക വീഴ്ചകൾ വരുമാറില്ലെല്ലൊ. എന്തേതു?

ഇങ്ങിനെ കുറെനേരം സംസാരിച്ചു ചന്ദ്രഭാനു ഓരോരൊ ശ്രമത്തിന്നായി പോയി. തമ്മിൽ കാണുന്നത രാത്രിയിൽ മതി എന്നു ഇന്ദുമതി പറഞ്ഞയച്ചിരുന്നതുകൊണ്ടു ആ ദിവസത്തെ ബാക്കിയുള്ള പകൽ അറുപതു നാഴികയുള്ളതുപോലെ സുകുമാരനുതോന്നി. സുകുമാരൻ ആ പട്ടണത്തിലെ ധ്വജങ്ങളിലും സ്തംഭങ്ങളിലും ബന്ധിച്ചിട്ടുള്ളതും, തന്റേയും ഇന്ദുമതിയുടേയും നാമാക്ഷരങ്ങളെകൊണ്ടു അങ്കിതങ്ങളും ആയ കൊടിക്കൂറകളെത്തന്നെ നോക്കി രസിച്ചുകൊണ്ടു അസ്തമിക്കുന്നവരെ അവിടെത്തന്നെ നടന്നുകൊണ്ടിരുന്നു. അത്താഴംകഴിഞ്ഞു ജനസഞ്ചാരം അല്പം ഒതുങ്ങിയതിന്റെശേഷം ഇന്ദുമതി അയച്ചുവന്നവളായ രശ്മീഭായി സുകുമാരന്റെ മുകളിലേക്കു കയറിച്ചെന്നു. അപ്പോൾ സുകുമാരൻ ഇന്ദുമതിയെ കാണ്മാനുള്ള ബദ്ധപ്പാടുകൊണ്ടു പുറപ്പെട്ടുനില്ക്കുകയായിരുന്നു. രശ്മീഭായിയെക്കണ്ടപ്പോൾ

സുകു- എന്താ രശ്മീഭായി! നോക്കു പോവുല്ലെ? നീ ഇങ്ങോട്ടു പോരുമ്പോൾ അവൾ എന്തു ചെയ്യുന്നു?

രശ്മീ- എങ്ങോട്ടാണ പോണതു? എന്തിനാണ പോണതു? വേഗം ചെല്ലുകയെവേണ്ടു. ഇന്നത്തെക്കൊണ്ടു മതിയാവും. ഇന്നാണ അവളുടെ വേഷം കാണേണ്ടതു. അങ്ങ എന്താണീക്കാണിച്ചതു?

സുകു- എന്തായിക്കോട്ടെ, അതെല്ലാം കണ്ടാൽ തീരും. ഞാൻ അങ്ങിനെ ഒരു തെറ്റൊന്നും ചെയ്തിട്ടില്ല്യ.

എന്നിങ്ങിനെ പറഞ്ഞ അവർ രണ്ടുപേരും കൂടി അന്തഃപുരത്തിലേക്ക പോയി. ഇന്ദുമതി തശീഭായിയെ സുകുമാരന്റെ സമീപത്തേക്ക അയച്ചതിന്റെശേഷം അവനെ കാണ്മാനുള്ള ബദ്ധപ്പാട സഹിയാതെ ജാലകങ്ങളിൽകൂടി നോക്കിക്കൊണ്ട നിന്നിരുന്നു എങ്കിലും അവർ മാളികയുടെ ചുമട്ടിൽ എത്തിയെന്ന അറിഞ്ഞപ്പോൾ പരീക്ഷാൎത്ഥം അവൾ ഉറങ്ങിയ ഭാവം നടിച്ച കോച്ചിന്മേൽ കിടന്നു. സുകുമാരൻ ക്ഷണനേരത്തിൽ മുകളിൽ കയറിച്ചെന്ന നോക്കിയപ്പോൾ അവൾ ഉറങ്ങുന്നതായി കണ്ടു. ആ കോച്ചിന്മേൽതന്നെ ഇരുന്ന "ഇവളെ ഉണൎത്തുന്നതൊ ഉണൎത്താതിരിക്കുന്നതൊ യോഗ്യത" എന്ന ആലോചിച്ചു. ഒടുവിൽ നിദ്രാഭംഗം ചെയ്യുന്നത ഭംഗിയല്ലെന്ന തീൎച്ചയാക്കി. സുകുമാരൻ ആ മൃഗാക്ഷിയുടെ കരപല്ലവങ്ങളിലും ഗണ്ഡപ്രദേശങ്ങളിലും അനേകതരം ചുംബനംചെയ്തു, തന്റെ കരം പതുക്കെ അവളുടെ കാഠിന്യമേറിയ മുലയിന്മേയിൽവെച്ചു. അപ്പോൾ ഇന്ദുമതി "അയ്യൊ! ആരാണിത! ആരാണിത!" എന്നിങ്ങിനെ സംഭ്രമത്തെ നടിച്ച ബദ്ധപ്പെട്ട എഴുനീററിരുന്ന കോപത്തെ നടിച്ചുംകൊണ്ട സുകുമാരനോട പറയുന്നു.

ഇന്ദു- ഈ സമയത്ത അങ്ങെക്ക എന്നെ വന്ന തൊടാൻ പാടുണ്ടൊ? ഞാൻ ആരാണെന്നാണ അങ്ങ വിചാരിച്ചത? അങ്ങ പ്രവൃത്തിച്ചത എന്തൊരു സാഹസമാണ? അങ്ങാരാണ, ഞാനാരാണ. അങ്ങ ധൂൎത്തനല്ലെ? ക്രൂരനല്ലെ? അങ്ങേക്ക ദയ ലേശംപോലുമുണ്ടൊ? അങ്ങയെപ്പോലെ കിതവനായിട്ട ലോകത്തിൽ മററാരാനുമുണ്ടൊ?



http://idb.ub.uni-tuebingen.de/diglit/CiXIV262/0133
Universitätsbibliothek Tübingen

സുക– എന്താ നീ ഇങ്ങിനെയെല്ലാം പറയുന്നത? ഇത്ര കോപിക്കാൻ തക്ക തെററുകൾ യാതൊന്നും ഞാൻ ചെയ്യീട്ടില്ലല്ലൊ. എന്നെ കുറിച്ച വല്ലവരും വല്ല ഏഷണിയും പറഞ്ഞതിനെ വിശ്വസിച്ച എന്നെ ഇങ്ങിനെ വ്യസനിപ്പിക്കരുതെ. ഞാൻ നിന്റെ ദാസനല്ലെ? എന്റെ നേരെ ഒന്നു നോക്കണെ?

ഇന്ദു– മതി മതി പറഞ്ഞത. ഇനിക്ക കേൾക്കകതന്നെ വേണ്ടാ അങ്ങയുടെ വാക്ക.

സുക– ഞാൻ മനസാ വാചാ കർമ്മണാ നിണക്ക അപ്രിയമായിട്ട യാതോന്നും ചെയ്യുവനല്ല. അറിയാതെ വല്ലതും ചെയ്തുപോയിട്ടുണ്ടെങ്കിൽ അതെല്ലാം നീ ക്ഷമിക്കണെ.

ഇന്ദു– ഇപ്പോൾ ക്ഷമിക്കണമെന്ന പറഞ്ഞാൽ മതിയൊ? അങ്ങ എന്താ ഈ കാണിച്ചത? മനുഷ്യനായാൽ ലേശമെങ്കിലും ദയ വേണ്ടെ?

സുക– എന്തൊക്കയാണ കേൾക്കട്ടെ ഞാൻ ദയ കൂടാതെ കാണിച്ചത? ഒന്ന പറയു?

ഇന്ദു– അങ്ങ പോയതിൽ പിന്നെ ഒരെഴുത്തെങ്കിലും ഇനിക്ക അയച്ചുവൊ? എന്റെ സ്വഭാവം മുഴുവനും അങ്ങെക്ക നല്ലവണ്ണം അറിവില്ല്യെ? വ്യസനിച്ചെങ്കിൽ വ്യസനിച്ചോട്ടെ ചത്തെങ്കിൽ ചത്തോട്ടെ എന്നല്ലെ അങ്ങ വിചാരിച്ചത?

സുക– അങ്ങിനെ ഞാൻ വിചാരിച്ചിട്ടില്ല. ഈ ജന്മം ഒട്ടു വിചാരിക്കയുമില്ല. എന്നാൽ എഴുത്ത അയക്കാതിരുന്നത എന്റെ പക്കൽ ഒരു തെററതന്നെയാണ. പരമാർത്ഥമായിട്ട ഞാൻ പറയാലൊ, ഒന്നു രണ്ടു പ്രാവശ്യം ഞാൻ നിണക്ക എഴുത്തെഴുതി വെച്ചു. പിന്നെ അയപ്പാൻ സാധിച്ചില്ലെന്ന മാത്രമെ ഉള്ളു.

http://idb.ub.uni-tuebingen.de/diglit/CiXIV262/0134
Universitätsbibliothek Tübingen

ഇന്ദു— എഴുത്തയക്കാതിരുന്നതിന്റെ കാരണം മതിയായിയെന്ന ഇനിക്കുതോന്നുന്നില്ല്യ. അത പറഞ്ഞല്ലാതെ അങ്ങ്യെ ഞാൻ തൊടുകയില്ല. ഉത്തരത്തിൽ മുട്ടിയാൽ മിണ്ടാതിരിരുന്നാൽ മതി, അല്ലെ?

സുകു— കാരണം വിശേഷിച്ചൊന്നുമില്ല. അയപ്പാൻ ഞാൻ ഓൎമ്മവിട്ടതാണെ. നീ എന്നെ നല്ലവണ്ണം വിശ്വസിക്കണേ. ഞാൻ നിഷ്കളങ്കനാണെ.

ഇന്ദു— എഴുത്തയക്കാതിരുന്നതിന്റെ കാരണം പറയാഞ്ഞാൽ ഞാൻ സമ്മതിക്കയില്ല. ഒരം തട്ടിപ്പൊന്നും എന്നോട്ട കൊണ്ടുവരേണ്ടാ, എല്ലാം ഇനിക്ക മനസ്സിലായിരിക്കുന്നു. ഏതോ വല്ല സ്ത്രീകളും പറഞ്ഞിട്ടായിരിക്കണം എഴുത്തയക്കാതിരുന്നത. അത്രക്കല്ലെ അങ്ങ പോന്നു? പോകുമ്പോൾ എന്തെല്ലാം കോലാഹലമാണ അങ്ങ കാണിച്ചുകൂട്ടിയത? ശിവ! ശിവ!. "ശിശിരീകരിക്കണെ മാനസനാണെ ക്ഷേമാഭ്യുദയകാംക്ഷിയാണെ" എന്നൊക്കെയല്ലെ അങ്ങ പറഞ്ഞത? ക്ഷേമാഭ്യുദയകാംക്ഷിയുടെ ലക്ഷണം ഇതൊക്കത്തന്നെയായിരിക്കും, അല്ലേ? കാണുമ്പോൾ ഭംഗി പറവാൻ സമൎത്ഥനാണ.

സുകു— ഇത്രയെല്ലാം നീ പറഞ്ഞുവെല്ലൊ. ഞാൻ ഏല്പിച്ചുപോയ പ്രകാരം നീ ഇനിക്ക ഒരെഴുത്തെങ്കിലും അയക്കായിരുന്നില്ല്യേ?

ഇന്ദു— ഒരം പറയുന്നതിന്ന വേണ്ടതുണ്ട. ഇതാണ നന്നായത. കുറ്റംകൊണ്ടു കൂലി, അല്ലേ? എന്തെങ്കിലും ചിലത പറയേണമെന്ന മനസ്സിലായിട്ടുണ്ട. അത്ര തന്നെ. അങ്ങയുടെ മേൽ വിലാസംപുംകൂടി അറിയിക്കാതെ കണ്ട പെണ്ണുങ്ങളുടെ പടിക്കലും ചെന്ന പാട കിടന്നാൽ ഞാൻ എങ്ങിനെയാണ എഴുത്തയക്കുന്നത?

ഇങ്ങിനെയെല്ലാം അങ്ങ കാണിച്ചതിന്ന വേണ്ടതിനെ ഇനിക്കറിയാം. മേലിൽ അങ്ങയുടെ മുഖം കാണരുത. അതാണ വേണ്ടത. അങ്ങ കാണിക്കുന്ന ധൂൎത്തുകളെല്ലാം കണ്ട ക്ഷമിച്ചിരിക്കുമെന്നൊ അങ്ങ വിചാരിച്ചത? ഇനിക്ക എഴുത്തയക്കാതിരുന്നത യാതൊരു പെണ്ണുങ്ങളുടേയും വാക്ക കേട്ടിട്ടല്ലാ എന്ന സത്യം ചെയ്യാൽ മാത്രം ഞാൻ അങ്ങയെ സ്വീകരിക്കാം. ഇല്ലെങ്കിൽ വേഗം പോവാം.

എന്നിപ്രകാരം പ്രണയകലഹ സൂചകങ്ങളായ വാക്കുകളെ അവൾ അനേകം പറഞ്ഞു. ഇങ്ങിനെ ഇന്ദുമതി കോപിച്ചുംകൊണ്ട നില്ക്കുമ്പോൾകൂടി അവളുടെ മുഖത്തുള്ള സീമാതീതമായ സൌകുമാൎയ്യത്തിന്ന സുകുമാരന ഒട്ടും ഒരു കുറവുതോന്നീല്ല. ഇന്ദുമതി പറഞ്ഞതിനെ കേട്ട സുകുമാരൻ വേഗത്തിൽ എഴുനീററ അവളുടെ കാക്കൽ വീണ സത്യം ചെയ്യാൻ ഭാവിച്ചതിനെ കണ്ടപ്പോൾ ഇന്ദുമതി "അയ്യൊ! ജീവനാഥ! അങ്ങ അത മാത്രം ചെയ്യുപോകരുതെ" എന്ന പറഞ്ഞ അവനെ വേഗത്തിൽ പൊത്തിപ്പിടിച്ച ഗാഢമായി ആലിംഗനം ചെയ്യുകയും, തമ്മിൽ പിരിഞ്ഞതിന്ന ശേഷമുണ്ടായ കഥകളെല്ലാം അന്യോന്യം പറഞ്ഞ രസിക്കുകയുംചെയ്യു. ആ ദിവസത്തെ രാത്രി ധീരന്മാരായ അവർഅത്രമാത്രം കൊണ്ടുതന്നെ കഴിച്ചു കൂട്ടി.

പിറെറ ദിവസം സ്വയംവരദിവസമാണെന്ന വായനക്കാർ മനസ്സിലാക്കീട്ടുണ്ടല്ലൊ. എന്നാൽ ഒരു കല്യാണത്തെ കുറിച്ച ആദ്യം മുതൽ അവസാനം വരെ വിസ്തരിച്ച പറയുന്നതായാൽ അതിൽ നിസ്സാരമായും നിരൎത്ഥകമായും അനേകം എഴുതുവാനുണ്ടാകും. അതെല്ലാം വഴിക്കുവഴി പറവാൻ കണ്ടിട്ടും കേട്ടിട്ടും ഞാൻ

നല്ലവണ്ണം ഗ്രഹിച്ചവനാണെങ്കിലും അങ്ങിനെ പറയുന്നതിൽ കേൾക്കുന്നവൎക്ക രസമുണ്ടാകയില്ലെന്ന ഞാൻ തീൎച്ചയാക്കിയതിനാൽ അതുകളെ ഒഴിച്ച രസമുള്ള വിഷയങ്ങളെ മാത്രം എഴുതാം.

സ്വയംവരദിവസം പുലരുവാൻ ഏഴരനാഴികയുള്ളപ്പോൾ തന്നെ വീരഞ്ജികളും കരിയനകളും ഭേരിപടഹാദി വാദ്യങ്ങളും എടവിടാതെ മുഴക്കിത്തുടങ്ങി. ഇന്ദുമതിയും സുകുമാരനും പ്രാതസ്നാനവും ഈശ്വരഭജനവും കഴിഞ്ഞു ചമയുവാൻ പോയി. തശീഭായി ഇന്ദുമതിയുടെ കുന്തളജാലം കൌതുകത്തിൽ വകഞ്ഞു കെട്ടിച്ച അതി സുരഭികളായ പുഷ്പമാലകളെ അണിയിക്കുകയും ചെയ്തുകൂടാതെ തിലകവും തൊടിയിച്ചു. അപ്പോൾ ഇന്ദ്രസേനയെന്നുള്ള ദാസി വിശേഷമായ പട്ടുകൊണ്ട ഞെറിഞ്ഞുടുപ്പിക്കുകയും സുഗന്ധികളായ കളഭം കസ്തൂരി കുങ്കുമം മുതലായ അനുലേപനപദാൎത്ഥങ്ങളെ ഇന്ദുമതിയുടെ കുചകലശങ്ങളിൽ ചാൎത്തുകയും കണ്ണെഴുതിക്കുകയും ചെയ്തു. വിലപേറില്ലാത്ത നവരത്നങ്ങളെക്കൊണ്ട ഖചിതങ്ങളായ നെററിപ്പട്ടം കാതില താലി നൂല പതക്കം മുത്തുമാല കാഞ്ചി കടകം മോതിരം കണ്ഠസരം പാദസരം മുതലായ അനേകതരത്തിലുള്ള ആഭരണങ്ങളെക്കൊണ്ട അതാത അവയവങ്ങളെ വഴിപോലെ അലങ്കരിപ്പിച്ചു.

അനന്തരം സൎവ്വാഭരണഭൂഷിതയായ ഇന്ദുമതി തശീഭായി പ്രഭൃതികളായ സഖീജനങ്ങളോടുകൂടി കല്യാണമണ്ഡപത്തിൽവന്ന അവിടെ എഴുന്നെള്ളിച്ചുവെച്ചിട്ടുള്ള കുലപരദേവതയുടെ സന്നിധിയിൽവെച്ച നാന്ദിദാനം മുഹൂൎത്തം ഇതുകളും ഗോദാനം ഭൂദാനം കന്യാദാനം മുതലായ അനേകം മഹാദാനങ്ങളും വേദജ്ഞന്മാരായ ഭൂസുരോത്തമന്മാൎക്ക ദാനംചെയ്യുതിന്നശേഷം ശുഭമുഹൂ

ൎത്തംകൊണ്ടു സുകുമാരനെ മാലയിടുകയും ആ മുഹൂൎത്തം കൊണ്ടുതന്നെ സുകുമാരൻ ആചാൎയ്യനിയോഗത്താൽ ഇന്ദുമതിയുടെ പാണിയെ യഥാവിധി ഗ്രഹിക്കുകയും ചെയ്തു. അപ്പോൾതന്നെ ആചാൎയ്യൻ വിശേഷമായി അലങ്കരിച്ചുവെച്ചിട്ടുള്ള ഹേമമയമായ സിംഹാസനത്തിന്മേൽ ഇന്ദുമതിയെ ഇരുത്തി, പണ്ടേക്കുപണ്ടു കാശ്മീരചക്രവൎത്തികൾ ധരിച്ചിരുന്നതും അനൎഘനവരത്നഖചിതവും ആയ കിരീടത്തെ ഇന്ദുമതിയുടെ ഉത്തമാംഗത്തിൽവെക്കുകയും ചെയ്തു. അപ്പോൾ എടക്ക തിമില ശംഖ മുതലായ മംഗളവാദ്യങ്ങളും പുരവാസീജനങ്ങൾ സന്തോഷിച്ചു ആൎക്കുന്നതും കേൾക്കാറായി. നാനാരസപദാൎത്ഥങ്ങങ്ങളെ ഭക്ഷിച്ചു തൃപ്തന്മാരായ ബ്രാഹ്മണൎക്കെല്ലാം ദക്ഷിണ കൊടുത്തു കഴിഞ്ഞതിന്റെശേഷം പുരപ്രവേശത്തിന്നാരംഭിച്ചു. സുകുമാരനും ഇന്ദുമതിയും ഹേമമയമായ ശിബികയിൽ കയറി, അത്യുന്നതവും അതിഗംഭീരവുംആയ പശ്ചിമഗോപുരദ്വാരത്തൂടെ രാജവീഥിയിൽ പ്രവേശിച്ചപ്പോൾ കാണികളായ ജനങ്ങളുടെമനസ്സിൽ ഉണ്ടായ ഓരോരോ രസഭേദങ്ങളെ മുഴുവനും സ്വല്പമായ ൟ മലയാളഭാഷാപദങ്ങളെക്കൊണ്ടു എഴുതിക്കാണിക്കുന്നതു വളരെ പ്രയാസമായിട്ടുള്ളതാണെങ്കിലും അല്പം ചിലതു പറയാതെ കഴികയില്ലല്ലൊ.

തടിച്ചുരുണ്ടു പൊക്കമേറിയതും പൊന്നുകൊണ്ടു അണിഞ്ഞിട്ടുള്ളതും ആയ കരിവരന്മാരെ വരിവരിയായി എല്ലാററിന്നും മുമ്പിൽ നടത്തുന്നതിനെ ചില ജനങ്ങൾ ആശ്ചൎയ്യത്തോടെ നോക്കിരസിക്കുന്നു. അതിന്നു പിമ്പെ അതിശുഭ്രങ്ങളും പീവരഗ്രീവങ്ങളും ആയ ഹയങ്ങൾ തുള്ളിത്തുള്ളി നടക്കുന്നതിനെ ചിലർകണ്ടു ക്ഷീരാബ്ധി താനെ ഇളകിമറിഞ്ഞുവരുന്നതുപോലെയുള്ള ഭ്രാ

ന്തിയെ അടയുന്നു. ഒരെമാതിരിയിലുള്ള ഉടുപ്പോടുകൂടി തോക്കുകൾ എടുത്തുംകൊണ്ടു നടക്കുന്ന പട്ടാളക്കാർ ചുമലോടു ചുമലതൊട്ടു വരിവരിയായി നില്ക്കുന്നതിനെ ചില ജനങ്ങൾ കണ്ടു തിരക്കവരാതിരിപ്പാനായി എത്രയും ഉറപ്പായും വെടിപ്പായും കെട്ടിനിൎത്തിയ വേലികളൊ എന്നു ശങ്കിച്ചുപോകുന്നു. തരുണന്മാരായ ചില രസികജനങ്ങൾ തെറിഞ്ഞുടുത്ത അഷ്ടമംഗല്യത്തോടുകൂടി പല്ലക്കിന്നുമുമ്പിൽ നടക്കുന്ന സൎവ്വാവയവസുന്ദരിമാരായ പൌരവിലാസിനിമാരെത്തന്നെ ആപാദചൂഡംനോക്കിക്കൊണ്ടു അന്ധാളിച്ചു സ്തംഭംകണക്കെ നിന്നുപോകുന്നു. അതിന്നുപിമ്പെയാണ സ്വൎണ്ണവൎണ്ണത്തിലുള്ളതും രത്നങ്ങൾപതിച്ചിട്ടുള്ളതും ആയ ജായാപതിമാരുടെ ചതുരന്തയാനം എഴുന്നെള്ളിച്ചുവരുന്നത. ആലവട്ടം വെഞ്ചാമരം മുതലായ്തു വീശിയും കുട തഴ മുതലായ്തു എടുത്തും കൊണ്ടുള്ള സേവകന്മാരും, ആസുരങ്ങളല്ലാത്ത മംഗളവാദ്യങ്ങളോടുകൂടിയ വാദ്യക്കാരും, ജനബാഹുല്യം അധികം വരാതിരിപ്പാനായി സന്നദ്ധന്മാരും ആയുധപാണികളും ആയ ഒരുകൂട്ടം ഭടജനങ്ങളും പല്ലക്കിന്നുചുററും നടക്കുന്നുണ്ടു. അതിന്നുപിൻപെ സാമന്തരാജാക്കന്മാരും പദയോധികന്മാരായ സചിവോത്തമന്മാരും മനോഹരങ്ങളായ ഗാഡികളിൽകയറി നടക്കുന്നുണ്ടു. പ്രാസാദോപരിഭാഗങ്ങളിൽനിന്നു നോക്കിക്കൊണ്ടിരിക്കുന്ന ചന്ദ്രമുഖിമാരായ വേശ്യാംഗനമാർ തങ്ങളുടെ ശ്രദ്ധപുരുഷന്മാരെവീക്ഷിച്ചു കടാക്ഷിക്കുന്നതും പുഷ്പവൃഷ്ടിചെയ്യുകയാണെന്നുള്ള വ്യാജേന തങ്ങളുടെ കേശഭാരങ്ങളിൽകെട്ടിയ മുല്ലമാലകളെഅഴിച്ചു എറിഞ്ഞുകൊടുക്കുന്നതും അതുനിമിത്തം ആവക പുരുഷന്മാരുടെ മുഖങ്ങളിൽ പ്രകാശിക്കുന്ന ആനന്ദപാരവശ്യത്തെയും ചിലമന്നന്മാർ കണ്ടുരസിക്കുന്നു.

http://idb.ub.uni-tuebingen.de/diglit/CiXIV262/0139
EBERHARD KARLS UNIVERSITÄT TÜBINGEN
Universitätsbibliothek Tübingen
gefördert durch die DFG

പലേഭാഗങ്ങളിലും കെട്ടിഉണ്ടാക്കിയ കൃത്രിമഗോപുരങ്ങളിൽ ഇരുന്ന ദമ്പതിമാരുടെ ശിരസ്സിൽ പുഷ്പമാരിചൊരിയുന്നതിനെ കണ്ട ചിലർ ആനന്ദിക്കുന്നു. രമ്യങ്ങളായ ഹൎമ്മ്യങ്ങളുടെ ചാലയവാതിലിൽകൂടെ ആ ജായാപതിമാരെത്തന്നെ യമച്ചമിഴികൂടാതെ നോക്കിക്കൊണ്ടിരിക്കുന്ന സാമന്തസീമന്തിനിമാരിൽ ചിലർ ത്രൈലോക്യൈകസൌന്ദൎയ്യശാലിനിയായ ഇന്ദുമതിയുടെ ഭാഗ്യാതിരേകത്തെക്കുറിച്ചും ചിലർ സുകുമാരന്റെ സൌന്ദൎയ്യാദിഗുണങ്ങളെക്കുറിച്ചും പ്രശംസിക്കുകയും ചിലർ ബ്രഹ്മാവിന്റെ ഘടനാചാതുൎയ്യത്തെക്കുറിച്ച അഭിനന്ദിക്കുകയും ചെയ്യുന്നു. ഗോപുരങ്ങളുടേയും സൌധങ്ങളുടേയും ഉപരിഭാഗങ്ങളിലും മററ പലെസ്ഥലങ്ങളിലും ഇരുന്ന ഘോഷിക്കുന്ന വാദ്യഘോഷങ്ങളെക്കൊണ്ടും പീരങ്കികളുടെ മുഴക്കങ്ങളെക്കൊണ്ടും നാനാരസപദാൎത്ഥങ്ങളെ ഭക്ഷിച്ച തൃപ്തന്മാരായ ബ്രാഹ്മണരുടെ മുഖങ്ങളിൽനിന്ന പൊട്ടിപ്പുറപ്പെടുന്ന ആശീൎവ്വചന കോലാഹലങ്ങളെക്കൊണ്ടും ദിഗ്ഗജങ്ങൾകൂടി പരിഭ്രമിച്ചുപോകുന്നു. അശ്വങ്ങളുടെ ഖുരന്യാസപാംസുക്കളെക്കൊണ്ട സൂൎയ്യബിംബംകൂടി മറഞ്ഞുപോകുന്നു. റോഡുകളുടെ ഇരുഭാഗത്തും തൽക്കാലാവശ്യത്തിന്ന കെട്ടിഉണ്ടാക്കിയ പന്തലുകളിൽവെച്ച ധൎമ്മമായി കൊടുക്കുന്ന കാപ്പി ചായ സൎവ്വത്ത മുതലായ മധുരപേയങ്ങളും, മിഠായി ലാഡു സുഖിയൻ മുതലായ മധുരഭക്ഷ്യങ്ങളും, യഥേഷ്ടം വാങ്ങിഭക്ഷിച്ച മത്തന്മാരായ നാനാജനങ്ങളും ഞാൻമുമ്പെ ഞാൻമുമ്പെ എന്നിങ്ങിനെ തിക്കിത്തിരക്കിക്കൊണ്ട നടക്കുമ്പോൾ, അശ്വാരൂഢന്മാരും ദീൎഘകായന്മാരും ആയ ഒരുകൂട്ടം പോലീസ്സുകാർ മെല്ലെമെല്ലെവന്ന തിരക്കൊഴിപ്പിക്കുന്നതിന്റെ വൈദഗ്ദ്ധ്യം കണ്ട ചിലർ ആശ്ചൎയ്യ

പ്പെട്ടുന്നു. ഇങ്ങിനെ ഓരോരുത്തർ ഓരോന്ന നോക്കിക്കൊണ്ട രസിക്കുമ്പോൾ ദമ്പതിമാരുടെ ആന്ദോളം പള്ളക്കൊപ്പള്ളക്കെ വീഥികളെല്ലാം ചുററി അകത്ത പ്രവേശിക്കുകയും ചെയ്തു.

ആ സമയം വരനാരവിന്ദങ്ങളെ കുറഞ്ഞൊന്ന താഴ്ത്തിയും, അന്യോന്യം പാണിഗ്രഹണംചെയ്തും, കൊണ്ട കല്യാണ മണ്ഡപത്തിൽ വന്ന നില്ക്കുന്ന ആ ഭാൎയ്യാഭൎത്താക്കന്മാരുടെ ശിരസ്സിൽ സാക്ഷതങ്ങളായ പുഷ്പങ്ങളെ വൎഷിക്കുകയും പൌരനാരീജനം നീരാഞ്ജനം ഉഴികയും ചെയ്തു. അനന്തരം ഇന്ദുമതീസുകുമാരന്മാർ ഇഷ്ടങ്ങളായ ഭോഗങ്ങളെ മനോഹിതംപോലെ അനുഭവിച്ചുംകൊണ്ട സുഖമായി വസിച്ചു.

പിറെറ ദിവസംതന്നെ സുകുമാരൻ പത്നീസമേതനായിട്ട സചിവോത്തമന്മാർ, സാമന്ത രാജാക്കന്മാർ, ഭടനായകന്മാർ, സ്തുതിപാഠകന്മാർ, ഗായകന്മാർ, നൎത്തകന്മാർ തുടങ്ങിയ നാനാജനങ്ങളാൽ നിറയപ്പെട്ട ആസ്ഥാന മണ്ഡപത്തിൽ ഇരുന്ന സ്വയംവരദിവസത്തിന്റെ ഓൎമ്മക്കായി അനേകം വിദ്യാശാലകളും, വൈദ്യശാലകളും, സത്രങ്ങളും, പ്രത്യേകിച്ച ജ്യോതിശ്ശാസ്ത്ര പാഠകശാലകളും, സ്ഥാപിക്കാൻ പണം നീക്കിക്കൊടുത്തു. ഇന്ദുമതി പത്തു കൊല്ലത്തിൽപരം രാജശിക്ഷയെ അനുഭവിച്ച സങ്കടപ്പെട്ടുംകൊണ്ട ജേലിൽ കിടക്കുന്ന തടവുകാരെ എല്ലാം വിട്ടയപ്പാൻ കല്പിച്ചു. സ്വയംവരത്തിന്നായി ക്ഷണിച്ചുവരുത്തീട്ടുള്ള എല്ലാവൎക്കും ഇന്ദുമതിയും സുകുമാരനും യോഗ്യതാനുസരണം സമ്മാനം കൊടുത്തകഴിഞ്ഞതിന്റെശേഷം സഭയും പിരിഞ്ഞു.

അങ്ങിനെ അവർ സുഖിച്ചുംകൊണ്ടിരിക്കുമ്പോൾ ഒരു ദിവസം ആനന്ദമഗ്നന്മാരായ ജായാപതിമാർ

ഓരോരൊ നൎമ്മാലാപങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന സമയം സുകുമാരൻ കാന്തയോടു "ഭൂലോകത്തിൽ ധനം വിദ്യ സൌന്ദൎയ്യം ഔദാൎയ്യം ആഭിജാത്യം ഇതുകളെക്കൊണ്ടു പുകൾപൊങ്ങിയവരും, യശോധനന്മാരും, നിങ്കൽ അതി പ്രേമശാലികളും ആയ അനേകം രാജകുമാരന്മാർ ഉണ്ടായിരിക്കെ, ഏതൽഗ്ഗുണ വിഹീനനും നിന്റെ പ്രജകളിൽ ഒരുവനും മന്ദഭാഗ്യനും ആയ എന്നെ നി മാല ഇട്ടതു ഓൎത്തു നോക്കിയാൽ വിവേകശൂന്യമായ പ്രവൃത്തികളിൽ ഒന്നായിപ്പോയി" എന്നു പറഞ്ഞു.

സ്ത്രീലാളനയിൽ അതിചതുരനായ ഭൎത്താവിന്റെ ഈ വാക്കിനെ കേൾക്കയാൽ ഇന്ദുമതി കുറഞ്ഞൊന്നു പുഞ്ചിരിക്കൊണ്ടു "അല്ലയൊ പ്രിയ ഭൎത്താവെ! അങ്ങു എന്നെ എന്തിനാണു ഇങ്ങിനെ പരീക്ഷിക്കുന്നതു? അങ്ങയുടെ വംശശുദ്ധിമുഴുവനും ഞാൻ അച്ഛൻപറഞ്ഞു കേട്ടിട്ടുണ്ടു. അനന്യസുലഭങ്ങളായ ഭവൽഗ്ഗുണങ്ങളെകണ്ടും വഴിപോലെ അനുഭവിച്ചും യഥാൎത്ഥത്തിൽ അറിഞ്ഞു അങ്ങു ഭൎത്താവായിവരേണമെന്നു എത്രകാലം ഞാൻ ഈശ്വരനെ പ്രാൎത്ഥിച്ചിരിക്കുന്നു! ഈ മോഹം നിമിത്തം ഞാൻ എത്ര തരമാണു ഗുരുജനങ്ങളുടെ വാക്കിനെക്കൂടി നിരസിച്ചു നടന്നിരിക്കുന്നതു! ഭാഗ്യനിധികളായ രാജകുമാരന്മാരെ തൃണീകരിച്ചുംകൊണ്ടു അങ്ങയുടെമേലുള്ള അപരിമിതമായ പ്രേമത്തെ പുറത്തു കാണിക്കാതെ എത്ര കാലം ഞാൻ അടക്കിവെച്ചു! എന്റെ അച്ഛൻ സാമാന്യത്തിലധികം എന്നെ ലാളിക്കനിമിത്തം ഞാൻ ഒരു വിദുഷ്ഠിയായി തീൎന്നില്ലെങ്കിലും അങ്ങയുടെ മനസ്സിനും പ്രവൃത്തിക്കും സദാ അനുഗാമിനിയാണെ. ഇങ്ങിനെയുള്ള വാക്കു ഇനിമേലിൽ അങ്ങു എന്നോടു പറയാതിരിക്കണെ" എന്നും മറ്റും അതി മധുരമായും ചതുരമായും പറഞ്ഞു, അവൾ ഭൎത്താവിനെ ക്ഷണത്തിൽ കെട്ടിപ്പിടിച്ചു.

http://idb.ub.uni-tuebingen.de/diglit/CiXIV262/0142
Universitätsbibliothek Tübingen

ബുദ്ധിശാലിനിയും വിദഗ്ദ്ധയും ആയ ആ കോകിലഭാഷിണിയുടെ അതിമധുരമായ ഭാഷിതത്തെ കേട്ടസമയം ആനന്ദജനിതങ്ങളായ പുളകാങ്കുരങ്ങളോടുകൂടി സുകുമാരൻ അവളെ ഗാഢമായി ആലിംഗനം ചെയ്കയും മുമ്പെത്തെക്കാൾ അധികം സ്നേഹിക്കുകയും ചെയ്തു.

അനന്തരം ഇന്ദുമതിയും സുകുമാരനും ഇഷ്ടങ്ങളായ അനേകം സുഖാനുഭവങ്ങളെ അനുഭവിച്ചുംകൊണ്ടു കുറെ കാലം ചെന്നപ്പോൾ, അവൎക്കു അതിസുന്ദരനായ ഒരു പുത്രനും എത്രയും രൂപവതിയായ ഒരു പുത്രിയും ഉണ്ടായി. പുത്രസമ്പത്തുണ്ടായി കണ്ടപ്പോൾ അച്ഛനമ്മമാൎക്കുണ്ടായ സന്തോഷാതിരേകം ഇന്ന പ്രകാരമെന്ന വായനക്കാൎക്കു വിവരിച്ചു മനസ്സിലാക്കിത്തരുവാൻ ഞാൻ യാതൊരു ഉപമയും കാണുന്നില്ല. പുത്രനു വീരഭാനുവെന്നും പുത്രിക്കു കാന്തിമതിയെന്നും പേർ വിളിച്ചു. പ്രായംകൊണ്ടു ഇവർ തമ്മിൽ ഉള്ള വ്യത്യാസം രണ്ടര വയസ്സാണ. വീരഭാനുവിന്ന എട്ടുപത്തു വയസ്സു പ്രായം ചെന്നപ്പോഴെക്കു സുകുമാരന ബാല്യത്തിൽ എന്തെല്ലാം ഗുണങ്ങൾ ഉണ്ടായിരുന്നുവൊ അതെല്ലാം അവനിലും പ്രകാശിച്ചു തുടങ്ങി. കാന്തിമതി എന്ന പുത്രിയെ കണ്ടാൽ ഇന്ദുമതി ഒന്നു ചെറുതായിരിക്കയൊ എന്നു തന്നെ തോന്നും. എന്ന തന്നെയല്ലാ ശീലഗുണംകൊണ്ടു നോക്കിയാൽ വീരഭാനുവും കാന്തിമതിയും തങ്ങളുടെ പ്രായത്തിലുള്ള ഒരുവരാലും ജയിക്കപ്പെട്ടവരല്ല.

ഇങ്ങിനെ ഭാഗ്യവതിയായ ഇന്ദുമതി അനുരൂപനായ ഭൎത്താവിനോടുകൂടി ഇഷ്ടകാമങ്ങളെ അനുഭവിച്ചും പുത്രനേയും പുത്രിയേയും ലാളിച്ചും സകലപ്രജകളേയും ഒരുപോലെ രഞ്ജിപ്പിച്ചുംകൊണ്ടു ആയുരാരോഗ്യസമ്പൽസമ്പൂൎണ്ണയായി ചിരകാലം വാഴുകയും ചെയ്തു.

പ്രതാപരുദ്രമഹാരാജാവ രണ്ടാമതവിവാഹം ചെയ്തു രാജ്ഞി അനുഭവിച്ച അനേകം കഷ്ടതകളെയെല്ലാം പറയുക എന്നു വെച്ചാൽ ഈ കഥ വ്യസനഫലട്ടം കൊണ്ടു അവസാനിപ്പിക്കേണ്ടിവരും. അങ്ങിനെ വരുന്നത ഗ്രന്ഥങ്ങൾക്ക അമംഗലമായ്യുകൊണ്ടു അതുകളെ ഇവിടെ പ്രസ്താവിക്കുന്നില്ല.

## ശ്ലോകം.

സദാവാമദേവന്റെ ചിത്തേ വസിക്കും
സദാനന്ദവിത്തേ ശരണ്യേ നമസ്തേ
തഥാ ബാലചിത്തത്തിനുല്ലാസമേകും
കഥാസാരമിപ്പോളുരച്ചേനിതാ ഞാൻ.

1922 g 7987.

http://idb.ub.uni-tuebingen.de/diglit/CiXIV262/0144
Eberhard Karls Universität Tübingen
Universitätsbibliothek Tübingen
gefördert durch die DFG

http://idb.ub.uni-tuebingen.de/diglit/CiXIV262/0145

EBERHARD KARLS UNIVERSITÄT TÜBINGEN

Universitätsbibliothek Tübingen

gefördert durch die DFG

http://idb.ub.uni-tuebingen.de/diglit/CiXIV262/0146

Eberhard Karls Universität Tübingen

Universitätsbibliothek Tübingen

gefördert durch die DFG

3.70

http://idb.ub.uni-tuebingen.de/diglit/CiXIV262/0147
EBERHARD KARLS UNIVERSITÄT TÜBINGEN
Universitätsbibliothek Tübingen
gefördert durch die DFG

http://idb.ub.uni-tuebingen.de/diglit/CiXIV262/0148
EBERHARD KARLS UNIVERSITÄT TÜBINGEN
Universitätsbibliothek Tübingen
gefördert durch die DFG

TO

HIS HIGHNESS

**MANA VIKRAMA**

ZAMORIN MAHA RAJA BAHADUR OF CALICUT.

THIS EDITION IS,

BY KIND PERMISSION,

Most respectfully dedicated

**BY THE AUTHOR.**

http://idb.ub.uni-tuebingen.de/diglit/CiXIV262/0149

EBERHARD KARLS UNIVERSITÄT TÜBINGEN

Universitätsbibliothek Tübingen

gefördert durch die DFG